# ഞങ്ങൾക്ക് ബറാബ്ബസിനെ മതി!



രക്തം ചിന്തിയും വിശ്വാസം
സാക്ഷ്യപ്പെടുത്തിയവരുടെ
പിന്മുറക്കാരെന്നു സ്വയം
വിശേഷിപ്പിക്കുന്ന സഭാനേതൃത്വം ഇന്നു
ഇറങ്ങിത്തിരിച്ചിരിക്കുന്നതു
...ാസത്തെ സംരക്ഷിക്കാനല്ല,
...ീയതയെ
വളർത്തുവാനാണ്.

242

ഫാ. അലോഷ്യസ് ഡി ഫെർണാന്റസ്

# ഞങ്ങൾക്ക് ബറാബസിനെ മതി!

njangalku barabasine mathi !
•
*fr. alosyus d fernandez*
•
*first edition*
september 2008
•
*typesetting & published*
chintha publishers, thiruvananthapuram
•
*printed*
akshara offset, thiruvananthapuram
•
*cover*
vinod
•
*price*
rupees sixty five only

Rights reserved

**വിതരണം**
**ദേശാഭിമാനി ബുക്ക് ഹൗസ്**
H O തിരുവനന്തപുരം-695 001

**ബ്രാഞ്ചുകൾ**
ദേശാഭിമാനി റോഡ് തിരുവനന്തപുരം • ഓവർബ്രിഡ്ജ് തിരുവനന്തപുരം • കെ എസ് ആർ ടി സി ബസ് സ്റ്റേഷൻ ആലപ്പുഴ • കെ എസ് ആർ ടി സി ബസ് സ്റ്റേഷൻ എറണാകുളം • ഐ ജി റോഡ് കോഴിക്കോട് • കെ എസ് ആർ ടി സി ബസ് സ്റ്റേഷൻ കോഴിക്കോട് • എൻ ജി ഒ യൂണിയൻ ബിൽഡിംഗ് കണ്ണൂർ

CO - 1164 / 2024

# ഞങ്ങൾക്ക് ബറാബസിനെ മതി!

8623

ഫാ. അലോഷ്യസ് ഡി ഫെർണാന്റസ്

PC Library & Research Center

ചിന്ത പബ്ലിഷേഴ്സ്
തിരുവനന്തപുരം-695 001
വില : 65.00 രൂപ

242

# ഫാ. അലോഷ്യസ് ഡി ഫെർണാന്റസ്

**കൊ**ല്ലം ജില്ലയിൽ മുളവന വില്ലേജിൽ പേരയം പഞ്ചായത്തിൽ വലിയവിള പൊയ്കയിൽ 1947 ആഗസ്റ്റ് 29-ന് ജനനം. പിതാവ് ദാവീദ് വസ്ത്യൻ ഫെർണാന്റസ്; അമ്മ ത്രേസ്യാമ്മ. പത്തു മക്കളിൽ അവസാനത്തെ ആൾ. ഒരു സഹോദരി കന്യാസ്ത്രീ. രണ്ടു സഹോദരന്മാർ കത്തോലിക്ക പുരോഹിതർ. വൈദികപാരമ്പര്യമുള്ള കുടുംബം.

കുമ്പളത്ത് സെന്റ് മേരീസ് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ഏഴു വർഷം സെമിനാരിയിൽ. കേരളാ യൂണിവേഴ്സിറ്റിയിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദം. ആലുവ സെന്റ് ജോസഫ് പൊന്റിഫിക്കൽ സെമിനാരിയിൽനിന്നും ബി ഡി; അമേരിക്കയിലെ ബോസ്റ്റൻ കോളേജിൽനിന്നും ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം.

1970-ൽ പൗരോഹിത്യം സ്വീകരിച്ചു. കേരളത്തിൽ വിമോചന ദൈവശാസ്ത്രപാത വെട്ടിത്തുറക്കുന്നതിൽ മുൻനിന്നു പ്രവർത്തിക്കുന്നു. ക്രിസ്തുദർശനത്തിലെ മാർക്സിയൻ ചിന്താധാരകളെയും മാർക്സിയൻ പ്രത്യയശാസ്ത്രത്തിലെ ക്രിസ്തുദർശനങ്ങളെയും സമന്വയിപ്പിച്ചു വളർത്തുന്നതിൽ ശ്രദ്ധാലു.

ആലപ്പുഴയിലെ സാമൂഹ്യപ്രതിരോധ സംഘമായ ജനജാഗൃതിയുടെ ഡയറക്ടർ. അതിന്റെ മുഖപത്രമായ *ഓറ മാസിക*യുടെ മാനേജിംഗ് എഡിറ്റർ.

*സഭയും സംസ്കാര സാത്വീകരണവും, സോളമനച്ചൻ; ആത്മസമർപ്പണത്തിന്റെ പ്രതീകം, അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ, നേർക്കാഴ്ചകൾ, കറുത്ത കുർബ്ബാന (ആത്മകഥ), മരണത്തിലൂടെ ജീവൻ, ആത്മീയതയുടെ സൂപ്പർ മാർക്കറ്റ്, വിഭജിക്കപ്പെട്ട സമൂഹം, ഒരു ഫെമിനിസ്റ്റാവുക, ബൈബിൾ-കറുത്ത നീതിയുടെ പാഠപുസ്തകം, പുന്നപ്ര-വയലാർ സമരം* അനുഭവങ്ങളിലൂടെ (എഡിറ്റർ) *തിരുമേനി മാർക്ക് യേശു മാപ്പുതരില്ല* എന്നിവയാണ് പ്രധാന കൃതികൾ.

വിലാസം: ജനജാഗൃതി ഭവൻ
പുന്നപ്ര നോർത്ത് പി ഒ
ആലപ്പുഴ-688014

# ഉള്ളടക്കം


അവതാരിക

**ഡോ. സുകുമാർ അഴീക്കോട്** 7

പ്രവേശിക 9

മതത്തിന്റെ ജീവൻ അപകടത്തിൽ! 13

യേശു പാഠം, പള്ളി പാഠം: വർത്തമാനകാലസാദ്ധ്യതകൾ 24

നമുക്കാദ്യം മനുഷ്യരാകാം, പിന്നെയാകട്ടെ മറ്റെല്ലാം 27

പാഠവിവാദത്തിന്റെ ചിതറിയ ഉൾക്കാഴ്ചകൾ 30

വിദ്യാർത്ഥികേന്ദ്രീകൃത പാഠപുസ്തകം 33

നൂതനാധിനിവേശ പാഠങ്ങൾ സഭയിലൂടെ 35

ഇത് 'മത'മോ 'മദ'മോ? 40

ഒഴുക്കിനെതിരെ മുന്നേറുന്നവർ 43

നവ സമഗ്രവീക്ഷണത്തിലേയ്ക്കുള്ള കാൽവയ്പ് 53

ചരിത്രത്തിൽ നിന്നും പിന്നോക്കം 56

ഞങ്ങൾക്കു ബറാബസിനെ മതി! 59

ഇരയാക്കപ്പെട്ടവരുടെ പക്ഷത്തു നിന്നുകൊണ്ട് 62

വിവാദം മാനവപാഠത്തിനെതിരെ 65

അടികൊണ്ടവർ ഉണർന്നുകഴിഞ്ഞു 67

മാനവികതയ്ക്കൊരു വഴികാട്ടി 69

ഈ പൂച്ചയ്ക്ക് മണി കെട്ടണം 72

ന്യൂനപക്ഷാവകാശം: കള്ളനാണയങ്ങളെ തിരിച്ചറിയുക 74

ചരിത്രം മറക്കുന്ന മെത്രാൻ 77

പൊതുവിദ്യാഭ്യാസത്തിനെതിരെയുള്ള വാൾ,
ഒപ്പം യേശുദർശനത്തിനെതിരെയും 83

കെ ഇ ആർ പരിഷ്കരണം: ജാതി-മതശക്തികളുടെ
അങ്കപ്പുറപ്പാട് ആർക്കുവേണ്ടി? 87

മതവർഗീയതയും വലതുപക്ഷ ബാന്ധവവും 92

മൗനം ഒറ്റിക്കൊടുക്കൽ തന്നെ 99

യേശുവിന്റെ സഭയോ കോൺസ്റ്റന്റയിന്റെ സാമ്രാജ്യമോ? 103

'ഏകജാലകം' അട്ടിമറിക്കപ്പെടേണ്ടതോ? 112

# അവതാരിക

**ഫാ.** അലോഷ്യസ് ഡി ഫെർണാന്റസ് രചിച്ച *ഞങ്ങൾക്കു ബറാബസിനെ മതി* എന്ന പുസ്തകം കേരളത്തിലെ ഇന്നത്തെ സാഹചര്യത്തിൽ വളരെ കാലികപ്രാധാന്യമുള്ള കൃതിയാണ്.

ഇന്ന് ഈ സംസ്ഥാനത്തിൽ ഏറ്റവും കടുത്ത വിവാദങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതും വിദ്യാഭ്യാസത്തെ മുൻനിർത്തിയാണ് എന്നു കേൾക്കുമ്പോൾ പെട്ടെന്നു മറ്റുള്ളവർക്ക് നമ്മെപ്പറ്റി ബഹുമാനം തോന്നാവുന്നതാണ്. പക്ഷേ കഥയറിയാത്തവരും ലക്ഷ്യം നഷ്ടപ്പെട്ടവരും മാർഗം മറന്നവരും ബോധം കെട്ടവരും എല്ലാം ചേർന്നുയർത്തുന്ന ബഹളം മാത്രമാണ് ഇതെന്നു അറിയുന്നതു വരെയേ ഈ ബഹുമാനം നിലനിൽക്കുകയുള്ളു. ഇന്ന് തുറന്നുവെച്ചിരിക്കുന്ന വിദ്യാഭ്യാസപരിഷ്കാരത്തിന്റെ അടിയിലുള്ള സത്യങ്ങളും മുമ്പിലുള്ള ഉന്നങ്ങളും എന്താണെന്നു വ്യക്തമാകുകയും കലാപത്തിന്റെ അർഥശൂന്യതയെ വെളിപ്പെടുത്തുകയും ചെയ്യുന്ന പുസ്തകമാണ് ഇത്.

വിശേഷിച്ചും ഗ്രന്ഥകാരൻ ക്രൈസ്തവസഭ വിദ്യാഭ്യാസനവീകരണപരിപാടിയെ എതിർത്തതിന്റെ പൊള്ളത്തരം തുറന്നുകാട്ടുകയാണ് ചെയ്യുന്നത്. പാഠപുസ്തകത്തിൽ ദൈവവിശ്വാസത്തെ എത്രത്തോളം കലർത്തിയിടാം, വിദ്യാഭ്യാസകാര്യത്തിൽ ന്യൂനപക്ഷവാദത്തിന്റെ പ്രസക്തി, സ്വാശ്രയ മാനേജ്മെന്റുകൾ ധനത്തിനു കൊടുക്കുന്ന പ്രാധാന്യം, ക്രിസ്തുദേവന്റെ ആദർശങ്ങൾക്ക് ഊന്നൽ കൊടുക്കാൻ സഭ ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകത, എയ്ഡഡ് സ്കൂളിലെ അധ്യാപക-അനധ്യാപക നിയമനം പബ്ലിക് സർവ്വീസ് കമ്മീഷനു വിടുന്നതിന്റെ യുക്തിഭദ്രത, വിദ്യാർഥികേന്ദ്രീകൃത ബോധനരീതിയുടെ അനിവാര്യത, ഇരയാക്കപ്പെട്ടവരുടെ പക്ഷത്തു നിന്നുള്ള ചരിത്രരചനയുടെ സാംഗത്യം,

മതേതരത്വത്തിന് ഇന്ത്യയുടെ ഭരണഘടന നൽകിയിട്ടുള്ള പ്രാധാന്യം, വിദ്യാഭ്യാസരംഗത്തിൽ അത് നടപ്പിലാക്കേണ്ട അത്യാവശ്യം എന്നിങ്ങനെ അനേകം വിഷയങ്ങളെപ്പറ്റി പുസ്തകത്തിൽ വിശദമായ വിവരങ്ങൾ നൽകുന്നുണ്ട്.

വിദ്യാഭ്യാസത്തെപ്പറ്റി ചിന്തിക്കുന്ന സാധാരണജനങ്ങൾക്ക് മാർഗ ദർശനത്തിന് സഹായിക്കുന്ന ഈ നവരചനയ്ക്ക് വിവേകശാലികളായ വായനക്കാരുണ്ടാകട്ടെ എന്നാശിക്കുന്നു.

ഇരവിമംഗലം
15 08 2008

**സുകുമാർ അഴീക്കോട്**

# പ്രവേശിക

ശ്രീമാൻ എ കെ ആന്റണി കേരള മുഖ്യമന്ത്രിയായിരിക്കെയാണല്ലോ ആവശ്യപ്പെട്ടവർക്കൊക്കെ സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയത്. സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകാനുള്ള ശേഷി അപേക്ഷകർക്കുണ്ടോ എന്നു നോക്കിയിട്ടല്ല അപ്രകാരം ചെയ്തത് എന്ന ആക്ഷേപം പരക്കെയുണ്ടായിരുന്നു. എന്നാൽ 50:50 എന്ന അനുപാതക്രമത്തിൽ അഡ്മിഷൻ നടത്തണമെന്നു വ്യവസ്ഥ ചെയ്തിരുന്നതിനാൽ പ്രതിപക്ഷം പോലും ആ നടപടിയെ കാര്യമായി എതിർത്തില്ല. വിദ്യാലയങ്ങൾ പെരുകുന്നതോടെ സമ്പന്നർക്കൊപ്പമാകില്ലെങ്കിലും, ദരിദ്രവിഭാഗത്തിനും മെറിറ്റുള്ളവർക്കും ഏറെക്കുറെ വിദ്യാഭ്യാസ സന്തുലിതാവസ്ഥ ലഭിക്കാനവസരം കിട്ടുമല്ലോ എന്നാണു കേരളീയ ജനത കരുതിയത്. ഇപ്പോഴാകട്ടെ യാതൊരു ഉളുപ്പുമില്ലാതെ അത്തരമൊരു ധാരണയേയില്ലായിരുന്നു എന്ന നിലപാടാണു നമ്മുടെ 'അഭിവന്ദ്യ പിതാക്കന്മാർ' സ്വീകരിച്ചിരിക്കുന്നത്. കർത്താവിന്റെ യഥാർഥ അനുയായികൾക്കു വാക്കുകളിൽ നെറികേടു കാട്ടാമെങ്കിൽ കച്ചവടം നടത്തുന്നതിനു കിട്ടിയ സുവർണാവസരം തങ്ങളായിട്ടു എന്തിനു പാഴാക്കണം എന്നു സ്വാശ്രയസ്ഥാപനങ്ങൾക്ക് അനുവാദം ലഭിച്ച മറ്റു മാനേജർമാരും കരുതി. 'എമ്പ്രാനല്പം കട്ടുഭുജിച്ചാലമ്പലവാസികളൊക്കെ കക്കും' എന്ന് എഴുതിയ കുഞ്ചൻനമ്പ്യാർ അസൽ പ്രവാചകനായിരുന്നുവെന്നല്ലേ കരുതേണ്ടൂ.

വിദ്യാഭ്യാസമേഖലയെ ഇപ്പോൾ എന്തോ അപകടം ബാധിച്ചിരിക്കുന്നുവെന്നു അഭിവന്ദ്യരാലും അവസരവാദരാഷ്ട്രീയത്തിന്റെ അപ്പോസ്തലന്മാരാലും ഘോഷിക്കപ്പെടുന്നതിന്റെ പൊരുളെന്താണ്? വിദ്യാലയങ്ങൾ അനുവദിക്കപ്പെട്ടപ്പോൾ എന്തു ധാരണയാണോ ഉണ്ടായിരുന്നത് അതു നിലനിർത്തിയാൽ ഇവിടെ സർക്കാരിനോ രാഷ്ട്രീയപാർട്ടികൾക്കോ

സാംസ്കാരിക പ്രവർത്തകർക്കോ പൊതുജനങ്ങൾക്കോ മതവിശ്വാസികൾക്കോ ഏതെങ്കിലും തരത്തിലുള്ള ആക്ഷേപമുണ്ടാകേണ്ട ഒരു കാര്യവുമില്ല. കൃത്രിമമായി കാരണങ്ങൾ കണ്ടെത്തി വർഗീയതയിലൂടെ അസമാധാനവും സംഘർഷവും സൃഷ്ടിക്കാൻ നടത്തപ്പെടുന്ന കുത്സിതശ്രമങ്ങൾ കാണുമ്പോൾ താൻ കൈമുത്തുന്ന പിതാക്കന്മാരിൽ നിന്നു ഒരിക്കലും അസത്യവചനങ്ങളുണ്ടാകയില്ലെന്നു ധരിച്ചുവശായ ശ്രീമാൻ എ കെ ആന്റണിയോടു നമുക്കു സഹതപിക്കയല്ലാതെന്തു ചെയ്യാൻ!

യേശുവിന്റെ പേരിൽ ആണയിട്ടു നടക്കുന്ന ഈ മഹത്തുക്കൾ എ കെ ആന്റണിയോടു കാണിച്ച വഞ്ചനയ്ക്കു കൂടുതൽ ശക്തിയും ആക്കവും നൽകി മുന്നോട്ടു നീങ്ങുന്ന കാഴ്ചയാണു നാമിന്നു കാണുന്നത്. പരിപാവനമായ ദൈവവിശ്വാസത്തെ മുതലെടുത്തുകൊണ്ടു കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ പിൻഗാമികൾ ഒറ്റയ്ക്കും കൂട്ടായും ക്രോധത്തിന്റെയും വിദ്വേഷത്തിന്റെയും വർഗീയതയുടെയും വചനങ്ങൾ ഉരുവിടുന്നു, ഇടയലേഖന പരമ്പരയിലൂടെ.

ഗവണ്മെന്റ് തലത്തിലുള്ള സമ്മർദ്ദങ്ങളുടെയും ഭീഷണികളുടെയും മുമ്പിൽ നമ്മൾ സീറ്റുകൾ വിട്ടുകൊടുക്കുകയില്ല എന്നു പറയുന്നതു ധാർഷ്ട്യം കൊണ്ടല്ല, മറിച്ച് ന്യൂനപക്ഷാവകാശങ്ങൾ നഷ്ടപ്പെടുത്താൻ നമുക്കു അവകാശമില്ലാത്തതുകൊണ്ടാണ് എന്നും 100% സീറ്റിലും പ്രവേശനം നൽകുവാനുള്ള അവകാശം കോടതി തന്നെ ന്യൂനപക്ഷങ്ങൾക്കു നിശ്ചയിച്ചു തന്നിട്ടുള്ളതാണെന്നും ഇടയലേഖനത്തിൽ പ്രസ്താവിക്കുന്നുണ്ട്! 2001 ൽ തങ്ങൾ ന്യൂനപക്ഷങ്ങളിൽപെടില്ലായിരുന്നുവെന്നു തോന്നും ഇടയലേഖനങ്ങൾ കണ്ടാൽ.

ന്യൂനപക്ഷമായാലും ഭൂരിപക്ഷമായാലും എയ്ഡഡ് വിദ്യാലയങ്ങൾ എങ്ങനെയാണു സാമൂഹ്യനിയന്ത്രണത്തിനതീതമാകുന്നതെന്നു ഇടയലേഖനങ്ങളിൽ പരാമർശമേയില്ല. മെയിന്റനൻസ് ഗ്രാന്റായും, അധ്യാപകരുടെയും അധ്യാപകേതര ജീവനക്കാരുടെയും ശമ്പളവും പെൻഷനും മറ്റാനുകൂല്യങ്ങളും കൃത്യമായി കൊടുത്തുപോരുന്ന സർക്കാരിനും അതിലൂടെ പൊതുജനത്തിനും യാതൊരു അവകാശവുമില്ലെന്നുതന്നെയാണു പിതാക്കന്മാർ എല്ലാവരും എല്ലാ ഇടയ ലേഖനങ്ങളിലും ആവർത്തിച്ചാവർത്തിച്ചു പറയുന്നത്. പൊതുജന ഫണ്ടും ഒപ്പം കോഴയും വാങ്ങി നിയമനങ്ങൾ നടത്തി വാഴാനാണു ഭരണഘടന ന്യൂനപക്ഷാവകാശങ്ങൾ നൽകിയിരിക്കുന്നതെന്ന് ഇവർ വാദിക്കുന്നു. കോഴ വാങ്ങി വഴിവിട്ട നിയമനങ്ങൾ നടത്തിയതിനാൽ തൊഴിലില്ലാതാകുന്നവരെ പ്രൊട്ടക്റ്റു ചെയ്യേണ്ട ചുമതല സർക്കാരിനു കൊടുത്തത് അതു ന്യൂനപക്ഷക്കാരുടെ ചുമതലയല്ലാത്തതു കൊണ്ടു മാത്രമാണെന്നും ഇവർ പറഞ്ഞില്ലെന്നേയുള്ളു. 'സംവരണം' ഏറ്റെടുത്തു നടപ്പിലാക്കാൻ തുടങ്ങിയാൽ യേശു കൂട്ടുകൂടിയ ദരിദ്രരെയും പീഡിതരെയും ചുങ്കക്കാരെയും പാപികളെയും പുറജാതിക്കാരെയുമെല്ലാം സംരക്ഷിക്കേണ്ടിവരില്ലേ? അതുകൊണ്ടു ഭരണഘടന ഏല്പിച്ച ഭോഗം അനുഭവിക്കുന്നുവെന്നു മാത്രം.

സദാചാരമൂല്യങ്ങളുടെ തകർച്ചയെപ്പറ്റി ശ്രേഷ്ഠന്മാരുടെ പരാതി അർത്ഥവത്താണ്. ളോഹ കണ്ടാലുടനെ ഓടിവന്നു സ്തുതി പറയുകയും

കൈ മുത്തുകയും ചെയ്യുന്നവരുടെ എണ്ണം കുറയുന്നുണ്ടോ എന്നു സംശയമുണ്ടായിത്തുടങ്ങിയിരിക്കുന്നു. ഇന്നു പലരും ളോഹധാരികൾ അപ്രമാദികളെന്നു കാണാൻ മടിക്കുന്നു.

തങ്ങളുടെ കാണപ്പെട്ട ദൈവങ്ങൾക്കു തുല്യരായ ചില ഭൂവുടകളുടെ മേൽ കൈവയ്ക്കുന്ന ഒരു സർക്കാർ ഭരണത്തിലെത്തിയിരിക്കുന്നു. അതിനെ തകർക്കണമെങ്കിൽ ന്യൂനപക്ഷാവകാശ ധ്വംസനം, വിദ്യാലയാക്രമണം, തിരുഹൃദയത്തിന്റെ പടം നീക്കംചെയ്യൽ, സദാചാരമൂല്യം തകർക്കൽ തുടങ്ങിയ തുറുപ്പുശീട്ടുകളിറക്കിയാലേ അൽമായർ ചലിക്കുകയുള്ളുവെന്നവർ കരുതി. പക്ഷേ ജനതയുടെ ജാഗ്രത അവരുടെ കണക്കുകൂട്ടലുകൾ തെറ്റിച്ചു. അപ്പോഴാണ് പാവം 'മതമില്ലാത്ത ജീവനെ' കിട്ടിയത്. പിന്നെയുള്ള അഭ്യാസം അവിടെയാകാമെന്നവർ കരുതി. ഇവിടെ ഒരു കാര്യം വ്യക്തം. ഒരു മതേതര ജനാധിപത്യരാഷ്ട്രത്തിന് ഉതകുന്ന പാഠപുസ്തകമാണു കുട്ടികൾക്ക് സർക്കാർ സമർപ്പിച്ചിരിക്കുന്നത്.

ഈ ചെറുപുസ്തകത്തിൽ 22 അധ്യായങ്ങളിലായി പ്രധാനമായും ഏഴാംക്ലാസിലെ സാമൂഹ്യപാഠപുസ്തകവിവാദത്തെപ്പറ്റിയാണ് പ്രതിപാദിച്ചിരിക്കുന്നത്. ഒപ്പം, മതാധികാരികളുടെ സ്വാർഥതയെ പ്രത്യക്ഷമാക്കുന്ന ഏകജാലകവിവാദവും പാഠപുസ്തകത്തെപ്പറ്റിയുള്ള ഒരു അഭിമുഖവും ഉൾക്കൊള്ളിച്ചിരിക്കുന്നു.

വിദ്യാഭ്യാസം ഒരു പ്രക്രിയയാണ്. വിദ്യാഭ്യാസത്തിലൂടെ കുട്ടി ചോദ്യംചെയ്യാൻ, നേരേ നിൽക്കാൻ, കാര്യങ്ങൾ കാര്യകാരണസഹിതം വിശകലനം ചെയ്യാൻ പഠിക്കുമ്പോൾ അത് സാർഥകമായിത്തീരുന്നു, ജീവിതബന്ധിയാകുന്നു. അങ്ങനെ ബഹുഭൂരിപക്ഷം വരുന്ന സാമാന്യ ജനവിഭാഗത്തിന്റെ ജീവിതത്തെ കാതലായി ബാധിക്കുന്ന ഒരു വിഷയം, അൽമായക്കണ്ണിലൂടെ നോക്കിക്കാണാനാണ് ഞാൻ ശ്രമിക്കുന്നത്. കഴിവതും എല്ലാ ഔദ്യോഗിക പദപ്രയോഗങ്ങളും ഒഴിവാക്കിയിട്ട്, ലളിതമായാണു കാര്യങ്ങൾ അവതരിപ്പിച്ചിട്ടുള്ളത്.

ഈ ചെറുപുസ്തകരചനയിൽ ധാരാളം പേരുടെ സഹകരണമുണ്ടായി. അവരിൽ സർവ്വശ്രീ സി പി സുധാകരൻ, എൻ ജി ശാസ്ത്രി, കൊച്ചുമോൾ എം റ്റി, പി വി വേണുഗോപാൽ, ഡെൽസൺ എം സ്കറിയ, തോമസ് സ്കറിയ, ഒ പി പ്രസന്നകുമാർ എന്നിവരെ പ്രത്യേകം സ്മരിക്കുന്നു. ഏവർക്കും നന്ദി.

അർഥപൂർണ്ണമായൊരു അവതാരിക എഴുതിത്തന്നു പുസ്തകത്തെ ധന്യമാക്കിയ കേരളത്തിന്റെ സാംസ്കാരിക പ്രതിഭ ഡോ. സുകുമാർ അഴീക്കോടിനു ഹൃദയംഗമായ നന്ദി.

ഈ സ്ക്രിപ്റ്റ് ഏറ്റുവാങ്ങി അച്ചടിച്ചു വിതരണച്ചുമതല ഏറ്റ ചിന്ത പബ്ലിഷേഴ്സിനോടുള്ള നന്ദി നിസീമമാണ്.

താല്പര്യപൂർവ്വം ജനസമക്ഷം ഈ കൃതി സമർപ്പിക്കട്ടെ.

**ഫാ. അലോഷ്യസ് ഡി ഫെർണാന്റസ്**

# 1

# മതത്തിന്റെ ജീവൻ അപകടത്തിൽ!

**പാ**ഠപുസ്തകവിവാദം കാലികവും മൗലികവുമായ ചില ചോദ്യം ചെയ്യലുകളിലേയ്ക്കും ഉത്തരങ്ങളിലേയ്ക്കും നമ്മെ നയിക്കുന്നതിന്റെ ഫലമാണീ കുറിപ്പ്. ഇന്ത്യയെന്ന മതേതര പരമാധികാര റിപ്പബ്ലിക്കിന്റെ ഭരണഘടനയെയും നിലനില്പിനെയും അടിസ്ഥാനപ്പെടുത്തിയാണ് ഈ ചിന്തകൾ ഉരുവായിരിക്കുന്നത്.

1. ഇന്ത്യൻ ഭരണഘടന അതിന്റെ ആമുഖത്തിൽ ഇങ്ങനെ പറയുന്നു:

> ഇന്ത്യ ഒരു പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കാണ്. സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും, ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കുമുള്ള സ്വാതന്ത്ര്യവും, പദവിയിലും അവസരത്തിലും സമത്വവും സംപ്രാപ്തമാക്കുവാനും, അവർക്കെല്ലാമിടയിൽ വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തിക്കൊണ്ടു സാഹോദര്യം പുലർത്തുവാനും സഗൗരവം തീരുമാനിച്ചിരിക്കുന്നു.

ഇവിടെ ശ്രദ്ധിക്കേണ്ട സവിശേഷതകൾ പരമാധികാരം, സ്ഥിതിസമത്വം, മതേതരത്വം, ജനാധിപത്യം എന്നിവ ഉറപ്പുവരുത്തുന്ന ഒരു രാഷ്ട്രത്തിൽ എല്ലാവരും നീതിയും വ്യക്തിസ്വാതന്ത്ര്യവും സമത്വവും അനുഭവിക്കുന്ന സഹോദരരാണ് എന്ന പ്രഖ്യാപനമാണ്. ഈ മുഖവുരയുടെ വെളിച്ചത്തിലാണ് എല്ലാ സ്കൂളുകളിലും രാവിലെ 'ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യാക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്' എന്ന പ്രതിജ്ഞ എടുക്കുന്നത്. അപ്പോൾ മതേതരത്വവും മതസ്വാതന്ത്ര്യവും എല്ലാ ഇന്ത്യൻ പൗരർക്കും ഉറപ്പുനൽകുന്നു. ഇതിനെ കൂടുതൽ വിശദീ

കരിച്ചുകൊണ്ടു ഭരണഘടന ഇങ്ങനെ വ്യക്തമാക്കുന്നു. എല്ലാ ആളുകളും മനഃസാക്ഷി സ്വാതന്ത്ര്യത്തിനും സ്വതന്ത്രമായി മതം വിശ്വസിക്കുന്നതിനും ആചരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള അവകാശത്തിനും ഒരുപോലെ അവകാശമുള്ളവരാകുന്നു. (ഭരണഘടന നമ്പർ 25, i.)

2. ശ്രദ്ധേയമായ മറ്റൊരു കാര്യം ഇന്ത്യൻ ഭരണഘടന വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മതബോധനത്തിനോ മതപരമായ ആരാധനയ്ക്കോ ഹാജരാകുന്നത് സംബന്ധിച്ച്, സർക്കാർ സ്കൂളുകൾക്കും എയിഡഡ് സ്കൂകൾക്കും വ്യത്യസ്തമായ മാനദണ്ഡം വയ്ക്കുന്നു. "പൂർണമായും രാഷ്ട്രത്തിന്റെ പണം കൊണ്ടു സംരക്ഷിക്കപ്പെടുന്ന യാതൊരു വിദ്യാഭ്യാസസ്ഥാപനത്തിലും മതപരമായ ബോധനം നൽകുവാൻ പാടുള്ളതല്ല" (അതേ ഗ്രന്ഥം. 28, i). ഭരണഘടന എത്ര വ്യക്തമായിട്ടാണ് മതേതരത്വത്തെ കാത്തുസൂക്ഷിക്കുന്നത് എന്ന് ഈ വാചകം വ്യക്തമാക്കുന്നു. എയിഡഡ് സ്ഥാപനത്തിൽ യാതൊരാളെയും മതപരമായ യാതൊരു ബോധനത്തിലോ ആരാധനയിലോ പങ്കുകൊള്ളുവാനോ (മൈനറാണെങ്കിൽ രക്ഷാകർത്താക്കളുടെ അനുവാദമില്ലാതെ) പാടുള്ളതല്ല എന്നും വ്യക്തമാക്കുന്നുണ്ട്. ഭരണഘടന തന്നെ ഉദ്ധരിക്കട്ടെ. "രാഷ്ട്രം അംഗീകരിച്ചിട്ടുള്ളതോ രാഷ്ട്രത്തിന്റെ നിധിയിൽ നിന്ന് സഹായം ലഭിക്കുന്നതോ ആയ ഏതെങ്കിലും വിദ്യാഭ്യാസസ്ഥാപനത്തിൽ ഹാജരാകുന്ന യാതൊരു ആളോടും അങ്ങനെയുള്ള സ്ഥാപനത്തിൽ നൽകുന്ന മതപരമായ ഏതെങ്കിലും ബോധനത്തിൽ പങ്കുകൊള്ളുവാനോ ആ സ്ഥാപനത്തിലോ അതിനോടു ചേർന്ന പരിസരങ്ങളിലോ നടത്തുന്ന മതപരമായ ഏതെങ്കിലും ആരാധനയ്ക്കു ഹാജരാകാനോ, ആ ആളോ, ആ ആൾ മൈനറാണെങ്കിൽ അയാളുടെ രക്ഷാകർത്താവോ അതിന് അയാളുടെ സമ്മതം നൽകിയിട്ടില്ലാത്തപക്ഷം ആവശ്യപ്പെടാൻ പാടുള്ളതല്ല" (അതേ പുസ്തകം. 28, 3).

3. ഭരണഘടന കാര്യങ്ങൾ ഇത്രയും വ്യക്തമാക്കിയിരിക്കുന്നിടത്തു ഇന്നു കേരളസമൂഹത്തിൽ എന്താണു നടക്കുന്നത്, പ്രത്യേകിച്ചും ക്രൈസ്തവമേലധ്യക്ഷന്മാരുടെ നേതൃത്വത്തിലുള്ള വിദ്യാലയങ്ങളിൽ? അതുപോലെ ഏതു വശത്തു നിന്നു നോക്കിയാലും ഭരണഘടനാവിരുദ്ധമെന്നു വ്യക്തമാണ് ഇപ്പോൾ നടക്കുന്ന പാഠപുസ്തക സമരാഭാസം. വിദ്യാഭ്യാസം അതിന്റെ സ്വാഭാവത്തിൽത്തന്നെ മതേതരമാണ്. മതേതര വിദ്യഭ്യാസം നൽകുവാനുള്ള ഉത്തരവാദിത്തം സർക്കാരിനുള്ളതാണ്. അതുകൊണ്ടു കേരളത്തിലെ ക്രൈസ്തവസഭയ്ക്കും ഇതര ജാതിസംഘടനകൾക്കും ഏറ്റവും കരണീയമായ കാര്യം അവർ വിദ്യാഭ്യാസമേഖല വിട്ടൊഴിയുകയാണ്. അതായത്, വിദ്യാഭ്യാസമേഖല ദേശസാൽക്കരിക്കുകയാണ്. അതിനു വേണ്ട എല്ലാ ഒത്താശയുമാണ് രാഷ്ട്രസ്നേഹികൾ ചെയ്യേണ്ടത്.

ഇനി പാഠപുസ്തകങ്ങളെപ്പറ്റി അല്പം കൂടി. 1,3,5,7 ക്ലാസ്സുകളിലായി 120 പാഠപുസ്തകങ്ങളാണ് ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്. എല്ലാ

10 വർഷം കൂടുന്തോറും വിദ്യാഭ്യാസപരിഷ്കരണമുണ്ട്; എല്ലാ 5 വർഷത്തിലും പാഠപുസ്തകത്തിൽ മാറ്റവും ആകാറുണ്ട്. അത് ഏതെങ്കിലും സർക്കാർ അവരുടെ തന്നിഷ്ടം പോലെ ചെയ്യാവുന്നതല്ല. വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലാണ് പെടുത്തിയിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ നയരേഖയ്ക്കും സമീപനത്തിനും വിധേയപ്പെട്ടേ പാഠപുസ്തകങ്ങൾക്കു രൂപകല്പന നടത്താൻ പറ്റൂ. അതിനായി ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടുണ്ട് (നാഷണൽ കരിക്കുലം ഫ്രെയിംവർക്ക് - എൻ സി എഫ്). അതിന്റെ അടിസ്ഥാനത്തിൽ ഓരോ സംസ്ഥാനത്തും അവിടത്തെ സാഹചര്യങ്ങളെയും പശ്ചാത്തലങ്ങളെയും സവിശേഷതകളെയും കണക്കിലെടുത്തുകൊണ്ട് അവയും കൂട്ടിച്ചേർക്കണം. അതിനാണ് ഓരോ സംസ്ഥാനത്തും പാഠ്യപദ്ധതി ചട്ടക്കൂടുള്ളത്. അങ്ങനെ കേരളത്തിൽ കെ സി എഫ് ഉം പ്രവർത്തിച്ചു. അവരുടെ നിർദ്ദേശങ്ങൾ എല്ലാ ജില്ലകളിലും, എല്ലാ ബ്ലോക്കുകളിലും, എല്ലാ പഞ്ചായത്തുകളിലും, എല്ലാ സ്കൂളുകളിലും വിപുലമായ ചർച്ചകൾ നടത്തി. അവിടെ നിന്നു കിട്ടിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ചുകൊണ്ടാണു പുതിയ പാഠപുസ്തകങ്ങൾക്കു രൂപംകൊടുത്തത്. ഇത്ര വിപുലമായ തുറന്ന ജനകീയചർച്ച നടന്നിടത്തൊന്നും പ്രതികൂലമായ ഒരഭിപ്രായവും ഉണ്ടായില്ല. എന്തിന്, പുസ്തകം 2008 മേയ് മാസം ആരംഭത്തിൽ പുറത്തിറങ്ങി. ജൂണിൽ സ്കൂൾ ആരംഭിക്കുമ്പോൾ പഠിപ്പിക്കുവാനായി 6 ദിവസത്തെ കോഴ്സ് അധ്യാപകർക്കു കൊടുത്തു - മേയ് 13 മുതൽ 19 വരെ. ഓരോ വിഷയവും പഠിപ്പിക്കുന്ന അധ്യാപകർക്കു വെവ്വേറെയായിരുന്നു പരിശീലനം നടന്നത്. സാമൂഹ്യപാഠം പഠിപ്പിക്കുന്ന അധ്യാപകർക്കും ഇതുണ്ടായിരുന്നു. ഇവരിൽ നല്ലൊരു കൂട്ടം കന്യാസ്ത്രീകളും കുറച്ചു വൈദികരും ആ പരിശീലനത്തിൽ ഉൾപ്പെട്ടിരുന്നു താനും. അവർക്കാർക്കും തന്നെ അന്നുവരെ ഈ പാഠങ്ങളിൽ യാതൊരു അപാകതയും കാണാൻ സാധിച്ചില്ല. ജൂണിൽ ക്ലാസു തുടങ്ങിയിട്ടാണ് യുഡിഎഫിനു പ്രശ്നമുണ്ടാകുന്നത്; മത-ജാതിസംഘടനകൾ ഏറ്റുപിടിക്കുന്നത്; ഇപ്പോൾ പിന്നെ മതസംഘടനകൾ മുൻനിരയിലും. അതുകൊണ്ടുതന്നെ ഈ സമരത്തിന്റെ ആത്മാർഥത ചോദ്യംചെയ്യപ്പെടുന്നു; മറ്റു നിക്ഷിപ്ത താൽപര്യങ്ങൾ ഇതിന്റെ പിന്നിലുണ്ട്. അതു മെത്രാന്മാരുടെയും മറ്റും സംസാരത്തിൽ വ്യക്തമായി നാം കേട്ടുകഴിഞ്ഞുതാനും. രണ്ടാം 'വിമോചന'സമരം. അപ്പോൾ കുഴപ്പം പാഠപുസ്തകത്തിനല്ല; ശത്രു ഇടതുപക്ഷസർക്കാരാണ്. അവരെ താഴെയിറക്കുക യുഡിഎഫിന്റെ ആവശ്യം. എൽഡിഎഫിനു പകരം അവർ വന്നാൽ ഒരു നിയന്ത്രണവുമില്ലാതെ ജാതി-മത സംഘടനകൾക്കു പണം കൊയ്യാം, കോഴ വാങ്ങാം. വിദ്യാഭ്യാസ കച്ചവടം അതിന്റെ അത്യുച്ചകോടി വരെ യാതൊരു പരിധികളുമില്ലാതെ പോകാം. ഇതു തുറന്നു പറയാൻ പറ്റാത്തതുകൊണ്ട്, പഴി മുഴുവൻ 'മതമില്ലാത്ത ജീവന്റെ' പുറത്തായിക്കോട്ടെ എന്നവർ കരുതി. ഇനി 120 പുസ്തകങ്ങൾ ഇറക്കിയതിൽ 119 നും പ്രശ്നമില്ലല്ലോ. ഒന്നിൽ ചില കുറവുക

ളുണ്ടെങ്കിൽ, ചൂണ്ടിക്കാട്ടിയാൽ നിർദ്ദേശങ്ങൾ ഉൾക്കൊള്ളാമെന്നു സർക്കാർ പറയുന്നു; നിയമസഭയിൽ പ്രതിപക്ഷം ആവശ്യപ്പെട്ടതനുസരിച്ചു തന്നെ ചർച്ചയ്ക്കു വയ്ക്കുന്നു. വിദഗ്ധസമിതിക്കു വിടുന്നു. നിർദ്ദേശങ്ങൾ സ്വീകരിക്കുന്നു; എന്തിനു യുഡിഎഫ് ഉണ്ടാക്കിയ അനൗദ്യോഗിക സമിതിയുടെ നിർദ്ദേശങ്ങൾ പോലും വിദഗ്ധസമതിയുടെ പരിഗണനയ്ക്കു കൊടുക്കാമെന്നും ആവശ്യമെങ്കിൽ ഭേദഗതി വരുത്താമെന്നും പറയുന്നു. ചുരുക്കത്തിൽ ഈ പ്രശ്നത്തിൽ ഇതിനേക്കാൾ ജനാധിപത്യപരമായി ഒരു സർക്കാരിനും ഒന്നും ചെയ്യാൻ പറ്റുകയില്ല. ഇവിടെയും സമരം പിൻവലിക്കാത്തതിൽ, അവരുടെ ഉദ്ദേശ്യശുദ്ധി സംശയാസ്പദമാകുന്നു.

കേരളത്തിൽ കത്തോലിക്കാ മെത്രാന്മാരുടെ ഇടയിൽ ഒരു മത്സരം നടക്കുന്നുണ്ട് - ഇടയലേഖന മത്സരം. ഈ വിഷയവുമായി ബന്ധപ്പെട്ട് ഇപ്പോൾ ഏതാണ്ടു 30 ഇടയലേഖനങ്ങൾ ഇറങ്ങിക്കഴിഞ്ഞു. മാത്രമല്ല, ക്രിസ്തീയ മാസികകളിലൊക്കെത്തന്നെ സത്യത്തെ വികലമാക്കിയും വളച്ചൊടിച്ചും ഇല്ലാത്ത കാര്യങ്ങൾ ആരോപിച്ചും എഴുതി സാമാന്യവിശ്വാസികളുടെ മനസുകളെ വിഷലിപ്തമാക്കുന്നു. ഇത് ഈ സഭാധികാരികളുടെ അധികാര ദുർവിനിയോഗമല്ലാതെ മറ്റെന്താണ്? അൾത്താരയും കുർബ്ബാനയും സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും പങ്കുവയ്ക്കലിന്റെയും ഇടമായാണ് പൊതുസങ്കല്പം. പക്ഷേ ഇന്നു വൈകാരിക സ്പർദ്ദ പരത്തുന്ന, വർഗീയത ശക്തിപ്പെടുത്തുന്ന, മതമൗലികവാദമെന്ന വിഷം വമിക്കുന്ന ഒരിടമാക്കി ഈ പുരോഹിതവൃന്ദം അതിനെ മാറ്റിയിരിക്കുന്നു. ഇടയലേഖനങ്ങളിലൂടെ എന്തു സന്ദേശമാണു ഇവർ നൽകുന്നത്? 'എന്തു വില കൊടുത്തും, രക്തം ചിന്തിയും വിശ്വാസം സംരക്ഷിക്കും' എന്നും മറ്റുമുള്ള വാക്യങ്ങളിൽ എന്തു മാത്രം വർഗീയ വിഷം നിറഞ്ഞിരിക്കുന്നു. ഇവിടെ വലിയൊരു ചോദ്യം ഉയരുന്നുണ്ട്. രക്തം ചിന്തിയും എന്തു വില കൊടുത്തും എന്താണു സംരക്ഷിക്കുന്നത് എന്നതാണ് ആ ചോദ്യം. യേശു രക്തം ചിന്തിയത് ദരിദ്രർക്കു സുവിശേഷം, ബന്ധിതർക്കു മോചനം, അന്ധർക്കു കാഴ്ച, അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യം എന്നിവയ്ക്കായിരുന്നു. ഇവർ രക്തം ചിന്താൻ ആവശ്യപ്പെടുന്നത് എന്തിന്? കോഴയ്ക്കായ് വൻസ്ഥാപനങ്ങൾ സംരക്ഷിക്കാൻ, ബഹു ആയിരങ്ങൾ വാങ്ങി പ്രവേശനം നൽകാൻ, ലക്ഷങ്ങൾ വാങ്ങി നിയമനം നടത്താൻ, ദരിദ്രർക്കു ഗുണം ചെയ്യുന്ന 27% സംവരണം നടപ്പിലാക്കാതിരിക്കാൻ, (ഭരണഘടന ഉറപ്പുവരുത്തുന്ന ഈ സംവരണം മാത്രം ക്രിസ്തീയ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയാൽ, എത്രായിരം ദരിദ്രനാരായണയർക്കു ജോലി കിട്ടിയേനെ. അവരുടെ ജീവിതം കൂടുതൽ ജീവയോഗ്യമായേനെ.) സാമൂഹ്യനീതിയും സുതാര്യതയും ഉറപ്പുവരുത്തുന്ന എയിഡഡ് സ്കൂൾ അധ്യാപകനിയമനം പി എസ് സി ക്കു വിടാതിരിക്കാൻ ... ഒറ്റവാക്കിൽ, ഒരുപറ്റം വൈദികവൃന്ദത്തിന്റെ സുഖജീവിതത്തെ ചോദ്യം ചെയ്യാതെ അഭംഗുരം തുടരാൻ. ഇതു യേശുവിരുദ്ധ

മാണ്. ഇതു അക്രമത്തിനുള്ള ആഹ്വാനമാണ്. ഇതിനായി ജാഗ്രതാസമിതിയെയും സംരക്ഷണസേനയെയും വരെ ക്രമീകരിക്കാൻ തയ്യാറായി എന്നു കാണുമ്പോൾ, ഇടയലേഖനത്തിൽ ഇടയത്തം ഇല്ല; സ്നേഹാഹ്വാനമില്ല; മറിച്ച്, സംഘടിച്ചു പൊരുതാനുള്ള ആഹ്വാനമാണുള്ളത്. എന്തിന്? യേശുവിരുദ്ധ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ.

ചരിത്രത്തിലേക്കു ഒന്നു കണ്ണോടിക്കുക. ക്രിസ്ത്യാനിറ്റിയും ഇസ്ലാമും ഇന്ത്യൻ മതങ്ങളല്ലല്ലോ. രണ്ടും വൈദേശിക മിഷനറി മതങ്ങളാണ്. ഇവർ ഇന്ത്യയിൽ ഉണ്ടായതു പത്തുലക്ഷം പേർ ഒന്നിച്ചായതല്ല. ഇന്ത്യയിലുള്ള തദ്ദേശവാസികൾ ക്രിസ്തീയ-ഇസ്ലാം മതവിശ്വാസം സ്വീകരിച്ചതാണല്ലോ. ഇപ്പോൾ ഈ രണ്ടു വിഭാഗക്കാർ കാണിക്കുന്ന മതതീവ്രതയും മതമൗലികതയും അന്നു ഇവിടെ ഉണ്ടായിരുന്ന ഹൈന്ദവസഹോദരർ കാണിച്ചിരുന്നെങ്കിൽ, ഇവിടെ ക്രിസ്തുമാർഗമോ ഇസ്ലാം മതമോ ഉണ്ടാകുമായിരുന്നോ? ഇവിടെയുണ്ടായിരുന്നവരുടെ ഹൃദയവിശാലതയും മതനിരപേക്ഷ ചിന്താഗതിയുമാണ് അവരെ ഇവിടെ തുറന്ന മനസോടെ സ്വീകരിച്ചത് എന്ന ചരിത്രവസ്തുത ഇവർ എന്തുകൊണ്ടു മറക്കുന്നു? ഇന്ത്യൻ സംസ്കാരത്തിൽ മതവിശ്വാസികളും മതനിഷേധികളും ഒത്തുകഴിഞ്ഞതാണ്, കൈകോർത്തു വളർന്നവരാണ്. അതുകൊണ്ടാണ് ക്രിസ്ത്യാനിറ്റിക്കും ഇസ്ലാമിനും ഇവിടെ വേരൂന്നാൻ സാധിച്ചത്. അപ്പോൾ അൽപം ചരിത്രബോധമുണ്ടെങ്കിൽ, മതനിരപേക്ഷതയ്ക്കു വേണ്ടി മുൻകൈയെടുക്കേണ്ടവർ ക്രിസ്ത്യാനികളും മുസ്ലീങ്ങളുമാണ്. അല്ലാതെ മതനിരപേക്ഷയ്ക്കു എതിരു നിന്ന് മതതീവ്രവാദം വളർത്തുവാൻ പ്രേരിപ്പിക്കുകയല്ല. കൊല്ലുന്നവനേക്കാൾ കൊല്ലാൻ പ്രേരിപ്പിക്കുന്നവനാണല്ലോ വലിയ ശിക്ഷ. ഇവിടെ ഇതാ സഭാനേതാക്കളും മെത്രാന്മാരും സംസാരത്തിലൂടെയും ഇടയലേഖനത്തിലൂടെയും, അവരുടെ സ്വാർഥതാൽപര്യ സംരക്ഷണാർഥം, അക്രമാസക്തരാകാൻ ജനത്തെ പ്രേരിപ്പിക്കുകയാണ്. പ്രേരണാക്കുറ്റമാണല്ലോ വലിയ അപരാധം!

ഏഴാംക്ലാസിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിലെ വിവാദപുരുഷനായ 'മതമില്ലാത്ത ജീവൻ' ഏതൊരു മനുഷ്യനെ സംബന്ധിച്ചിടത്തോളവും വളരെ വിലപ്പെട്ട വ്യക്തിത്വമാണ്. മാനവികതയിൽ വിശ്വസിക്കുന്ന, നീതിയെ പുൽകുന്ന, സമത്വത്തെ കാംക്ഷിക്കുന്ന, സ്വാതന്ത്ര്യത്തെ വിലമതിക്കുന്ന ഏതൊരാളിന്റെയും യഥാർഥ സഹോദരനാണ് 'മതമില്ലാത്ത ജിവൻ.' ഇവിടെയാണു ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യുക്കേഷൻ ചെയർമാൻ മാർ ജോസഫ് പൗവ്വത്തിൽ ഭരണഘടനാവിരുദ്ധമായ പ്രഖ്യാപനങ്ങൾ പലവട്ടം പുറപ്പെടുവിക്കുന്നതിന്റെ കാപട്യം മനസിലാക്കുന്നത്. എങ്ങനെയാണു അദ്ദേഹത്തിനു ക്രൈസ്തവകുട്ടികളെ ക്രിസ്തീയവിദ്യാലയങ്ങളിൽ അയയ്ക്കണം എന്നു പറയാനുള്ള മാനസിക പാപ്പരത്തമുണ്ടായി? അക്രൈസ്തവരുടെ വിദ്യാലയങ്ങളിൽ ക്രിസ്തീയ കുട്ടികൾ പോയാൽ എന്തു സംഭവിക്കും? അവർക്കു ക്രിസ്തീയ മൂല്യങ്ങൾ കിട്ടുകയില്ല എന്നാണ് ആർച്ചുബിഷപ്പിന്റെ വാദം.

വർഗീയത ജനിപ്പിക്കുന്ന, മതമൗലികതാവാദം ശക്തിപ്പെടുന്ന മൂല്യങ്ങളാണല്ലോ ഈ പിഞ്ചുകുഞ്ഞുങ്ങളിൽ ക്രിസ്തീയ സ്കൂളുകളിലൂടെ കുത്തിവയ്ക്കുക. അല്ലാതെ യേശുവിന്റെ വിശാലമാനവികതയുടെയും വിശ്വസാഹോദര്യത്തിന്റെയും മതനിരപേക്ഷതയുടെയും മൂല്യങ്ങളല്ലല്ലോ. അതായിരുന്നെങ്കിൽ ആർച്ച് ബിഷപ്പിനു അങ്ങനെ ഇടുങ്ങിയ ചിന്തയോടെ പറയാനും വീണ്ടും അതിനെത്തന്നെ സ്ഥിരീകരിച്ചു ഉറപ്പിക്കാനും പറ്റുമായിരുന്നോ? ഇതാണ് ഭരണഘടന പറയുന്നത്: “രാഷ്ട്രം സംരക്ഷിക്കുന്നതോ രാഷ്ട്രത്തിന്റെ നിധിയിൽ നിന്നു സഹായം സ്വീകരിക്കുന്നതോ ആയ ഏതെങ്കിലും വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മതം, വർഗം, ജാതി, ഭാഷ എന്നിവയെയോ, അവയിൽ ഏതെങ്കിലും ഒന്നിനെയോ മാത്രം അടിസ്ഥാനമാക്കി യാതൊരു പൗരനും പ്രവേശനം നിഷേധിക്കപ്പെടുവാൻ പാടുള്ളതല്ല” (അതേ പുസ്തകം. 29, 2). മതം-വർഗം-ജാതി-ഭാഷ എന്നീ വിവേചനങ്ങൾ ഒന്നും പാടില്ല എന്നു ഭരണഘടന പറയുമ്പോൾ, മാർ പൗവത്തിലിനു ക്രിസ്ത്യൻ കുട്ടികൾക്കു ക്രിസ്ത്യൻ സ്കൂളുകൾ മാത്രം! വാസ്തവത്തിൽ ഭരണഘടനാവിരുദ്ധ നിലപാടിനു കേസ്സെടുക്കേണ്ടതല്ലേ എന്നു പോലും ചിന്തിച്ചുപോകുന്നതിൽ വായനക്കാർ ക്ഷമിക്കണം.

മറ്റൊരു കാര്യം. തൃശൂർ രൂപത സാമൂഹ്യപാഠഭാഗം വേറെ എഴുതുന്നു; ചിലർ ആ പാഠം പഠിപ്പിക്കുന്നില്ല; ചിലർ ആ പുസ്തകം കത്തിക്കുന്നു; കെ എസ് യു ക്കാർ വേറെ പാഠപുസ്തകം പുറത്തിറക്കുന്നു. ഇത് എങ്ങനെ ഒരു ബഹുമത-മതേതര രാഷ്ട്രത്തിൽ പറ്റും. പ്രത്യേകിച്ചു വിദ്യാഭ്യാസം കേന്ദ്രസർക്കാരിന്റെ അധീനതയിൽ ആയിരിക്കുമ്പോൾ. ഇതും ഭരണഘടനാവിരുദ്ധമാണ്. എന്തു പഠിപ്പിക്കണം എന്നു തീരുമാനിക്കുന്നതും അതിനു വേണ്ട പുസ്തകങ്ങൾ പ്രസിദ്ധീകരിക്കേണ്ടതും സർക്കാരാണല്ലോ. അപ്പോൾ മേൽപ്പറഞ്ഞ സംഭവങ്ങളെല്ലാം ഭരണഘടനാവിരുദ്ധമാണെന്നാണ് എന്റെ ഉറച്ച അഭിപ്രായം.

ഇത്രയും എഴുതിക്കഴിഞ്ഞപ്പോഴാണ്, തലയിൽ ഇടിത്തീവീണപോലൊരു വാർത്ത ടി വി യിൽ കണ്ടത്. കേരളത്തിലെ 29 കത്തോലിക്കാ രൂപതകളുടെ മേലധ്യക്ഷന്മാരുടെ ഏകോപനസമിതിയായ കെ സി ബി സി യുടെ യോഗം (അതിൽ 32 ബിഷപ്പുമാർ പങ്കെടുത്തു!) എറണാകുളം കാക്കനാട് മൗണ്ട് സെന്റ്തോമസിൽ 2008 ഓഗസ്റ്റ് ഒൻപതിനു കൂടി വളരെ ശ്രദ്ധേയമായ ചില തീരുമാനങ്ങൾ എടുത്തു. നിയമോപദേശം തേടിയിട്ടാണ് ഈ തീരുമാനങ്ങൾ എടുത്തതെന്നു അവരുടെ വക്താവ് പത്രസമ്മേളനത്തിൽ പറയുകയും ചെയ്തു. തീരുമാനങ്ങളുടെ സംക്ഷിപ്തം ചുവടെ.

1. ഏഴാംക്ലാസ്സിലെ സാമൂഹ്യപാഠപുസ്തകത്തിലെ തെറ്റുകളിലേയ്ക്ക് വിദ്യാർഥികൾ വഴിതെറ്റിപ്പോകാതിരിക്കാൻ കെ സി ബി സി തയ്യാറാക്കിയ വർക്ക്ബുക്ക് എല്ലാ കത്തോലിക്കാ വിദ്യാലയങ്ങളിലും പഠിപ്പിക്കുവാൻ തീരുമാനിച്ചു.

2. എല്ലാ പുതിയ പാഠപുസ്തകങ്ങളും സൂക്ഷ്മമായി പരിശോധിച്ചു നോക്കണം 120 പുതിയ പാഠപുസ്തകങ്ങളാണു ഇറങ്ങിയിട്ടുള്ളത്!) അവയ്ക്കൊക്കെ വർക്ക്ബുക്ക് തയ്യാറാക്കാൻ കെ സി ബി സി യുടെ വിദ്യാഭ്യാസകമ്മീഷൻ പഠനം തുടരാൻ തീരുമാനിച്ചു.
3. വിശ്വാസസംരക്ഷണസമരത്തെ ഹൈജാക്ക് ചെയ്യാൻ ആരെയും അനുവദിക്കുകയില്ലെന്നും വിവാദപാഠപുസ്തകം പിൻവലിക്കും വരെ സമരപരിപാടികൾ തുടരാനും തീരുമാനിച്ചു.
4. 14.08.2008 വൈകിട്ടു തിരികൾ കത്തിച്ചു പ്രാർത്ഥനാസന്ധ്യയായി യുവജനസംഘടനകൾ ആചരിക്കാനും ഇന്ത്യൻ സ്വാതന്ത്ര്യദിനമായ 15.08.2008 നെ വിശ്വാസസംരക്ഷണദിനമായി ആചരിക്കുവാനും ദേശീയപതാക ഉയർത്തി വിശ്വാസസ്വാതന്ത്ര്യ പ്രതിജ്ഞ നടത്താനും തീരുമാനിച്ചു.
5. കെ സി ബി സി ഇറക്കിയ വർക്ക്ബുക്കിനെ ആസ്പദമാക്കി, മതത്തിന്റെ പ്രാധാന്യം ഊന്നിക്കൊണ്ടു സാമൂഹ്യപാഠം പഠിപ്പിക്കാൻ അധ്യാപകർക്കു പ്രത്യേക പരിശീലനം കൊടുക്കാൻ തീരുമാനിച്ചു.
6. ഇത്തരം പാഠപുസ്തകങ്ങൾ പഠിപ്പിക്കുന്നതിൽ തെറ്റില്ലെന്നും ഇങ്ങനെ വർക്ക്ബുക്ക് പഠിപ്പിക്കുന്നതിൽ വിദ്യാഭ്യാസവകുപ്പിന്റെ അനുമതി തേടില്ലെന്നു കൂടി പ്രസ്താവന പറയുന്നു.
7. നിരീശ്വരവാദത്തിന്റെയും ഭൗതികവാദ പ്രത്യയശാസ്ത്രത്തിന്റെയും അപകടകരമായ വശത്തെപ്പറ്റി വിദ്യാർഥികളെ ജാഗരൂകരാക്കാൻ വേദപാഠക്ലാസുകളിലേക്കു (സണ്ടേസ്കൂളിലേക്ക്) രണ്ട് ഉപപാഠപുസ്തകങ്ങൾ തയ്യാറാക്കാൻ തീരുമാനിച്ചു.

വളരെ കാതലായ ചില ചോദ്യങ്ങൾ ഇവിടെ ഉയരുന്നു. ഒരു മതേതരരാഷ്ട്രത്തിൽ, വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിൽ ഭരണഘടന ഉൾപ്പെടുത്തിയിരിക്കുന്ന അവസ്ഥയിൽ, ക്രൈസ്തവസഭയ്ക്ക് എങ്ങനെ, എന്തു അധികാരത്തോടെ വർക്ക്ബുക്ക് ഇറക്കാനും അതിൽ ടീച്ചേഴ്സിനു പരിശീലനം കൊടുക്കാനും എല്ലാ കത്തോലിക്കാ വിദ്യാലയങ്ങളിൽ പഠിപ്പിക്കാനും തീരുമാനം എടുക്കാൻ പറ്റും? വിദ്യാഭ്യാസത്തിനു സംസ്ഥാനത്തും രാജ്യത്തും ഏകീകൃത നയമുള്ളപ്പോൾ, അതിനെതിരെ എങ്ങനെ നിലപാടെടുക്കാൻ പറ്റും? മതേതരവിദ്യഭ്യാസമാണു ഭരണഘടന വിഭാവനം ചെയ്യുന്നത്; അവിടെ വിശ്വാസസംരക്ഷണസമരത്തെ ഹൈജാക്ക് ചെയ്യേണ്ട കാര്യം ആർക്കുമില്ലല്ലോ. അതുപോലെ ദേശീയപതാക ഉയർത്തിയിട്ട് 'വിശ്വാസസ്വാതന്ത്ര്യ പ്രതിജ്ഞ' നടത്താൻ തീരുമാനിക്കാൻ ഇവർക്ക് എന്തവകാശം? ഇതു രാജ്യത്തോടുള്ള അവഹേളനമല്ലേ? ഇവയൊക്കെത്തന്നെ ഭരണഘടനാവിരുദ്ധമല്ലേ? അവർ പറഞ്ഞുവച്ചതിൽ സണ്ടേസ്കൂളിൽ ഉപപാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിൽ അവർക്കു സ്വാതന്ത്ര്യമുണ്ട്. മറ്റുള്ളവയൊക്കെ ഭരണഘടന ഇന്ത്യൻ പൗരനു നൽകുന്ന സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗമാണ്, ഭരണഘടനാവിരുദ്ധമാണ്. അതുകൊണ്ടാണ് എസ് എൻ ഡി പി ജനറൽസെക്രട്ടറി

ശ്രീ. വെള്ളാപ്പള്ളി നടേശനു 'ക്രൈസ്തവ മേലധ്യക്ഷന്മാർ സൂപ്പർ സർക്കാർ ആകേണ്ടാ' എന്നു പറയേണ്ടിവന്നത്.

ഈ മാനവികവിരുദ്ധ-ഭരണഘടനവിരുദ്ധ സമീപനത്തെ അരക്കിട്ടുറപ്പിച്ചുകൊണ്ടു വരാപ്പുഴ അതിരൂപതയുടെ 2008 ഓഗസ്റ്റ് 11 ലെ യുവജനസംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് ആർച്ച്ബിഷപ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ സംസാരിച്ചു: 'വിശ്വാസങ്ങൾക്കു തുരങ്കംവയ്ക്കുന്നതിനെ വെറുംകയ്യോടെ നോക്കിയിരിക്കില്ല. വിശ്വാസത്തിന്റെ സംരക്ഷകരായ സഭ ഈശ്വര-ന്യൂനപക്ഷ ധ്വംസനങ്ങൾ അതിജീവിക്കാൻ ഉണർന്നുപ്രവർത്തിക്കണം.' ഇവിടെ എല്ലാംകൊണ്ടും പ്രസക്തമായ ചോദ്യം ഇതാണ് - ദരിദ്രരെയും നിരാലംബരെയും ദീനരെയും അവരുടെ അവകാശങ്ങളെയും തമസ്കരിച്ചിട്ട്, ആരുടെ വിശ്വാസമാണ്, എന്തിലുള്ള വിശ്വാസമാണ് ഇവർ സംരക്ഷിക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുന്നത് എന്നതാണ്. ന്യൂനപക്ഷം വരുന്ന സമ്പന്നരുടെ സഭയുടെ താൽപര്യത്തിന്റെയും വിശ്വാസത്തിന്റെയും സംരക്ഷണത്തിനിറങ്ങിത്തിരിച്ചിരിക്കുന്ന സഭാധികാരികൾക്കു ചരിത്രം മാപ്പു നൽകില്ല.

ഒരുപാടു തലപുകയ്ക്കാതെ മനസിലാക്കാവുന്ന ഒരു കാര്യമുണ്ട്. കഴിഞ്ഞ രണ്ടു വർഷങ്ങളായി ഈ സർക്കാർ വിദ്യാഭ്യാസമേഖലയിൽ കൊണ്ടുവരാൻ ശ്രമിച്ച എല്ലാ മാറ്റങ്ങളെയും സർവശക്തിയും (കോടതിയുൾപ്പെടെ) മതനേതാക്കൾ എതിർക്കുന്നു - സ്വാശ്രയനിയമം തൊട്ടു ഇങ്ങോട്ടു ഏകജാലകവും പാഠപുസ്തകങ്ങൾ വരെ. എന്തുകൊണ്ട്? വിദ്യാഭ്യാസമേഖലയിലെ പരിഷ്കാരത്തെ സഭ എപ്പോഴും എതിർത്തിരുന്നതായി ചരിത്രം സാക്ഷിക്കുന്നു. 1957 ലെ മുണ്ടശേരി മാഷുടെ വിദ്യാഭ്യാസബിൽ സർവശക്തിയോടും കൂടെ സഭ-ജാതി സംഘടനകൾ എതിർത്തു. 1960 ൽ അതേ ബിൽ പാസാക്കി, 11 നും 12 ഉം നമ്പർ മാറ്റിയിട്ടുകൊണ്ട്. എന്തായിരുന്നു അവ? എയിഡഡ് സ്കൂളിലെ നിയമനാധികാരം മാനേജ്മെന്റിനായിരിക്കും എന്നതാണ്. അതായത് പണം കിട്ടുന്ന കാര്യം ഉറപ്പായപ്പോൾ എതിർപ്പില്ല. 1972 ൽ ഫീസ് ഏകീകരണത്തെ സഭ എതിർത്തു. കാരണം അതു നഷ്ടക്കച്ചവടമാണ്. ഇന്നു സർക്കാർ ഖജനാവിൽ നിന്നും എയിഡഡ് സ്കൂളുകളിലേയ്ക്ക് ഒഴുകുന്നതു 6000 കോടി രൂപയാണ്; അതിൽ ഏതാണ്ടു 80% വും ക്രൈസ്തവസമുദായത്തിനും. ഇപ്പോഴത്തെ സ്വാശ്രയ പ്രൊഫഷണൽ കോളേജ് നിയമം-2006 നെ സഭ എതിർത്തതും ഇന്നും എതിർത്തുകൊണ്ടിരിക്കുന്നതും പണത്തിന്റെ ഒഴുക്കു നിലച്ചേക്കാം എന്ന കാര്യത്തിലാണ്. ഫീസും കോഴയും തലവരിയും പൂർണസ്വാതന്ത്ര്യത്തോടെ വാങ്ങാൻ സർക്കാർ അനുവദിച്ചാൽ, അപ്പോൾ എല്ലാ സമരവും തീരും. ക്രൈസ്തവമൂല്യങ്ങൾ പകരുകയാണെന്ന അവരുടെ അവകാശവാദം പമ്പകടക്കും! അപ്പോൾ ഇവരെ നയിക്കുന്നതു യാതൊരുവിധമായ തത്വദീക്ഷയല്ല; ധാർമികതയല്ല; പണസമ്പാദനം എന്ന 'ഏകജാലകം' മാത്രം. എന്തുകൊണ്ട് എൽ ഡി എഫിനോടു എതിർപ്പ്? അവർ വിദ്യാഭ്യാസമേഖലയിൽ കൊണ്ടുവന്ന പരിഷ്കാ

രങ്ങളെല്ലാം തന്നെ സാമൂഹ്യനീതിയെ ഊന്നിക്കൊണ്ടു സാധാരണ ജനതയ്ക്കു അനുഗുണമായതാണ്. സ്വകാര്യമേഖലയ്ക്കു കിട്ടാൻ സാധ്യതയുണ്ടായിരുന്ന സമ്പത്തു വാരിക്കൂട്ടലിനു കുറവ് വരുത്തുന്നവയായിരുന്നു; കാര്യങ്ങൾ കൂടുതൽ സുതാര്യവും സംവരണാവകാശം നടപ്പിലാക്കുന്നവയുമായിരുന്നു. ഇവയൊക്കെത്തന്നെ അധീശവർഗ-മത-സമുദായനേതാക്കളുടെ താൽപര്യത്തിനു എതിരാണ്. ചുരുക്കത്തിൽ ഇവിടെ ഇപ്പോൾ നടക്കുന്നതു ജനപക്ഷ-വിരുദ്ധ താൽപര്യങ്ങളുടെ സംഘട്ടനമാണ്.

ശ്രദ്ധേയമായ മറ്റൊന്ന്, 2008 ലെ എസ് എസ് എൽ സി വിജയമാണ്. ഏതാണ്ട് 93% വിജയം പൊതുവിദ്യാഭ്യാസത്തിനു. 1996 മുതൽ വിദ്യാഭ്യാസമേഖലയിൽ നടത്തിക്കൊണ്ടിരുന്ന പ്രയത്നത്തിന്റെ ഫലമായാണ് ഈ വിജയം. വിദ്യാഭ്യാസം എല്ലാവർക്കും എന്ന അടിസ്ഥാനതത്വത്തിലേയ്ക്കാണു വരുന്നത്. ഇന്നു എന്തുകൊണ്ടു സാധാരണജനങ്ങൾ പോലും തങ്ങളുടെ കുഞ്ഞുങ്ങളെ, പണം ഇല്ലെങ്കിൽപ്പോലും സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്കൂളിലേയ്ക്കു അയയ്ക്കുന്നു? തങ്ങളുടെ കുട്ടികൾക്കു നല്ല വിദ്യാഭ്യാസം വേണം. പൊതുസർക്കാർ വിദ്യാലയത്തിനു നിലവാരമില്ല എന്ന ധാരണ പൊതുവേ നിലകൊള്ളുന്നു. അപ്പോൾ സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിലും, നല്ല വിദ്യാഭ്യാസത്തിനുള്ള ഏക ആശ്രയം സ്വകാര്യവിദ്യാലയങ്ങളാണ്. എൽ ഡി എഫ് സർക്കാർ വന്നിട്ടു കഴിഞ്ഞ രണ്ടു വർഷമായിട്ട് ഏറ്റവും കൂടുതൽ ശ്രദ്ധിച്ചതു സർക്കാർ സ്കൂളുകളാണ്, പ്രത്യേകിച്ചു ഗുണനിലവാരം ഇല്ല എന്നു പറഞ്ഞു വിധിയെഴുതിയിരുന്ന സർക്കാർ സ്കൂളുകൾ. സർക്കാർ, അധ്യാപകർ, മാതാപിതാക്കൾ, പി റ്റി എ, നാട്ടുകാർ, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ - എല്ലാവരും ഇക്കാര്യത്തിൽ ശ്രദ്ധിച്ചു. പല സർക്കാർ സ്കൂളുകൾക്കും നൂറു ശതമാനം വിജയം ലഭിച്ചു. സംസ്ഥാനത്ത് 93% വിജയവും. ആഹ്ലാദിക്കേണ്ട സംഭവമല്ലേയിത്? പക്ഷേ സംഭവിച്ചതോ? വെറുതെ മാർക്കിട്ടു ജയിപ്പിച്ചതാണ്; അനർഹമായ വിജയം എന്ന ആക്ഷേപമാണുണ്ടായത്. അതേ സമയം ഐ സി എസ് ഇ ക്കു 100% വിജയത്തിൽ ആർക്കും പരാതിയില്ല. എന്താണിതു സൂചിപ്പിക്കുന്നത്? സമ്പന്നരുടെ മക്കൾ 100% ജയിക്കും; അതംഗീകരിക്കാം. സാധുക്കളുടെ മക്കൾ എന്നും തോറ്റുകിടക്കേണ്ടവരാണ് എന്നതല്ലേ? ഈ മിഥ്യാധാരണയെയാണ് സർക്കാരിന്റെ പ്രത്യേക ശ്രദ്ധയിലൂടെ മാറ്റിമറിച്ചത്. ജനം ഇതു മനസിലാക്കി സഹകരിക്കുന്നതും സ്വകാര്യമേഖലയിലെ സ്കൂൾമാനേജ്മെന്റ് മനസിലാക്കുന്നു. അവർക്കു കുട്ടികളെ നഷ്ടപ്പെടുമെന്നു അവർ ഭയപ്പെടുന്നു. സർക്കാർ സ്കൂളിലെ നിലവാരം മെച്ചപ്പെട്ടപ്പോൾ, സാമ്പത്തിക ബുദ്ധിമുട്ടുള്ള സാധാരണക്കാർ എന്തിനു മാനേജ്മെന്റിന്റെ സ്കൂളിൽ പോകണം എന്ന ചിന്ത സാവകാശം ഉയർന്നുവരുന്നതു മാനേജ്മെന്റ് ശ്രദ്ധിച്ചു. അവർക്കതു താങ്ങാൻ ആവുന്നില്ല. ചെറിയ തോതിലെങ്കിലും മാനേജ്മെന്റ് സ്കൂളിൽ നിന്നും റ്റി സി വാങ്ങി സർക്കാർ സ്കൂളിൽ ചേരുന്ന പ്രവണത ആരംഭിച്ചിരി

ക്കുന്നു. സർക്കാർ സ്കൂൾ കൂടുതൽ മെച്ചപ്പെടുന്നതനുസരിച്ചു ഈ ഒഴുക്കു വർദ്ധിക്കും. സത്യത്തിൽ ഈ സർക്കാർ ചെയ്ത ഏറ്റവും വലിയ നിശബ്ദ വിപ്ലവമാണിതെന്നു ഞാൻ വിലയിരുത്തും.

ഇന്ത്യയ്ക്കു മതേതര പാരമ്പര്യമാണുള്ളത്. ഈ പാഠപുസ്തകത്തിൽ അതിന്റെ ഒരു ധ്വനിയുണ്ട് - മിശ്രവിവാഹത്തിൽ ജനിച്ച 'മതമില്ലാത്ത ജീവനി'ലൂടെ. അതു മാറ്റണമെന്നാണു സമരക്കാർ, വിദഗ്ധസമിതി, ... കഷ്ടം! സത്യത്തിൽ ഒരു മതേതരരാഷ്ട്രത്തോടു നീതിപുലർത്തുന്നതല്ല ഈ പാഠപുസ്തകം. മതങ്ങൾക്കാണു പ്രാധാന്യം കൊടുത്തിരിക്കുന്നത്. വളരെ ഇൻബാലൻസ് ഉണ്ട് പുസ്തകത്തിന്. മതനിരപേക്ഷതയിൽ മതത്തിൽ വിശ്വസിക്കാനും വിശ്വസിക്കാതിരിക്കാനും മതപ്രചരണം നടത്താനും മതപ്രചരണം നടത്താതിരിക്കാനും തുല്യസ്വാതന്ത്ര്യമാണ് ഉള്ളത്; അതാണ് ഭരണഘടന ഉറപ്പുനൽകുന്നത്. അതിലേക്ക് ആകെയുള്ള ചെറു സൂചന 'മതമില്ലാത്ത ജീവൻ' ആണ്. അതുപോലും എടുത്തുകളഞ്ഞാൽ നമുക്കു മതേതരത്വത്തെപ്പറ്റി പറയാൻ എന്തവകാശം? അതുകൊണ്ടു ഈ പുസ്തകം അതേപടി നിലനിർത്തിയിട്ട് വിട്ടുപോയിട്ടുള്ളവ കൂട്ടിച്ചേർക്കുകയുമാണ് വേണ്ടത്. 'മതമില്ലാത്ത ജീവൻ' മാറ്റി 'വിശ്വാസസ്വാതന്ത്ര്യ'മെന്നു പറയുന്നതു തന്നെ പുസ്തകം കൂടുതൽ മതബന്ധമുള്ളതാക്കുകയാണ്. കാത്തുസൂക്ഷിക്കേണ്ടതോ മതനിരപേക്ഷതയും.

എനിക്ക് ഒട്ടും മനസിലാകാത്ത ഒരു കാര്യം കൂടി കുറിക്കട്ടെ. ഇന്നിതാ ക്രൈസ്തവ മതനേതാക്കൾ, തങ്ങളുടെ കുഞ്ഞാടുകളെ പല തന്ത്രങ്ങളും അടവുകളും ഉപയോഗിച്ചു കൂടെ നിറുത്തി പോരാടുകയാണ് ഏഴാംക്ലാസിലെ പാഠത്തിൽ മതനിരാസം, മതനിന്ദ, നിരീശ്വരത്വം, കമ്യൂണിസം തുടങ്ങിയവ ഉണ്ടെന്ന് ആരോപിച്ചുകൊണ്ട്. ആരോപണമേയുള്ളു. അവർക്കുതന്നെ വ്യക്തതയില്ല. സത്യത്തിൽ അങ്ങനെയൊന്നുമില്ല എന്നു നിഷ്പക്ഷ വായനക്കാർക്കു ഇതിനകം മനസിലായിട്ടുമുണ്ട്. എന്നാൽ ക്രിസ്ത്യാനിറ്റിയുടെ ചരിത്രം പഠിപ്പിക്കുന്ന ഐ സി എസ് ഇ യിലെ ഏഴാംക്ലാസ്സ് പാഠപുസ്തകത്തിൽ വളരെ വ്യക്തമായും പച്ചയായും സഭയെ വിമർശിച്ചുകൊണ്ടു പറയുന്നു. അത് അതേപടി ഉദ്ധരിക്കുകയല്ലേ നല്ലത്.

> Church become the owner of large land estates. They began to collect huge wealth. Corruption set in. Exploitation of the people rather than service of the people became the rule of the day. Scandals broke out regarding the life in the monasteries (P 7 of History and Civics (for ICSE) Std. VII).

ഇത്ര ശക്തമായിട്ടു സഭയെ വിമർശിച്ചുകൊണ്ടു ഏഴാംക്ലാസിലെ പിഞ്ചുകുട്ടി പഠിച്ചാൽ സഭയോടുള്ള ബഹുമാനവും ആദരവും കുറയും. അതുകൊണ്ടു ആ ഭാഗം മാറ്റണം എന്നു പ്രഖ്യാപിച്ചുകൊണ്ട് ഒരു

മെത്രാനും സമരത്തിനു ഇറങ്ങിയില്ലല്ലോ. ഏഴാംക്ലാസിലെ 'മതമില്ലാത്ത ജീവൻ' ഇത്ര അപകടകാരിയാണെങ്കിൽ, അതിനേക്കാൾ എത്രയോ വലിയ അപകടകാരിയാണ് ഈ പുസ്തകം. അപ്പോൾ ഇവിടെ നിക്ഷിപ്തതാൽപര്യങ്ങളാണു വെളിപ്പെടുന്നത്.

ചെറിയൊരു കാര്യം കൂടി. കേരള ക്രൈസ്തവസഭയുടെ പാരമ്പര്യം എന്തിനും ഏതിനും കോടതിയിൽ പോവുകയാണ്. തൊട്ടതിനും പിടിച്ചതിനുമൊക്കെ നിരന്തരം കേസിനു പോകുന്നവരാണല്ലോ സഭാനേതൃത്വം. എന്തിന് മാനേജ്മെന്റിന്റെയോ കമ്യൂണിറ്റിയുടെയോ സീറ്റിനെ പൂർണമായും ഒഴിവാക്കിക്കൊണ്ട് സുതാര്യമായും നീതിയുക്തമായും പ്രവേശനം നടപ്പിലാക്കാൻ ശ്രമിച്ച ഏകജാലകസമ്പ്രദായത്തിനെതിരെ വരെ കേസെടുത്തവരാണ് സഭാനേതൃത്വം. ഈ പാഠപുസ്തകം ഭരണഘടന ഉറപ്പുനൽകുന്ന മതേതരത്വത്തിനും മതസ്വാതന്ത്ര്യത്തിനും എതിരാണ് എന്നു പറഞ്ഞു സമരം ചെയ്യുന്നുണ്ടല്ലോ. ഇവിടെ എന്തുകൊണ്ടു ഇത്രയും നാളായിട്ട് ഇവർ ഒരു പെറ്റിക്കേസുപോലും കൊടുത്തില്ല. അവർക്കു നല്ലതുപോലറിയാം ഈ പാഠപുസ്തകം ഭരണഘടനയ്ക്കു ഒത്തുള്ളതാണെന്ന്. പിന്നെ ഇവിടെയും നിക്ഷിപ്തതാൽപര്യങ്ങളാണ് അവരെ നയിക്കുന്നത്.

എന്റെയൊരു നൊമ്പരം കൂടി പങ്കുവച്ചിട്ടു ഈ ലേഖനം അവസാനിപ്പിക്കാം. 'മതമില്ലാത്ത ജീവൻ' എന്റെ ബാല്യകാലത്തു പരിചയപ്പെടാൻ സാധിക്കാത്തതിലുള്ള വേദന ഇവിടെ രേഖപ്പെടുത്തട്ടെ. ഞാൻ പഠിച്ചപ്പോൾ പോർഷൻ കവർ ചെയ്തു പഠിച്ചവനാണ്; ഇന്നത്തെ പഠനം ഡിസ്കവറി ആണല്ലോ. ജിജ്ഞാസയെ പരിപോഷിപ്പിക്കാൻ ഉതകുന്ന ഒരു വിദ്യാഭ്യാസമല്ലല്ലോ എന്റെ കൈമുതൽ. ഇന്നത്തെ കുഞ്ഞുങ്ങളെയോർത്ത് എനിക്കു വല്ലാത്ത അഭിമാനമാണ്. ഇന്ന് ഇന്ത്യൻ സമൂഹത്തിൽ വളരെ ദ്രുതഗതിയിൽ മതധ്രുവീകരണം നടത്തിക്കൊണ്ടിരിക്കുന്ന ഒരവസ്ഥയുണ്ട്. അവിടെ മതചിന്തയ്ക്കു അടിമപ്പെടാതെ, മാനവികതയിൽ നിലയുറപ്പിച്ചുകൊണ്ടു, തലയുയർത്തി വളരുന്ന ഒരു തലമുറ രൂപപ്പെട്ടുവരേണ്ടത് കാലത്തിന്റെ ആവശ്യമാണ്. അതിന് ഈ പാഠപുസ്തകം ഇത്തിരി വെട്ടമാകും, തീർച്ച.

# 2

## യേശു പാഠം, പള്ളി പാഠം: വർത്തമാനകാലസാധ്യതകൾ

**മാ**നവചരിത്രം ഒരു പ്രക്രിയയാണ്, മുന്നോട്ടുള്ള പരിണാമപ്രക്രിയ. ഈ പ്രക്രിയ പ്രപഞ്ചത്തിന്റെ എല്ലാ മണ്ഡലങ്ങളിലും നിതരാം തുടരുന്നു. മധ്യയുഗം കഴിയുന്നിടം വരെ രാജത്വവും ജന്മിത്വവുമായിരുന്നു ആ ചരിത്രസന്ധിയുടെ സംവിധാനക്രമം. ഈ രാജാവും ഫ്യൂഡൽ പ്രഭുവും ദൈവത്തിന്റെ കാണപ്പെടുന്ന പ്രതിപുരുഷന്മാർ ആയിരുന്നു. അങ്ങു മുകളിൽ നിന്നാണ്, എല്ലാ അധികാരവും. ആ മുകളിൽ നിന്നുള്ള അധികാരം കയ്യാളുന്നവരാണ് രാജാക്കന്മാരും ഫ്യൂഡൽ ജന്മിമാരും. ഇവർക്ക് ഒരു ദൈവിക പരിവേഷമുണ്ടായിരുന്നു. ഒരു ദൈവാധിപത്യ സമൂഹമെന്ന നിലയിലാണ് കാര്യങ്ങളെ വിലയിരുത്തി വിശകലനം ചെയ്തിരുന്നത്. ചരിത്രം മുന്നേറി. ആധുനിക വികാസങ്ങൾ കൈവന്നു. മനുഷ്യനു കൂടുതൽ സ്വാതന്ത്ര്യബോധവും സ്വത്വാവബോധവും കൈവന്നു. എല്ലാ മനുഷ്യർക്കും മൗലികമായി ചില അടിസ്ഥാന അവകാശങ്ങൾ ഉണ്ടെന്നും അവയെ എല്ലാവരും ജാതി-മത-വർണ-ലിംഗ-വംശ ഭേദമെന്യേ, വ്യത്യാസമില്ലാതെ ബഹുമാനിക്കണമെന്നുള്ള അവബോധ വളർച്ച അവനെ കൂടുതൽ സ്വതന്ത്രനാക്കി. ഓരോ വ്യക്തിയും വിലപ്പെട്ടതാണെന്നും അവരെല്ലാവരും തന്നെയാണ് ചരിത്രത്തെ മുന്നോട്ടു നയിക്കുന്നതെന്നുമുള്ള അവബോധം, ചരിത്രത്തിനപ്പുറമുള്ള ദൈവസങ്കല്പത്തിലും ദൈവാധിപത്യത്തിലും ആ ദൈവത്തിന്റെ പ്രതിപുരുഷരെന്നു അവരോധിക്കപ്പെട്ടിരുന്ന രാജാവിലും പ്രഭുക്കന്മാരിലുമുള്ള വിശ്വാസം ഇല്ലാതാക്കി. ജനത്തിൽ ഊന്നിയ ഒരു സംവിധാനക്രമം സാവകാശം രൂപപ്പെട്ടു. അതിന്റെ പേരാണ് ജനാധിപത്യവ്യവസ്ഥിതി. ഇതു ഒരു നിമിഷത്തിൽ ആകാശത്തിൽ നിന്നു പൊട്ടിവീണതല്ല; നീണ്ട പ്രക്രിയയിലൂടെ ഉരുവാകപ്പെട്ടതാണ്. നമ്മൾ ഇന്നു ജനാധിപത്യസംവിധാനത്തിൽ നിന്നു

കുറച്ചുകൂടി മനുഷ്യത്വപരവും പ്രകൃതിയുടെ തനതു വ്യവസ്ഥയിൽ അധിഷ്ഠിതവുമായ ഒന്നിലേയ്ക്കു യാത്ര തുടരുകയാണ്. ഇത്തരുണത്തിൽ ജനാധിപത്യത്തിൽ നിന്നു മെച്ചപ്പെട്ട ഒരു അവസ്ഥയിലേക്ക് അല്ലാതെ പുറകോട്ടു നോക്കുകയല്ല വേണ്ടത്. പക്ഷേ ഇന്നത്തെ പാഠപുസ്തകവിവാദത്തെ വിലയിരുത്തുമ്പോൾ, നമ്മുടെ ജാതി-മത സംഘടനകളും ഐക്യമുന്നണിയിലെ പ്രമുഖകക്ഷികളും ചരിത്രത്തെ പുറകോട്ടടിക്കുന്നതു പോലെ തോന്നുന്നു.

ഈ പാഠപുസ്തകത്തെ സഭാധികാരികൾ പഞ്ചസാരയിൽ പൊതിഞ്ഞ പാഷാണം എന്നും ഒരു ഗ്ലാസ് പാലിൽ ഒരുതുള്ളി വിഷം ചേർത്ത് കുഞ്ഞിനു കൊടുത്തിട്ടു ഞാൻ നൽകുന്നതു പാലാണ് എന്നു പറയുന്നതിനു തുല്യമാണെന്നും പറയുന്നു. ഈ പാഠപുസ്തകത്തിലൂടെ കൗശലത്തിലൂടെ കമ്യൂണിസം എന്ന വിഷം കുത്തിവയ്ക്കുകയാണ് എന്നു വിവക്ഷ. കേരളം ഒരു കാർഷിക ഭൂപ്രദേശമായിരിക്കെ കാർഷിക മാറ്റങ്ങളെപ്പറ്റി കുട്ടികൾ പഠിക്കണ്ടേ. കാർഷികമേഖലയിൽ നിർണായകമായ പങ്കുവഹിച്ചതു ചരിത്രപരമായിട്ടു കമ്യൂണിസ്റ്റു സർക്കാരാണ്. സത്യം അപ്രിയമാണെങ്കിലും, അതിനെ മറച്ചുവച്ചിട്ടുള്ള ചരിത്രം ചരിത്രമാവില്ലല്ലോ. അതുപോലെ കുടിയാന്മാർക്കു ഭൂമിയിന്മേലുള്ള അവകാശം നല്കിയതും ചരിത്രത്തിൽ കമ്യൂണിസ്റ്റ് മന്ത്രിസഭയാണ്. ഇങ്ങനെ യാഥാർഥ്യം പറയുമ്പോൾ അതിൽ കമ്യൂണിസം കുത്തിവച്ചു എന്നു പറയുന്നതു യാഥാർഥ്യത്തിന്റെ മുമ്പിൽ കണ്ണടച്ചു ഇരുട്ടാക്കുന്ന വിദ്യയല്ലേ? അപ്പോൾ ഈ പാഠപുസ്തകം പഞ്ചസാരയെ പഞ്ചസാരയായും പാഷാണത്തെ പാഷാണമായും പാലിനെ പാലായും വിഷത്തെ വിഷമായും കാണാൻ ശ്രമിക്കുകയാണ്. പക്ഷേ ഇങ്ങനെയൊരു സത്യം അതിന്റെ തനിമയിൽ കാണുമ്പോൾ ചിലർക്കു നീറ്റലും തലവേദനയുമുണ്ടായാൽ അതു സഹിക്കുകയേ അവർക്കു തരമുള്ളു.

ഇനി ഇതിൽ കമ്യൂണിസം പതിയിരിപ്പുണ്ടെന്നു വാദത്തിനു വേണ്ടി സമ്മതിക്കാം. യേശുവാണവല്ലോ ഉള്ളതെല്ലാം വിറ്റു ദരിദ്രർക്കു വീതിച്ചുകൊടുക്കാൻ പഠിപ്പിച്ചത്; അങ്ങനെ ചെയ്തിട്ടു തന്നെ അനുഗമിച്ചാൽ മതിയെന്നും അദ്ദേഹം പഠിപ്പിച്ചു (ലൂക്ക 18:22). ആദ്യത്തെ യേശുസഭ ഏതാണ്ടിതു പ്രാവർത്തികമാക്കി എന്നാണു അപ്പസ്തോല പ്രവർത്തനങ്ങൾ സാക്ഷ്യം വഹിക്കുന്നത്. പക്ഷേ നാലാം നൂറ്റാണ്ടിന്റെ ആരംഭത്തോടെത്തന്നെ സഭ സമ്പന്നരുടെ പക്ഷം ചേർന്നു. യേശുവിന്റെ പാത പിന്തുടർന്നുകൊണ്ട് ഉള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുത്തുകൊണ്ടുള്ള ദൈവരാജ്യസൃഷ്ടിക്കായി ഏതാണ്ട് 19 നൂറ്റാണ്ടുകൾ സഭയ്ക്കുണ്ടായിരുന്നു. സഭ യേശുപഠനത്തോടു വിശ്വസ്തത കാട്ടിയില്ലെന്നു മാത്രമല്ല യേശുപഠനത്തോടു വിരുദ്ധതയാണു കാട്ടിയത്. അപ്പോൾ ശക്തമായ പ്രവാചകസ്വരത്തോടെയാണ് മാർക്സ് കടന്നുവന്നത്, നിങ്ങൾ ഉള്ളതു വിറ്റു ദരിദ്രർക്കു കൊടുക്കുന്നില്ലെങ്കിൽ, ഞങ്ങൾ പിടിച്ചെടുത്ത് എല്ലാവർക്കും കൊടുക്കും എന്നു പറഞ്ഞുകൊണ്ട്. ഇക്കാര്യത്തിൽ

മാർക്സിനെ പഴിച്ചിട്ടു കാര്യമില്ല. യേശു പഠിപ്പിച്ചതു സഭ ചെയ്തിരുന്നെങ്കിൽ, കമ്യൂണിസമുണ്ടാകുമായിരുന്നില്ല. കാരണം, യേശുവാണു യഥാർത്ഥ കമ്യൂണിസം പഠിപ്പിച്ചത്. സഭ അതു നടപ്പിലാക്കിയില്ല. അതിന്റെ ഉത്തരവാദിത്തം സഭ ഏറ്റെടുക്കണം. ചരിത്രത്തിൽ സഭയുടെ ധർമം നിറവേറ്റാത്തതുകൊണ്ട്, അക്കാര്യം കമ്യൂണിസത്തിനു ചെയ്യേണ്ടിവരുന്നത്. അതിൽ ആധിപൂണ്ടിട്ടു കാര്യമില്ല.

ഇനി ഒരു വസ്തുത കൂടി മനസ്സിലാക്കേണ്ടതുണ്ട്. ഈ പാഠപുസ്തകം തയ്യാറാക്കിയത് 2005 ലെ ദേശീയപാഠ്യപദ്ധതി ചട്ടക്കൂടിന്റെ അടിസ്ഥാനത്തിലാണ്. അതു കമ്യൂണിസ്റ്റുകാർ തയ്യാറാക്കിയതല്ല. ദേശീയ ചട്ടക്കൂടിനെ അടിസ്ഥാനപ്പെടുത്തിയിട്ട് ഓരോ സംസ്ഥാനത്തിന്റെയും സവിശേഷതകൾ കൂട്ടിച്ചേർക്കുകയായിരുന്നു കേരള പാഠ്യപദ്ധതി ചട്ടക്കൂട് - 2007 ചെയ്തത്. ഇതിന്റെയെല്ലാം അടിസ്ഥാനം ഇന്ത്യൻ ഭരണഘടനയാണ്. ഇതുകൊണ്ടുതന്നെയാണ് മതനിരപേക്ഷതയിൽ ഊന്നിയ ഒരു വിദ്യാഭ്യാസ പ്രക്രിയയ്ക്കു രൂപംകൊടുക്കുന്നത്. എല്ലാ മതങ്ങളെയും വിശ്വാസങ്ങളെയും പ്രത്യയശാസ്ത്രങ്ങളെയും മാനിക്കുന്ന ഒരവസ്ഥയാണ് സൃഷ്ടിക്കപ്പെടേണ്ടത്. ഒപ്പം, ഒരു മതേതര രാഷ്ട്രമെന്ന നിലയ്ക്കു, മതവും ജാതിയും വേണ്ടെന്നു പറയുന്നവർക്കും സ്വസ്ഥമായി ജീവിക്കാനുള്ള അവകാശമുണ്ട്.

ദേശീയതലത്തിൽ NCERT തയ്യാറാക്കിയ 9 -ാം ക്ലാസിലെ പൊളിറ്റിക്കൽ സയൻസിന്റെ പാഠപുസ്തകത്തിൽ 'Secularism' എന്ന തലക്കെട്ടിൽ നെഹ്റുവിന്റെ നിരീശ്വരവാദത്തെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. നെഹ്റു ഒരു മതത്തിലും വിശ്വസിച്ചിരുന്നില്ല; ദൈവത്തിലും വിശ്വസിച്ചിരുന്നില്ല. പക്ഷേ അദ്ദേഹത്തിന്റെ മതേതരത്വം മതവിരോധമായിരുന്നില്ല, മതസൗഹാർദ്ദമായിരുന്നു. ഈ ഇംഗ്ലീഷ് പാഠപുസ്തകം ശിരസാ സ്വീകരിച്ചു താൽപര്യപൂർവ്വം പഠിപ്പിക്കുന്ന അച്ചന്മാർക്കും കന്യാസ്ത്രീകൾക്കും മലയാളപാഠപുസ്തകത്തിലെ മതമില്ലാത്ത ജീവനോട് എന്താണിത്ര വെറുപ്പും വൈരാഗ്യവും? അവിടെയാണ് ഉള്ളിൽ നിക്ഷിപ്തതാൽപര്യമുണ്ടെന്നു പറയാൻ നിഷ്പക്ഷമതികൾ നിർബന്ധിതരാകുന്നത്. പൊതുവിദ്യാഭ്യാസതാൽപര്യമോ നാടിന്റെ വളർച്ചയ്ക്കായുള്ള താല്പര്യങ്ങളോ അല്ല ഇതിന്റെ പിന്നിൽ എന്നു വ്യക്തം. പാഠപുസ്തക സംരക്ഷണസമിതി, വിദ്യാഭ്യാസസംരക്ഷണത്തിനു കുട്ടികളുടെ സദസ്, പി റ്റി എ കൂട്ടായ്മ തുടങ്ങിയവയിലൂടെ സഭാനേതൃത്വം പാഠപുസ്തകത്തിനെതിരെ നേരിടുന്നതിനുള്ള കാരണം ഭയമാണെന്നു ഞാൻ പറയും. എന്തിനോടുള്ള ഭയം? ഈ പൊതുവിദ്യാഭ്യാസത്തിന്റെ വളർച്ച സ്വാശ്രയസ്ഥാപനങ്ങൾക്ക് കടുത്ത ഭീഷണിയാണ്. ഓർക്കാനുള്ളത് - രാഷ്ട്രീയലാഭത്തിനു വേണ്ടി കുഞ്ഞുങ്ങളെ ആയുധമാക്കുന്ന പ്രവണത എല്ലാ രീതിയിലും കൊടും പാതകമാണ്. അതിലാണിന്നു സഭാനേതൃത്വം ഇടപെട്ടുകൊണ്ടിരിക്കുന്നത്.

# 3

## നമുക്കാദ്യം മനുഷ്യരാകാം, പിന്നെയാകട്ടെ മറ്റെല്ലാം

രണ്ടായിരത്തിയെട്ട് ജൂൺ 30 തിങ്കൾ. കേരള വിദ്യാഭ്യാസ സമിതി കൈനകരി പഞ്ചായത്ത് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കൈനകരി പഞ്ചായത്ത് കടവിനു സമീപം ഉച്ചയ്ക്ക് 3 മണിക്കു നടന്ന വിദ്യാഭ്യാസ സെമിനാറിന്റെ ഉദ്ഘാടകൻ എന്ന നിലയിൽ രണ്ടരയോടെ ഞാനവിടെ എത്തിയപ്പോൾ, കൈനകരി കടവിൽ നല്ലൊരു ജനക്കൂട്ടം. പലരും ഉറക്കെ സംസാരിക്കുന്നു. ഒരു വികാരവിക്ഷോഭത്തിന്റെ അന്തരീക്ഷം. അവരെ ശ്രദ്ധിച്ചുകൊണ്ടു ഞാനും അവരോടൊപ്പം എല്ലാം കേട്ടു നിന്നു. അൽപസമയം കഴിഞ്ഞു, ഒരാളെ വിളിച്ചു കാര്യം അന്വേഷിച്ചു. കാര്യമിതാണ്.

കൈനകരിയിൽ രണ്ടു സ്കൂളുകളുണ്ട്. രണ്ടും ചങ്ങനാശ്ശേരി അതിരൂപതയുടെ കീഴിലുള്ള ക്രിസ്ത്യൻ മാനേജ്മെന്റ് നടത്തുന്നതാണ്. അവിടത്തെ ജനസംഖ്യയിൽ 75-80 ശതമാനം ജനവും ഈഴവരും ദലിതരുമാണ്; ക്രിസ്ത്യാനികൾ ഏതാണ്ടു 20% വും. അന്നുച്ചയ്ക്കു രണ്ടു മണിക്കു മണിയടിച്ചു കുട്ടികളെ സ്കൂളിനകത്തു ആക്കിയിട്ട്, ഒരു സ്കൂളിൽ അക്രൈസ്തവരായ കുട്ടികളെ മുഴുവൻ വീട്ടിൽ പറഞ്ഞു വിട്ടിട്ട്, ക്രിസ്ത്യൻ കുട്ടികളോടു ഇപ്പോഴത്തെ ഗവണ്മെന്റ് കൊണ്ടുവന്നിരിക്കുന്ന വിദ്യാഭ്യാസനയവും പാഠപുസ്തകവും ദൈവനിഷേധവും നിരീശ്വരവാദവും പഠിപ്പിക്കുകയാണെന്നും മറ്റും പറഞ്ഞു മനസ്സിലാക്കി അവരെ, അധ്യാപകരുടെയും കന്യാസ്ത്രീകളുടെയും അച്ചന്മാരുടെയും നേതൃത്വത്തിൽ, ജാഥയ്ക്കു ഇറക്കിവിടുകയാണു ചെയ്ത്. മറ്റേ സ്കൂളിലെ പ്രവൃത്തി അല്പം കൂടി കട്ടി കൂടിയതായിരുന്നു. അവിടെയും ഹാജരെടുത്തിട്ട്, ക്രിസ്ത്യൻ കുട്ടികളെ ജാഥയ്ക്കു ഇറക്കി. ബാക്കി അക്രൈസ്തവരായ കുട്ടികളെ ക്ലാസുകളിൽ തന്നെയിരുത്തി വെള്ളക്കടലാസിൽ

പേരെഴുതിപ്പിച്ചു ഒപ്പിടിപ്പിച്ചു. എന്തിനാണ് വെള്ളപ്പേപ്പറിൽ ഒപ്പിടീപ്പിച്ച തെന്ന ചോദ്യത്തിനു അധ്യാപകന്റെ ഭീഷണിയും വെരട്ടലും ആയിരുന്നു. കുട്ടികൾ ഒപ്പിട്ടു. അല്ലെങ്കിൽ പിറ്റേന്നു മറ്റു കാര്യം പറഞ്ഞു അടി കിട്ടും. ഈ നടപടിക്കെതിരെ ബന്ധപ്പെട്ടവർ സർക്കാരിനെ അറിയിക്കുന്ന നടപടി എടുക്കാൻ പോയിരിക്കയാണ്. ജനം അവിടെ അവരുടെ വികാരം പ്രകടമാക്കുകയാണ്. അവരുടെ ഭാഷയുടെ ചുരുക്കം. 'അവർക്കെങ്ങനെ സ്കൂൾ പിരിച്ചുവിടാൻ പറ്റും? പി റ്റി എ യുമായി ആലോചിക്കേണ്ടേ? ഞാൻ പി റ്റി എ പ്രസിഡന്റാണ്. എന്റെ കുട്ടി ജാഥയിൽ പോകണോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടത് ഞാനാണ്. എന്റെ കുട്ടിയെ അച്ചന്മാർക്കും കന്യാസ്ത്രീകൾക്കും തീറെഴുതി കൊടുത്തിട്ടില്ല. അവർ കാണിച്ചതു ശുദ്ധ അഹന്തയാണ്. എന്റെ കുട്ടിയെ ഭീഷണിപ്പെടുത്തി വെള്ളപ്പേപ്പറിൽ ഒപ്പിടീച്ചതു എനിക്കു സഹിക്കുന്നില്ല. പ്രായമാകാത്ത കുഞ്ഞുങ്ങളിൽ വർഗീയതയുടെയും മതതീവ്രവാദത്തിന്റെയും വിഷം കുത്തിവയ്ക്കുന്ന ഇവരെ ഊളമ്പാറയിൽ കൊണ്ടുപോയി പൂട്ടിയിട്ടു മരുന്നു കൊടുക്കണം.' ഞങ്ങൾ പകലന്തിയോളം വെയിലത്തും മഴയത്തും പണിചെയ്തതിൽ നിന്നു സർക്കാരിനു കൊടുത്ത നികുതിപ്പണത്തിൽ നിന്നു ശമ്പളം വാങ്ങുന്ന അധ്യാപകരാണ് നല്ലൊരു പാഠത്തിൽ കരിവാരിത്തേച്ചു കുട്ടികളിൽ വിഷം കുത്തിവയ്ക്കുന്നത്. ഇവർ അധ്യാപകരായിരിക്കാൻ യോഗ്യരല്ല. ഗവണ്മെന്റിന്റേന്നു ശമ്പളവും മറ്റാനുകൂല്യങ്ങളും വാങ്ങി അനാവശ്യമായി ഗവണ്മെന്റിനെതിരെ പടവാൾ ഉയർത്തുന്ന ഇവർ ഒറ്റുകാരാണ്. സഭാനേതാക്കളുടെ കാലുനക്കികൾ! ഇങ്ങനെ പോയി സംസാരം. ഇതിനിടയിൽ എല്ലാവരുടെയും സ്വരത്തെ വെല്ലിക്കൊണ്ട് ഉറക്കെ ഒരു പ്രവാചകന്റെ സ്വരത്തിൽ (അദ്ദേഹം സംസാരിച്ചപ്പോൾ പ്രവാചകനായ സ്നാപകയോഹന്നാനാണ് എന്റെ മനസ്സിൽ തെളിഞ്ഞുവന്നത്) ഇങ്ങനെ വിളിച്ചുപറഞ്ഞു: "ഇന്നു യേശു വരുകയാണെങ്കിൽ ചങ്ങനാശ്ശേരി പൗവ്വത്തിൽ ആർച്ച്ബിഷപ്പിനെയായിരിക്കും ആദ്യം വെടിവെയ്ക്കുക. പിന്നേ അദ്ദേഹം റോമിലേയ്ക്കു പോവുകയുള്ളു!" ചുരുക്കത്തിൽ ബഹു. വികാരിയച്ചനും ബഹു. സിസ്റ്റേഴ്സും അധ്യാപകരും കാണിച്ച കൊള്ളരുതായ്മയോടുള്ള ജനത്തിന്റെ പ്രതികരണം തീവ്രമായിരുന്നു.

മീറ്റിംഗിനു മുമ്പു നടന്ന ഈ സംസാരം നമ്മൾ കൈകാര്യം ചെയ്യുന്ന പ്രശ്നത്തിന്റെ രൂക്ഷത വ്യക്തമാക്കുന്നതായിരുന്നു. ഇന്നു ഈ പുസ്തകം കേരളത്തിലെല്ലാവരും തന്നെ വായിച്ച മട്ടാണ്. മുക്കിലും മൂലയിലും എവിടെയും ചർച്ച ഈ വിഷയത്തെ സംബന്ധിച്ചാണ്. ഒരു ഫോട്ടോസ്റ്റാറ്റുകടയിൽ ചെന്നു 'മതമില്ലാത്ത ജീവൻ' എന്ന പാഠത്തിന്റെ ഒരു കോപ്പി വേണമെന്നു പറഞ്ഞപ്പോൾ, ഇന്നുതന്നെ ഇതിന്റെ ധാരാളം കോപ്പി എടുത്തുകഴിഞ്ഞു എന്നു പറഞ്ഞു. ഞാൻ ചോദിച്ചു 'നിങ്ങളത് വായിച്ചോ?' 'നല്ല ജോലിത്തിരക്കിനിടയിലും വായിച്ചു.' 'എന്നിട്ടു മതനിരാസം വല്ലതും ഉണ്ടോ?' 'ഇല്ല. നല്ല പുസ്തകം. എല്ലാവരും വായിക്കണം.' ഇതായിരുന്നു അദ്ദേഹത്തിന്റെ മറുപടി. അദ്ദേഹം ജോലി തുടർന്നു. ഇതു ഒരു ഫോട്ടോ

സ്റ്റാറ്റുകാരന്റെ വികാരമല്ല. ഇതാണു കേരളത്തിലെ സാധാരണജനത്തിന്റെ ഹൃദയവികാരം. എനിക്കു ധാരാളം അനുഭവങ്ങളുണ്ട് ഈദിശയിൽ.

ചുരുക്കത്തിൽ, ഈ പുസ്തകം ചരിത്രത്തിൽ ചെയ്യേണ്ട ധർമം ചെയ്തുകഴിഞ്ഞു. അതിന്റെ ലക്ഷ്യം സഫലമായിക്കഴിഞ്ഞു. അതിനു യു ഡി എഫ് കാരെയും ബിഷപ്പുമാരെയും ജാതിസംഘടനാ നേതാക്കളെയും നമുക്കു നന്ദിയോടെ ഓർക്കാം. അവരുടെ ഇടപെടൽ കാരണം അക്ഷരവിരോധികൾ പോലും ഈ പുസ്തകം വായിച്ചുകഴിഞ്ഞു.

ഈ പാഠപുസ്തകത്തിന്റെ അടിസ്ഥാന ദർശനം, ചരിത്രത്തെ വിശകലനം ചെയ്യുന്നതു സാമൂഹ്യയാഥാർഥ്യങ്ങളെയും പരിസരത്തെയും വിശകലനം ചെയ്യുന്നതിലൂടെയാണ്. വിദ്യാഭ്യാസത്തിനു നാലു തൂണുകൾ ഉണ്ടെന്നാണല്ലോ പൊതുധാരണ. അറിവ് സമ്പാദിക്കാനുള്ള കഴിവ്, അറിവ് ഉപയോഗിക്കാനുള്ള കഴിവ്, സമൂഹത്തിൽ ഒത്തൊരുമിച്ചു ജീവിക്കാനുള്ള കഴിവ്, മനുഷ്യൻ മനുഷ്യനായിത്തീരുന്ന കഴിവ് എന്നിവയാണവ. മനുഷ്യൻ ഒത്തൊരുമിച്ചു ജീവിക്കാനും മനുഷ്യരായിത്തീരുവാനുമുള്ള പ്രക്രിയയിൽ ഇന്ന് ഏറ്റവും വിഘാതമായി നില്ക്കുന്നതു മതമാണെന്നു ചരിത്രം സാക്ഷിക്കുന്നു. ഇങ്ങനെ സാമൂഹ്യപരിസരത്തെ വിശകലനം ചെയ്തു വളരാൻ പ്രാപ്തരാക്കുന്നതാണ് വിദ്യാഭ്യാസം. അതിനു ഈ പുസ്തകം അനുഗുണമായ ധർമ്മം വഹിക്കുന്നു. അതുപോലെ ഇന്ത്യൻ സ്വാതന്ത്ര്യചരിത്രത്തിനു ഒരു സമഗ്രത നല്കാൻ ഈ പുസ്തകം ശ്രമിക്കുന്നതായി കാണുന്നു. നമ്മുടെ ഇന്നത്തെ പേരുകൾ പോലും മത-വർഗ്ഗീയ ചൊവ ഉദ്ദീപിക്കുന്നതാണ്. അതുകൊണ്ട് 'ജീവൻ' എന്ന പേരു കുട്ടിക്കു കൊടുത്തതിൽ തന്നെ മതനിരപേക്ഷതയുടെ മാനമുണ്ട്. ആ രീതിയിൽ ഈ പുസ്തകത്തിന്റെ സമീപനത്തിൽ മതത്തെയോ ദൈവത്തെയോ നിഷേധിക്കുന്ന ഒന്നുമില്ല; മതനിരപേക്ഷക കാഴ്ചപ്പാട് വളർത്താൻ സഹായിക്കും. അതു ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനദർശനത്തിനു അനുയോജ്യമായിട്ടാണ് എന്ന വലിയ മൂല്യം ഈ പുസ്തകത്തിനുണ്ട്.

യോഗം പൊതുവേ നല്ലൊരനുഭവമായിരുന്നു. സംസാരിച്ചവരും ചർച്ചയിൽ പങ്കെടുത്തവരുമൊക്കെ വ്യക്തമാക്കിയ ഒരു കാര്യം - നമ്മൾ മനുഷ്യരാണ്, മനുഷ്യരായി വളരാനുള്ള സാഹചര്യമാണ് ഇവിടെ ഉണ്ടാകേണ്ടത്. അതിനു ഈ പുസ്തകം സഹായകമാകും.

# 4

# പാഠവിവാദത്തിന്റെ ചിതറിയ ഉൾക്കാഴ്ചകൾ

രണ്ടായിരത്തിയെട്ട് ജൂൺ 29 ഞായർ 03 മണി. എറണാകുളം മാതാ ടൂറിസ്റ്റ് ഹോമിൽ വച്ച് രാഷ്ട്രീയ-മത-സാമൂഹിക നേതാക്കൾ പങ്കെടുത്തുകൊണ്ടുള്ള 'പാഠപുസ്തകസംവാദം – സത്യവും മിഥ്യയും' എന്ന വിഷയത്തെ ആസ്പദിച്ചു തുറന്ന സംവാദം നടന്നു. ഏതാണ്ട് 100 പേർ പങ്കെടുത്തു. അവർക്കെല്ലാം തന്നെ സംസാരിക്കാനുമുണ്ട്. മോഡറേറ്റർ നന്നേ ബുദ്ധിമുട്ടേണ്ടിവന്നു, സംവാദത്തിൽ പങ്കെടുക്കുന്നവരെ ഒന്നു ചിട്ടയായിട്ടു പ്രതികരിപ്പിക്കാൻ. പ്രതികരിക്കാനുള്ള ആളുകളുടെ ബാഹുല്യം, സമയക്കുറവ് ഒക്കെ പരിഗണിച്ച്, രാത്രി 7.30 നാണ് സംവാദം അവസാനിച്ചത്. എല്ലാവരും യോഗം അവസാനിക്കുന്നതുവരെ പങ്കെടുത്തു എന്നതു ഒരു അപൂർവ അനുഭവമായി നിലകൊള്ളുന്നു.

ശ്രദ്ധേയമായ ചില ചിതറിയ ഉൾക്കാഴ്ചകൾ ഇവിടെ കുറിക്കട്ടെ.

1. ഭാരതം ഒരു കർഷകരാഷ്ട്രമാണ്; കേരളവും. അപ്പോൾ കേരളത്തിന്റെ സാമൂഹ്യശാസ്ത്രം പഠിക്കുമ്പോൾ കാർഷികമേഖലയെപ്പറ്റി നിശ്ചയമായും പഠിക്കണം. അവിടെ ജാതിയുടെ സ്വാധീനം, പണിയാളർ അനുഭവിച്ച വേദന, അവർ ജീവിച്ച സാഹചര്യങ്ങൾ ഒക്കെ ചർച്ചാവിഷയമാകണം. തൊഴിലാളിയെ എങ്ങനെ കണ്ടിരുന്നു, എങ്ങനെ കാണണം എന്നതും പഠനവിഷയമാകണം.
2. ഭാഷാശൈലി സംസ്കാരത്തിന്റെ പ്രതിഫലനമാണ്. ഭാഷയിൽ സവർണവൽക്കരണം പാടില്ല. എ കെ ജി തൊഴിലാളരെപ്പറ്റി പറയുന്നിടത്തു ബഹുമാനപൂർവം 'അവർ' എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. പക്ഷേ പാഠപുസ്തകം തയ്യാറാക്കിയവർ അവരെപ്പറ്റി പറയുന്നത് 'അവൻ,' 'അവനു,' 'അവന്റെ' എന്നൊക്കെയാണ്. ഇതു പാഠം തയ്യാറാക്കിയവർ ഏതു വർഗത്തെ പ്രതിനിധീകരിക്കുന്നു

എന്നു വ്യക്തമാക്കുന്നു. ഇംഗ്ലീഷിൽ 'He' എന്നു ആരെയും പറയാം. മലയാളത്തിൽ ഇതിനു പല പദങ്ങളുണ്ടല്ലോ.

3. പണ്ടു പഠിച്ചതു പരീക്ഷയ്ക്കു വേണ്ടി മാത്രം. ഈ പാഠപുസ്തകം ക്രമീകരിച്ചിരിക്കുന്നത് പഠനം ജീവിതത്തിനു വേണ്ടി എന്ന ലക്ഷ്യത്തോടെയാണ്.

4. അനാവശ്യമായ വിവാദങ്ങൾ സൃഷ്ടിക്കുകയാണ്. ബിഷപ്പുമാർക്കോ മത-ജാതി-സമുദായ നേതാക്കൾക്കോ യുക്തിയുക്തമായി ഒന്നും പറയാനില്ല. അവരുടെ വാദമുഖം ശുഷ്കം എന്നു അവർക്കുതന്നെ അറിയാം. എങ്കിലും സമരമുഖത്തുതന്നെ. അപ്പോൾ സ്വാർഥതാൽപര്യവും രഹസ്യ അജണ്ടയുമുണ്ട് ഇതിന്റെ പിന്നിൽ. ഈ സമരസംഘട്ടനത്തിലൂടെ 3-4 പേർ മരിക്കണം-രക്തസാക്ഷികൾ ഉണ്ടാകണം. 1959 ആവർത്തിക്കണം. ഈ ഭരണം ഇല്ലാതാക്കണം. ഇതു ആർക്കാണു മനസിലാവാത്തത്?

5. കേരളത്തിലെ മുഖ്യധാരാ മത-സമുദായങ്ങളെ സ്പർശിക്കാതെ ശ്രീ. പൊയ്കയിൽ അപ്പച്ചന്റെ 'പ്രത്യക്ഷരക്ഷാ സഭ'യെപ്പറ്റിയാണ് പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. അവരോ ക്രിസ്ത്യൻ മതത്തിനുള്ളിലെ ജാതിവിവേചനത്തോടു പോരാടിയ ദലിതരാണ്. ഇവരെ ചരിത്രത്തിൽ കയറ്റുക മുഖ്യധാരാ മതങ്ങൾക്കു ഇഷ്ടപ്പെടുമോ? ഇല്ല. പക്ഷേ ഇതു നേരെ പറഞ്ഞു സമരം ചെയ്യാൻ പറ്റുമോ? ഒരിക്കലും ഇല്ല. അപ്പോൾ നിരുപദ്രവം എന്നു തോന്നിക്കുന്ന നിരീശ്വരത്വവും മതനിരാസവും ആയിക്കോട്ടെ മുദ്രാവാക്യം. യഥാർഥ പ്രശ്നം മറച്ചുവച്ചിട്ടു മറ്റു ആരോപണങ്ങൾ ഉന്നയിക്കുന്ന തന്ത്രമാണ് ബിഷപ്പുമാരും എൻ എസ് എസും മുസ്ലീം സംഘടനകളും കൈക്കൊണ്ടിരിക്കുന്നത്.

6. പുതിയ പാഠപുസ്തകം പുതിയ ദർശനം ഉൾക്കൊള്ളുന്നു. പുതിയ പദങ്ങൾ ഉപയോഗിച്ചുകൊണ്ടും. ഉദാ: ഇടപെടൽ. 20 വർഷങ്ങൾക്കു മുമ്പ് ഈ പദപ്രയോഗമില്ല.

7. ചങ്ങനാശ്ശേരി ബിഷപ്പ് മാർ പൗവ്വത്തിൽ ആത്മീയപിതാവല്ല, രാഷ്ട്രീയനേതാവാണ്; വ്യക്തമായ സ്ഥാപിത താൽപര്യമുള്ള രാഷ്ട്രീയ നേതാവ്.

8. യേശുപഠനത്തിന്റെ ഉൾക്കാമ്പ് 'അന്നന്നത്തെ അപ്പ'ത്തിൽ മാത്രമാണ്. എന്നത്തേക്കും ആഹാരം പൂഴ്ത്തിവയ്ക്കുന്ന, സമ്പത്തു കുന്നുകൂട്ടുന്ന, എല്ലാവരുടെയും ആഹാരം സ്വന്തമാക്കുന്ന സഭയുടെ ഇന്നത്തെ രീതി യേശുവിന്റേതല്ല, ക്രിസ്തീയമല്ല. ക്രിസ്തുദർശനവുമായി ബന്ധമേയില്ല. അവിടെയാണ് സ്വാശ്രയകോളേജുകളും മറ്റു സ്വാശ്രയസ്ഥാപനങ്ങളും യേശുവിരുദ്ധമാകുന്നത്. സത്യത്തിൽ ഇവിടെ വേണ്ടത് നെപ്പോളിയൻ ഫ്രാൻസിൽ ചെയ്തതു പോലെ, വിദ്യാഭ്യാസത്തെ ദേശവൽക്കരിക്കുകയാണ്.

9. ധ്യാനകേന്ദ്രം ഇന്നിന്റെ ഏറ്റവും വലിയ ശാപമാണ്. മനുഷ്യനെ നിത്യ അടിമയാക്കുന്ന, ബുദ്ധിനശിപ്പിക്കുന്ന ഒരു വൈറസാണിന്നു ധ്യാന

കേന്ദ്രം. വൈറസ് കയറുമ്പോൾ കമ്പ്യൂട്ടറിനു സംഭവിക്കുന്നതുപോലെ, സുബുദ്ധി നഷ്ടപ്പെടുന്ന ഒരുകൂട്ടം ജനങ്ങളെയാണ് ധ്യാനകേന്ദ്രങ്ങൾ പടച്ചുവിടുന്നത്.

10. ഈ വിവാദം സത്യത്തിൽ ന്യൂനപക്ഷവിരുദ്ധമാണ്. ഇന്ത്യയിലെ വെറും 2.5% ക്രിസ്ത്യാനികളും 14.5% മുസ്ലീങ്ങളും; കേരളത്തിൽ 19% ക്രിസ്ത്യാനികളും 24% മുസ്ലീങ്ങളുമാണുള്ളത്. അപ്പോൾ മതനിരപേക്ഷത സംരക്ഷിക്കപ്പെടേണ്ടതു ക്രിസ്ത്യാനി-മുസ്ലീങ്ങളുടെ ആവശ്യമാണ്. അതുപോലും മനസിലാകാത്ത രീതിയിൽ ഈ മതനേതാക്കൾ സമരത്തിനിറങ്ങുന്നതു അവരുടെതന്നെ സമുദായതാൽപര്യങ്ങൾക്ക് എതിരാണ്.

11. ആകെ കേരളത്തിൽ പറയാവുന്നത് ക്രിസ്ത്യാനികൾ 19% മേയുള്ളുവെങ്കിലും ബഹുഭൂരിപക്ഷം വരുന്ന സ്കൂളുകളും കോളേജുകളും ക്രിസ്ത്യാനികളുടെ മാനേജ്മെന്റിൻ കീഴിലാണ്. അതുകൊണ്ടു ധിക്കാരം കാട്ടാമോ? ഭരണഘടനയ്ക്കും സർക്കാർ നിയമങ്ങൾക്കും എതിരായി പ്രവർത്തിക്കാമോ? ജസ്റ്റിസ് കൃഷ്ണയ്യർ പറഞ്ഞതു പോലെ, ഈ സമരം രാജ്യദ്രോഹമാണ്. മാത്രമല്ല, ഇന്ത്യയിലെ ഹിന്ദുസഹോദരരുടെ ഹൃദയവിശാലതയും സഹിഷ്ണുതയും എത്ര വലുതാണ് എന്നു ക്രൈസ്തവസഭ മനസിലാക്കേണ്ടതുണ്ട്. അതേ, നമ്മുടെ ബിഷപ്പുമാർ സത്യം കാണുന്നില്ല; കുളത്തിലെ തവളയെപ്പോലെ ഇടുങ്ങിയ ചിന്താഗതിക്കാരായി തരംതാണിരിക്കുന്നു.

# 5

# വിദ്യാർഥികേന്ദ്രീകൃത പാഠപുസ്തകം

ഏഴാംക്ലാസിലെ അഖിൽ എന്ന വിദ്യാർഥി വിവാദപാഠഭാഗത്തിന്റെ കാതൽ എന്നു പറയുന്ന 'മതമില്ലാത്ത ജീവൻ' എന്ന അധ്യായം വായിച്ചുകൊണ്ടാണ് കളമശ്ശേരി സമ്മേളനം ആരംഭിച്ചത്. മത-രാഷ്ട്രീയ നേതാക്കൾ, സാംസ്കാരിക നായകർ, സമുദായസംഘടനാഭാരവാഹികൾ ഒക്കെ നേതൃത്വം വഹിച്ച സമ്പന്നമായൊരു യോഗം. വിവാദ ഭാഗം ഒന്നുരണ്ടു പ്രാവശ്യം നിറുത്തിവായിച്ചിട്ട് എവിടെ മതനിഷേധം, ദൈവനിന്ദ എന്നു ചോദിച്ചപ്പോഴേക്കും സദസ്യരിൽ നിന്നു തന്നെ പലരും വിളിച്ചുപറഞ്ഞു – 'അതിൽ അങ്ങനെയൊന്നുമില്ല' എന്ന്. അത്രയുമായപ്പോഴേക്കും ജനക്കൂട്ടം സമ്മേളനവേദി കവിഞ്ഞു, കടത്തിണ്ണകളിലും ഓട്ടോറിക്ഷാ സ്റ്റാന്റിലുമൊക്കെ ആളുകൾ കാതോർത്തു നിൽക്കുന്നത് ആവേശജനകമായിരുന്നു. എന്റെ സംസാരം മുഴുവൻ പുസ്തകത്തിലെ വിവിധ ഭാഗങ്ങൾ വായിച്ചുകൊണ്ടായിരുന്നു. അവിടെയെങ്ങും മതനിരാസമോ നിരീശ്വരത്വമോ ദൈവനിന്ദയോ കണ്ടില്ല; ഒപ്പം കമ്യൂണിസ്റ്റാശയങ്ങൾ കുത്തിനിറച്ചതായോ കണ്ടില്ല. ഇന്ത്യൻ സ്വാതന്ത്ര്യ ചരിത്രത്തിൽ, പ്രത്യേകിച്ചു കേരളചരിത്രത്തിൽ കമ്യൂണിസ്റ്റുകാർ വഹിച്ചിട്ടുള്ള പങ്കു നിർണായകമാണല്ലോ. അപ്പോൾ സത്യസന്ധമായ സാമൂഹ്യശാസ്ത്ര പാഠമാണെങ്കിൽ, അവരുടെ സംഭാവനയെപ്പറ്റിയും പഠിക്കേണ്ടേ. പക്ഷേ പാഠപുസ്തകം എഴുതിയവർ തീർത്തും സംയമനം കാണിച്ചിട്ടുമുണ്ട്. കൂടാതെ സമീപനത്തിൽ സമഗ്രതപാലിക്കാൻ ശ്രമിക്കുന്നതായി കാണുന്നുമുണ്ട്. കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങളെപ്പറ്റി പരാമർശിക്കുന്നിടത്ത്, ചാന്നാർലഹള, വൈക്കം സത്യഗ്രഹം, ഗുരുവായൂർ സത്യഗ്രഹം, പ്രത്യക്ഷരക്ഷാദൈവസഭ, മുസ്ലിം ഐക്യസംഘം തുടങ്ങിയവരുടെ പങ്കിനെപ്പറ്റി പരാമർശിക്കുന്നു. എന്തുകൊണ്ട് അയ്യങ്കാളിയുടെ

'വില്ലുവണ്ടി സമരം' വന്നില്ല എന്നതു പുസ്തകത്തിന്റെ ദലിത് പരിപ്രേക്ഷ്യത്തിലുള്ള കുറവ് എന്നുതന്നെ പറയണം. ഇങ്ങനെ ചില കുറവുകൾ എടുത്തുകാട്ടാമെങ്കിലും എല്ലാംകൊണ്ടും നോക്കുമ്പോൾ, പുസ്തകം വിദ്യാർഥി കേന്ദ്രീകൃത അന്വേഷണ വിദ്യാഭ്യാസത്തിനു ഏറ്റവും നല്ല രീതിയിൽ ഒരുക്കപ്പെട്ടതാണെന്നു വ്യക്തമാക്കപ്പെട്ടു. ജനങ്ങളുടെ തുടർച്ചയായുള്ള സത്യം ഗ്രഹിക്കുന്ന ചലനങ്ങളും മറ്റു പ്രതികരണങ്ങളും സർക്കാരിന്റെ യത്നം ജനത്തിൽ എത്തി എന്നതിന്റെ തെളിവാണ്.

# 6

# നൂതനാധിനിവേശ പാഠങ്ങൾ സഭയിലൂടെ

**കേ**രള യുക്തിവാദിസംഘം അമ്പലപ്പുഴ താലൂക്ക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 'മതമില്ലാത്ത ജീവനെ' ആധാരമാക്കി സായാഹ്ന ധർണ്ണയും പൊതുസമ്മേളനവും ആലപ്പുഴ മുനിസിപ്പൽ മൈതാനത്തിനു സമീപം സംഘടിപ്പിച്ചു. ജനങ്ങളുടെ ശ്രദ്ധയോടുള്ള പങ്കുചേരലും യോഗത്തിലെ കുട്ടികളുടെ സാന്നിധ്യവും യോഗത്തിന്റെ ഗുണകരവശം എടുത്തുകാട്ടുന്നു.

ഇന്നുവരെ കേരളത്തിലെ ന്യൂനപക്ഷങ്ങൾ എന്നു സ്വയം വിശേഷിപ്പിക്കപ്പെടുന്ന കേരള കോൺഗ്രസ്-മുസ്ലീംലീഗ് മന്ത്രിമാരായിരുന്നു വിദ്യാഭ്യാസവകുപ്പ് കൈകാര്യം ചെയ്തിരുന്നത്. അവരുടെ താൽപര്യങ്ങൾക്കു അനുഗുണമായി വിദ്യാഭ്യാസമേഖലയെ വളച്ചൊടിച്ച് ആനുകൂല്യങ്ങൾ സമൃദ്ധിയിൽ കയ്യാളാമായിരുന്നു. ഇന്നിതാ ഒരു ദേശീയപാർട്ടിയുടെ (സി പി ഐ എം) പ്രതിനിധിയാണ് കേരളത്തിലെ വിദ്യാഭ്യാസമന്ത്രി. അദ്ദേഹം കൊണ്ടുവരുന്ന നയങ്ങളും മാറ്റങ്ങളും ദേശീയ വിദ്യാഭ്യാസനയത്തോടു ചേർന്നതും പൊതുവിദ്യാഭ്യാസത്തിനു അനുയോജ്യവുമാണ്. ഇവ വർഗീയ-ഫാസിസ്റ്റ്-ജാതി-മതക്കോമരങ്ങളുടെ താൽപര്യങ്ങൾക്കു പ്രതികൂലമായി വരുക സ്വാഭാവികം. അപ്പോൾ അവരുടെ ഭാഗത്തുനിന്നുള്ള എതിർപ്പും സ്വാഭാവികം. ഉദാഹരണത്തിന്, വിരുദ്ധതാൽപര്യക്കാരായ എൻ എസ് എസ്സും ക്രൈസ്തവസഭയും, അതിൽ പ്രത്യേകിച്ചും ലത്തീൻ കത്തോലിക്കാ രൂപതയായ കൊല്ലം രൂപതയുടെ മേലധ്യക്ഷനായ ബിഷപ്പ് സ്റ്റാൻലി റോമനും കൈകോർത്തുകൊണ്ട്, എല്ലാംകൊണ്ടും സുതാര്യവും നീതിയുക്തവുമായ ഏകജാലക സമ്പ്രദായത്തെ എതിർത്തു. ഈ സംവിധാനം മാനേജ്മെന്റ് കമ്യൂണിറ്റി സീറ്റുകളെ ഒരു രീതിയിലും സ്പർശിക്കുന്നതേയില്ല; സർക്കാർ മേഖലയിലെ എല്ലാ സീറ്റു

കളെയും എയിഡഡ് മേഖലയിലെ ഇവരുടെ സീറ്റുകൾ ഒഴിച്ചുള്ള മുഴുവൻ സീറ്റുകളെയുമാണ് ഏകജാലകസമ്പ്രദായത്തിൻ കീഴിൽ കൊണ്ടുവന്നത്. ഇവർക്ക് എതിർക്കേണ്ട യാതൊരു കാരണവുമില്ല. പിന്നെ എന്തുകൊണ്ട് എതിർത്തു? നൂറു ശതമാനവും സ്വതന്ത്രമായി കൈകാര്യം ചെയ്തു പൈസ കുന്നുകൂട്ടിയിരുന്നിടത്തു മാനേജ്മെന്റ് സ്കൂളിൽ 50% വും ന്യൂനപക്ഷ കമ്യൂണിറ്റി സ്കൂളിൽ 40% വും ഏകജാലകസംവിധാനത്തിൻ കീഴിൽ സുതാര്യമായി മെറിറ്റിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നൽകപ്പെട്ടു. എന്നുവച്ചാൽ, അവർക്കു കിട്ടിയിരുന്ന പണത്തിൽ കുറവു വന്നു എന്ന ഒറ്റക്കാര്യമേയുള്ളു.

അതുപോലെ ന്യൂനപക്ഷ സമുദായ പ്രീണനനയത്തിനപ്പുറം കേരള വിദ്യാഭ്യാസവകുപ്പു ഇപ്പോൾ ഒരു പൊതുവിദ്യാഭ്യാസ നയത്തിനു കൂടുതൽ ഊന്നൽ നൽകുന്നു. യു ഡി എഫ് ഗവണ്മെന്റ് നൂറുകണക്കിനു സർക്കാർ സ്കൂളുകൾ, ലാഭകരമല്ല എന്ന കാരണത്താൽ അടച്ചുപൂട്ടാനും സ്വകാര്യമേഖലയിൽ സ്കൂളുകളെ ഉദാരമായി അനുവദിക്കാനുമുള്ള നയം രൂപീകരിച്ചു നടപ്പാക്കിയപ്പോൾ, സർക്കാർ സ്കൂളുകൾ അടച്ചുപൂട്ടേണ്ടതല്ല, പ്രത്യേക പരിഗണന നൽകി സംരക്ഷിച്ചു വളർത്തേണ്ടതാണെന്ന നയവുമായാണ് എൽ ഡി എഫ് സർക്കാർ മുന്നോട്ടു വന്നത്. അങ്ങനെ പൊതുവിദ്യാഭ്യാസത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചതിന്റെ ഫലമായി ഗുണമേന്മയും വിജയശതമാനവും ഗണ്യമാംവിധം വർധിച്ചു. എന്നു മാത്രമല്ല, സ്വകാര്യ സ്കൂളുകളിൽ നിന്നു ടി സി വാങ്ങി സർക്കാർ സ്കൂളുകളിലേയ്ക്കു വിദ്യാർഥികളെ ചേർക്കുന്ന ഒരു പ്രതിഭാസം വിദ്യാഭ്യാസമേഖലയിൽ കണ്ടുതുടങ്ങി. ഈ പ്രവണതയെ എങ്ങനെ മാനേജ്മെന്റിനു സഹിക്കും! കൂടാതെ, സർക്കാർ സ്കൂളുകളെ എല്ലാ രീതിയിലും പ്രോത്സാഹിപ്പിക്കുമ്പോൾ, മാനേജ്മെന്റ് സ്കൂളുകളിൽ ഭരണഘടനാപരമായിട്ടു സർക്കാരിനു ഏർപ്പെടുത്താവുന്ന ഇടപെടലുകൾ വഴി കൂടുതൽ സുതാര്യവും നീതിയുക്തവുമാക്കുന്ന നടപടി സ്വീകരിക്കുന്നു. ഇപ്പോഴിതാ അൺഎയിഡഡ് സ്കൂളുകൾക്കു പോലും പൊതുമാനദണ്ഡങ്ങൾ വേണമെന്നും അതിനു കേന്ദ്രസർക്കാർ മുൻകൈ എടുക്കണമെന്നു കേരളവിദ്യാഭ്യാസമന്ത്രി ശ്രീ. എം എ ബേബി ആവശ്യപ്പെട്ടിരിക്കുന്നു. ഈ സമീപനം വീണ്ടും മത-സമുദായ അധികാരികളുടെ ധനാർത്തിയെ നിയന്ത്രിക്കും; കുറച്ചെങ്കിലും സാമൂഹ്യനീതിക്കു അനുഗുണമായ തീരുമാനമാകും. പൊതുവിദ്യാഭ്യാസത്തിന് ആക്കം കൂട്ടും. അത് ഒരു കാരണവശാലും മാനേജ്മെന്റിനു ഇഷ്ടപ്പെടില്ല. ഈ നിലപാട് ഇങ്ങനെ തുറന്നുപറഞ്ഞാൽ സാമാന്യജനം അവരുടെ ആത്മാർഥതയെ ചോദ്യം ചെയ്ത് എതിർക്കും. അതു വരാതിരിക്കാൻ ഇത്തരം അടിസ്ഥാന രാഷ്ട്രീയകാരണങ്ങളെ മറച്ചുവച്ചുകൊണ്ട്, സാമാന്യജനത്തിന്റെ മൃദുലവികാരത്തെ തൊട്ടുണർത്താൻ സാധിക്കുമെന്നവർ കരുതുന്ന, മതനിന്ദ മതനിരാസം നിരീശ്വരത്വം കമ്യൂണിസം തുടങ്ങിയ തുറുപ്പുചീട്ടുകൾ അവർ ഇറക്കുന്നു.

മാത്രമല്ല ക്രൈസ്തവസമുദായങ്ങൾക്ക് കുറിക്കുകൊള്ളുന്ന ഒരു ഭാഗം ഈ പാഠപുസ്തകത്തിലുണ്ട്. അത് ആ രീതിയിൽ എടുത്തുകാട്ടാൻ പറ്റാതെ സഭ വെട്ടിലാണ്. അതായത് നവോത്ഥാനചരിത്രത്തെപ്പറ്റി പറയുന്നിടത്ത്, സഭയുടെ പങ്കായി എടുത്തുകാട്ടുന്നത് ഒരു ദലിതൻ സ്ഥാപിച്ച പ്രത്യക്ഷരക്ഷാസഭയെയാണ്. എല്ലാവരും ദൈവമക്കൾ എന്നു പറഞ്ഞു വിശ്വസിപ്പിച്ചു മതപരിവർത്തനം നടത്തി ദലിതർ സഭയിൽ എത്തിയപ്പോൾ അവിടെയും അവർ ദലിതരാണെന്നും, അതിനു താത്വിക അടിത്തറ പകരുന്നതു കോളനിയൽ അധിനിവേശത്തിനു ശക്തിപകർന്ന ബൈബിൾ തന്നെയാണെന്നും മനസിലായി. അതിനെ വലിച്ചെറിയാൻ തയ്യാറായി. അങ്ങനെ പൊയ്കയിൽ കുമാരനും സംഘവും മാരാമൺ കൺവൻഷൻ സ്ഥലത്തു വച്ചു ബൈബിൾ സംഘമായി കത്തിച്ചു. തുടർന്നു പമ്പാനദിയിൽ നിന്നും ഒരു കുമ്പിൾ വെള്ളം കോരി എല്ലാവരുടെയും തലയിൽ തളിച്ചു. 'നിന്റെ തലയിൽ മിഷനറിമാർ ഒഴിച്ച മാമോദീസ വെള്ളം ഞാനിതാ കഴുകിക്കളയുന്നു' എന്നു പ്രഖ്യാപിച്ചു. അങ്ങനെ ഒരു ദലിതൻ സ്ഥാപിച്ച, ദലിതരുടെ മേൽക്കാണിച്ച വിവേചനത്തെ ചോദ്യംചെയ്തുകൊണ്ടു രൂപംകൊണ്ട ഒരു സഭയെ, നവോത്ഥാനചരിത്രത്തിൽ ഉൾപ്പെടുത്തുക കേരളത്തിലെ ഉന്നതജാതർ എന്നു സ്വയം കരുതുന്ന സുറിയാനിക്രിസ്ത്യാനികളുടെ നേതാവ് മാർ ജോസഫ് പൗവ്വത്തിലിനും മറ്റു സുറിയാനി ക്രിസ്ത്യാനി നേതാക്കൾക്കും ദഹിക്കുമോ? ഇല്ല. അതുപോലെ കേരള ക്രൈസ്തവരിൽ അംഗബലത്തിൽ നല്ലൊരു വിഭാഗമായ പരമ്പരാഗത ലത്തീൻ കത്തോലിക്കാ സമുദായനേതാക്കൾക്കു ഇതു രുചിക്കുമോ? ഒരിക്കലുമില്ല. പക്ഷേ ഇക്കാര്യം നേരെയങ്ങു പറഞ്ഞു പ്രക്ഷോഭണത്തിൽ ഇറങ്ങാനും പറ്റുകയില്ല. അപ്പോൾ തുറുപ്പുചീട്ടു രണ്ടാം വിമോചനസമരമായേക്കാമെന്ന് അവർ കണക്കുകൂട്ടി. കഷ്ടം!

സഭയുടെ എതിർപ്പിനു പിന്നിൽ വീണ്ടും ഒളിഞ്ഞുകിടക്കുന്ന മറ്റൊരു വലിയ കാരണമുണ്ട്. മിക്ക വിദ്യഭ്യാസ കമ്മീഷനും അധ്യാപക സംഘടനകളും നിഷ്പക്ഷമായി നിലപാടെടുക്കുന്ന മിക്ക പ്രസ്ഥാനങ്ങളും എയ്ഡഡ് സ്കൂളിലെ അധ്യാപക-അനധ്യാപകനിയമനം പി എസ് സി വഴിയാകണമെന്ന നിലപാടുകാരാണ്. ഈ സർക്കാരിന്റെയും ഉൾച്ചിന്ത അതു തന്നെയാണ്. മെയിന്റനൻസും പെൻഷനും ശമ്പളവും മറ്റാനുകൂല്യങ്ങളും സർക്കാർ നൽകുമ്പോൾ, നിയമനം സർക്കാരിനാകുന്നതു നീതിയുക്തം തന്നെ. കേരളത്തിലെ ഏതാണ്ടു 80% വിദ്യാലയങ്ങളും മാനേജ്മെന്റിന്റേതാണ് - അവയിൽ ബഹുഭൂരിപക്ഷവും ക്രൈസ്തവ മാനേജ്മെന്റിന്റേതും. അവിടെ നല്ലൊരു ശതമാനം അധ്യാപകർ കന്യാസ്ത്രീകളും കുറച്ചു വൈദികരുമാണ്. ഇവർ ഒപ്പിട്ടു ശമ്പളം കൈപ്പറ്റുമെങ്കിലും അതു മുഴുവനും ചെന്നുചേരുന്നത് ഈ മഠങ്ങളിലും അരമനകളിലുമാണ്. പല കന്യാസ്ത്രീകളും ശമ്പളം കൈപ്പറ്റുന്നു എന്നു വൗച്ചറിൽ ഒപ്പിടുന്നതല്ലാതെ, പണത്തിൽ തൊടുന്നതേയില്ല; ശമ്പളം മുഴുവൻ

സഭയുടെ അക്കൗണ്ടിൽ എത്തിക്കോളും. ചുരുക്കത്തിൽ സർക്കാർ നൽകുന്ന ശമ്പള(എന്നുവച്ചാൽ കേരളത്തിലെ പാവപ്പെട്ടവന്റെ നികുതിപ്പണമെന്ന ചില്ലിക്കാശ്) ത്തിന്റെ നല്ലൊരു ഭാഗം വീണ്ടും ക്രൈസ്തവ മാനേജ്മെന്റിന്റെ കൈയിലാണ് എത്തുന്നത്. 2007-2008 ലെ കണക്കനുസരിച്ച് 7292 എയിഡഡ് സ്കൂളുകളിൽ 1,07,597 അധ്യാപകരാണുള്ളത്. അതായത് 6000 കോടി രൂപ ഖജനാവിൽ നിന്നു കൊടുക്കുന്നു. ഇതിൽ ഏതാണ്ട് 80% വും ക്രൈസ്തവസമുദായമാണു കൈപ്പറ്റുന്നത്. ഇതു മതിയാകാഞ്ഞാണ് നിയമനത്തിൽ കോഴ വാങ്ങൽ. മാത്രമല്ല, കന്യാസ്ത്രീകളും വൈദികരുമല്ലാതെ നിയമിക്കുന്നവരോ ഒന്നുകിൽ വലിയ കോഴ കൊടുക്കാൻ കഴിവുള്ളവർ അല്ലെങ്കിൽ സഭാധികാരികൾക്കു എപ്പോഴും ഏറാൻ മൂളികളായി നിന്നു പാദസേവ നടത്തുന്ന നട്ടെല്ലില്ലാത്തവർ. മാത്രമല്ല, അവർ സംവരണം പാലിക്കാറില്ല. അവിടെയും പണസമ്പാദനം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഏതു വിധേന നോക്കിയാലും മാനേജ്മെന്റിനു സാമ്പത്തിക കൊയ്ത്താണ്. പി എസ് സി വഴിയായാൽ സംവരണം പാലിക്കും; യോഗ്യരായവരെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ സുതാര്യമായിട്ടുള്ള നിയമനം. മാനേജ്മെന്റിനു കണക്കില്ലാതെ കോഴ വാരിക്കൂട്ടാൻ പറ്റില്ല. ഇതെങ്ങനെ പച്ചയ്ക്കു പറയാൻ പറ്റും. അവിടെ ന്യൂനപക്ഷാവകാശത്തിന്റെ തുറുപ്പുചീട്ടാണ് അവർ ഉയർത്തിപ്പിടിച്ചത്; ഒപ്പം 'നമ്മുടെ വിദ്യാലയങ്ങൾ സർക്കാർ എടുക്കാൻ പോകുന്നു; ജാഗ്രത' എന്നായി മുദ്രാവാക്യം. ഇതിന്റെ ഭീകരത ഒരു ഉദാഹരണം കൊണ്ടു വ്യക്തമാക്കാം. എം ജി യൂണിവേഴ്സിറ്റിയുടെ കീഴിൽ 80 കോളേജുകളുണ്ട്. അവയിൽ 4 എണ്ണം മാത്രം സർക്കാറിന്റേത്; 10 ഇതര സമുദായങ്ങളുടേത്; 66 എണ്ണം ക്രൈസ്തവ മാനേജ്മെന്റിന്റേത്. സർക്കാർ ഖജനാവിൽ നിന്നും എത്ര കോടി രൂപയാണ് ക്രൈസ്തവ മാനേജ്മെന്റിൽ വരുക എന്നൊന്നു ചിന്തിക്കുക അപ്പോൾ സർക്കാരിന്റെ നിയന്ത്രണങ്ങൾ അധികമായി വരുന്നതും നിയമനങ്ങൾ പി എസ് സി ക്കു വിടുന്നതും അത്ര നിസ്സാരമായ ഒന്നല്ല. ഇവയ്ക്കെല്ലാം കരുവാക്കുന്നതോ ക്രൈസ്തവ സമുദായത്തിലെ ദരിദ്രഗണത്തെയും.

പരശുരാമൻ മഴുവെറിഞ്ഞു കേരളമുണ്ടാക്കി എന്നു വർഷങ്ങളായി പഠിപ്പിച്ചിട്ട് ഒരു മതവികാരവും വ്രണപ്പെട്ടില്ലല്ലോ. വിദ്യാലയങ്ങളിൽ രാഷ്ട്രീയം പാടില്ല എന്ന കോടതിവിധിയെ അങ്ങേയറ്റം സ്വാഗതം ചെയ്ത്, എസ് എഫ് ഐ യുടെ രൂപീകരണത്തെത്തന്നെ ശക്തിയുക്തം എതിർക്കുന്നവരാണല്ലോ സഭാനേതൃത്വം. പക്ഷേ അവരുടെ സ്വാർഥതാൽപര്യത്തെ സ്പർശിക്കുന്ന ഒരു കാര്യം വന്നപ്പോൾ പിഞ്ചുകുഞ്ഞുങ്ങളെ വരെ തെരുവിലിറക്കാൻ ഒരു മടിയും കാണിക്കാത്ത ക്രൈസ്തവ മാനേജ്മെന്റിന്റെ കാപട്യം എത്ര വലുത്! ഇവിടെ നാം മനസിലാക്കേണ്ടത്, പാഠപുസ്തകത്തോടുള്ള ഇവരുടെ എതിർപ്പു പുസ്തകത്തിന്റെ നല്പിലേക്കാണ് വിരൽചൂണ്ടുന്നത്. ഈ പുസ്തകം ഉദാത്തമായ മാനവികത ഉയർത്തിപ്പിടിക്കുന്നു. ജാതിക്കും മതത്തിനും അതീതമായി ചിന്തിക്കാൻ

കുട്ടിയെ ഈ പാഠം പ്രേരിപ്പിക്കും. ഇന്നു തന്നെ 9 ലക്ഷം മിശ്രവിവാഹിതരുണ്ട് കേരളത്തിൽ. ഈ ജനതയുടെ വ്യക്തിത്വത്തെയും വ്യക്തിസ്വാതന്ത്ര്യത്തെയും മാനിക്കുക ബഹുഭൂരിപക്ഷം വരുന്ന മതവിശ്വാസികളുടെയും ധർമമല്ലേ? അല്ലെങ്കിൽ, ഇവർക്കു ന്യൂനപക്ഷക്ഷേമത്തെപ്പറ്റി പറയുവാൻ യാതൊരർഹതയുമില്ല. എല്ലാ മേഖലയിലെയും ന്യൂനപക്ഷത്തെ ബഹുമാനിക്കുവാനും ആദരിക്കുവാനും ഭൂരിപക്ഷം തയ്യാറാകണം.

സഭാനേതൃത്വം ചരിത്രപരമായ ഒരു കാര്യം ഓർക്കേണ്ടതുണ്ട്. ആദ്യനൂറ്റാണ്ടുകളിൽ, റോം ക്രൈസ്തവരെ പീഡിപ്പിച്ചത് ക്രൈസ്തവർ 'നിരീശ്വർ' എന്നു വിശേഷിപ്പിക്കപ്പെട്ടുകൊണ്ടാണ്. അന്നു റോമൻ ചക്രവർത്തിയുടെ മതമായിരുന്നു യഥാർഥ മതം. പക്ഷേ നമുക്കറിയാം ആദ്യ ക്രൈസ്തവസമൂഹം ഉള്ളതെല്ലാം പൊതുവായി കരുതി, ഓരോരുത്തരുടെയും ആവശ്യാനുസരണം വീതിച്ചു കൊടുത്തുകൊണ്ടു ഒരുമയോടെ ജീവിച്ചു. അവരുടെ കൂട്ടായ്മ മറ്റു ജനങ്ങൾക്കു മാതൃകയായിരുന്നു, നിരീശ്വരവാദികൾ എന്നു വിളിച്ചിരുന്നെങ്കിലും. പിന്നീടു റോമൻ ചക്രവർത്തിയായ കോൺസ്റ്റന്റയിൻ ക്രിസ്ത്യാനിയായതോടെ, റോമാസാമ്രാജ്യം മുഴുവൻ ക്രിസ്ത്യാനിയായി. അങ്ങനെ നിരീശ്വരവാദികൾ ഈശ്വരവാദികളായി. പക്ഷേ അതോടെ അവർ ദരിദ്രരെ മറന്നു. വലിയവനു ഊഴിയം ചെയ്യുന്ന, വലിയവന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന, സമ്പന്നരുടെ സഭയായി മാറി - അതിന്റെ തലവന്മാരോ മാർപ്പാപ്പയും മെത്രാന്മാരും. അങ്ങനെ അന്നേ ഈശ്വരവാദികളായപ്പോഴേ, ദരിദ്രജനതയെ മറന്ന കഥയാണു സഭയ്ക്കുള്ളത്. നിരീശ്വരരോ ദരിദ്രരോടൊപ്പവും. അന്നു അരങ്ങേറിയിരുന്ന അനാവശ്യ വിവാദങ്ങളേക്കാൾ വ്യത്യസ്തമാണോ ഇന്നത്തെ സഭയുടെ അവസ്ഥ എന്നു ആത്മവിശകലനം ചെയ്യുന്നതായിരിക്കും ഗുണപ്രദം. ചരിത്രത്തിൽ സമ്പന്ന-അധികാരസഭയുടെ നിരന്തരമായ ക്രൂരതയ്ക്കും ക്രൂസേഡുകൾക്കും കുരിശുയുദ്ധങ്ങൾക്കും എതിരായി ഉയർന്നുവന്ന ചിന്താധാരകളാണ് മാനവീകതാവാദം, മതനിരപേക്ഷത, ജനാധിപത്യം, നവോത്ഥാനം തുടങ്ങിയവ. അതുകൊണ്ടു അധീശ-സമ്പന്ന-വ്യവസ്ഥാപിതസഭയ്ക്കു ഇന്ന് ഇവിടെ ഉയർന്നുവന്ന ചിന്താഗതികളെ ആഞ്ഞുപുൽകാൻ പറ്റുന്നില്ല എന്നു മാത്രമല്ല, ഈ സവിശേഷതകളെ മുച്ചൂടും എതിർക്കാനാണ് ശ്രമം നടക്കുക. ഈ പാഠപുസ്തക വിവാദത്തിന്റെ പിന്നിൽ ഈ ചരിത്രയാഥാർഥ്യം വിസ്മരിക്കപ്പെടരുത്.

ചുരുക്കത്തിൽ എല്ലാ രീതിയിലും സമ്പന്നമായൊരു സന്ധ്യ; ഹൃദയവികാരം പങ്കുവയ്ക്കലിലൂടെ ഹൃദയങ്ങൾ കോർത്തെടുത്ത സന്ധ്യ.

# 7

## ഇത് 'മത'മോ 'മദ'മോ?

രണ്ടായിരത്തിയെട്ട് ജൂലായ് ആറിന് ആലപ്പുഴ വട്ടയാൽ ഷൺമുഖദാസ് സ്കൂളിൽ വച്ചു നടന്ന 'പാഠപുസ്തക സംവാദം' എന്തുകൊണ്ടും വ്യത്യസ്തവും വ്യതിരിക്തവുമായ ഒരു സംഭവമായിരുന്നു.

ഞങ്ങൾ മൂന്നു പേരാണ് സംസാരിക്കാനുണ്ടായിരുന്നത്. സദസ്യരിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാകുന്നതിനും അവയ്ക്കൊക്കെ മതിയാംവണ്ണം സമയമെടുത്തു മറുപടി/പ്രതികരണം കൊടുക്കാനും ഉതകുന്ന രീതിയിൽ ഞങ്ങളുടെ സംസാരം ഞങ്ങൾ ചിട്ടപ്പെടുത്തി. വിഷയാവതരണം ഒരാൾ നടത്തിയിട്ട്, സദസ്യർ ചോദ്യങ്ങൾ ഉയർത്താൻ അവസരം കൊടുത്തു. ഏതാണ്ട് 28 പേർ പ്രതികരിച്ചു. ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ഇടകലർത്തിയായിരുന്നു ഞങ്ങൾ രണ്ടുപേരുടെയും സംസാരം. ഈ ക്രമീകരണത്തിനു രണ്ടു സവിശേഷ ഗുണങ്ങൾ കണ്ടു. ഒന്ന് സദസ്യർക്ക് എല്ലാവർക്കും സമയഭയമില്ലാതെ ചോദ്യം ചോദിക്കാൻ പറ്റി. രണ്ട്, ഞങ്ങൾക്കു പറയാൻ ഉദ്ദേശിച്ചതിൽ ഉൾച്ചേർത്തുകൊണ്ടു മറുപടി പറയാനും വേണ്ടത്ര സമയം കിട്ടി. ആ സംവാദം അങ്ങനെ എല്ലാംകൊണ്ടും അർഥപൂർണമായിരുന്നു.

ചരിത്രം ഗൗരവമായി എടുക്കുന്ന ഒരു വ്യക്തിക്കു യേശുദർശനവും കമ്യൂണിസവും തമ്മിൽ ജീവത്തായ ബന്ധം ദർശിക്കാൻ പ്രയാസമില്ല. യേശു ദൈവരാജ്യത്തെപ്പറ്റി പറഞ്ഞിട്ട്, സമൂഹത്തിൽ അവശതയും രോഗവും പട്ടിണിയും തഴയപ്പെടലും ഭ്രഷ്ടും മതാന്ധതയും അനുഭവിച്ച ബഹുഭൂരിപക്ഷംവരുന്ന സാമാന്യജനതയുടെ പക്ഷംപിടിച്ചുകൊണ്ട് അവരെ മോചിപ്പിക്കുന്ന പ്രവർത്തനപ്രക്രിയയിൽ ഇടപെടുകയായിരുന്നു. കമ്യൂണിസം ഇവിടെ ഈ ലോകം പുതുക്കണം, എല്ലാവർക്കും മനുഷ്യത്വത്തിലും സംതൃപ്തിയിലും ജീവിക്കാനുള്ള എല്ലാ സാഹചര്യങ്ങളും ഇവിടെ ഉണ്ടാകണം എന്ന പ്രക്രിയയിൽ ഇടപെട്ടു പ്രവർത്തിക്കുന്നു. അപ്പോൾ ഇവിടെ സഹകരിച്ചു പ്രവർത്തിക്കുന്നതിൽ എന്താണ് പ്രശ്നം? സത്യത്തിൽ പ്രശ്നങ്ങളില്ല എന്നതാണ് വസ്തുനിഷ്ഠമായ യാഥാർഥ്യം.

യാഥാർഥ്യം ഇങ്ങനെയാണെങ്കിലും ലോകമെമ്പാടുമുള്ള, പ്രത്യേകിച്ചു കേരളത്തിലെ കത്തോലിക്കാസഭയ്ക്കു കമ്യൂണിസം എന്നു കേട്ടാൽ വിറളിപിടിക്കുന്ന ഒരവസ്ഥ. എന്താണിതിനു കാരണം? യേശുദർശനത്തിനോ കമ്യൂണിസത്തിനോ പ്രശ്നമുണ്ടായിട്ടല്ല. ജീവിതത്തെ ആത്മീയവും ഭൗതികവുമെന്ന ദ്വന്ദ്വരൂപത്തിൽ കാണുന്ന അശാസ്ത്രീയ രീതിയാണു യഥാർഥ/കാതലായ പ്രശ്നം. ജീവിതത്തെ അതിന്റെ സമഗ്രതയിൽ കണ്ടാൽ ഈ പ്രശ്നം നിഷ്പ്രഭമാകും.

ഈ ദ്വന്ദ്വരൂപ കാഴ്ചപ്പാടിൽ രണ്ടു ലോകങ്ങളാണുള്ളത് - ഇഹലോകവും പരലോകവും, ആത്മീയലോകവും ഭൗതികലോകവും, ദൈവരാജ്യവും മനുഷ്യരാജ്യവും. ഈ സമീപനം മനുഷ്യനെ വിഭജിക്കുന്നു; അവന്റെ ഏകതാനതയും സാകല്യസമഗ്രതയും ഇല്ലാതാക്കുന്നു. അതുകൊണ്ടുതന്നെ ഈ സമീപനം അശാസ്ത്രീയമാണ്. ഈ അശാസ്ത്രീയ സമീപനം എളുപ്പവിദ്യയാണ്. അതു ജീവിതത്തെ ഗൗരവമായി എടുക്കാതെ പരലോകത്തിനു പരമപ്രാധാന്യം നൽകിക്കൊണ്ട് അനുദിനജീവിതത്തിൽ തന്നോടും സമൂഹത്തോടും ലോകത്തോടുമുള്ള ഉത്തരവാദിത്തത്തിൽ നിന്നും ഒരു മനക്കടിയുമില്ലാതെ ഒഴിയാൻ പറ്റും. എന്നാൽ അതേസമയം ജീവിതത്തെ അതിന്റെ സമഗ്രതയിൽ ദർശിച്ചാൽ, ഉത്തരവാദിത്തത്തോടെ ജീവിതപ്രശ്നങ്ങളിൽ ഇടപെടുക എന്ന കഠിനമായ അനുഭവത്തിലൂടെ കടന്നുപോകേണ്ടിവരും.

സാമൂഹ്യ ഉത്തരവാദിത്തമില്ലാതെ ഒഴിഞ്ഞുമാറ്റവും ഒളിച്ചോട്ടവും സഭയുടെ നിരന്തര പ്രവർത്തനശൈലിയാണെന്നുള്ളതിന് ചരിത്രം സാക്ഷിക്കുന്നു. ഉദാഹരണത്തിനു കേരളസഭ ഇന്നുവരെ ഇടപെട്ടിട്ടുള്ള സാമൂഹ്യപ്രശ്നം മദ്യപാനത്തിനെതിരെയുള്ള നടപടികളിലാണ്. മദ്യപാനം സാമൂഹ്യപ്രശ്നമല്ലെന്നല്ല ഞാൻ പറയുന്നത്. അൽപം ആഴത്തിൽ ചിന്തിച്ചാൽ മനസിലാകും മദ്യപാനം മറ്റേതോ പ്രശ്നത്തിന്റെ ബാഹ്യ അടയാളമാണ്; യഥാർഥ സാമൂഹ്യപ്രശ്നം വേറെ എവിടെയോ കിടക്കുന്നതേയുള്ളു. അതുകൊണ്ടാണ് കരിസ്മാറ്റിക് ധ്യാനത്തിലൂടെയോ പ്രാദേശിക സമ്മർദ്ദത്തിന്റെ ഫലമായോ മദ്യപിക്കുകയില്ല എന്ന തീരുമാനമെടുക്കുന്നവർ വളരെ വേഗം വീണ്ടും മദ്യപാനികളായി മാറുന്നത്. അയാൾ യഥാർഥത്തിൽ അനുഭവിക്കുന്ന കേന്ദ്രപ്രശ്നത്തെ അഭിസംബോധന ചെയ്യാതെയുള്ള ഇടപെടൽ എങ്ങും എത്തിക്കുകയില്ല. സാമാന്യജനത്തെ കാർന്നുതിന്നുന്ന പട്ടിണി, വിലക്കയറ്റം, ഭൂമികയ്യേറ്റം, ജലം-വായു-ശബ്ദ മലിനീകരണം തുടങ്ങി നിരവധി പ്രശ്നങ്ങൾ - ഇവയെ ഒന്നിനെയും സഭ അഭിസംബോധന ചെയ്യുന്നതായി നാം ചരിത്രത്തിൽ കാണുന്നില്ല. എന്തിനു സ്ത്രീസമൂഹത്തെ, പിഞ്ചു പെൺകുട്ടികളെയും വയോവൃദ്ധകളെയും ഉൾപ്പെടെ, മാന്തിക്കീറി ചവിട്ടിയൊടിക്കുന്ന അതിനിഷ്ഠുരമായ സാമൂഹ്യപ്രശ്നത്തിന്റെ മുമ്പിൽ കുറ്റകരമായ നിശബ്ദതയല്ലേ സഭയുടെ പാരമ്പര്യം. ഏറ്റവും വിചിത്രം! സ്ത്രീകൾ പീഡിപ്പിക്കപ്പെട്ടാൽ ക്രൂരനിശബ്ദം. കന്യാസ്ത്രീകൾ മതവൈരികളാൽ പീഡിപ്പിക്കപ്പെട്ടാൽ പ്രതികരിക്കും. അവർ സ്വന്തം വൈദികരാൽ ഉപയോഗിക്കപ്പെട്ടാൽ അതു തമ

സ്കരിക്കും. അങ്ങനെ യഥാർഥ പ്രശ്നങ്ങളുടെ മുമ്പിൽ കണ്ണടച്ചിട്ട്, പരലോകപ്രാപ്തിക്കുള്ള തന്ത്രങ്ങളിൽ ഇടപെടുന്നു. എന്തൊരു എളുപ്പം.

ഏഴാം ക്ലാസിലെ പാഠപുസ്തകം തുടങ്ങുന്നതു തന്നെ സാമാന്യ ജനത അനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നമായ വിലക്കയറ്റത്തെ ഓർമിപ്പിച്ചുകൊണ്ടാണ്. എല്ലാ സാധനങ്ങളുടെയും വിലവർധനവും സാമാന്യജനത്തെ ആഴത്തിൽ ബാധിക്കും. പക്ഷേ അങ്ങനെയല്ല പുസ്തകം ആരംഭിക്കുന്നത്. സാമാന്യജനത്തിന്റെ, കേരളീയന്റെ ജീവനെത്തന്നെ നിലനിർത്തുന്നതായ അരിവിലയുടെ വർധനവിലേയ്ക്കാണ് കുട്ടികളുടെ ശ്രദ്ധ തിരിക്കുന്നത്. തുടർന്നു എന്നും അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചു മുന്നേറാൻ പറ്റുകയില്ലല്ലോ. ഈ അവസ്ഥയായതു കേരളമാകെ അനധികൃതമായി നെൽപ്പാടങ്ങൾ നികത്തിയതുകൊണ്ടും മറ്റുമാണെന്നു സൂചിപ്പിച്ചിട്ടു സ്വയംപര്യാപ്തതയിലേക്കു നാം നീങ്ങേണ്ടതുണ്ട് എന്നതിലേക്കു വിരൽചൂണ്ടുന്ന പുസ്തകത്തിന്റെ തുടക്കം തന്നെ എത്ര മനോഹരം, ഹൃദ്യം, പ്രശ്നാധിഷ്ഠിതം, ജീവിതബന്ധിതം. ഈ അവബോധത്തിൽ കുട്ടി വളർന്നാൽ, പട്ടിണിയാക്കപ്പെട്ട ജനത സുഖലോലുപതയിൽ കഴിയുന്നവരുടെ അവസ്ഥയെ ചോദ്യം ചെയ്തെന്നു വരും. എന്തുകൊണ്ടു അവർ പട്ടിണി കിടക്കാൻ നിർബന്ധിക്കപ്പെടുന്നു എന്നു മനസ്സിലാക്കി അവർ പ്രതികരിച്ചെന്നു വരും. ഇതൊക്കെ സഭാധികാരികളുടെ സ്വസ്തവും സൈ്വരവുമായ ജീവിതത്തെ ഭഞ്ജിച്ചെന്നു വരും. അതു വരാതിരിക്കാൻ, ജനം ജീവിതത്തിലെ യഥാർത്ഥ പ്രശ്നത്തിൽ നിന്നു ഒഴിഞ്ഞുമാറി പരലോകജീവിതത്തിൽ ഊന്നൽ നൽകണം. ഞാനീപ്പറയുന്ന രീതിയിൽ തുറന്നു സംസാരിച്ചാൽ ജനം അംഗീകരിക്കണമെന്നില്ല എന്നവർക്കറിയാം. അവിടെയാണ് 'കമ്യൂണിസം' എന്ന തുറുപ്പുചീട്ടിറക്കുക.

ഇവിടെ ഒരു കാര്യം ഓർക്കുന്നതു നല്ലതാണ്. സഭാധികാരികളും സമുദായനേതാക്കളും കോൺഗ്രസ്സുകാരും ചരിത്രത്തിലേക്കു ഒന്നു തിരിഞ്ഞു നോക്കട്ടെ. ഇന്ത്യൻ സ്വാതന്ത്ര്യ പ്രക്രിയയിൽ നിറഞ്ഞു നിന്നെന്നു എടുത്തു കാട്ടുന്ന കോൺഗ്രസ് നേതാക്കളെയും മറ്റും എടുത്തുകാട്ടി പഠിപ്പിച്ച വിദ്യാഭ്യാസം. അന്നും സഭ കമ്യൂണിസ്റ്റുവിരുദ്ധ തുറുപ്പുചീട്ടു ഇറക്കി. പക്ഷേ 1957 ൽ കേരളത്തിന്റെ ആദ്യമന്ത്രിസഭ കമ്യൂണിസ്റ്റുകാരുടേതായി. അന്ന് ഏതു പാഠപുസ്തകം പഠിച്ചിട്ടാണു ജനം കമ്യൂണിസ്റ്റുകാർക്കു വോട്ടുചെയ്തത്. അരിവാൾ ചുറ്റിക എന്ന ചിഹ്നത്തെ എത്ര വിചിത്രമായിട്ടാണ് ചിത്രീകരിച്ചത് - അരിവാൾ തല അരിയാൻ, ചുറ്റിക തലയ്ക്ക് അടിക്കാൻ. നോക്കണം അധ്വാനിക്കുന്ന ദരിദ്രജനവിഭാഗത്തിന്റെ പണിയായുധങ്ങൾ എത്ര തരംതാഴ്ന്ന രീതിയിൽ ചിത്രീകരിച്ചെന്നു. ഇത്ര തരംതാഴാൻ സഭയ്ക്കു മാത്രമേ പറ്റൂ!

ചുരുക്കത്തിൽ, സഭാധികാരികളുടെ കമ്യൂണിസം പഠിപ്പിക്കുന്നു പാഠപുസ്തകങ്ങളിലൂടെ എന്ന ആരോപണം മുഖവിലയ്ക്ക് എടുക്കേണ്ടതില്ല. മുഖവിലയ്ക്ക് എടുക്കണമെന്നു സഭാധികാരികൾക്കും ആഗ്രഹമില്ലെന്നാണു അനുഭവസാക്ഷ്യം. അവർക്കു വ്യക്തമായും നിക്ഷിപ്ത-രാഷ്ട്രീയ താൽപര്യങ്ങളുണ്ട്. അതു തുറന്നുപറഞ്ഞാൽ ജനം സ്വീകരിക്കുകയില്ല. അവിടെ താൽപര്യങ്ങൾ മറച്ചുവച്ചിട്ട്, ജനത്തെ വൈകാരികമായി ഇളക്കിവിടുന്നതിനുള്ള തന്ത്രമായാണ് കമ്യൂണിസ്റ്റ് വിരുദ്ധ തുറുപ്പുചീട്ട് ഇറക്കുന്നത്. പ്രബുദ്ധകേരളജനത ഈ കെണി ശരിക്കു മനസിലാക്കി പ്രതികരിക്കും എന്നാണ് എന്റെ വിശ്വാസം.

# 8

# ഒഴുക്കിനെതിരെ മുന്നേറുന്നവർ

രണ്ടായിരത്തിയെട്ട് ജൂലായ് 13. എല്ലാം കൊണ്ടും എനിക്കു ധന്യാനുഭവങ്ങളുടെ ദിനമായിരുന്നു. മിടുക്കരായ അർപ്പണബോധവും സാമൂഹ്യപ്രതിബദ്ധതയുമുള്ള, വായനയിൽ തൽപരരായ, തന്റേടമുള്ള ഒരു സംഘം യുവാക്കളോടൊപ്പം ചെലവഴിച്ച ദിനം. സംതൃപ്തി നൽകുന്നതായിരുന്നു. ആരാണീ യുവാക്കൾ എന്നറിയേണ്ടേ? അവരെ അവർ വിശേഷിപ്പിക്കുന്നതു 'കൊല്ലം തീരദേശ യുവജന അൽമായ വേദി' എന്നാണ്.

അവരെപ്പറ്റി അൽപം കൂടെ. എല്ലാവരും ലത്തീൻ കത്തോലിക്കാ കുടുംബങ്ങളിലെ അംഗങ്ങൾ. യേശുവിശ്വാസികൾ. സഭാപഠനങ്ങളോടും മതാചാരങ്ങളോടുമൊക്കെ സാമാന്യരീതിയിൽ പൊരുത്തപ്പെട്ടുപോകുന്നവർ. സഭാധികാരികളോടും വൈദികഗണത്തോടും ബഹുമാനമുള്ളവർ. അതേസമയം തങ്ങളുടെ സമുദായത്തോട്, പ്രത്യേകിച്ചു അവരിൽ കഷ്ടപ്പാടും പട്ടിണിയും വേദനയും അനുഭവിക്കുന്നവരോട്, യഥാർത്ഥ കരുതലുള്ളവർ. അവശതയനുഭവിക്കുന്ന ലത്തീൻ സമുദായത്തിന്റെ വളർച്ചയ്ക്കു വേണ്ടി കൊല്ലം ലത്തീൻ കത്തോലിക്കാ രൂപതാ സഭാനേതൃത്വം വേണ്ടത്ര ചെയ്യുന്നില്ല എന്ന ആക്ഷേപം നിൽക്കവേയാണ്, കഴിഞ്ഞ രണ്ടു വർഷങ്ങളായി രൂപതാധ്യക്ഷനായ ബിഷപ് സ്റ്റാൻലിറോമനും അദ്ദേഹത്തിന്റെ വൈദികഗണവും ഈ സമൂഹത്തിനു അനുഗുണമല്ലാത്ത പല കാര്യങ്ങളിൽ രാഷ്ട്രീയമായിത്തന്നെ ഇടപെടുകയും ഇടയലേഖനപരമ്പരകളിലൂടെയും മറ്റു സമരാഭാസങ്ങളിലുടെയും പാവം ജനതയെ തെറ്റിദ്ധരിപ്പിച്ചു വഴിതെറ്റിക്കുകയും ചെയ്യുന്നത്. ഈ യുവാക്കളിലെ സാമൂഹ്യബോധമുണർന്നു. സത്യസന്ധമായി കാര്യങ്ങൾ ചർച്ച ചെയ്തു സാമാന്യജനത്തിനു അനുഗുണമായ നടപടിയുണ്ടാകണമെന്നു മേലധികാരികളോടു അവർ പലകുറി ആവശ്യപ്പെട്ടു. അവർ ബധിരത നടിച്ചു. കഴിഞ്ഞ രണ്ടു വർഷത്തിൽ സഭാനേതൃത്വം ജനവിരുദ്ധമായി

സ്വീകരിച്ച ഏഴുകാര്യങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട്, തീർത്തും സമാധാനപരമായി കൊല്ലം ബിഷപ്പ്ഹൗസിന്റെ മുമ്പിൽ 2008 ജൂൺ 29നു അവർ ഒരു ധർണ നടത്തി. അരമനയെയും അരമനനിവാസികളെയും ആക്രമിക്കാൻ യുവജന അൽമായ വേദി വന്നിരിക്കുന്നു എന്നു കുപ്രചരണം സഭാധികാരികൾ നടത്തിയെങ്കിലും, ഇവർ സ്വീകരിച്ച ഗാന്ധിയൻ മാർഗത്തെപ്പറ്റി പോലീസിനും കൊല്ലം കടലോരവാസികൾക്കും മനസ്സിലായതിനാൽ സംഘർഷമില്ലാതെ ധർണ നടന്നു.

അവർ ഉന്നയിച്ച സഭയുടെ ജനവിരുദ്ധകാര്യങ്ങൾ അക്കമിട്ടു പറയട്ടെ. ഒന്ന്, ശ്രീ. എം എ ബേബി കൊണ്ടുവന്ന് കേരള നിയമസഭ ഐക്യകണ്ഠ്യേന പാസാക്കിയ, സാമൂഹികനീതിയും മെറിറ്റും അടിസ്ഥാനമാക്കിയുള്ള കേരള സ്വാശ്രയനിയമത്തോട് കാട്ടിയ നിഷേധാത്മക സമീപനം. കേരളത്തിലെ മുഴുവൻ സ്വാശ്രയകോളേജുകളിലും 2% സീറ്റ് വീതം ലത്തീൻ സമുദായത്തിനു ലഭിക്കുന്ന അവസ്ഥയെയാണു കൊല്ലം ബിഷപ്പും കൂട്ടരും എതിർത്തത്. ഇതു സമുദായത്തോടു കാണിച്ച കടുത്ത വഞ്ചനയാണ് എന്നവർ പറഞ്ഞു.

രണ്ട്, 2004 ലെ സുനാമി ഫണ്ട് കോട്ടയത്തും ഇടുക്കിയിലും യു ഡി എഫ് സർക്കാർ ചെലവഴിച്ചതിനെ കണ്ടില്ലെന്നു നടിച്ചിട്ട്, ഈ സർക്കാർ തീരദേശത്തെ കുട്ടികളെ സമയബന്ധിതമായി സഹായിക്കുന്നതിൽ ക്രമക്കേടു ഉണ്ടെന്നു പറയുകയും രൂപതയ്ക്കു കിട്ടിയ സുനാമി ഫണ്ടിന്റെ സുതാര്യമായ ചെലവഴിക്കൽ വ്യക്തമാക്കാതിരിക്കുകയും ചെയ്യുന്നതിലെ രാഷ്ട്രീയ കാപട്യം ഈ യുവാക്കൾ ചോദ്യം ചെയ്യുന്നു.

മൂന്ന്, മാനേജ്മെന്റ് സീറ്റിലും കമ്യൂണിറ്റി സീറ്റിലുമുള്ള പ്രവേശനത്തിനു പൂർണസ്വാതന്ത്ര്യം ഉറപ്പുവരുത്തിക്കൊണ്ട്, സുതാര്യമായി, മെറിറ്റിന്റെ അടിസ്ഥാനത്തിൽ മാതാപിതാക്കൾ-കുട്ടികൾ സൗഹൃദപരിപാടിയായി സർക്കാർ പ്ലസ് വൺ പ്രവേശനം സംവിധാനം ചെയ്ത ഏകജാലകം എന്ന സമ്പ്രദായത്തെ എതിർക്കുന്ന സഭാമേലധികാരികൾ ജനവിരുദ്ധരാണെന്നവർ തുറന്നുപറഞ്ഞു.

നാല്, എൻ എസ് എസ്-ക്രൈസ്തവ ബാന്ധവത്തെ ഇവർ ശക്തിയുക്തം എതിർക്കുന്നു. സംവരണ ഗുണഭോക്താക്കളെയും പിന്നോക്കാവസ്ഥയിൽ നിൽക്കുന്നവരെയും പതിറ്റാണ്ടുകളായി എതിർക്കുന്ന എൻ എസ് എസുമായി ചങ്ങാത്തം കൂടാൻ കൊല്ലം ബിഷപ്പിനു ഉളുപ്പില്ലല്ലോ! ഇങ്ങനെയും സമുദായത്തെ ഒറ്റിക്കൊടുക്കാമോ? ബിഷപ്പിന്റേത് ഇടയലേഖനമല്ല, വേട്ടക്കാരന്റെ ലേഖനമാണ് എന്നാണവർ വിശേഷിപ്പിക്കുന്നത്.

അഞ്ച്, ആർ എസ് എസ്-ബി ജെ പി കാര്യദർശികളുടെ ചങ്ങനാശ്ശേരി ബിഷപ് ഹൗസ് സന്ദർശനത്തിന്റെ വർഗീയ പൊരുൾ ആർക്കാണു തിരിച്ചറിയാത്തത്. ഇവർ ഇതും ചൂണ്ടിക്കാട്ടുന്നു.

ആറ്, വ്യത്യസ്ത അഭിപ്രായമുള്ളത് കുറ്റമായി കാണാതെ, 'സത്യം നിങ്ങളെ സ്വതന്ത്രരാക്കും' എന്ന യേശുവചനത്തിൽ നിന്നു പ്രചോദനം ഉൾക്കൊണ്ടു മുന്നോട്ടു പോകാനാണവർ തീർപ്പെടുത്തിരിക്കുന്നത്.

ഏഴ്, ഏഴാംക്ലാസിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിൽ മത

ത്തിനും ദൈവത്തിനും എതിരായി ഒന്നുമില്ലെന്ന് അവർ തിരിച്ചറിയുന്നു. അതിനെ അനുകൂലിച്ചു സമൂഹത്തിലെ ചിന്തിക്കുന്ന പുരോഹിതരും മെത്രാന്മാരും ബുദ്ധിജീവികളും ഒക്കെ രംഗത്തു വന്നിട്ടും, ഇടയലേഖനങ്ങളും സമരപ്രഖ്യാപനങ്ങളും പ്രതിജ്ഞകളും റാലികളും പുസ്തകം കത്തിക്കലും ഒക്കെ നടത്തുന്നതിനെ ഇവർ അപലപിക്കുന്നു. തിരുവായ്ക്ക് എതിർവായില്ല എന്ന പഴയ ചൊല്ലു മാറ്റേണ്ട സമയമായി എന്നവർ വിശ്വസിക്കുന്നു.

ഇവരുടെ ഉത്സാഹത്തിൽ 2008 ജൂലായ് 13ന് ജനങ്ങളിൽ പാഠപുസ്തകാവബോധം വർധിപ്പിക്കാൻ കൊല്ലത്തു പള്ളിത്തോട്ടം, പോർട്ട്കൊല്ലം, മൂതാക്കര, വാടി, തങ്കശ്ശേരി എന്നീ അഞ്ചു കടലോര ഗ്രാമങ്ങളിലൂടെ 'പുസ്തകവായന പ്രചരണ യാത്ര' സംഘടിപ്പിച്ചു. അതിൽ പങ്കെടുക്കാൻ എന്നെയും ക്ഷണിച്ചിരുന്നു. അതു വലിയ അനുഗ്രഹമായാണ് ഞാൻ വിലമതിക്കുക.

പത്രമാധ്യമങ്ങളിലൂടെ ഈ സംഭവം നടക്കുമെന്നറിഞ്ഞപ്പോൾ, കൊല്ലം കടപ്പുറത്തു ക്രമസമാധാനലംഘനം ഉണ്ടാകും. പ്രചരണയാത്രയിൽ പങ്കെടുക്കരുതെന്നു പലരും എന്നെ ഫോണിൽ വിളിച്ചറിയിച്ചു. സാമൂഹ്യനീതിയുടെ പ്രശ്നമാണ് ഇവിടെയുള്ളത്; നീതിയുടെ പക്ഷമാണ് എന്റേത്. തീർച്ചയായും അതിൽ പങ്കെടുക്കുമെന്നു ഞാൻ അറിയിച്ചു. അന്നു രാവിലെ ചാനലുകളെ സഭാനേതൃത്വം അറിയിച്ചു - നടക്കാൻ പോകുന്ന 'പാഠപുസ്തക പ്രചരണയാത്ര'യിൽ അഭിസംബോധന ചെയ്യുന്ന അച്ചൻ സഭയുടെ അംഗീകാരമുള്ള അച്ചനല്ല. കൊല്ലം തീരദേശ യുവജന അൽമായവേദിക്കു ഇതു ആവേശമായി. അവർ പറഞ്ഞു. 'ഞങ്ങൾക്കു അങ്ങനെയുള്ള അച്ചനെയാണ് വേണ്ടത്. സഭയുടെ അംഗീകാരമുള്ള അച്ചൻ സത്യം പറയുകയില്ലല്ലോ. ഈ അച്ചൻ സത്യം പറയുമല്ലോ.' ഇവരുടെ ഈ പ്രതികരണം എന്നിലും ആവേശമൊഴുക്കി.

അഞ്ചു സ്ഥലത്തും ഉദ്ഘാടന പ്രഭാഷണം എന്റേതായതിനാൽ, ഓരോ സ്ഥലത്തും വ്യത്യസ്തമായ കാര്യങ്ങൾ പറയാൻ ശ്രമിച്ചിരുന്നു. പക്ഷേ എല്ലാ സ്ഥലത്തും പുതിയ പാഠ്യപദ്ധതി രൂപീകരണത്തിന്റെ പിന്നിലെ പ്രത്യയശാസ്ത്രപരമായ വിമർശനാത്മക ബോധനരീതിയെപ്പറ്റി പറഞ്ഞിരുന്നു. അവതരിപ്പിച്ചവ സംക്ഷിപ്തമായി കുറിക്കട്ടെ.

1. വിദ്യാഭ്യാസത്തെ രണ്ടു തരത്തിൽ കാണാം - ഇന്നത്തെ അവസ്ഥയെ നിലനിർത്താൻ കുട്ടികളെ സജ്ജരാക്കുന്നതും, അതല്ല ഇന്നത്തെ വ്യവസ്ഥിതിയെ മാറ്റിമറിക്കാൻ, സമൂലപരിവർത്തനം വരുത്താൻ സജ്ജരാക്കുന്നതുമായ രണ്ടു സമീപനങ്ങൾ.

ബ്രിട്ടീഷുകാർ നമുക്കു സംഭാവന നൽകിയ വിദ്യാഭ്യാസ സമ്പ്രദായം ആദ്യത്തേതാണ്. വ്യവസ്ഥിതിയെ നിലനിർത്തിക്കൊണ്ടുപോകാൻ, ഓഫീസ് ജോലികൾ ചെയ്യാൻ കുറച്ചു ശിപായിമാരെ വേണം. ബഹുഭൂരിപക്ഷം അവിടെ പുറന്തള്ളപ്പെട്ടിരിക്കും. ഇതാണ് 'അരിപ്പ' വിദ്യാഭ്യാസസമ്പ്രദായം. ഒരു ഉദാഹരണം. എസ് എസ് എൽ സി ക്കു അഞ്ചു ലക്ഷം കുട്ടികൾ പരീക്ഷ എഴുതിയാൽ 2.5 ലക്ഷം കുട്ടികൾ തോൽക്കും. വീണ്ടും പി ഡി സി യിൽ 50% ന്റെ 30% ജയിക്കും. അതായതു വെറും

15%. അവരാണു ഡിഗ്രിക്കും മറ്റും പോകുന്നത്. അങ്ങനെ ആകെ 85% കുട്ടികളും മരമണ്ടന്മാർ. ഇങ്ങനെ ജയിച്ച 15% ൽ നിന്നാണ് പഠിച്ചു വളർന്ന് എല്ലാ മേഖലകളിലേക്കും പോകേണ്ടത്. ഇവർ പൊതുവേ മധ്യവർഗമോ ഉപരിവർഗമോ ആയിരിക്കും. അൽപം ആഴത്തിൽ ചിന്തിച്ചാൽ ഈ സമീപനം തീർത്തും അശാസ്ത്രീയവും ചൂഷണാധിഷ്ഠിതവുമെന്നു വ്യക്തമാകും. നമ്മുടെ കുഞ്ഞുങ്ങളിൽ 85% വും മണ്ടന്മാരും വിഡ്ഢികളും ബുദ്ധിഹീനരുമെന്നു വിധിയെഴുതി മുദ്രകുത്തുന്ന വിദ്യാഭ്യാസം ഹീനമാണ്.

ഈ സമ്പ്രദായം ശാസ്ത്രീയമല്ല എന്ന് ഇന്ത്യാഗവണ്മെന്റ് മനസിലാക്കിയിട്ടാണ് ദേശീയതലത്തിൽ വിദ്യാഭ്യാസ പരിഷ്കരണ സമിതിക്കു 1996 ൽ രൂപംകൊടുത്തത്. ഈ സമീപനത്തിൽ കുട്ടികൾ പൊള്ളയായ, ഒഴിഞ്ഞ പാത്രമല്ല; അധ്യാപകർ ഇവരുടെ തലയ്ക്കുള്ളിലേയ്ക്കു വിജ്ഞാനജലം ഒഴിച്ചുകൊടുത്തു നിറപ്പിക്കേണ്ടതുമല്ല. ഇവിടെ കുട്ടികൾ വിദ്യ ആർജ്ജിക്കുന്നതിൽ കർത്താക്കളാകുന്നു. കുട്ടികൾ സാമൂഹ്യസാഹചര്യങ്ങളും ചുറ്റുപാടുകളും ശ്രദ്ധിക്കുന്നു. വിമർശനാത്മകമായി വിമർശിക്കുന്നു. കാര്യങ്ങൾ ചോദ്യംചെയ്യുന്നു. 'എന്തുകൊണ്ട്' എന്ന ചോദ്യം നിതരാം ഉയർത്തുന്നു. അടിസ്ഥാനപരമായി സാമൂഹ്യമാറ്റം കൈവരുത്തുന്ന പ്രക്രിയയിൽ കുട്ടികളും അധ്യാപകരും ഇതുവഴി ഇടപെടുകയാണ്. അങ്ങനെ ഇവിടെ വിദ്യാഭ്യാസത്തിനു ഒരു പങ്കാളിത്തസ്വഭാവമുണ്ടാകുന്നു. അതെ വിദ്യാഭ്യാസം സാമൂഹ്യപരിവർത്തനത്തിനുള്ള ഉപാധിയാകുന്നു. എല്ലാ കുട്ടികളും മിടുക്കരും സമർഥരുമാണെന്നും സാമൂഹ്യമാറ്റ പ്രക്രിയയിൽ നിർണായകമായ പങ്കുവഹിക്കേണ്ടതുണ്ട് എന്നുമുള്ള പ്രത്യയശാസ്ത്രം ഇതിന്റെ പിന്നിലുണ്ട്. ഈ ചിന്തയെ അടിസ്ഥാനമാക്കിയാണ് 1996 ഡി പി ഇ പി യ്ക്കു തുടക്കം കുറിച്ചത്. തുടർന്നുള്ള ഇടപെടലിൽ 2005 ൽ ദേശീയ പാഠ്യക്രമ ചട്ടക്കൂടും ഇതിന്റെ ചുവടു പിടിച്ചു കേരളത്തിന്റെ സവിശേഷതകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പാഠ്യക്രമം ഉണ്ടാക്കാൻ കേരള പാഠ്യക്രമ ചട്ടക്കൂട് 2007 ഉം പ്രവർത്തിച്ചതിന്റെ ഫലമാണ് പുതിയ പാഠപുസ്തകങ്ങൾ.

ഞാനിവിടെ പറയാൻ ശ്രമിക്കുന്നത്, ഈ രണ്ടു പാഠപുസ്തകങ്ങൾക്കും വിദ്യാഭ്യാസ സമ്പ്രദായങ്ങൾക്കും രണ്ടു താൽപര്യങ്ങളാണ്, വ്യത്യസ്തവും വിഭിന്നവുമായ ലക്ഷ്യങ്ങളാണുള്ളത്. അവിടെ ഏറ്റുമുട്ടൽ അനിവാര്യമാണ് എന്നാണ് എന്റെ കാഴ്ചപ്പാട്. പക്ഷേ ഏറ്റുമുട്ടുന്ന രീതി കായികവും തെറ്റിദ്ധാരണ ജനിപ്പിക്കുന്ന ആരോപണ പ്രത്യാരോപണവും ആയിട്ടു കാര്യമില്ല. അതുപോലെ അവിടെ ജാതി-മത-സമുദായ വികാരങ്ങൾ ഉണർത്തി യഥാർഥ പ്രശ്നത്തിൽ നിന്നു ജനശ്രദ്ധയെ വഴിതെറ്റിക്കുന്നതും ഭൂഷണമല്ല. ഇവിടെ വേണ്ടത് തുറന്ന ചർച്ചയും ശക്തമായ സംവാദവുമാണ്. ഇന്നു നടക്കുന്നതു സംവാദത്തിനു പകരം സംഘട്ടനങ്ങളും പൈശാചികമായ ഏറ്റുമുട്ടലുകളുമാണ്. അത് അധ്യാപകന്റെ കൊലപാതകം വരെയെത്തി. അവ എല്ലാംകൊണ്ടും അപലപനീയമാണ്.

2. ഈ പുസ്തക രൂപീകരണത്തിന്റെ അന്തർധാരയായി വളരെ

ശ്രദ്ധേയമായ മറ്റൊന്നു കാണുന്നുണ്ട്. ഇന്നുവരെ എഴുതപ്പെട്ട ചരിത്രം വിജയിച്ചവന്റെ, വലിയവന്റെ ചരിത്രമാണ്, അടിക്കുന്നവന്റെ ചരിത്രമാണ്, വേട്ടക്കാരന്റെ ചരിത്രമാണ്. രാജാക്കന്മാരെയും ജന്മിമാരെയും മാടമ്പിമാരെയും ഭരണാധികാരികളെയും അധീശവർഗത്തെയും കേന്ദ്രീകരിച്ചുള്ള ചരിത്രം. ഈ പാഠപുസ്തകം ജാതിവ്യവസ്ഥയുടെ ഫലമായി ജീവിതം അറ്റുപോയ അധഃസ്ഥിതവർഗമെന്നു മേൽജാതിയാൽ വിശേഷിപ്പിച്ചിരുന്ന ദലിതരുടെ ചരിത്രത്തിലേക്കു വിരൽചൂണ്ടുന്നു; കാർഷിക മേഖലയിൽ കർഷകർക്കും കർഷകത്തൊഴിലാളികൾക്കും വിലകൽപിക്കുന്ന ചരിത്രത്തിലേക്കു സൂചനയുണ്ട്. സ്ത്രീസമൂഹം ഇന്നു എല്ലാ രീതിയിലും അവഗണിക്കപ്പെട്ടിരിക്കുന്ന ഒരു സമൂഹത്തിൽ, സ്ത്രീസ്വാതന്ത്ര്യത്തിനു വേണ്ടി, മാന്യമായി വസ്ത്രം ധരിക്കാൻ വേണ്ടി നടത്തിയ ചാന്നാർ ലഹളയ്ക്കു ഈ പുസ്തകത്തിൽ സ്ഥാനമുണ്ട്. ക്രൈസ്തവ സഭയെപ്പറ്റി സൂചിപ്പിക്കുന്നതു ക്രിസ്ത്യാനികൾക്കിടയിലെ ജാതിവിവേചനത്തിനെതിരെ പോരാടിയ പൊയ്കയിൽ യോഹന്നാൻ രൂപം കൊടുത്ത 'പ്രത്യക്ഷ രക്ഷാ ദൈവസഭ'യാണ്. അങ്ങനെ ചുരുക്കത്തിൽ ഈ പാഠപുസ്തകരചനയിൽ ദലിത് പരിപ്രേക്ഷ്യം സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്നു വ്യക്തം. ദലിത് വിമോചന പ്രവർത്തകർക്കു ഇത്രയും പറഞ്ഞാൽ പോരാ എന്ന ആക്ഷേപം നിലനിൽക്കുന്നുണ്ടെങ്കിലും പഴയ പാഠപുസ്തകങ്ങളിൽ നിന്നും തീർത്തും ഗുണകരമായ വ്യത്യാസമാണ് ഈ ദലിത് പരിപ്രേക്ഷ്യം. ഇതു പക്ഷേ ഇന്നത്തെ ആൺകോയ്മാ സമൂഹത്തിനോ, മേൽജാതിക്കാർക്കോ, പരമ്പരാഗത സുറിയാനി-ലത്തീൻ കത്തോലിക്കർക്കോ സ്വീകരിക്കാൻ വിഷമമുണ്ടാകും. അതു സ്വാഭാവികമാണ്. അതു മനസ്സിലാക്കാവുന്നതേയുള്ളു. അവരുടെ ഉള്ളിലെ ഈ മനോവികാരം അതേപടി തുറന്നുപറയാൻ ജാതി-മത അധികാരികൾക്കു ധൈര്യവുമില്ല. ജാതിവിവേചനം ഭരണഘടനാവിരുദ്ധമാണ്, മതപഠനങ്ങൾക്കും എതിരാണ്. അവിടെയാണ് അവരുടെ രഹസ്യ അജണ്ട പ്രകടമാകുന്നത്. അവർ കമ്യൂണിസം പഠിപ്പിക്കുന്നു, ദൈവനിഷേധവും മതനിരാസവും പ്രോത്സാഹിപ്പിക്കുന്നു എന്നു കാര്യങ്ങളെ വളച്ചൊടിച്ചാൽ, ജനത്തിന്റെ മൃദുലവികാരത്തെ തൊട്ടുണർത്താൻ പറ്റും എന്ന സമീപനമാണ് മത-ജാതി നേതാക്കൾ സ്വീകരിച്ചിരിക്കുന്നത്. ഇത് അപലപനീയമാണ്.

3. 'മതമില്ലാത്ത ജീവൻ' എന്ന പാഠഭാഗമാണല്ലോ ഏറ്റവും കൂടുതൽ സംവാദത്തിനും പ്രതിഷേധത്തിനും വിധേയമായത്. ഇതിനോടുള്ള പ്രതികൂലസമീപനത്തിൽ എടുത്തുകാട്ടപ്പെടുന്നതു രണ്ടു കാര്യങ്ങളാണ്. ഒന്ന്, മിശ്രവിവാഹത്തെ പ്രോത്സാഹിപ്പിക്കുന്നു എന്നതാണ് ആരോപണം. ഉത്തരവാദിത്തപ്പെട്ട, പ്രായപൂർത്തിയായ സ്ത്രീക്കും പുരുഷനും വിവാഹത്തിൽ ഏർപ്പെടാൻ ഇന്ത്യൻ നിയമസംഹിത അനുവാദം നൽകുന്നു. മാത്രമല്ല, ഇതു മനുഷ്യന്റെ അടിസ്ഥാന മൗലികാവകാശമാണുതാനും. അവിടെ മതവും ജാതിയും വിഘാതമാകേണ്ടതില്ല. മാത്രമല്ല കേരള നവോത്ഥാനത്തിന്റെ നാഴികക്കല്ലായി എടുത്തുകാട്ടുന്നതു മിശ്രവിവാഹമാണ്. നമ്മുടെ സർക്കാർ ഇങ്ങനെ വിവാഹിതരാകുന്നവർക്കു

പ്രോത്സാഹനവും സംരക്ഷണവും സാമ്പത്തികസഹായവും നൽകുന്നുണ്ടു താനും. അങ്ങനെ ഇതിൽ യാതൊരു പുതുമയുമില്ല. വർഷങ്ങളായി ഇതു നടപ്പിലായിക്കൊണ്ടിരിക്കുന്നു. ആരും ഇതിനെതിരെ സംഘടിക്കുകയോ സമരംചെയ്യുകയോ പ്രക്ഷോഭങ്ങൾ നടത്തുകയോ ചെയ്തതായി ചരിത്രമില്ല. അപ്പോൾ പിന്നെ എന്തുകൊണ്ടു പാഠപുസ്തകത്തിലെ മിശ്രവിവാഹിതരുടെ കഥ പ്രശ്നമാകുന്നു, ആരോപണമാകുന്നു? ഇവിടെ മറ്റേതോ താൽപര്യങ്ങൾ ഉണ്ടെന്നു വേണം അനുമാനിക്കാൻ.

മാത്രമല്ല, കുട്ടികളെ സ്കൂളിൽ പ്രവേശിപ്പിക്കുമ്പോൾ, അപേക്ഷാഫാറത്തിൽ ജാതി, മതം എന്ന കോളമുണ്ട്. സംവരണാനുകൂല്യത്തിന് ഇന്നു അത് ആവശ്യവുമാണ്. നാളെ സംവരണം ഇല്ലാതാകുമ്പോൾ, അതിന്റെ യാതൊരാവശ്യവുമില്ല. ഇപ്പോൾ ഈ കോളത്തിൽ നിർബന്ധമായും ജാതിയും മതവും പൂരിപ്പിക്കണമെന്നില്ല എന്നതാണ് സർക്കാർ നിബന്ധന. ഭാരതീയ യുക്തിവാദിസംഘം വൈസ്പ്രസിഡന്റ് ശ്രീ. രവി മൂവാറ്റുപുഴ 29. 12. 2004 ൽ കൊടുത്ത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 5. 9. 2005 ൽ ബഹുമാനപ്പെട്ട ഹൈക്കോടതി WP(C)23142/05 ആയി ഇറക്കിയ വിധിയിൽ ജാതിമതകോളത്തിൽ “Non-religion/secular/Not applicable” എന്ന രീതിയിൽ പൂരിപ്പിക്കാമെന്നു വ്യക്തമാക്കുന്നുണ്ട്. ഇതു നടന്നത് 2004 ലും 2005 ലുമാണ്. ഇതിന്റെ വെളിച്ചത്തിൽ 21. 11. 2005 ൽ പൊതുവിദ്യാഭ്യാസവകുപ്പ് G.O.(RT) No. 5435/05/G.Edn എന്ന നമ്പറിൽ സർക്കാർ ഓർഡർ ഇറക്കിയിട്ടുള്ളതുമാണ്. വളരെ വർഷങ്ങൾക്കു മുമ്പ് 29. 4. 1974 ൽ തന്നെ പ്രവേശനത്തിനുള്ള അപേക്ഷയിൽ ജാതിയും മതവും ചേർക്കേണ്ടതില്ലെന്ന് നിഷ്കർഷിക്കുന്ന ഗവണ്മെന്റ് ഉത്തരവുണ്ട് G.O. (MS) 77/74 G. Edn. Trivandrum dt. 29. 4. 1974. സർക്കാർ ഉത്തരവുകളുടെ ശരിപ്പകർപ്പ് ഇവിടെ ചേർക്കുന്നു.

Scctt. 37. 3/417/2004/2 Lakhs. GPM. Govt. of Kerala

**GOVERNMENT OF KERALA**

**Abstract**

General Education SSLC in Corporating Non-religion/Secular/Not applicable colomn corresponding to religion in the new software database for SSLC-Implementation of judgement-Orders issued.

**Central Education (G) Department**

G.O.(RT) No. 5435/05/G.Edn. Dated,Thiruvanathapuram, 21-11-2005.
Read:

1. Representation dated, 29.12.2004 from Shri.Ravi Moovattupuzha, Vice-President, Bharatheeya Yuktivadi Sangam (Ext.p5).
2. Judgement dated, 5.9.2005 of Hon'ble High-court in WP(C) 23142/05 filed by Bharatheeya Yuktivadi Sangam.
3. Lt. No. C. General (1) 26911CGE dated 2.11.2005 from Commissioner for Govt.Examinations, Thiruvananthapuram.

ORDER

In the judgement read as second paper above the Hon'ble high-court of Kerala directed the first respondent ie.Chief Secretary to take Note of Ext. P5 and take appropriate decision in accordance with rules. Ext. P5 is the representation dated 29. 12. 2004 submitted to Chief Secretary by the petitioner. The main prayer in the representation is to incorporate "Non-religion/Secular/Not applicable" column corresponding to religion in the new software database for SSLC for those who have no faith in religion and caste.

2) Government have examined the matter and *decided to permit to indicate "Non-religion/Secular/Not applicable"* against the column for religion and caste in the SSLC of those who do not want to indicate religion/caste. The National Informatics Centre has also been authorized to make necessary changes in the software database for SSLC.

3) Ext. P5 read as first paper above is disposed for accordingly.

(By Order of the Governor)
K.V. SASIDHARAN
DEPUTY SECRETERY

To

The Director of Public Instruction, Thiruvananthapuram
The Commissioner for Government Examinations, Thiruvananthapuram
Sri. Ravi Moovattupuzha, Vice-President, Bharatheeya Yukthivadi Sangam
Karippurathu, Vellurkonam; Market P. O., Moovattupuzha, Ernakulam
The Advocate General, Ernakulam
The Stock File copy.

Forwarded By Order
s/d
Section Officer

## ജാതിയും മതവും ചേർക്കേണ്ടതില്ലെന്ന് നിഷ്കർഷിക്കുന്ന ഗവണ്മെന്റ് ഉത്തരവ്

GOVERNMENT OF KERALA

Abstract

GENERAL EDUCATION-SCHOOL ADMISSION

Non-insistence of furnishing religion in the application for admission -order-issued.

GENERAL EDUCATION DEPARTMENT

G.O. (MS) 77/74/G.Edn. Trivandrum, Dates 29-4-1974

ORDER

It has been complained to Government that some Headmasters of Schools are refusing to admit pupils in school without the parents/guardian furnishing the religion of the pupils in the application in the form 3 prescribed in the Kerala Education Rules. Item 3 in the form only requires furnishing of information and religion of the pupil and if in any case the parents/guardian do not wish to furnish the religion of the pupils, that application for admission can not be rejected on the ground. Every person has the right to have his own religion if the person concerned do not wish to furnish it. In these cases, item 3 in the form of application may be filled up as "Religion no stated" and the application shall be accepted and admission granted according to rules. The Headmasters of schools are instructed accordingly. The director of public instruction will circulate this order to Heads of Schools immediately

By order of the Governor
Zacharia Mathew
Secretary of Government

കഴിഞ്ഞ യു ഡി എഫ് ഭരിച്ചിരുന്ന കാലത്താണ് ആദ്യം ഉദ്ധരിച്ച ഓർഡർ എന്നു എടുത്തു പറയേണ്ടതില്ലല്ലോ. ജാതി-മത-സമുദായങ്ങൾ ആരും തന്നെ ഇതിനെതിരെ ഒരു സ്വരവുമുയർത്തിയില്ല എന്നതു ശ്രദ്ധേയമാണ്. അങ്ങനെയെങ്കിൽ എന്തുകൊണ്ടു ഇന്നു സാമൂഹ്യപാഠപുസ്തകത്തിലെ ഇത്തരമൊരു പരാമർശത്തോടു മാത്രം ഇത്ര വിമുഖത? ഇവിടെ വേറേ താൽപര്യങ്ങളില്ലേ എന്നു ന്യായമായും സംശയിക്കാം.

ഈ പാഠത്തിനെതിരെ രണ്ടാമത്തെ ആരോപണം ഇതു മതനിരാസവും മതനിഷേധവും കമ്യൂണിസവും നിരീശ്വരത്വവും പിഞ്ചു മനസ്സുകളിലേയ്ക്കു നിക്ഷേപിക്കുന്നു എന്നതാണ്. ഈ പാഠഭാഗത്തിന്റെ ലക്ഷ്യമായി പുസ്തകത്തിൽ പറയുന്നത് 'ജാതിയുടെയും വിശ്വാസങ്ങളുടെയും പേരിൽ മനുഷ്യർ തമ്മിലടിക്കുന്ന പല സന്ദർഭങ്ങൾ ഇന്നു നാം കാണുന്നു. എല്ലാ മതങ്ങളും മനുഷ്യനന്മ ലക്ഷ്യമാക്കുന്നു. സഹിഷ്ണുതയോടെ

ജീവിക്കാൻ പ്രേരിപ്പിക്കുന്നു ... പരസ്പരം സ്നേഹവും ബഹുമാനവും പുലർത്താൻ ആഹ്വാനം ചെയ്യുന്നു ... എല്ലാ ഇന്ത്യാക്കാരും എന്റെ സഹോദരീസഹോദരന്മാർ' എന്നൊക്കെയാണ്. (പേജ് 17,25,26,27). ഈ ലക്ഷ്യംവച്ചുകൊണ്ടുള്ള പാഠഭാഗമാണ് 'മതമില്ലാത്ത ജീവൻ' പുസ്തകത്തിലെ ഭാഗം ഇതേപടി കുറിക്കട്ടെ.

ഇവിടെ മതങ്ങളെ സ്നേഹിക്കാനും ബഹുമാനിക്കാനുമാണ് പഠിപ്പിക്കുന്നത്. രണ്ടു മതവിശ്വാസികൾ/മതാംഗങ്ങൾ വിവാഹിതരായിരിക്കുന്നിടത്ത് അവരുടെ കുഞ്ഞു പ്രായപൂർത്തിയാകും വരെ എല്ലാ മതങ്ങളും പഠിച്ചുവളരട്ടെ. വലുതാകുമ്പോൾ അവന് ഇഷ്ടമുള്ള മതം തിരഞ്ഞെടുക്കട്ടെ. ഇവിടെ മാതാപിതാക്കൾ രണ്ടുപേരുടെയും മതങ്ങളോടുള്ള സ്നേഹവും ബഹുമാനവും കൊണ്ടാണ് മതം വേണ്ട എന്നു അവർ വ്യക്തമാക്കുന്നത്. ഇനി എല്ലാവരും സഹോദരീസഹോദരന്മാരെങ്കിൽ ജാതിയും വേണ്ടല്ലോ.

മാത്രമല്ല, ഇന്ത്യ ഒരു മതേതരരാഷ്ട്രമാണ് എന്നു ഭരണഘടന വ്യക്തമായി അതിന്റെ ആമുഖത്തിൽത്തന്നെ പറയുന്നു. എല്ലാ മതങ്ങൾക്കും അവരുടെ വിശ്വാസത്തിൽ ഉറച്ചുനിൽക്കാനും അതു പ്രചരിപ്പിക്കാനുമുള്ള അവകാശം ഭരണഘടന നൽകുന്നു. അതുപോലെ മതത്തെ വേണ്ടെന്നുവയ്ക്കാനും അതിനെ പ്രചരിപ്പിക്കാനുമുള്ള അവകാശവും ഭരണഘടന തരുന്നുണ്ട്. ഇതു വ്യക്തിസ്വാതന്ത്ര്യത്തിന്റെ മേഖലയാണ്. ഒരാൾക്കും അവിടെ കൈകടത്താൻ അവകാശമില്ല. ഇവിടെ കമ്യൂണിസത്തെപ്പറ്റിയോ നിരീശ്വരവാദത്തെപ്പറ്റിയോ യാതൊരുവിധമായ സൂചനയും സാമാന്യബുദ്ധിക്കു കാണാൻ പറ്റുന്നില്ല.

ഇനി പ്രായപൂർത്തിയാകാത്ത ഏതാണ്ടു 12 വയസു പ്രായമുള്ള കുട്ടികളിൽ ഇങ്ങനെയുള്ള സ്വതന്ത്രചിന്ത വളർത്തുന്നതു ശരിയല്ല എന്ന ആരോപണവും യുക്തിസഹമല്ല. ഇന്നത്തെ കുട്ടികൾ, വിവിധ ദൃശ്യ-ശ്രവ്യമാധ്യമങ്ങളിലൂടെ എല്ലാ പ്രശ്നങ്ങളെയും വളരെ ഇളംപ്രായത്തിലേ കണ്ടും കേട്ടും അഭിസംബോധനചെയ്തുകൊണ്ടിരിക്കുന്നു എന്നതാണു വസ്തുത. ഇനി വാദത്തിനു വേണ്ടി ഇതു സമ്മതിച്ചാൽ ഞാൻ മറ്റൊരു കാര്യം ചോദിച്ചോട്ടെ? എങ്ങനെയാണു ഇന്നു വിവിധ മതവിശ്വാസികളായ മാതാപിതാക്കൾ മനുഷ്യക്കുഞ്ഞുങ്ങളായി ഈ ഭൂമിയിൽ ജനിച്ചു വീണ കുഞ്ഞുങ്ങളെ മാതാപിതാക്കളുടെ മതത്തിൽ ജ്ഞാനസ്നാനം, പേരിടീൽ, പരിച്ഛേദനം നടത്തി ആ വിശ്വാസത്തിൽ നിർബന്ധപൂർവ്വം വളർത്തിക്കൊണ്ടുവരുന്നത്? പിഞ്ചു കുഞ്ഞായിരിക്കേതന്നെ മാതാപിതാക്കളുടെ മതാചാരങ്ങൾക്കു അനുസൃതമായി കുഞ്ഞിനെ പരുവപ്പെടുത്തുന്നതിന്റെ യുക്തിയും ന്യായീകരണവും എന്ത്? ആ പിഞ്ചു കുഞ്ഞിനോടു കാട്ടാവുന്ന ഏറ്റവും വലിയ ക്രൂരതയും പീഡനവുമല്ലേ അത്? കുട്ടി വളർന്നു പക്വത വരുമ്പോൾ അവനു ഇഷ്ടമുള്ള മതം സ്വീകരിക്കാനുള്ള

സ്വാതന്ത്ര്യമുണ്ടെന്നു ചിലപ്പോൾ പറയാമെങ്കിലും, പിഞ്ചു കുഞ്ഞായിരിക്കുമ്പോഴേ പരുവപ്പെടുത്തിയെടുത്ത ചട്ടക്കൂടിന്റെ സ്വാധീനം അവനെ അടിമയാക്കുകയല്ലേ ചെയ്യുക? സത്യത്തിൽ ഒരു മതേതര രാഷ്ട്രത്തിൽ, പിഞ്ചു കുഞ്ഞായിരിക്കുമ്പോഴേ എല്ലാ മതങ്ങളെയും ബന്ധിപ്പിക്കുകയാണു വേണ്ടത്. ഒപ്പം മതമില്ലാത്ത അവസ്ഥയെയും. പിഞ്ചുകുഞ്ഞിനെ ഒരു മതത്തിൽ (അതു മാതാപിതാക്കളുടെ മതമായാലും ശരി) വളർത്തുക ഭരണഘടനാ വിരുദ്ധമാണ് എന്നാണ് എന്റെ ചിന്ത. ആ കുട്ടിയുടെ സ്വതന്ത്ര വളർച്ചയ്ക്കുള്ള കടിഞ്ഞാണിടലാണ് ഈ മതപ്രവേശനകർമ്മങ്ങളും അനുഷ്ഠാനങ്ങളും പ്രത്യേക മതപഠനങ്ങളും. എല്ലാ മതങ്ങളും ദൈവങ്ങളും കുട്ടികൾ പഠിക്കട്ടെ. ഒപ്പം മതമില്ലാത്ത, ദൈവമില്ലാത്ത അവസ്ഥയും. മനുഷ്യന്റെ ഏറ്റവും വലിയ സവിശേഷതയായ സ്വാതന്ത്ര്യം ഉത്തരവാദിത്തത്തോടെ ഉപയോഗിച്ചു അവൻ സ്വയം തീരുമാനിക്കട്ടെ. ഈ പാതയിലേയ്ക്കുള്ള ചെറിയൊരു കാൽവെയ്പാണീ പാഠഭാഗം.

**മതമില്ലാത്ത ജീവൻ**

സ്കൂളിൽ ചേർക്കാനായി കുട്ടിയോടൊപ്പം എത്തിയ രക്ഷിതാക്കളെ മുന്നിലുള്ള കസേരകളിൽ ഇരുത്തി ഹെഡ്മാസ്റ്റർ അപേക്ഷ പൂരിപ്പിക്കാൻ തുടങ്ങി:



"മോന്റെ പേരെന്താ?"

'ജീവൻ'

"കൊള്ളാം....നല്ലപേര്. അച്ഛന്റെ പേര്?"

"അൻവർ റഷീദ്'

"അമ്മയുടെ പേര്?"

"ലക്ഷ്മീദേവി"

ഹെഡ്മാസ്റ്റർ മുഖമുയർത്തി രക്ഷിതാക്കളെ നോക്കി ചോദിച്ചു:

"കുട്ടിയുടെ മതം ഏതാ ചേർക്കേണ്ടത്?"

"ഒന്നും ചേർക്കേണ്ട. മതമില്ലെന്ന് ചേർത്തോളൂ."

"ജാതിയോ?"

"അതും വേണ്ട."

ഹെഡ്മാസ്റ്റർ കസേരയിലേക്ക് ചാരിയിരുന്ന് അൽപം ഗൗരവത്തോടെ ചോദിച്ചു:

"വലുതാകുമ്പോൾ ഇവന് ഏതെങ്കിലും മതം വേണമെന്നു തോന്നിയാലോ?"

"അങ്ങനെ വേണമെന്നു തോന്നുമ്പോൾ അവന് ഇഷ്ടമുള്ള മതം തിരഞ്ഞെടുക്കട്ടെ."

# 9

## നവ സമഗ്രവീക്ഷണത്തിലേയ്ക്കുള്ള കാൽവയ്പ്

ഏതാണ്ട് 150 ലേറെപ്പേർ പങ്കെടുത്ത സെമിനാറിൽ ഏതാണ്ടു 120 പേരും വീട്ടമ്മമാരായിരുന്നു. അവരുടെ സാന്നിധ്യം കാര്യങ്ങളുടെ നിജസ്ഥിതി അറിയണമെന്നുള്ള താൽപര്യം തെളിഞ്ഞുനിന്നു. യോഗത്തിനു മുമ്പ് അവരിൽ കുറച്ചേറെ പേരുമായി കുശലം പറയാൻ സാധിച്ചതിലാണ് അവരുടെ യഥാർഥ ഹൃദയവികാരം മനസിലാക്കാൻ സാധിച്ചത്. അതുകൊണ്ടുതന്നെ, തുടർന്നു നടന്ന സംസാരത്തിനു വൈയക്തിക മാനമുണ്ടായിരുന്നു. ആലപ്പുഴ തോട്ടപ്പള്ളിക്കു സമീപം പുന്തലയിൽ വച്ചു 2008 ജൂലായ് 7നായിരുന്നു യോഗം.

ഇന്നു പാഠപുസ്തകത്തെ എതിർക്കുന്നവർ എടുത്തുകാട്ടുന്ന ഒരു വികൃത ചിത്രമുണ്ട് - ബഹു. വിദ്യാഭ്യാസമന്ത്രി ശ്രീ. എം എ ബേബിയോ അദ്ദേഹത്തിന്റെ ഓഫീസിൽ പ്രവർത്തിക്കുന്ന കുറച്ചു സ്ഥാപിത താൽപര്യക്കാരോ ഒരു സുപ്രഭാതത്തിൽ പാഠപുസ്തകം പുറത്തിറക്കി എന്നതാണത്. 1980 ൽ തൊട്ടു വിദ്യാഭ്യാസത്തെ ഗൗരവമായി കണ്ട വ്യക്തികളും സംഘടനകളും പാഠ്യപദ്ധതി പരിഷ്കരണത്തെപ്പറ്റി കേരളസമൂഹത്തിൽ ചർച്ച തുടങ്ങിയതാണ്. കേന്ദ്രസർക്കാരും ഇക്കാര്യത്തിൽ താൽപര്യം കാട്ടി. 1996 ൽ ഡി പി ഇ പി എന്ന പദ്ധതിയിലൂടെ നടപ്പിലാക്കാൻ ശ്രമിച്ചതു, പരമ്പരാഗത വിദ്യാഭ്യാസസമ്പ്രദായത്തെ ചോദ്യം ചെയ്തുകൊണ്ടാണ്. കുട്ടി ഒഴിഞ്ഞ പാത്രമല്ല; അധ്യാപകന്റെ അറിവു കുട്ടികളിലേക്കു ഒഴിച്ചുകൊടുക്കുകയല്ല വേണ്ടത്. കുട്ടിയും അധ്യാപകനും ഒത്തു പഠിക്കുകയാണ് വേണ്ടത്. കുട്ടികൾ നിരീക്ഷിക്കണം, എഴുന്നേറ്റു നിന്ന് സംസാരിക്കണം, വിലയിരുത്തണം, ചോദ്യംചെയ്യണം - അങ്ങനെ വിദ്യാഭ്യാസപ്രക്രിയയിൽ അധ്യാപകരും കുട്ടികളും ഒത്തു പ്രവർത്തിക്കുക എന്ന പുതിയ ചിന്താഗതി സാവകാശം കടന്നുവരുകയായിരുന്നു.

അതിന്റെയൊക്കെ പ്രകടമായ മുന്നേറ്റമാണ് കേന്ദ്രത്തിലെ എൻ സി ഇ ആർ ടി കാര്യാലയം. അതിന്റെ സംസ്ഥാന വകഭേദമാണ് കെ സി ഇ ആർ ടി അതുപോലെ 2005 ൽ എൻ സി എഫ് (ദേശീയ കരിക്കുലം ചട്ടക്കൂട്) ഇന്ത്യയിൽ ഉണ്ടായിരിക്കേണ്ട വിദ്യാഭ്യാസത്തിന്റെ പൊതുധാരയ്ക്കു രൂപംകൊടുത്തു. അതു ഓരോ സംസ്ഥാനത്തും അവിടത്തെ ചരിത്രപരമായ പ്രത്യേക സാഹചര്യങ്ങളെ കണക്കിലെടുത്തു മാറ്റം വരുത്തണമെന്നുണ്ട്. അതിനായി കെ സി എഫ് (കേരള കരിക്കുലം ചട്ടക്കൂട്) 2007 നു രൂപംകൊടുത്തു. കരടുരൂപം കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും പൊതുജനത്തിന്റെ സജീവമായ ചർച്ചയ്ക്കു വിധേയമാക്കി. അവിടെ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ വച്ചിട്ടാണ് പുതിയ പാഠ്യപദ്ധതിക്കു രൂപംകൊടുത്തത്. ഇനി ഓരോ ക്ലാസിലെ പാഠപുസ്തകത്തിനും രൂപം കൊടുക്കാൻ ഏതാണ്ടു 120 അധ്യാപകരുടെ (അവരവരുടെ വിഷയത്തിൽ പ്രഗത്ഭരായ) ഏതാണ്ടു ഒരു വർഷത്തെ പ്രയത്നമുണ്ട്. ഇപ്പോൾ ഇറങ്ങിയിരിക്കുന്ന 1,3,5,7 ക്ലാസിലേക്ക് പുതിയ പാഠപുസ്തകങ്ങൾ എന്ന തീരുമാനത്തിനും ഒരു ശാസ്ത്രീയ വശമുണ്ട്. അടുത്തവർഷം ഈ കുട്ടികൾ 2,4,6,8 എന്നീ ക്ലാസ്സുകളിലാകും. അങ്ങനെ എട്ടാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികളും പുതിയ പാഠ്യപദ്ധതിയുടെ ഭാഗമായി മാറും. 9 ഉം 10 ഉം പൊതു സിലബസ്സാണല്ലോ. അങ്ങനെ തീർത്തും ശാസ്ത്രീയമായ ഒരു നടപടിയാണിവിടെ നടന്നത്, നടക്കുന്നത്.

മുമ്പൊരിടത്തു പറഞ്ഞിട്ടുള്ളതുപോലെ, ഈ പാഠപുസ്തകം പരിചയപ്പെടുത്തിയ അധ്യാപക പരിശീലനവേദികളിലൊന്നും ഉയരാത്ത പ്രതിഷേധങ്ങളുടെ ലക്ഷ്യം എന്താണ്? ഇത്രയും നാൾ കോൺഗ്രസ് നേതൃത്വത്തിലുള്ള സർക്കാരുകൾ രൂപീകരിച്ച കമ്മിറ്റികൾ തയ്യാറാക്കിയ, ഭൂരിപക്ഷവും കോൺഗ്രസ് പങ്കാളിത്തത്തെപ്പറ്റി പ്രതിപാദിക്കുന്ന സ്വാതന്ത്ര്യസമരചരിത്രം പഠിച്ചിട്ടു നമ്മിൽ പലരും കോൺഗ്രസുകാരായില്ലല്ലോ. അതുപോലെ ഈ പാഠപുസ്തകത്തിൽ കമ്യൂണിസ്റ്റാശയങ്ങൾ ഉണ്ടെന്നു വാദത്തിനു വേണ്ടി സമ്മതിച്ചാൽ തന്നെ, അവ പഠിച്ചതുകൊണ്ടു നാം കമ്യൂണിസ്റ്റാകുമോ? ഇല്ല. മനുഷ്യർ കാര്യങ്ങൾ വിവേചിച്ചറിയാൻ കെൽപ്പുള്ള വ്യക്തികളാണ്, അവർ സ്വതന്ത്ര വ്യക്തികളാണ്. ശരിയും യുക്തവും ജനനന്മയ്ക്കുതകുന്നതും അവർ സ്വീകരിക്കും. അവിടെ അങ്കലാപ്പിനു ഒരു വകയുമില്ല.

മറ്റൊരു ആരോപണം ചരിത്രത്തെ വളച്ചൊടിക്കുന്നു എന്നതാണ്. സ്വാതന്ത്ര്യസമരത്തെ അതിന്റെ സമഗ്രതയിൽ കാണുന്നില്ല. ഗാന്ധിജിക്കു വേണ്ട പ്രാധാന്യം കൊടുക്കുന്നില്ല എന്ന വിമർശനം വസ്തുനിഷ്ഠമല്ല എന്നതാണു യാഥാർത്ഥ്യം. ജനങ്ങളെ ഒന്നിച്ച് അണിനിരത്താൻ ഉപ്പ് ഒരു സമരായുധം, ക്വിറ്റ് ഇന്ത്യ (ഇന്ത്യ വിടുക), സ്വാതന്ത്ര്യ ഉപ്പ് ഒക്കെ ഗാന്ധിജിയുടെ പ്രാധാന്യം എടുത്തുകാട്ടുന്നു. അതുപോലെ 'വൈക്കം സത്യാഗ്രഹം,' 'ഗുരുവായൂർ സത്യാഗ്രഹം' എന്നിവയെപ്പറ്റി പഠിപ്പിക്കുമ്പോൾ ഗാന്ധിജിയെ മറക്കുമോ. നേരത്തെയുണ്ടായിരുന്ന പാഠ്യപദ്ധതിയിലാണ്

സമഗ്രത ഇല്ലാതിരുന്നത്. ഇവിടെ ഗാന്ധിജിയുടെ വല്യ സംഭാവനയ്ക്കൊപ്പം, ഭഗത്സിംഗിനെപ്പോലെയുള്ളവരുടെയും മലബാറിലെ ഖിലാഫത്തു പ്രസ്ഥാനത്തിന്റെ ഭാഗമായി നടത്തിയ സ്വാതന്ത്ര്യസമരവും ഒക്കെ ഇവിടെ ചേർത്തിരിക്കുന്നത്, സ്വാതന്ത്ര്യസമരത്തെ അതിന്റെ സമഗ്രതയിൽ കാണാനുള്ള യത്നത്തിന്റെ ഭാഗമായാണ്.

കേരളത്തിൽ കാർഷികമേഖലയിൽ കാര്യക്ഷമമായും ഗുണകരമായും ഇടപെട്ടിട്ടുള്ള രാഷ്ട്രീയപാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. അതുകൊണ്ടു കാർഷികമേഖലയിലെ പരിഷ്കാരങ്ങളെപ്പറ്റി പറയുമ്പോൾ കമ്യൂണിസ്റ്റ് സർക്കാരിനെപ്പറ്റി അൽപ്പം പറയേണ്ടിവരുന്നതിൽ ആരും ബേജാറുപിടിക്കേണ്ടതില്ല. അതുപോലെ ജനതയുടെ ഭൂമിയിന്മേലുള്ള ഉടമസ്ഥതയെപ്പറ്റി പറയുമ്പോൾ, കുടികിടപ്പവകാശത്തെപ്പറ്റി പറയാതിരിക്കാൻ പറ്റുമോ. അപ്പോൾ ഇ എം എസ്, ഗൗരിയമ്മ എന്നിവരെ പരാമർശിക്കാതിരിക്കാൻ പറ്റുമോ? അവർ കമ്മ്യണിസ്റ്റ്പാർട്ടികളുടെ ആളുകളായിരുന്നു. സത്യമല്ലേ പഠിപ്പിക്കേണ്ടത്. യഥാർഥത്തിൽ അത്രയെ സംഭവിച്ചിട്ടുള്ളു. ബാക്കിയെല്ലാം 'കറുത്ത കാക്കയെ' ഛർദ്ദിച്ചതോർമിപ്പിക്കുന്നു.

# 10

# ചരിത്രത്തിൽ നിന്നും പിന്നോക്കം

**ച**രിത്രപരമായി ഒരു കാര്യം ഓർക്കേണ്ടതുണ്ട്. കേരള വിദ്യാഭ്യാസമേഖലയിൽ എൽ എം എസ്, സി എം എസ്, ബാസ്സൽമിഷൻ തുടങ്ങിയ പ്രൊട്ടസ്റ്റന്റ് മിഷനറിമാർ ഊന്നൽ നൽകിയതു പൊതുവിദ്യാഭ്യാസത്തിനായിരുന്നു. ജാതിമതഭേദമെന്യേ എല്ലാവർക്കും, പ്രത്യേകിച്ചു പാവപ്പെട്ട പിന്നോക്കജാതിക്കാർക്ക്, ഈ വിദ്യാഭ്യാസസൗകര്യം നൽകിയിരുന്നു. ഡോ. റോബിൻ ജെഫ്റി തന്റെ *നായർ മേധാവിത്വത്തിന്റെ പതനം* എന്ന പുസ്തകത്തിൽ 1879 ൽ പ്രോട്ടസ്റ്റന്റിനു 341 സ്കൂളുകൾ ഉള്ളപ്പോൾ കത്തോലിക്കർക്ക് ഒരു സ്കൂളുമില്ലായിരുന്നു എന്നും 1895 ൽ പ്രോട്ടസ്റ്റന്റിനു 657 സ്കൂളുകളുള്ളപ്പോൾ കത്തോലിക്കർക്കു വെറും 49 എണ്ണമേ ഉണ്ടായിരുന്നുള്ളൂ എന്നും വ്യക്തമാക്കുന്നുണ്ട്. അവയോ പള്ളിയോട് അടുത്തുള്ള പള്ളിക്കൂടങ്ങൾ; അതു അവിടത്തെ കത്തോലിക്കാ വിദ്യാർഥികളെ മാത്രം ഉദ്ദേശിച്ചും. അങ്ങനെ ഇടുങ്ങിയ ചിന്താഗതി കത്തോലിക്കരുടെ സവിശേഷതയാണ് - അന്നും ഇന്നും. എന്തുകൊണ്ടു അകത്തോലിക്കാ സഭകളുടെ ഏകോപനസമിതിയായ കേരള കൗൺസിൽ ഓഫ് ചർച്ചസിന് (ഓർത്തഡോക്സ്, യാക്കോബായ, മാർത്തോമ, സി എസ് ഐ, ക്നാനായ, സാൽവേഷൻ ആർമി തുടങ്ങി 13 സഭകളുടെയും 19 ക്രൈസ്തവസംഘടനകളുടെയും ഐക്യവേദിയാണ് കേരള കൗൺസിൽ ഓഫ് ചർച്ചസ് - കെ സി സി) ഈ പാഠപുസ്തക കോലാഹലം ശരിയല്ല, ഈ പുസ്തകത്തിൽ ദൈവ-മത നിരാസമോ കമ്യൂണിസമോ ഇല്ല എന്നും മറ്റും പ്രഖ്യാപിക്കാൻ സാധിച്ചു? വിവാദ പാഠപുസ്തകം കേരള കൗൺസിൽ ഓഫ് ചർച്ചസ് സൂക്ഷ്മപഠനത്തിനും ചർച്ചയ്ക്കും വിധേയമാക്കിയെന്നും പുസ്തകത്തിൽ വിവാദമാക്കിക്കൊണ്ടിരിക്കുന്നതു പോലെ മതനിന്ദയോ ദൈവനിഷേധമോ ഇല്ലെന്നു കൗൺസിൽ പ്രസിഡന്റ് ഡോ. എബ്രഹാം മാർ പൗലോസും വ്യക്തമാ

ക്കിയതാണ്. ചുരുക്കത്തിൽ, അവർക്കു പൊതുവിദ്യാഭ്യാസത്തിന്റെ മത നിരപേക്ഷ ദർശനത്തിന്റെ ചരിത്രപാരമ്പര്യമുണ്ട് എന്നു നിരീക്ഷിച്ചാൽ എന്റെ കത്തോലിക്കാ സഭാമേലധ്യക്ഷന്മാർ എന്നോടു കോപിക്കരുത്. കത്തോലിക്കാ സഭയുടെ ഇടുങ്ങിയ ചിന്താഗതിയാണ്, സ്വാർഥ താൽപ ര്യമാണ് പാഠപുസ്തകവിവാദത്തിനു ആധാരമായി നിൽക്കുന്നത്.

വിദ്യാഭ്യാസമേഖലയിൽ എപ്പോഴൊക്കെ സർക്കാർ പരിഷ്കാരങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചുവോ, അന്നൊക്കെ ക്രൈസ്തവസഭ അവയ്ക്കെ തിരായിരുന്നു എന്നതു ചരിത്രവസ്തുത. 1945 ൽ സർ സി പി യുടെ വിദ്യാഭ്യാസ ദേശസാൽക്കരണത്തിനെതിരെയും 1952 ൽ വിദ്യാഭ്യാസ പരിഷ്കരണത്തിനായുള്ള പനമ്പള്ളി പദ്ധതിക്കെതിരെയും 1957 ൽ ഇ എം എസ് മന്ത്രിസഭയിലെ ജോസഫ് മുണ്ടശ്ശേരി മാസ്റ്റർ കൊണ്ടു വന്ന എയിഡഡ് സ്കൂൾ നിയന്ത്രണത്തിനെതിരെയും 1972 ൽ സർവക ലാശാലാ ബില്ലിനെതിരായും 2006 ൽ കേരള പ്രൊഫഷണൽ കോളേജ് എന്നറിയപ്പെടുന്ന സ്വാശ്രയ നിയമത്തിനെതിരെയും കത്തോലിക്കാസഭ രംഗത്തുവന്നു. ഇതിന്റെയൊക്കെ ആകെത്തുകയായി സംഭവിച്ചത് വിദ്യാ ഭ്യാസം വരേണ്യ-സമ്പന്നവർഗത്തിന്റെ കുത്തകയായി മാറ്റപ്പെട്ടു എന്ന താണ്. കേരളസമൂഹത്തോടു കത്തോലിക്കാസഭ ചെയ്യുന്ന ഈ വലിയ അപരാധത്തിനു ചരിത്രം മാപ്പുതരില്ല. ഒരിക്കൽ ശുശ്രൂഷയായിരുന്ന വിദ്യാഭ്യാസം പണസമ്പാദനമാർഗമായി മാറിക്കഴിഞ്ഞു.

ഇത്രമാത്രം ഇടയലേഖനപരമ്പര തന്നെ ഇറക്കുന്ന കത്തോലിക്കാ മെത്രാന്മാർ, ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന 27% സംവരണം (അതു ഔദാര്യമല്ല, അവകാശമാണ്) അവരുടെ വിവിധ സ്ഥാപനങ്ങളിൽ നട പ്പാക്കണം എന്നു എന്തുകൊണ്ട് ഒരു ഇടയലേഖനം പോലും ഇറക്കിയി ട്ടില്ല? പണ്ടു ഇടയലേഖനം ജനഹൃദയങ്ങളിൽ യേശുപ്രബോധനം എത്തി ക്കുന്ന മാർഗമായിരുന്നെങ്കിൽ, ഇന്നതു വൈകാരികമായി സ്പർധ പര ത്താനും വർഗീയത ശക്തിപ്പെടുത്താനും ജനങ്ങളിൽ ഭിന്നത വളർത്താനും ഉപകരിക്കുംവിധം തീർത്തും അധഃപതിച്ചിരിക്കുന്നു. ഈ ഇടയലേഖന പരമ്പര ഒന്നപഗ്രഥിച്ചാൽ സംശയലേശമെന്യേ മനസിലാ കുന്ന ഒരു കാര്യമുണ്ട് - സഭാമേലധ്യക്ഷന്മാരും പുരോഹിതഗണവും ദരിദ്രരുടെയും പീഡിതരുടെയും പക്ഷത്തല്ല; സമ്പന്നരുടെയും പീഡക രുടെയും പക്ഷത്തുതന്നെയെന്ന്. അവരുടെ ഇടയലേഖനത്തിന്റെ പിന്നിൽ രാഷ്ട്രീയലക്ഷ്യങ്ങൾ ഉണ്ടെന്നു വ്യക്തം. "കർത്താവ് എന്റെ ഇടയനാ കുന്നു; എനിക്കു ഒന്നിനും മുട്ടുണ്ടാവുകയില്ല" എന്ന സങ്കീർത്തനത്തിലെ ഇടയസങ്കൽപം പാടേ പമ്പകടന്നിരിക്കുന്നു. ഇന്നത്തെ ഇടയൻ സാമാ ന്യജനതയ്ക്കു മുട്ടുപാടുകളുണ്ടാക്കുന്ന വേട്ടക്കാരനാവുകയാണ്. ധനവും അധികാരവും ഒന്നിച്ചു സമ്മേളിച്ചിരിക്കുന്ന ഇവരിൽ ഇടയന്റെ ജനതാ ൽപര്യത്തിനപ്പുറം സ്ഥാനം ഉറപ്പിക്കലാകുന്നു ജീവിതധർമ്മം. യേശു ധർമ്മവും യേശുമാർഗ്ഗവും ആടുകൾക്കു വേണ്ടി ജീവൻ സ്വയം വലി ച്ചെറിയുന്ന ഇടയസങ്കൽപവും ഇന്നിതാ അന്യം നിന്നിരിക്കുന്നു. അതേ ഇടയലേഖനത്തിന്റെ രാഷ്ട്രീയം മർദ്ദകരാഷ്ട്രീയമാണ്.

ചരിത്രത്തിന്റെ മുമ്പേ നടന്ന യേശുവിനെ ചവിട്ടിത്താഴ്ത്തിയിട്ട് കത്തോലിക്കാസഭയുടെ ചരിത്രം എപ്പോഴും ചരിത്രത്തെ പിറകോട്ടടിക്കുന്നതാണ് എന്നത് ചരിത്രസത്യം - അതു അന്തർദ്ദേശീയതലത്തിലായാലും പ്രാദേശികതലത്തിലായാലും ശരി. ഒരു ഉദാഹരണം കുറിക്കട്ടെ.

1890 കളിൽ കേരളത്തിലെ കുട്ടനാട്ടിൽ കുറച്ചു കത്തോലിക്കാ ചെറുപ്പക്കാർ ഇംഗ്ലീഷ് പഠിക്കാൻ ഒത്തുകൂടി. ഇംഗ്ലീഷ് വിദ്യാഭ്യാസം ക്രൈസ്തവരിൽ വിഷം കുത്തിവച്ചു വിശ്വാസം നശിപ്പിക്കും. അതുകൊണ്ടു 1890 ൽ വരാപ്പുഴ അതിരൂപതാ മേലധ്യക്ഷൻ വിശ്വാസികൾ ഇംഗ്ലീഷ് പഠിക്കുന്നതിനെതിരെ വിലക്കു കല്പിച്ചുകൊണ്ടു നിരോധനാജ്ഞ ഇറക്കി. അതു കല്ലൂർക്കാടു പള്ളി ഇടവകയിൽ ചമ്പക്കുളത്തു വായിച്ചു. അതിനെ പ്രതിഷേധിച്ചുകൊണ്ടു ശ്രീ. വർക്കിച്ചൻ കോച്ചേരി തിരുവനന്തപുരത്തു പോയി മദ്രാസ് യൂണിവേഴ്സിറ്റിയുടെ മെട്രിക്കുലേഷൻ 1892 ൽ പഠിച്ചു പാസായി. അദ്ദേഹം തിരികെ വന്നു. ആദ്യം എടത്വായിലും പിന്നെ ചമ്പക്കുളത്തും രണ്ടു സ്കൂളുകൾ സ്ഥാപിച്ച് ഇംഗ്ലീഷ് പഠിപ്പിച്ചു. രണ്ടു സ്കൂളിന്റെയും ഹെഡ്മാസ്റ്റർ ശ്രീ. കോച്ചേരിയായിരുന്നു. ഇന്നു സഭ ഇംഗ്ലീഷ്മീഡിയത്തിന്റെ പ്രമുഖ വക്താവും. ഏതാണ്ടിതാണിന്നു നടക്കുന്നത്. കമ്യൂണിസവും മതനിരാസവും പഠിപ്പിക്കുന്നു എന്നു ഇന്നു പറയുന്ന സഭ നാളെ കമ്യൂണിസത്തെയും മതവൈവിധ്യത്തെയും മതനിരപേക്ഷതയെയും ഉൾക്കൊള്ളും എന്നതിനു എനിക്കു സംശയമില്ല. ചരിത്രമതല്ലേ പഠിപ്പിക്കുന്നത്. പലിശ വാങ്ങുന്നതു പാപമെന്നു പഠിപ്പിച്ച സഭ ഇന്നു അന്തർദ്ദേശീയ കമ്പനികളിലും സ്ഥാപനങ്ങളിലും ഏജൻസികളിലും നിക്ഷേപിച്ച മൂലധനത്തിന്റെ പലിശകൊണ്ടു കാര്യങ്ങൾ ഓടിക്കുന്നു. ഗലീലിയോയെയും ബ്രൂണോയെയും ജോവൻ ഓഫ് ആർക്കിനെയും മറ്റും പീഡിപ്പിക്കുകയും ചുട്ടുകൊല്ലുകയും ചെയ്തിട്ടു സാവകാശം ക്ഷമപറഞ്ഞും പുണ്യവതിയാക്കിയും മനക്കടി തീർക്കാൻ ശ്രമിക്കുന്നു സഭാനേതൃത്വം. ഈയിടെയായി അമേരിക്കയിലും ആസ്ട്രേലിയായിലും മറ്റും സഭാവൈദികഗണത്തിന്റെ ബാലലൈംഗിക ചൂഷണത്തിനു മാർപ്പാപ്പ ക്ഷമ യാചിക്കുന്നു; അതേസമയം അതിനുള്ള പശ്ചാത്തല ഭൗതിക സാഹചര്യത്തെ മാറ്റാൻ തയ്യാറാകുന്നുമില്ല. ജനം ഉണർന്നു ചോദ്യം ചെയ്യുമ്പോൾ, നാളെ ഭാവിയിൽ സഭ തന്റെ ചരിത്രനയത്തിൽ മാറ്റം വരുത്തും. ഞാൻ പറഞ്ഞുവരുന്നതിതാണ് - ചരിത്രത്തെ നയിക്കേണ്ട യേശുസഭ, സ്ഥാപനവൽക്കരിക്കപ്പെട്ടതോടെ ചരിത്രചാലകശക്തിയെ പിന്നോക്കം കൊണ്ടെത്തിക്കുന്ന യാഥാസ്ഥിതിക സമ്പ്രദായമായി മാറുന്നു. ഇപ്രകാരം ചരിത്രത്തെ പിന്നോട്ടടിക്കുന്ന സഭയുടെ മുഖം തന്നെയാണ് പാഠപുസ്തക വിവാദത്തിലും കാണുവാൻ കഴിയുന്നത്. യഥാർത്ഥത്തിൽ 'മതമില്ലാത്ത ജീവൻ' ഭാവിയിൽ ദൈവശാസസ്ത്രപഠനത്തിനും മതേതരനിലപാടിനും ശക്തിപകരുന്ന ഒരു പാഠപുസ്തകമായി മാറും എന്നതിനു എനിക്കു സംശയമില്ല.

# 11

## ഞങ്ങൾക്കു ബറാബസിനെ മതി!

രണ്ടായിരത്തിയെട്ട് ജൂലായ് 16നു എറണാകുളത്തു രണ്ടു പരിപാടികളിൽ പങ്കെടുക്കാൻ ഭാഗ്യമുണ്ടായി. എറണാകുളം പരിസ്ഥിതി സാംസ്കാരിക കൂട്ടായ്മ ബോട്ട്ജെട്ടിക്കു സമീപം സംഘടിപ്പിച്ച ഒറ്റ പകൽ ധർണയാണ് ഒന്ന്. ധർണയുടെ സമാപനസമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ടു സംസാരിച്ചു. 'ഏഴാംക്ലാസിലെ പാഠപുസ്തകം പിൻവലിക്കരുത്' എന്നതായിരുന്നു ധർണയുടെ മുദ്രാവാക്യം. ഏതാണ്ടു നിശബ്ദതയിൽ ആയിരുന്നു ധർണ എങ്കിലും, സമൂഹത്തിലെ വിവിധ തുറയിലുള്ള, ജീവിതത്തെ ഗൗരവമായി കാണുന്ന, ചിന്തിക്കുന്ന ഒരു സംഘം ആളുകളുമായി ഒത്തിരുന്നു മതേതരത്വത്തിനും ജനാധിപത്യത്തിനും വേണ്ടിയുള്ള പൊരുതലിൽ കണ്ണിചേരുക ശക്തിപകരുന്ന അനുഭവമായിരുന്നു.

വൈകിട്ടു നടന്ന സമാപനസമ്മേളനത്തിൽ ശ്രീ. ജോസഫ് പുലിക്കുന്നേൽ ഉൾപ്പെടെ പ്രഗത്ഭരായ പലരും സംസാരിച്ചു. ഞാൻ ഒരു കാര്യമേ പറഞ്ഞുള്ളു. കേരളത്തിലെ 60% ഓളം വിദ്യാലയങ്ങളുടെ മാനേജ്മെന്റ് ക്രൈസ്തവമതാധികാരികളുടെ കയ്യിലാണ്. ന്യൂനപക്ഷമാണെന്നാണ് വയ്പ്. ന്യൂനപക്ഷാവകാശം ശാശ്വത പ്രതിഭാസമല്ല. ഭൂരിപക്ഷത്തിനുള്ള അവകാശങ്ങൾ ന്യൂനപക്ഷത്തിനും ലഭിക്കണം എന്നത് ഉറപ്പുവരുത്തുന്നതാണ് ഇതിന്റെ ലക്ഷ്യം. ന്യൂനപക്ഷമാകയാൽ അവരുടെ അവകാശങ്ങൾ നിഷേധിക്കപ്പെടാൻ പാടില്ല എന്നർഥം. ഉദ്ദേശിച്ച ഫലം കിട്ടിയാൽ, ന്യൂനപക്ഷാവകാശം കാലഹരണപ്പെടും. കേരളത്തിൽ ഇപ്പോൾ ഏതാണ്ട് 19 ശതമാനമാണു ക്രിസ്ത്യാനികൾ. അവരിൽ 8 ശതമാനം ആദിവാസി-ദലിത്-മത്സ്യത്തൊഴിലാളി-പിന്നോക്കവിഭാഗക്കാരാണ്. 11% സവർണസുറിയാനി ക്രിസ്ത്യാനികളും. ഇവർ കേരള

ത്തിന്റെ ആകെയുള്ള സമ്പത്തിന്റെ 40-45% നിയന്ത്രിക്കുന്നു എന്ന വസ്തുത നാം മനസിലാക്കേണ്ടതുണ്ട്. ഇവരാണു 60% വിദ്യാഭ്യാസസ്ഥാപനങ്ങളും നിയന്ത്രിക്കുന്നത്. ഇവിടെ എനിക്കു ഒരേയൊരു ചോദ്യം: ഇവർ എങ്ങനെ ന്യൂനപക്ഷാവകാശസംരക്ഷണത്തിനു അർഹരാകും? തുല്യതയ്ക്കു വേണ്ടിയുള്ളതാണു ന്യൂനപക്ഷാവകാശ സംരക്ഷണം.

ഈ യാഥാർത്ഥ്യം മനസിലാകുമ്പോഴേ എന്തുകൊണ്ടു എപ്പോഴൊക്കെ സർക്കാർ വിദ്യാഭ്യാസമേഖലയിൽ കൈവച്ചോ അപ്പോഴൊക്കെ തീർത്തും ബീഭത്സമായ രീതിയിൽ സഭ തെരുവിൽ ഇറങ്ങി യുദ്ധം നടത്തിയത് എന്നു മനസിലാകൂ. ഇതു യേശുദർശനത്തിന്റെയോ ദരിദ്രപക്ഷ നിലപാടിന്റെയോ ഭാഗമായിട്ടല്ല. അവർക്കു ഒരേയൊരു താൽപര്യം. അധികാരം, സ്വത്ത്, സമ്പത്ത്/പണം, സ്ഥാപനം - ഇവ എന്തുവിലകൊടുത്തും സംരക്ഷിക്കപ്പെടണം. യേശുദർശനത്തെ ബലികൊടുത്താലും ദരിദ്രരെ അവഗണിക്കേണ്ടിവന്നാലും - അവ ദരിദ്രരുടെ ചെലവിൽ ആയിരുന്നാലും, ശരി തങ്ങളുടെ സ്വാർത്ഥത, ആർത്തി സംരക്ഷിക്കപ്പെടണം. ഇവിടെ സഭയ്ക്കു ദർശനങ്ങളില്ല, ഇടുങ്ങിയ കാഴ്ചപ്പാടേയുള്ളു, സ്വാർഥതാൽപര്യങ്ങളേയുള്ളു.

ഈ പറഞ്ഞതിനെതിരാണ് കാര്യങ്ങളെങ്കിൽ, സഭാധികാരികൾ മാനവികതയിലും ദരിദ്രപക്ഷ പരിപ്രേക്ഷ്യത്തിലും മതനിരപേക്ഷതയിലും ഊന്നിയ പാഠപുസ്തകം എന്തിനു എതിർക്കണം? ഇന്ത്യ ഒരു മതേതര രാഷ്ട്രമാണ്, മതത്തിൽ വിശ്വസിക്കാത്തവരും മതത്തെ നിഷേധിക്കുന്നവരും, ചാർവ്വാകർ വരെയുള്ള ഒരു രാജ്യമാണ് ഇന്ത്യ; ഇതൊരു യാഥാർഥ്യമാണ്. ഈ യാഥാർത്ഥ്യത്തെപ്പറ്റി അറിവില്ലാത്തവരല്ലല്ലോ 'മതവിശ്വാസി'കളായ കേരളത്തിലെ സഭാധികാരികൾ! അപ്പോൾ ഈ പാഠപുസ്തക വിവാദത്തിന്റെ പിന്നിലെ ചേതോവികാരം അവരുടെ സങ്കുചിതത്വമാണ്. ഏതാണ്ടു ഭ്രാന്തു പിടിച്ച രീതിയിലല്ലേ ഇന്നു മതനേതൃത്വം ഈ സംഭവത്തെ നേരിട്ടുകൊണ്ടിരിക്കുന്നത്. ജനാധിപത്യപരമായ ഏതു ചർച്ചയ്ക്കും തയ്യാറാണെന്നും അതിന്റെ ഫലമായി ലഭിക്കുന്ന നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ടു പുസ്തകത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ സന്നദ്ധമാണെന്നും സർക്കാർ ആവർത്തിച്ചു പറഞ്ഞിട്ടും പുസ്തകം പിൻവലിക്കും വരെ ചർച്ചയ്ക്കില്ല, സമരം തന്നെ എന്നു ശഠിക്കുന്ന മതനേതൃത്വത്തിന്റെ ഉദ്ദേശ്യലക്ഷ്യം ശുദ്ധമാണെന്നു പറയാൻ സുബുദ്ധികൾക്ക് പ്രയാസമാണ്.

അവർക്കു വേണ്ടതു 'കുഞ്ഞാടുകളെ'/അടിമകളെ സൃഷ്ടിക്കുന്ന ഒരു വിദ്യാഭ്യാസസമ്പ്രദായമാണ്. അവർ ഇന്നു അതു ശാസ്ത്രീയമായി നിർവഹിച്ചുകൊണ്ടിരിക്കുകയാണ്. കൊല്ലം തീരദേശ യുവജന അൽമായ വേദിയുമായി സഹകരിച്ച ക്രൈസ്തവ മാനേജ്മെന്റിലെ അധ്യാപകനു ശിക്ഷാനടപടി എന്ന രീതിയിൽ 'ആൻഡമൻസി'ലേക്കു സ്ഥലംമാറ്റം കൊടുക്കുക, അൽമായ വേദിയിലെ യുവാക്കളുടെ കുടുംബങ്ങളിലുള്ള മറ്റുള്ളവരെ മാനസികമായി പീഡിപ്പിക്കുക, സമ്മർദ്ദം ചെലുത്തി പിന്തിരിപ്പിക്കാൻ ശ്രമിക്കുക - അങ്ങനെ വിവിധങ്ങളായ രീതിയിലാണ് ഇവർ

ഇക്കാര്യം നിർവഹിച്ചുകൊണ്ടിരിക്കുന്നത്. മാത്രമല്ല, നിയമനത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നതു രണ്ടു കാര്യങ്ങളാണ്. ഒന്ന്, പണം; രണ്ട്, അവനോ അവന്റെ കുടുംബത്തിൽ ആരെങ്കിലുമോ സഭാവിമർശകരാണോ എന്നാണ്. സഭയുടെ അനീതിയെ ചോദ്യം ചെയ്യാതെ, അവർക്കു പാദസേവ ചെയ്യുക ഒരവിഭാജ്യഘടകമാണ് നിയമനത്തിന്. ഇനി നിയമിച്ചു കഴിഞ്ഞാൽ എന്നും വിധേയപ്പെട്ടു കഴിഞ്ഞുകൊള്ളണം. പി എസ് സി വഴി നിയമനം കിട്ടുന്ന ഒരു വ്യക്തിക്കുള്ള സ്വാതന്ത്ര്യവും സ്വാഭിമാനവും സഭാസ്ഥാപനത്തിൽ ജോലിചെയ്യുന്ന ഒരു വ്യക്തിക്കും ഒരിക്കലും കിട്ടുകയില്ല. എന്തുകൊണ്ടാണു സഭ എയിഡഡ് സ്കൂളിലെ അധ്യാപകനിയമം പി എസ് സി ക്കു വിടുന്നതിനെ നഖശിഖാന്തം എതിർക്കുന്നത്? അവർക്ക് എന്നും ദാസ്യവൃത്തി ചെയ്യുന്ന ഒരു വലിയ പട ഇല്ലാതാകും. അവർ നേരെ നിന്നു കാര്യങ്ങൾ പറയും. ഇതുവരെ ചോദിക്കാത്ത ചോദ്യങ്ങൾ ചോദിക്കും. അതു അസഹ്യമായി വരും. ഈ പാഠപുസ്തകം ഇങ്ങനെയുള്ള കുഞ്ഞാടുകളുടെ സൃഷ്ടിയെ ചോദ്യംചെയ്യുന്ന ഒരു പ്രക്രിയയ്ക്കാണു രൂപംകൊടുക്കുന്നത്. അതുകൊണ്ടുതന്നെ ഇതിനെ എതിർക്കേണ്ടതു സഭാധികാരികളുടെ ആവശ്യമാണ്.

സഭാധികാരികളുടെ ഇരട്ടത്താപ്പുനയം വ്യക്തമാക്കാൻ ഒരുദാഹരണം. ഏഴാംക്ലാസിലെ ഐ സി എസ് സി സിലബസ്സിലെ സാമൂഹ്യപാഠപുസ്തകത്തിൽ ഇന്നത്തെ സഭയെ നിശിതമായി വിമർശിക്കുന്നു. മുമ്പ് സഭയും പൗരോഹിത്യഗണവും കന്യാസ്ത്രീകളും ലളിതവും മാതൃകാപരവുമായ ജീവിതം നയിച്ചു ധാർമികമൂല്യങ്ങൾക്കനുസൃതമായി ജീവിച്ചിരുന്നു. എന്നാൽ ഇന്നവർ വലിയ എസ്റ്റേറ്റ് ഉടമകളാണ്. കോർപ്പറേറ്റ് ആത്മീയത, അഴിമതി, മാനവസേവയ്ക്കു പകരം ചൂഷണം - ഒക്കെ ഇന്നു സ്വാഭാവികം. എന്തൊരു കർക്കശമായ വിമർശനം. സഭ ഇന്നുവരെ ഒരക്ഷരം മിണ്ടിയിട്ടില്ലല്ലോ. മതസൗഹാർദ്ദത്തിലും മതനിരപേക്ഷതയിലും മാനവികതയിലും ഊന്നിയ ഒരു പാഠപുസ്തകത്തിനു എതിരെ ഇത്ര ശക്തമായി വാളോങ്ങിയവർ, കേന്ദ്രസർക്കാരിന്റെ ഈ പാഠഭാഗത്തോടു ഒരു പ്രതിഷേധപ്രസ്താവന പോലും ഇറക്കാത്തത് അവരുടെ ഉള്ളിലെ കുതന്ത്രതയെ വ്യക്തമാക്കുന്നു. കേരളത്തിൽ ക്രൈസ്തവസഭ സാമ്പത്തികമായും രാഷ്ട്രീയമായും ഒരു നിർണായക ഘടകമാണ്. പക്ഷേ ദേശീയരാഷ്ട്രീയത്തിൽ അവർ ഒന്നുമല്ല. അവർക്ക് എതിർക്കാൻ പറ്റുകയില്ല. അതായതു ഇംഗ്ലീഷ്മീഡിയത്തിലെ ഏഴാംക്ലാസിലെ കുട്ടികൾ ഇങ്ങനെ പഠിച്ചോട്ടെ, മലയാളം മീഡിയത്തിലെ ഏഴാംക്ലാസിലെ കുട്ടികൾക്കു മിശ്രവിവാഹത്തിന്റെ സൂചനയായാൽ തന്നെ വഴിതെറ്റിപ്പോകും! ഈ ഇരട്ടത്താപ്പിന്റെയും കപടതയുടെയും പിന്നിൽ ഒന്നേയുള്ളു - പക്ഷപാതപരമായ താൽപര്യങ്ങൾ. ഇവിടെ ആദർശത്തിനോ മൂല്യങ്ങൾക്കോ അല്ല വില, സങ്കുചിത താൽപര്യങ്ങൾക്കു മാത്രം. ഞങ്ങൾക്കു ബറാബാസിനെ മതിയെന്നു പറഞ്ഞ സംഘടിതമതത്തിന്റെ പുനർജനനം ആണ് നാം ഇവരിലൂടെ കാണുന്നത്.

# 12

## ഇരയാക്കപ്പെട്ടവരുടെ പക്ഷത്തു നിന്നുകൊണ്ട്

എറണാകുളം ഇടപ്പള്ളി ടോളിനു സമീപത്തുള്ള എ കെ ജി സ്മാരക ഗ്രന്ഥശാല സംഘടിപ്പിച്ച ഏഴാംക്ലാസ് പാഠപുസ്ത വിവാദം (16. 7. 2008 ഉച്ചകഴിഞ്ഞ്) സന്തോഷകരമായി മാറിയതിനു കാരണം അനുകൂലിക്കുന്നവരും എതിർക്കുന്നവരും ഉണ്ടായിരുന്നു ചർച്ചയിൽ എന്നതാണ്.

കേരള കാത്തലിക് ബിഷപ് കൗൺസിലിന്റെ ഡെപ്യൂട്ടി സെക്രട്ടറിയായ ഫാദർ സ്റ്റീഫൻ ആലത്തറ തീർച്ചയായും വരുമെന്നു ഏറ്റിരുന്നെങ്കിലും വന്നില്ല. സഭയുടെ അധീനതയിലുള്ള കേരള റീജൻ ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ സംസ്ഥാന സെക്രട്ടറി അഡ്വ. ആന്റണി അമ്പാട്ടും ഐ എൻ റ്റി യു സി കേരള സെക്രട്ടറി ശ്രീ. ഷറീഫ് മരക്കാരും ഈ യോഗത്തിൽ പങ്കെടുത്തു സംസാരിച്ചു. ദേശാഭിമാനി റസിഡന്റ് എഡിറ്റർ ശ്രീ. പി രാജീവ് ഉൾപ്പെടെ ബാക്കി സംസാരിച്ചവരൊക്കെത്തന്നെ പാഠപുസ്തകത്തിനു അനുകൂലമായാണു സംസാരിച്ചത്.

ശ്രദ്ധേയമായ ഒരനുഭവം ഇതാണ്. പ്രതികൂലിച്ചു സംസാരിച്ച ശ്രീ. ഷറീഫിനു പുസ്തകത്തെ കാര്യമായിട്ടു എതിർക്കാൻ ഒന്നുമില്ലായിരുന്നു. ചില മാറ്റങ്ങൾ വരുത്താനുള്ള നിർദ്ദേശങ്ങളാണു മുന്നോട്ടുവച്ചത്. അതുപോലെ മൗലാനാ അബ്ദുൾ കലാം ആസാദിനു മൗലാന അബ്ദുൾ കലാം അസാദ് എന്ന അച്ചടിപ്പിശക് അക്ഷന്തവ്യമായ തെറ്റായി ചൂണ്ടിക്കാട്ടി. ദേശീയ കോൺഗ്രസ് നേതാക്കളിൽ പലരെയും വിട്ടുപോയി എന്നൊക്കെയുള്ള കാര്യങ്ങളാണു പിന്നെ പറഞ്ഞത്. ഇങ്ങനെയുള്ള നിർദ്ദേശങ്ങൾ സർക്കാർ സ്വീകരിക്കാമെന്നു ഉറപ്പു നല്കിയിരിക്കുന്ന സാഹചര്യത്തിൽ എന്തിനു സമരം തുടരുന്നു എന്ന ചോദ്യത്തിനു അദ്ദേഹത്തിനു തൃപ്തികരമായ മറുപടിയില്ലായിരുന്നു.

അതുപോലെ അഡ്വ. ആന്റണി അമ്പാട്ടു പറഞ്ഞതു പുസ്തകത്തിന്റെ അടിയൊഴുക്കു കമ്യൂണിസമാണ്. ഒറ്റവായനയിൽ പുസ്തകത്തിനു ഒരു തകരാറുമില്ല. കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം ഇളംമനസിൽ അവരറിയാതെ തന്നെ കുത്തിവയ്ക്കുന്ന തന്ത്രമാണ് ഈ പുസ്തകത്തിന്റെ പിന്നിൽ എന്നതായിരുന്നു ഏറ്റവും വലിയ ആരോപണം. ക്രൈസ്തവസഭയെപ്പറ്റി പറഞ്ഞിടത്തു 'പ്രത്യക്ഷരക്ഷാസഭ'യെപ്പറ്റി പറഞ്ഞതു ശരിയായില്ല. കേരളത്തിൽ അവരെ സഭയെന്നു വിളിക്കാൻ പോലും പറ്റില്ല. അതുപോലെ 'വളയിട്ട കയ്യിൽ ഗർജ്ജിക്കുന്ന തോക്ക്' എന്ന പാഠം പിഞ്ചുഹൃദയങ്ങളിൽ അക്രമവാസന സന്നിവേശിപ്പിക്കുന്നു. ഇങ്ങനെ മൂന്നു കാര്യങ്ങളായിരുന്നു തകരാറായി എടുത്തുകാട്ടിയത്.

ഇവയ്ക്കു മൂന്നിനും അവിടെ വ്യക്തമായ പ്രതികരണം പ്രാസംഗികരിൽ നിന്നും സദസ്യരിൽ നിന്നുമുണ്ടായി. അധികാരത്തിലിരിക്കുന്ന ഒരു സർക്കാരിനു കമ്യൂണിസം പഠിപ്പിക്കാൻ ഉദ്ദേശ്യമുണ്ടെങ്കിൽ ഇത്ര വളഞ്ഞവഴി സ്വീകരിക്കേണ്ടതുണ്ടോ? എന്ന ഒരു മറുചോദ്യം, കമ്യൂണിസ്റ്റ് പാർട്ടിക്കു സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവാദമോ സാഹചര്യമോ ഇല്ലാതിരുന്ന കാലത്ത്, 1957 ൽ, ഏതു പാഠപുസ്തകപഠനത്തിലൂടെയാണ് ജനം കമ്യൂണിസം പഠിച്ച് ഇ എം എസ്സിനെ ഭരണത്തിലാക്കിയത്? വർഷങ്ങളായി കമ്യൂണിസ്റ്റു രാജ്യമായ പോളണ്ടിൽ നിന്നും എങ്ങനെ കത്തോലിക്കാ സഭയുടെ തലവനായ ജോൺപോൾ രണ്ടാമൻ ഉയർന്നുവന്നു? എന്തിനു വൈദികരാകാൻ പഠിക്കുന്ന വൈദികാർഥികളെ/സെമിനാരിക്കാരെ കമ്യൂണിസം പഠിപ്പിക്കുന്നു? ഒന്നു നാം മനസ്സിലാക്കണം. ലോകചരിത്രത്തെ മാറ്റിമറിക്കുന്നതിൽ വലിയ പങ്കുവഹിച്ച, വഹിക്കുന്ന ഒരു പ്രത്യയശാസ്ത്രമാണു കമ്യൂണിസം. അതു നാം അറിയണം. അതിനോടു അനുകൂലമോ പ്രതികൂലമോ ആയ നിലപാട് ഓരോ വ്യക്തിയുടെയും സ്വതന്ത്രതീരുമാനമാണ്. മാത്രമല്ല, ഇന്നു ഭരിക്കുന്നവർ ഇടതുമുന്നണിയായതുകൊണ്ട്, അവരുടെ ഉത്തരവാദിത്തത്തിൽ പ്രസിദ്ധീകരിച്ച പാഠപുസ്തകത്തിന്റെ അന്തർദ്ധാര കമ്യൂണിസ്റ്റു പ്രത്യയശാസ്ത്രമെന്നു ആരോപിക്കുന്നതിൽ കഴമ്പില്ല. കേന്ദ്ര സിലബസ്സുകളിലൊക്കെ ഇതു പഠിക്കാനുണ്ട്. അതുകൊണ്ടു ഈ വേവലാതി സ്വയം ഉണ്ടാക്കുന്നതല്ലാതെ, വസ്തുനിഷ്ഠമല്ല.

കേരള ക്രൈസ്തവസഭയെന്നാൽ മുന്നോക്ക സുറിയാനിസഭയെന്നും പരമ്പരാഗത ലത്തീൻ കത്തോലിക്കാസഭ എന്നുമുള്ള ഹുങ്കിനു ഒരടിയാണു ഈ പുസ്തകത്തിലെ 'പ്രത്യക്ഷ രക്ഷാ ദൈവസഭ'യുടെ ചരിത്രം. ജാതിവിവേചനത്തിന്റെ ക്രൂരതയിൽ നിന്നു രക്ഷപ്പെടാൻ, ദൈവം പിതാവും എല്ലാവരും ദൈവമക്കൾ, സഹോദരീസഹോദരന്മാർ എന്നു പഠിപ്പിച്ച ക്രൈസ്തവമതത്തിലേക്കു ദലിതർ ചേർന്നു. പൊയ്കയിൽ യോഹന്നാനും കൂട്ടരും അങ്ങനെ ക്രൈസ്തവരായി. അവർ ഞായറാഴ്ച പള്ളിയിൽ ആരാധനയ്ക്കു കയറിയപ്പോൾ, അവിടെ വന്നിരുന്ന സുറിയാനി ക്രിസ്ത്യാനികൾ കുറുവാതിലിലൂടെ ഓടിയകന്നു. തീണ്ടലും

തൊടീലും! ക്രിസ്ത്യൻ മിഷണറിമാർ, അവർ ഏതിനെയും വിട്ടുവീഴ്ച യോടെ എടുക്കാൻ കെൽപുള്ളവർ ആണല്ലോ. അവർ സുറിയാനി ക്കാർക്കു വേറെ പള്ളി, ദലിത് ക്രിസ്ത്യാനികൾക്കു വേറെ പള്ളിയാക്കി. ഈ വിവേചനത്തോടുള്ള പ്രതിഷേധമായണ് പൊയ്കയിൽ യോഹന്നാൻ 'പ്രത്യക്ഷ രക്ഷാ ദൈവസഭ' എന്ന കൂട്ടായ്മയ്ക്കു രൂപംകൊടുത്തത്. ഈ ചരിത്രം ഇന്നത്തെ പരമ്പരാഗത സുറിയാനി-ലാറ്റിൻ-സമ്പന്ന ക്രൈസ്തവർക്കു കുറിക്കുകൊള്ളും. അതു വസ്തുതയാകാം. പക്ഷേ ഈ പാഠപുസ്തകം അടികൊണ്ടവന്റെ പക്ഷത്തു നിന്നുകൊണ്ടു എഴു താൻ ശ്രമിച്ച പുസ്തകമാണ്. അതാണ് ഈ പുസ്തകത്തിന്റെ ഗുണമേ ന്മ.

ഏഴാംക്ലാസ്സിലെ വിദ്യാർഥിനികളായ ശാന്തിഘോഷും സുനിതാചൗ ധരിയും തോക്കു മറച്ചുവച്ചു മജിസ്ട്രേറ്റ് സ്റ്റീവൻസനെ വെടിവച്ചുകൊന്ന ചരിത്രം പഠിച്ചാൽ ഇന്നത്തെ കുട്ടികളിൽ അക്രമവാസന ഉദിപ്പിക്കുമെന്ന ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ പ്രതിനിധിയുടെയും ശ്രീ ഷറീഫി ന്റെയും പരാമർശത്തെ മറ്റുള്ളവരെല്ലാം ശക്തിയുക്തം എതിർത്തു. ശാന്തിയും സുനിതയും തോക്ക് രഹസ്യത്തിൽ സൂക്ഷിച്ചു ഓടിവന്നു സ്റ്റീവൻസനെ കൊല്ലുകയല്ലായിരുന്നു. സ്റ്റീവൻസൻ 'ഒട്ടേറെ ധീരരായ ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രവർത്തകർക്ക് കടുത്ത ശിക്ഷ വിധിച്ച മജി സ്ട്രേറ്റ്' ആയിരുന്നു. സുനിതയുടെയും ശാന്തിയുടെയും അതുപോലെ മറ്റു കുട്ടികളുടെയും അച്ഛന്മാരെയും സഹോദരങ്ങളെയും ബന്ധുക്കളെ യുമൊക്കെ വിധിച്ചവനായിരിക്കണം സ്റ്റീവൻസൻ. ഇന്ത്യൻ സ്വാതന്ത്ര്യ ത്തിന് എതിരായിരുന്നു അദ്ദേഹം. എന്തുകണ്ടാലും കേട്ടാലും കൊണ്ടാലും പ്രതികരിക്കാത്ത ഇന്നത്തെ സമൂഹത്തിൽ, അനീതിക്കെ തിരെ പ്രതികരിക്കുന്ന രണ്ടു പെൺകുട്ടികളുടെ കഥ ആവേശം പകരു ന്നതാണ് എന്ന സ്വരമാണ് എവിടെയും മുഴങ്ങിക്കേട്ടത്.

അങ്ങനെ അന്നത്തെ യോഗം എല്ലാംകൊണ്ടും അർഥവത്തായി, രാത്രി 9 മണിയായിട്ടും എ കെ ജി സ്മാരക വായനശാലയിൽ ഏതാണ്ട് 100 പേരോളം, 25-30 സ്ത്രീകളുൾപ്പെടെ, എല്ലാ ചർച്ചയിലും പങ്കെടുത്തു കണ്ടതിൽ ഏറെ തൃപ്തി തോന്നി. മാത്രമല്ല, ഇതു ആ ചർച്ചയുടെ പ്രസ ക്തിയിലേക്കും വിരൽ ചൂണ്ടുന്നു.

# 13

# വിവാദം മാനവപാഠത്തിനെതിരെ

സഭയും ബന്ധപ്പെട്ട സന്യസ്ഥരും നടത്തുന്ന സ്ഥാപനങ്ങൾക്ക് പവിത്രത ഉണ്ടെന്നാണ് പൊതുധാരണ - സത്യത്തിൽ ഇതൊരു ആത്മീയ-വാണിജ്യ പവിത്രതയത്രേ. ഔദ്യോഗികസ്ഥാപിത മതങ്ങളുടെ ചരിത്രപരമായ സവിശേഷതയാണീ ആത്മീയവാണിഭം. ഏതു സ്ഥാപിതമതത്തിന്റെ ചരിത്രമെടുത്താലും ഇതു കാണാൻ സാധിക്കും. യേശുവിന്റെ കാലത്തു സജീവമായി നിലനിന്ന യഹൂദമതത്തിന്റെ അവസ്ഥയും ഈ വാണിഭബന്ധിയായിരുന്നു. യേശു അതിനെ നഖശിഖാന്തം എതിർത്തു. കച്ചവടക്കാരെയും കള്ളന്മാരെയും യേശു ദേവാലയത്തിൽ നിന്നു ചാട്ടകൊണ്ട് അടിച്ചു പുറത്താക്കി.

ഇതത്ര എളുപ്പമുള്ള കാര്യമല്ല. സോഷ്യലിസ്റ്റ് പരീക്ഷണത്തിനു ഏതാണ്ടു 100 വർഷത്തെ പഴക്കമേയുള്ളു. മുതലാളിത്തത്തിനും മൂലധനകേന്ദ്രീകരണത്തിനും 400 വർഷത്തെ പഴക്കമുള്ളപ്പോൾ ആത്മീയ വാണിഭത്തിനു ഏതാണ്ടു മനുഷ്യചരിത്രത്തോളം പഴക്കമുണ്ട്. ഏതായാലും ഔദ്യോഗിക-സ്ഥാപിതമതങ്ങളുടെ കൂടെപ്പിറപ്പാണ് ആത്മീയ വാണിഭം. ഇന്നത്തെ പാഠപുസ്തകവിവാദത്തിന് ഈ വാണിഭപ്രതിഭാസവുമായി ആഴത്തിലുള്ള ബന്ധമുണ്ട്.

ഈ പാഠപുസ്തകം ഊന്നൽ നൽകുന്നത് മൂല്യങ്ങൾ മാനവികത, സാമൂഹ്യനീതി, മതനിരപേക്ഷത, ജനാധിപത്യം തുടങ്ങിയവയ്ക്കാണ്. ആത്മീയവാണിഭത്തിനു അനിവാര്യമായ ഘടന മതാധിപത്യമാണ്. അവിടെയാണ് മനുഷ്യനെ അടിമത്വത്തിൽ തളച്ചിടുന്നത്. അതുപോലെ മതവിശ്വാസികളെയും മതത്തിൽ വിശ്വസിക്കാത്തവരെയും ഒരുപോലെ ബഹുമാനിച്ചു സ്വീകരിക്കുക എന്നു മതനിരപേക്ഷതയും അതിനു ആധാരമായി നിൽക്കുന്ന മാനവികതയും ആത്മീയ കച്ചവടത്തിനു വിലങ്ങു

തടി തന്നെയാണ്. പക്ഷേ ഇങ്ങനെ ഒരു തലമുറ വളർന്നുവന്നാൽ മതങ്ങൾക്കുണ്ടാകാൻ പോകുന്ന നഷ്ടം സീമാതീതമാണ്. ഇത് എടുത്തു പറഞ്ഞു പ്രക്ഷോഭം നടത്താനും പറ്റില്ല. അതുകൊണ്ടാണ് മുമ്പ് സൂചിപ്പിച്ചിട്ടുള്ള മറ്റു തുറുപ്പുചീട്ടുകൾ സഭാധികാരികൾ എടുക്കുന്നത്. ഇവിടെ ഇവർക്കു ദൈവവിശ്വാസത്തോടും മതത്തോടുമുള്ള കൂറോ കമ്യൂണിസത്തോടുള്ള എതിർപ്പോ അല്ല യഥാർഥ പ്രശ്നം എന്നു അൽപം ചിന്തിക്കുന്നവർക്കു മനസിലാകും. വിദ്യാർഥികൾ നിരീക്ഷണാപഗ്രഥനത്തിലൂടെ അവരുടെ സർഗശക്തി ഉണർന്നും ചരിത്രാവബോധത്തോടെ കാര്യങ്ങളെ വിശകലനം ചെയ്തും നിലപാടെടുത്താൽ സഭയുടെ കാപട്യം ചോദ്യംചെയ്യപ്പെടും. ധനാർത്തിക്കു കടിഞ്ഞാൺ വീഴും, അധികാരദുഷ്പ്രഭുത്വത്തിനു വിലങ്ങുകൾ ഉണ്ടാകും, ആത്മീയവാണിഭം നഷ്ടക്കച്ചവടമാകും. ഇതു സഹിക്കാനാവുന്ന കാര്യമല്ല. ഇങ്ങനെയൊരവസ്ഥ സംജാതമാകാതിരിക്കാൻ എന്തു വിലകൊടുത്തും പൊരുതണം എന്ന ഉൾക്കാഴ്ചയാണ് സഭയെ ഇന്നത്തെ പാഠപുസ്തക വിവാദത്തിൽ ഏതു ഹീനമാർഗവും ഉപയോഗിച്ചു, പാഠപുസ്തകം പിൻവലിച്ചേ അടങ്ങു എന്ന തീരുമാനത്തിൽ മുന്നോട്ടു നീങ്ങുന്നത്.

ഏതു ഹീനമാർഗവും എന്നു പറയുമ്പോൾ, മതവികാരം വ്രണപ്പെടുത്തുന്ന രീതിയിൽ വൈകാരികത ഇളക്കിവിടാൻ മതാധികാരികൾക്കു വല്ലാത്തൊരു വൈഭവമാണുള്ളത്. അക്ഷരം അഗ്നിയാണ്. അന്ധകാരത്തെ പ്രകാശമാനമാക്കുന്നു. അന്ധതയെ വിജ്ഞാന പ്രശോഭിതമാക്കുന്ന അഗ്നിയിലെ അക്ഷരത്തെ/പുസ്തകത്തെ കത്തിക്കാൻ പ്രചോദനം നൽകുന്ന വൈദികവ്യൂഹത്തിന്റെ ക്രൂരവിനോദം. അതിനു കേരള ജനത സാക്ഷിയാണ്. പുസ്തകം കത്തിക്കൽ ഒരു കർമ്മമായി മാറുന്ന ദുരവസ്ഥ. ഇതു ചരിത്രത്തോടും സാമാന്യജനത്തോടുമുള്ള വഞ്ചനയാണ് എന്നു ഞാൻ വ്യക്തമാക്കി. അയിരൂർ ഭൂരിപക്ഷം ജനതയും സുറിയാനി കത്തോലിക്കർ ആകയാലാകാം, പ്രസംഗം കഴിഞ്ഞു പലരും നേരിൽ കണ്ടു കാര്യങ്ങൾ കൂടുതൽ വ്യക്തമാക്കത്തക്ക രീതിയിൽ പലതും ചർച്ച ചെയ്യാനായി മുന്നോട്ടു വന്നത്. പലരും പറഞ്ഞുവച്ചു: സഭയുടെ ഈ ഒളിച്ചുകളിയും ഒത്തുകളിയും കണ്ടു മനം മടുത്തു. ഇപ്പോൾ പള്ളിയിൽ പോകാൻ പോലും തോന്നുന്നില്ല. ഇങ്ങനെ പറഞ്ഞവരിൽ സ്ത്രീകളും ഉൾപ്പെടുന്നു. ഓർക്കണം ചരിത്രത്തെ പുറകോട്ടു പിടിക്കുന്ന മെത്രാന്മാരും സഭാസംവിധാനവും ചരിത്രത്തിൽ അപ്രസക്തമാകും, തീർച്ച.

## 14

# അടികൊണ്ടവർ ഉണർന്നുകഴിഞ്ഞു

**കേ**രളത്തിൽ ഇന്നു വീണ്ടും ജാതി-മത-മൗലികത തഴച്ചുവളരുന്ന ഒരു സംസ്കാരം രൂപപ്പെട്ടുവരുന്നതായി നിരീക്ഷിക്കാം. പ്രബുദ്ധകേരളത്തിൽ പാഠപുസ്തകം വാരിക്കൂട്ടിയിട്ടു കത്തിക്കുന്നു, ഇനിയും കത്തിക്കുമെന്നു മത-സമുദായ നേതാക്കൾ വീമ്പിളക്കുന്നു, പുസ്തകത്തിൽ ചിലരുടെ സ്വാർഥ-നിക്ഷിപ്ത താൽപര്യത്തിനു വിഘാതമായുള്ള പാഠങ്ങൾ വലിച്ചുകീറിക്കളയുന്നു, പാഠപുസ്തകം വിതരണം ചെയ്യാതിരിക്കുന്നു, പാഠങ്ങൾ പഠിപ്പിക്കാതിരിക്കുന്നു, ജാതി-മത-സമുദായ താൽപര്യത്തിനനുസരിച്ചു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പാഠപുസ്തകം പിൻവലിക്കണമെന്നു പ്രമേയം പാസാക്കുന്നു ... അങ്ങനെ പലതും. ഇവയൊക്കെ വെറും ചില പ്രതിഷേധ പ്രവൃത്തികളല്ല; രോഗലക്ഷണങ്ങളാണ്. ഇവയുടെയൊക്കെ അടിത്തട്ടിൽ യഥാർഥ രോഗം പതിയിരുപ്പുണ്ട് - വർഗീയതയുടെയും ജാതീയതയുടെയും മതമൗലികതാവാദത്തിന്റെയും രോഗം.

ഓംപ്രകാശ് വാല്മീകിയുടെ "എച്ചിൽ-ഒരു ദലിത് എഴുത്തുകാരന്റെ ആത്മകഥ" എന്ന പുസ്തകം ഈയിടെ വായിച്ചപ്പോൾ ഒരു കാര്യം വ്യക്തമായി. നിക്ഷിപ്ത-വരേണ്യ-മത-വർഗ താൽപര്യത്തിനു എതിരായി, ദലിത് താൽപര്യത്തിനു അനുഗുണമായി നിലപാടെടുക്കാൻ സഹായിക്കുന്ന പാഠപുസ്തകങ്ങൾ കീറിക്കളയുകയും കത്തിക്കുകയും ചെയ്യുക ഇന്നത്തെ പ്രതിഭാസം മാത്രമല്ല. പണ്ടും നടന്നിട്ടുണ്ട്. 'എച്ചിലി'ൽ നിന്നു ചെറിയൊരു ഉദ്ധരണി. "അമരാവതി ജില്ലയിലെ മൽകപ്പൂരിൽ നടന്ന മറ്റൊരു സംഭവം. വർഷം 1984. ഏഴാംക്ലാസിലെ മറാത്തി പാഠപുസ്തകത്തിൽ ഡോ. അംബേദ്ക്കറെക്കുറിച്ചൊരു അധ്യായമുണ്ട്. ഒരു ബ്രാഹ്മണാധ്യാപകന്റെ ആഹ്വാനമനുസരിച്ച് അവിടെ ഒരു സ്കൂളിൽ കുട്ടികളെല്ലാം ആ അധ്യായം പുസ്തകത്തിൽ നിന്നു കീറിക്കളഞ്ഞു.

ക്ലാസിലുണ്ടായിരുന്ന മഹർ കുട്ടികൾക്ക് ഇതു തെറ്റാണെന്നു തോന്നി. അവർ രഹസ്യമായി ചവറ്റുകുട്ടകളിൽ നിന്ന് കീറിക്കളഞ്ഞ ഭാഗം കണ്ടെടുത്ത് വീടുകളിൽ കൊണ്ടുപോയി കാട്ടി. വാർത്ത പരന്നു. പ്രതിഷേധം തീ പോലെ പടർന്നു ... ദളിത് അടിച്ചമർത്തൽ എത്രത്തോളമുണ്ടെന്നതിനു ശക്തമായ തെളിവായി ഈ സംഭവം" (പേജ് 121).

ഞാൻ ഇവിടെ പറയാൻ ഉദ്ദേശിക്കുന്നത് കേരളത്തിലും ചരിത്രം ആവർത്തിക്കുന്നു എന്നാണ്. കേരളത്തിലെ ഏഴാംക്ലാസ് സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിലെയും പ്രശ്നം എന്താണ്? 'മതമില്ലാത്ത ജീവൻ' എന്ന കഥയല്ല. കേരളീയർക്കു മിശ്രവിവാഹം പുത്തരിയല്ല. നവോത്ഥാനപ്രസ്ഥാനത്തിന്റെ ശക്തിസ്രോതസിന്റെ ബാഹ്യ അടയാളമായിരുന്നു മിശ്രവിവാഹം. പിന്നെ എന്താണ് പ്രശ്നം? പുരുഷമേൽക്കോയ്മയും ഭർത്താവ് ദൈവമെന്ന ചിന്തയും ഹൃദയത്തിന്റെ അടിത്തട്ടിൽ പൂവിട്ടു പൂജിക്കുന്ന ഒരു സംസ്കാരമാണിന്നു കേരളത്തിന്റേത്. സ്ത്രീസ്വാതന്ത്ര്യത്തെപ്പറ്റിയും സ്ത്രീപുരുഷ തുല്യതയെപ്പറ്റിയും പറയുകയും സ്ത്രീവിഷയങ്ങൾ ഏറ്റുപിടിക്കുകയും ചെയ്യുന്നവർ പോലും പുരുഷാധിപത്യ സംസ്കൃതിക്കു വിധേയപ്പെട്ടിരിക്കുന്നു. അവിടെ ചാന്നാർ ലഹളയെപ്പറ്റി ഗൗരവമായി പഠിക്കുക അരോചകവും ബുദ്ധിമുട്ടുമാകില്ലേ? അതുപോലെ ഇന്ത്യയിലെ ക്രൈസ്തവരുടെ ഈറ്റില്ലമെന്നു വിശേഷിപ്പിക്കുന്ന കേരളചരിത്രത്തിൽ ഒരു ദളിതൻ സ്ഥാപിച്ച 'പ്രത്യക്ഷ രക്ഷാ ദൈവസഭ'യെപ്പറ്റി പഠിക്കുക എന്നത് ഔദ്യോഗികസമ്പന്നസഭയ്ക്കു എങ്ങനെ വച്ചുപൊറുപ്പിക്കാൻ പറ്റും? ഇന്നും കേരളത്തിന്റെ ഉദ്യോഗസ്ഥവൃന്ദത്തിന്റെ സിംഹഭാഗവും കയ്യാളുന്നതു ബ്രാഹ്മണ-നായർ-സുറിയാനി വിഭാഗങ്ങളാണ്. ദലിത്-പിന്നാക്ക സമുദായങ്ങളിൽ നിന്നു കയറിയിട്ടുള്ളവരിൽ മിക്കവരും സംവരണം വഴി എത്തിയവരും. ഇങ്ങനെയുള്ള ചരിത്രസാഹചര്യത്തിൽ, ദലിതർ എങ്ങനെ ഈ അവസ്ഥയിലാക്കപ്പെട്ടു എന്ന തിരിച്ചറിവ് ഉണ്ടാക്കുന്ന പാഠപുസ്തകം തീവയ്ക്കുകയല്ലാതെ മറ്റെന്താണ് മാർഗം? അങ്ങനെ സാമാന്യജനത്തിന്റെ ഉയർത്തെഴുന്നേൽപിന്റെ ചരിത്രം പഠിക്കുക മേലാളർക്കു ദുസ്സഹമാവുക സ്വാഭാവികം.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഇന്നു കേരളം കണ്ടുകൊണ്ടിരിക്കുന്ന പാഠപുസ്തകവിവാദവും പുസ്തകം കത്തിക്കലും മറ്റു തീവ്രസമരമുറകളും പ്രതീക്ഷിക്കേണ്ടതാണ്. ഇന്നുവരെ ബോധപൂർവ്വം തമസ്കരിക്കപ്പെട്ടിരുന്നവരുടെ പരിപ്രേക്ഷ്യത്തിലൂടെ ചരിത്രത്തെ വിശകലനം ചെയ്യുമ്പോൾ അവിടെ അധീശ-മത-സമുദായ നേതാക്കൾക്കു വിറയലുണ്ടാകും. ആ സാമൂഹ്യ സാഹചര്യത്തെ രാഷ്ട്രീയമായി മുതലെടുക്കേണ്ടതു യു ഡി എഫിന്റെ ചരിത്രധർമ്മമാണ്. ഇവിടെ ഒരു കാര്യം. ഭൂതത്തെ കുടം തുറന്നു വിട്ടുകഴിഞ്ഞു. ഇനി അതിനെ അകത്താക്കാമെന്ന് ആരും കരുതേണ്ട. അടികൊണ്ടവർ 'നിറുത്തു' എന്നു പറയുന്ന രാഷ്ട്രീയ പ്രക്രിയയിൽ ആയിക്കഴിഞ്ഞു. അതിനു ഈ പാഠപുസ്തകം ഒരു കൈത്താങ്ങാണ്

# 15

## മാനവികതയ്ക്കൊരു വഴികാട്ടി

ഏതു പുതിയ സംരംഭത്തിനും ഉണ്ടാകാവുന്ന പാളിച്ചകളും കുറവുകളും പാഠപുസ്തകത്തിനും ഉണ്ടെങ്കിലും അനുഭവത്തിലൂടെയും മറ്റു അഭിപ്രായ-നിർദ്ദേശങ്ങളിലൂടെയും ശരിപ്പെടുത്തണം. സ്വതവികാസത്തിലൂടെ ശിശുവിനെ പൂർണമനുഷ്യനാക്കുക എന്ന മഹത് വിദ്യാഭ്യാസ ലക്ഷ്യത്തിലേയ്ക്കുള്ള കാര്യക്ഷമമായ ഒരു കാൽവയ്പാണീ പാഠപുസ്തകം. കുട്ടികളെ ഉത്തമപൗരന്മാരാക്കുക എന്ന പരമോന്നത ലക്ഷ്യം വച്ചുകൊണ്ടാണു പുതിയ പാഠപുസ്തകങ്ങൾ നിർമിച്ചിരിക്കുന്നതു എന്നു തുറന്ന മനസോടെ അതിനെ സമീപിക്കുന്നവർക്കു മനസിലാക്കാൻ ബുദ്ധിമുട്ടില്ല. ഈ പാഠപുസ്തക പഠനത്തിലൂടെ താഴെപ്പറയുന്ന സവിശേഷതകൾ ആർജ്ജിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.

1. മറ്റെന്തിനേക്കാളും മനുഷ്യത്വത്തിനു ജീവിതത്തിൽ പ്രാമുഖ്യം നല്കണമെന്നു പഠിപ്പിക്കുന്നു; മാനവവൽക്കരണത്തിനു പ്രഥമ ഊന്നൽ നൽകുന്നു.
2. ചരിത്രത്തിൽ നിശബ്ദരാക്കപ്പെട്ടവർ, പതുക്കെ സംസാരിച്ചു തുടങ്ങാൻ പ്രേരകശക്തിയാകുന്നു.
3. കാലാകാലങ്ങളായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ജാതിമതവിരോധങ്ങളും വർഗീയകലാപങ്ങളും അർഥശൂന്യമാണെന്നു കുട്ടികളെ ബോധ്യപ്പെടുത്തുന്നു.
4. തനിക്കു വേണ്ട മതമേതെന്നു തെരഞ്ഞെടുക്കാൻ ഓരോ പൗരനും അവകാശം ലഭിക്കണമെന്നു ഉറപ്പാക്കുന്നു; വേണമെങ്കിൽ തെരഞ്ഞെടുക്കാതിരിക്കാനുള്ള അവകാശവും. അങ്ങനെ വ്യക്തിസ്വാതന്ത്ര്യത്തിനു പ്രാധാന്യം നൽകുന്നു.

5. അറിയാനും ചോദ്യംചെയ്യാനും കുട്ടികളെ പഠിപ്പിക്കുന്നു; അത് അവരുടെ അവകാശമായി കണ്ടിട്ട്.
6. സ്വതന്ത്ര ചിന്താ വ്യാപാരത്തെ ചെറുപ്പം മുതലേ പ്രോത്സാഹിപ്പിക്കുന്നു.
7. ശാസ്ത്രീയ അഭിരുചിയും ശാസ്ത്രീയ ചിന്തയും വളർത്താൻ ഉത്തേജനം നൽകുന്നു.
8. എല്ലാ മതങ്ങളിലെയും നന്മകളെ കാണാനും ബഹുമാനിക്കാനും സ്വീകരിക്കാനും കുട്ടികളെ പ്രാപ്തരാക്കുന്ന, ഒരു തുറന്ന മനസ്സു കുട്ടികളിൽ ജനിപ്പിക്കാൻ പ്രേരകമാകുന്നു.
9. സർവമതസാരവുമേകമെന്ന വിശ്വാസം വളർത്തിയെടുക്കാൻ സഹായകമാകുന്നു.
10. അന്യന്റെ മതത്തെ ആദരിക്കാൻ ശീലിപ്പിക്കുന്നു.
11. ജീവിതദർശനത്തിൽ മതേതരസ്വഭാവം കാത്തുസൂക്ഷിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.
12. പണ്ഡിറ്റ് ജവഹർലാലിനെപ്പോലുള്ള നവഭാരതശില്പികളെ തിരിച്ചറിയാനും അവരുടെ ദർശനങ്ങളെ ഉൾക്കൊള്ളാനും പ്രേരിപ്പിക്കുന്നു.
13. ഒരു പൗരന് ഏതു മതത്തിൽ വിശ്വസിക്കാനും ഒരു മതത്തിലും വിശ്വസിക്കാതിരിക്കാനും അവരവരുടെ വിശ്വാസത്തിനനുസരിച്ചു ജീവിക്കാനും അവകാശമുണ്ടെന്നു ബോധ്യപ്പെടുത്തുന്നു.
14. കേരളത്തിൽ ഫ്യൂഡലിസത്തിനും ജന്മിത്വത്തിനും അന്ത്യം കുറിക്കാനുതകിയ ഭൂപരിഷ്കരണനിയമം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്കെന്നല്ല, ലോകത്തിനു തന്നെ മാതൃകയാണെന്ന തിരിച്ചറിവ് നൽകുന്നു.
15. മഹാത്മജി, ജവഹർലാൽനെഹ്റു, സുഭാഷ് ചന്ദ്രബോസ് തുടങ്ങിയ സ്വാതന്ത്ര്യസമരസേനാനികളോടൊപ്പം ആദരിക്കപ്പെടേണ്ടവരാണ് ഭഗത്സിംഗ്, മംഗൾപാണ്ഡെ, പീർമുഹമ്മദ് തുടങ്ങിയ വിപ്ലവകാരികളെന്നു ഉദ്ബോധിപ്പിക്കുന്നു.
16. നമ്മുടെ ദേശീയ നേതാക്കളുടെ ത്യാഗമനോഭാവം കുട്ടികളെ പരിചയപ്പെടുത്തുന്നു.
17. മതേതരത്വം മതനിഷേധമോ മതനിരാസമോ അല്ല, എല്ലാ മതങ്ങളെയും മാനിക്കുക എന്നതും മതം ഇല്ലാത്തവരെയും മാനിക്കുക എന്നതും ആണെന്നു കുട്ടികളെ പഠിപ്പിക്കുന്നു.
18. ഇന്ത്യയുടെ ഭാവിപൗരന്മാർ ജാലിയൻവാലാബാഗ്, വാഗൺട്രാജഡി തുടങ്ങിയ സംഭവങ്ങളെപ്പറ്റിയും, ഉപ്പുസത്യാഗ്രഹം, ഖിലാഫത്ത് പ്രസ്ഥാനം തുടങ്ങിയ സമരമാർഗങ്ങളെപ്പറ്റിയും, ശിപായിലഹള, മാപ്പിളലഹള എന്നിങ്ങനെയുള്ള വിശേഷണങ്ങൾ നൽകി ബ്രിട്ടീഷുകാരും ചട്ടുകങ്ങളും സ്വാതന്ത്ര്യസമരചരിത്രത്തെ വളച്ചൊടിച്ചതിനെപ്പറ്റിയും തിരിച്ചറിവുണ്ടാക്കുന്നു.

19. ചാതുർവർണ്യവ്യവസ്ഥ ഇന്ത്യൻ സംസ്കാരത്തിനു ഏൽപ്പിച്ച ആഘാതത്തെയും ആ മനുഷ്യത്വഹീനതയിൽ നിന്നു മോചനം നേടിയതിനെയും പറ്റിയുള്ള ചരിത്രബോധം കുട്ടികളിലുണർത്തുന്നു.
20. നാനാത്വത്തിൽ ഏകത്വവും മതനിരപേക്ഷതയുമാണ് ഇന്ത്യൻ ഭരണഘടനയെ ലോകോത്തരമാക്കാനിടയാക്കിയതെന്നു വ്യക്തമാക്കി കുട്ടികളെ ഉദ്ബുദ്ധരാക്കുന്നു.
21. നവഭാരതശില്പികളും വിദ്യാഭ്യാസക്കമ്മീഷനുകളും നിർദ്ദേശിച്ച പാതകളിലൂടെ കുട്ടികളെ ഉത്തമപൗരന്മാരാക്കാൻ ശ്രമിക്കുന്നു.
22. വിദ്യാർഥികളിൽ സ്വതന്ത്രചരിത്രഗവേഷണ കൗതുകം ഉദ്ദീപിപ്പിക്കുന്നു.
23. മാനവനവോത്ഥാന പ്രക്രിയയിൽ മിശ്രവിവാഹം ('മിശ്രവിവാഹം' എന്ന പദം തീർത്തും അപര്യാപ്തം. ആ വാക്കിനു ഒരു നിഷേധാത്മക ധ്വനിയുണ്ട്. പക്വത വന്ന, ഉത്തരവാദിത്വമുള്ള ഒരു സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധം എങ്ങനെ 'മിശ്ര'മാകും. മാനവിക വിവാഹം, മാനവ സ്ത്രീപുരുഷബന്ധം എന്നോ മാറ്റിക്കുറിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.) വഹിക്കുന്ന സുപ്രധാന പങ്കിലേക്കു കുട്ടികളുടെ ചിന്തയെ ഉണർത്തന്നു.
24. ആളിക്കത്തിക്കൊണ്ടിരിക്കുന്ന വർഗീയതയ്ക്കെതിരെയുള്ള പ്രായോഗിക മറുപടിയായി കുട്ടികളിൽ മതസൗഹാർദ്ദചിന്ത വളർത്താൻ മതനിരപേക്ഷ മൃതദേഹ സംസ്കരണ സ്വാതന്ത്ര്യം ഉറപ്പാക്കാൻ പ്രേരിപ്പിക്കുന്നതാണ് നെഹ്റുവിന്റെ ഒസ്യത്ത്. അതു വർഗീയതക്കെതിരെയുള്ള ഫലപ്രദമായ ഒരായുധമാണെന്നു കുട്ടികൾ ഉൾക്കൊള്ളാൻ പ്രേരകമാകുന്നു.
25. അനുദിന ജീവിതയാഥാർഥ്യങ്ങളുമായി ബന്ധപ്പെടുത്തി ചരിത്രത്തെ നോക്കിക്കാണാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.
26. ഒരു മതേതരരാഷ്ട്രമായ ഇന്ത്യയിൽ, കുട്ടികളിൽ ന്യൂനപക്ഷസൗഹൃദചിന്ത വളർത്താൻ ഇതു പ്രേരകമാകുന്നു,
27. വേട്ടക്കാരന്റെയും അടിക്കുന്നവന്റെയും ചരിത്രബോധത്തിൽ നിന്നും വ്യത്യസ്തമായി വേട്ടയാടപ്പെട്ടവരുടെയും അടികൊണ്ടവരുടെയും പക്ഷത്തുനിന്നുകൊണ്ടു ചരിത്രത്തെ വിശകലനം ചെയ്യാൻ കുട്ടികളെ ക്ഷണിക്കുന്നു.

ചുരുക്കത്തിൽ എനിക്കു തോന്നുന്നത് പൂർണമാനവികതയിലേക്കും പ്രാപഞ്ചികതയിലേക്കും ഇനിയേറെ ദൂരം താണ്ടാനുണ്ടെങ്കിലും, അതിലേയ്ക്കു ദിശാബോധത്തോടെയുള്ള ഒരു ചുവടുവയ്പാണീ പാഠപുസ്തകം എന്നു തന്നെയാണ്.

# 16

## ഈ പൂച്ചയ്ക്ക് മണി കെട്ടണം

**ചാ**തുർവർണ്യത്തിന്റെ ഉൽപ്പന്നമായ അസ്പൃശ്യത സജീവമായിരുന്ന കാലത്ത്, ദലിതരും പുറജാതിക്കാരുമുൾപ്പെടെ സർവർക്കുമായി ബാസൽമിഷൻ, എൽ എം എസ്, സി എസ് ഐ തുടങ്ങിയ ക്രിസ്തീയ വിഭാഗക്കാർ ഒരുക്കിയ വിദ്യാഭ്യാസ സൗകര്യങ്ങൾ അങ്ങേയറ്റം ആദരവോടെയാണ് കേരളം ഓർക്കുന്നത്. അന്ന് മതേതരത്വഭാവം കാത്തുസൂക്ഷിച്ചിരുന്നു. അവരുടെ പിൻഗാമികളെന്നവകാശപ്പെടുന്ന കത്തോലിക്കർക്കു 'പള്ളിക്കൊരു പള്ളിക്കൂടം' ആയപ്പോഴേക്ക്, സങ്കുചിതചിന്ത തുടങ്ങി. അതു "ക്രിസ്തീയ സമുദായാംഗങ്ങൾ അവരുടെ കുട്ടികളെ ക്രിസ്തീയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തന്നെ പഠിപ്പിക്കണം" എന്ന തീർത്തും മതമൗലികവാദത്തിന്റെയും വർഗീയതയുടെയും വിഷം ചീറ്റുന്ന നിലപാടിലേയ്ക്ക് ആർച്ച് ബിഷപ്പ് പൗവ്വത്തിലിനെ കൊണ്ടെത്തിച്ചു.

ബിഷപ്പിന്റെ ഈ നിലപാടു മറ്റു മതസ്ഥരും സ്വീകരിച്ചാലുള്ള അപകടം അതിഭയാനകമായിരിക്കും. കേരളജനങ്ങളിൽ മാത്രമേ ഏതാണ്ടു 20% ക്രിസ്ത്യാനികളുള്ളു. മധ്യതിരുവിതാംകൂറിൽ ചില പ്രദേശങ്ങളൊഴിച്ചാൽ ക്രിസ്തീയ ഭൂരിപക്ഷമുള്ള ഒരു നിയോജകമണ്ഡലവും ഇല്ല തന്നെ. അവിടെയൊക്കെ താമസിക്കുന്ന ക്രൈസ്തവർ ഏതു സ്കൂളിലായിരിക്കും അവരുടെ കുഞ്ഞുങ്ങളെ വിടുക?

'എലിമെന്ററി എഡ്യുക്കേഷൻ ഇൻ ഇന്ത്യ 2005-2006' ലെ കണക്കനുസരിച്ച് ഇന്ത്യയിലെ മൊത്തം 11,24,033 സ്കൂളുകളിൽ കത്തോലിക്ക സ്കൂളുകൾ വെറും 13,004 - അതായത് 1.15% മാത്രം. മൊത്തം 18,064 കോളേജുകളിൽ കത്തോലിക്ക കോളേജുകളോ 297 (1.64%). ഇന്ത്യൻ സ്കൂളുകളിലെ ആകെ കുട്ടികൾ 18,42,00,000. അവരിൽ കത്തോലിക്കാ സ്കൂളുകളിൽ 69,05,556 കുട്ടികൾ (3.7%). അവരോ എല്ലാ മതങ്ങളിൽപ്പെ

ട്ടവരും. ഇവരിൽ മറ്റു മതങ്ങളിൽ പെട്ടവർ പിൻവാങ്ങിയാൽ മിക്കവാറും സ്കൂളുകൾ അടച്ചുപൂട്ടേണ്ടിവരും. ഇങ്ങനെ വളരെ അപകടംപിടിച്ചൊരവസ്ഥയിലേക്കു കത്തോലിക്കാ ബിഷപ്പുമാർ എത്തിച്ചേരും. ഏതായാലും പൗവ്വത്തിലിനെപ്പോലെ തനി വർഗീയവാദിയായ കൂപമണ്ഡുകങ്ങൾ വേറെയുണ്ടാകയില്ലെന്നു ആശിക്കാം.

ഒരു കാര്യം വ്യക്തം. എപ്പോഴൊക്കെ വിദ്യാഭ്യാസ പ്രക്രിയയെ ജനകീയവൽക്കരിക്കാൻ ശ്രമിച്ചിട്ടുണ്ടോ അപ്പോഴൊക്കെ മത-ജാതി മേധാവികൾ മതമൗലികവാദത്തിന്റെയും വർഗീയതയുടെയും തുറുപ്പുചീട്ടുമായി ഒന്നിച്ചു രംഗത്തു വന്നിട്ടുണ്ട്. ചങ്ങനാശേരി പെരുന്നയിലെ നസ്രാണി-എൻ എസ് എസ് ബാന്ധവം അതിന്റെ സൂചന മാത്രം. ന്യൂനപക്ഷമായാലും അല്ലെങ്കിലും സ്കൂൾ മാനേജ്മെന്റുകളുടെ മേൽ സാമൂഹ്യനിയന്ത്രണമുണ്ടായേ മതിയാകൂ. ജനാധിപത്യബോധമുള്ളവർ അത് അംഗീകരിക്കുകയും ചെയ്യും.

മതവികാരം ഉണർത്തി ആളിക്കത്തിക്കുന്ന ശൈലി ചരിത്രത്തിൽ മതം പലവട്ടം ചെയ്തിട്ടുണ്ട്. ഇന്നു കേരളസഭാമേലധ്യക്ഷന്മാരും ആ വഴിക്കാണു നീങ്ങുന്നത്. അരുത് വിഷം കലക്കരുത്. 'സത്യവും ധർമ്മവും കുഞ്ഞാടുകൾക്കു ഓതിക്കൊടുക്കുന്ന' പിതാക്കന്മാരും മറ്റു പുരോഹിതശ്രേഷ്ഠന്മാരും പ്രചരിപ്പിക്കുന്ന പച്ചനുണകൾ ഇങ്ങനെ: 1. അധ്യയനദിവസങ്ങൾ വർധിപ്പിക്കുന്നു. 2. ശനിയാഴ്ചയും ഞായറാഴ്ചയും പ്രവൃത്തിദിനങ്ങളാക്കി വിശ്വാസികളുടെ ആചാരാനുഷ്ഠാനങ്ങൾ നിഷേധിക്കുന്നു. 3. വിദ്യാലയങ്ങളിൽ നിന്നു തിരുസ്വരൂപങ്ങൾ നീക്കംചെയ്യുന്നു. പ്രാർത്ഥന തടയുന്നു. 4. സ്കൂൾ കലണ്ടറിൽ ക്രിസ്തീയ വിശേഷദിനങ്ങൾ ഒഴിവാക്കുന്നു. 5. സ്കൂൾ സമയം മാറ്റി മദ്രസ പഠനം തടയുന്നു. 6. അറബിഭാഷാപഠനം ഇല്ലാതാക്കുന്നു. 7. ആൺകുട്ടികളേയും പെൺകുട്ടികളേയും ഇടകലർത്തിയിരുത്തി സദാചാരമൂല്യം തകർക്കുന്നു. 8. ഈശ്വരവിശ്വാസം ഇല്ലാതാക്കുന്ന പാഠ്യപദ്ധതി അടിച്ചേൽപ്പിക്കുന്നു. 9. നിരീശ്വരത്വവും മതനിരാസവും പാഠ്യപദ്ധതിയിലുൾപ്പെടുത്തുന്നു.

നിയമനം വഴി നടന്നിരുന്ന കൊള്ളകൾക്ക് അവസരമില്ലാതാകുമോ എന്ന വിഭ്രാന്തിയാണിതിന്റെ പിന്നിൽ. കൊള്ളക്കാരുടെയും വർഗീയവാദികളുടെയും അസത്യ പ്രചാരണത്തെയും വിലാപത്തെയും ഭീഷണിയെയും വിഗണിച്ചു സാമൂഹ്യനിയന്ത്രണമേർപ്പെടുത്തിയാൽ കേരളജനത ഒറ്റക്കെട്ടായി സർക്കാരിനൊപ്പം നിൽക്കും; തീർച്ച.

## 17

# ന്യൂനപക്ഷാവകാശം: കള്ളനാണയങ്ങളെ തിരിച്ചറിയുക

ഇന്നത്തെ കേരളരാഷ്ട്രീയത്തിൽ വലിയ വിവാദമുണ്ടാക്കിയിരിക്കുന്ന ന്യൂനപക്ഷക്കാർ ബിഷപ്പുമാരാണ്. എങ്ങനെ ബിഷപ്പുമാർക്കു ജനമോ സമുദായമോ ആകാൻ പറ്റും? സമൂഹത്തെ പ്രതിനിധാനം ചെയ്യാൻ ഒരു ബിഷപ്പിനും അർഹതയില്ല. അങ്ങു റോമിൽ ഏകാധിപതിയായി വാഴുന്ന ഒരു മാർപ്പാപ്പയുടെ പ്രതിനിധിയെന്നാണ് ബിഷപ്പിനെ ഔദ്യോഗികമായി അറിയപ്പെടുന്നത്. ഈ ബിഷപ്പിന്റെ പ്രതിനിധികളാണ് പുരോഹിതഗണം. അങ്ങനെ ഇവർക്കും (ബിഷപ്പിനോ പുരോഹിതർക്കോ) സമൂഹത്തെയും സമുദായത്തെയും പ്രതിനിധീകരിക്കാൻ പറ്റുകയില്ല. അവരുടെ വക്താക്കളാകാൻ ഒരു കാരണവശാലും സാധിക്കുകയുമില്ല.

ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മൗലികമായ അവകാശം എല്ലാവർക്കും തുല്യത എന്നതാണ്. പക്ഷേ ഇന്നതു സാധിക്കാത്ത ചരിത്രസാഹചര്യമാണു നിലവിലുള്ളത്. ഇതു മാറണം. എല്ലാവരും തുല്യാവകാശം അനുഭവിക്കണം. അങ്ങനെ ഒരവസ്ഥ സാധിതമാകാൻ സംവരണവും ന്യൂനപക്ഷാവകാശവും സംരക്ഷിക്കപ്പെടണം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഇവ എന്നും നിലനിൽക്കേണ്ട മൗലികാവകാശങ്ങളല്ല. മറിച്ച്, താൽക്കാലിക പരിഗണനയാണ് ഇതിന് ആധാരം. അതുകൊണ്ടു തന്നെ ഇതിന്റെ പ്രായോഗികത സാർവത്രികമാകണമെന്നില്ല. ഓരോ സ്ഥലത്തിന്റെയും ഭൗതികസാഹചര്യത്തിന്റെയും അടിസ്ഥാനത്തിൽ ഇതിന്റെ നടത്തിപ്പു ക്രമം വിലയിരുത്തേണ്ടിവരും. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്നതു ഒരു മതേതര ജനാധിപത്യമാണ്. അതുകൊണ്ടു തന്നെ അതിന്റെ മതനിരപേക്ഷ സ്വഭാവം കാത്തുസൂക്ഷിക്കണം.

കേരളത്തിന്റെ ദൈവശാസ്ത്രപഠന കേന്ദ്രമായ ആലുവാ സെന്റ്

ജോസഫ് സെമിനാരിയിൽ ഒരു 'മാർക്സിസ്റ്റു-ക്രിസ്ത്യൻ ഡയലോഗ്' 1965 ൽ നടന്നതിനെപ്പറ്റിയാണ് ഈ അവസരത്തിൽ ഓർമവരുന്നത്. ഒരു വശത്ത് അഡ്വ. എം എം ചെറിയാൻ, പി ഗോവിന്ദപ്പിള്ള, സി പി നാരായണൻ എന്നിവരും മറുവശത്തു സെമിനാരി റെക്ടറും ഡീൻ ഓഫ് സ്റ്റഡീസും ബാംഗ്ലൂരിൽ നിന്നുള്ള ഐ എസ് ഐ ഡയറക്ടറുമാണ് സംവാദത്തിൽ പങ്കെടുത്തത്. വൈദികവിദ്യാർഥികളായിരുന്നു സദസ്യർ. ചർച്ചകളും ചോദ്യോത്തരങ്ങളും നടക്കുന്നതിനിടയിൽ ശ്രീ. സി പി നാരായണൻ ചോദിച്ചു 'സഭ എന്നും ചൂഷകരോടു കൂടിയല്ലേ നിന്നിട്ടുള്ളത്?' ബാംഗ്ലൂരിലെ ഐ എസ് ഐ ഡയറക്ടറുടെ മറുപടി - 'അതേ' എന്നായിരുന്നു. സഭയുടെ ആദ്യകാലത്തു വളരെ ചെറിയൊരു കാലയളവൊഴിച്ച്, എന്നും സഭ ചൂഷകരോടു ചേർന്നു നിന്നു. ആ അവസ്ഥ മാറ്റാനും ചൂഷിതരോടു അടുക്കാനും ഒത്തുചേരാനുമുള്ള സഭയുടെ ഉദ്യമത്തിന്റെ ഭാഗമാണീ സംവാദം എന്നും പറഞ്ഞു. കൂടുതൽ കാര്യക്ഷമമായി അടുക്കണമെന്നും സഹകരിക്കണമെന്നും അതിലേയ്ക്കു ബോധപൂർവം വേദികൾ ഒരുക്കണമെന്നുമുള്ള ധാരണയിലാണ് പിരിഞ്ഞത്. ഇതു 1965 ലെ കഥ. ഇന്നിതാ 42 വർഷത്തെ വളർച്ചയുടെ പരിണാമദശയിൽ മാർക്സിസ്റ്റുകാരും വിശ്വാസികളും രണ്ടു വള്ളത്തിലാണെന്നും പരസ്പരം സഹകരിക്കാൻ പറ്റുകയില്ലെന്നും പറയാൻ സഭാനേതൃത്വം ഉത്സാഹിക്കുകയാണ്! അതായത് സഭ തീർത്തും ചൂഷകരുടെ കൂടെത്തന്നെ നിൽക്കാൻ ഔദ്യോഗികമായി തീരുമാനിച്ചിരിക്കുന്നു. ഇനിയൊരു മറുചിന്തയില്ല.

ചൂഷകരോടൊപ്പം നിൽക്കുന്ന സഭയുടെ ഔദ്യോഗിക ഏറ്റുപറച്ചിലാണ് പ്രൊഫഷണൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളും അവയുമായി ബന്ധപ്പെട്ടു നടക്കുന്ന എല്ലാ കോലാഹലങ്ങളും. ചെറിയൊരു കണക്ക് ഇതു വ്യക്തമാക്കും.

ഇന്നു കേരളത്തിൽ ഏതാണ്ടു 1,30,000 വിദ്യാർഥികൾ കോളേജിൽ പോകുന്നു. അവരിൽ ഏതാണ്ടു 30,000 പേർ മാത്രമേ പ്രൊഫഷണൽ കോളേജുകളിൽ പോകുന്നുള്ളു. അതായത് 25% ത്തിൽ താഴെയേയുള്ളു. ബാക്കി ഒരു ലക്ഷത്തിലേറെപ്പേർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലാണ് പഠിക്കുന്നത്. അവരുടെ കാര്യം ബിഷപ്പുമാർ ചർച്ച ചെയ്യുന്നതേയില്ലല്ലോ. അതിലവർക്കു താൽപര്യവുമില്ല. എന്തുകൊണ്ട്? കാരണം ഒന്നേയുള്ളു. ലാഭം കിട്ടുന്ന കോഴ്സുകളല്ലവ. പ്രൊഫഷണലോ, ലാഭം കുന്നുകൂട്ടാവുന്നതും.

മറ്റൊരു കാര്യം കൂടി. നാലേകാൽ ലക്ഷം കുട്ടികളാണു പത്താംക്ലാസിൽ പഠിക്കുന്നത്. അവരിൽ നിന്ന് 1.30 ലക്ഷം പേരേ കോളേജിൽ പോകുന്നുള്ളു. അതായത് ഏതാണ്ട് മൂന്നു ലക്ഷം കുട്ടികൾ പഠിത്തം നിർത്തുമ്പോൾ അവരുടെ പഠനവിഷയത്തിന് അവരുടെ ജോലിയുമായി യാതൊരു ബന്ധവുമില്ല എന്നതാണ്. ഈ മൂന്നു ലക്ഷത്തിന്റെ ഭാവി എല്ലാംകൊണ്ടും ഇരുണ്ടതാണ്. അതുപോലെ ഒരുലക്ഷം വരുന്ന മാനവിക വിഷയമെടുത്തവരും ഇരുട്ടിലാണ്. അങ്ങനെ ഏതാണ്ട് നാലു ലക്ഷം വിദ്യാർഥികളുടെ കാര്യത്തിൽ ഉത്ക്കണ്ഠയോ താൽപര്യമോ

ഇല്ലാത്ത സ്വകാര്യമാനേജ്മെന്റ് ജനവിരുദ്ധമാണ്. ഇതാണ് സത്യത്തിൽ വിദ്യാഭ്യാസരംഗത്തെ ഏറ്റവും വലിയ പ്രതിസന്ധി. പക്ഷേ ഇതാരും, ഗവണ്മെന്റുൾപ്പെടെ, ഗൗരവമായി എടുക്കുന്നില്ല.

30,000 പേർക്കു സെലക്ഷൻ കിട്ടുന്നു. ആരാണിവർ? സമൂഹത്തിലെ ഉയർന്നവരുടെയും മധ്യവർഗത്തിന്റെയും മക്കളാണ്. പാവപ്പെട്ടവർക്കു ഈ തലത്തിലേക്ക് കയറിപ്പറ്റാൻ സാധിക്കുകയില്ല. കാരണം മാനേജ്മെന്റിന്റെ സെലക്ഷൻ മാനദണ്ഡങ്ങൾ സാമൂഹ്യനീതിയെ ആധാരമാക്കിയല്ല, തലപ്പിരിവ് ആധാരമാക്കിയാണ്. പണം അത് എങ്ങനെ ഉണ്ടാക്കിയാലും തെറ്റില്ല; കള്ളപ്പണമായാലും വെള്ളപ്പണമായാലും പ്രശ്നമില്ല. അതുണ്ടെങ്കിൽ സെലക്ഷനുണ്ട്, അതില്ലെങ്കിൽ സെലക്ഷനില്ല. പിന്നെ ആകെയുള്ള ഒരു അപവാദം, നിങ്ങളുടെ മനുഷ്യത്വം പണയം വച്ചു എന്നും സഭാധികാരികൾക്കു പാദസേവ ചെയ്തു നിങ്ങളും നിങ്ങളുടെ കുടുംബവും അടിമകളായി ജീവിക്കാമെന്നു ഉറപ്പ് നൽകുന്നവരിൽ, സഭാധികാരികൾക്കു ഏറ്റവും വിശ്വാസം തോന്നുന്നവരിൽ എണ്ണാവുന്നവർക്കും സെലക്ഷൻ കിട്ടും. ചുരുക്കത്തിൽ ഈ സെലക്ഷൻ പ്രക്രിയയിൽ ബഹുഭൂരിപക്ഷം വരുന്ന സാധാരണകുടുംബങ്ങളിൽ നിന്നുള്ള വിദ്യാർഥികൾക്കു പ്രാതിനിധ്യമില്ല. ആത്മാഭിമാനമുള്ള സാധാരണ കുടുംബത്തിലെ ഒരു വിദ്യാർഥിക്കും സെലക്ഷൻ സ്വപ്നംകാണുക പോലും അസാധ്യം.

ഭരണഘടന ന്യൂനപക്ഷത്തിനുള്ള വിശേഷണങ്ങൾ - ഭാഷാപരവും മതപരവും എന്നാണ് (linguistic and religious minority). ഇന്ത്യ എന്ന രാഷ്ട്രത്തെ ഒന്നിച്ചെടുത്താൽ, ഇന്ത്യയിലെ എല്ലാവരും തന്നെ ഭാഷാപരമായി ന്യൂനപക്ഷമാണ്. ഉദാഹരണത്തിന് ഇന്ത്യൻ ജനതയുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ മലയാളികൾ ന്യൂനപക്ഷം; തമിഴർ ന്യൂനപക്ഷം, തെലുങ്കർ ന്യൂനപക്ഷം. അങ്ങനെ എല്ലാവരും ന്യൂനപക്ഷമാണ്.

അപ്പോൾ ഈ സമീപനം ശരിയല്ല. പിന്നെ എന്തായിരിക്കണം നിലപാട്? ഈ പ്രതിസന്ധി മറികടക്കാൻ സംസ്ഥാനാടിസ്ഥാനത്തിലാവണം പരിഗണനന നടത്തേണ്ടത്. അങ്ങനെയുള്ള കോടതിവിധിയുമുണ്ട്. ഇതു തന്നെയാണ് മതത്തിന്റെ കാര്യത്തിലും വരേണ്ടത്. അങ്ങനെ നോക്കുമ്പോൾ ഏതാണ്ട് 25% മുസ്ലീങ്ങളും 20% ക്രിസ്ത്യാനികളുമുള്ള കേരളത്തിൽ ആരെയും മതപരമായി ന്യൂനപക്ഷമായി പരിഗണിക്കാനാവില്ല എന്നതാണ് വസ്തുത. പിന്നെ എങ്ങനെയായിരിക്കണം ന്യൂനപക്ഷ നിർണയം നടത്തുക? സാമൂഹ്യ-സാമ്പത്തിക വളർച്ചയുടെ അടിസ്ഥാനത്തിലാവണം ന്യൂനപക്ഷ നിർണയം. അപ്പോൾ സിറിയൻ കമ്യൂണിറ്റി (സമുദായം) ന്യൂനപക്ഷ പട്ടികയിൽ നിന്നു പുറത്താകും. ലത്തീൻ കത്തോലിക്കർ, സി എസ് ഐ, ബാസിൽ ക്രിസ്ത്യാനികളും മറ്റും ന്യൂനപക്ഷ സമുദായങ്ങളായി നിലകൊള്ളും. ഈ വേർതിരിവ് വിവേചനപരമല്ലെന്നും ന്യൂനപക്ഷാവകാശത്തിന്റെ സത്തയാണെന്നും ആർക്കും മനസിലാകും.

# 18

# ചരിത്രം മറക്കുന്ന മെത്രാൻ

**കൊ**ല്ലം ലത്തീൻ കത്തോലിക്കാരൂപതയിലെ ഒരു വൈദികനാണു ഞാൻ. 37 വർഷത്തെ വൈദികജീവിതത്തിൽ 17 വർഷം കൊല്ലം രൂപതയിലെ അഞ്ചു ഇടവകയിൽ സജീവ ശുശ്രൂഷ നടത്തിയതിനൊപ്പം, ലത്തീൻസമുദായത്തിന്റെ ഹൃദയത്തുടിപ്പുകൾ ശരിക്കും അനുഭവിച്ചറിയത്തക്ക രീതിയിൽ പല പരിപാടികളും സംഘടിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ സ്ഥാപനം മുതൽ 1987 വരെ ഏതാണ്ട് നേതൃനിരയിൽത്തന്നെ അവരോടൊപ്പം പ്രവർത്തിച്ചിട്ടുണ്ട്. തുടർന്ന് മുഖ്യധാരാ ശുശ്രൂഷയിൽ നിന്നു മാറിയിട്ടും, ഈ ജനത്തിന്റെ പ്രശ്നത്തിൽ സജീവ താൽപര്യം ഇന്നുമുണ്ട്. ഈ അറിവും അനുഭവവും വച്ച് പറയട്ടെ, സ്വാശ്രയ വിദ്യാഭ്യാസ നിയമത്തിനെതിരെ സിറിയൻ ക്രൈസ്തവ മേലധ്യക്ഷന്മാരോടും എൻ എസ് എസ്സിനോടും കൈകോർത്ത ലത്തീൻ ക്രൈസ്തവ നേതൃത്വം ലത്തീൻ കത്തോലിക്കാജനതയെ വഞ്ചിക്കുകയാണ്.

ദിവംഗതനായ വിമോചന ദൈവശാസ്ത്രജ്ഞനും ഹ്യൂമനിസ്റ്റുമായ ഡോ. എം എം തോമസ് ഒരിക്കൽ പറഞ്ഞകാര്യം ഓർക്കുന്നു. 'കേരളത്തിലെ വിവിധ ക്രൈസ്തവസഭകളിൽ ലത്തീൻകത്തോലിക്കാസഭയ്ക്കും സി എസ് ഐ സഭയ്ക്കും മാത്രമേ വിമോചനത്തിന്റെ പാത സ്വീകരിക്കാൻ പറ്റൂ. കാരണം ബാക്കിയെല്ലാ ക്രൈസ്തവസഭകളും മുന്നോക്ക-സമ്പന്ന സഭയായിരിക്കേ, പിന്നോക്ക-ദരിദ്ര-പീഡിതസഭകളാണു ലത്തീൻ സഭയും സി എസ് ഐ സഭയും.' കേരളത്തിന്റെ കടലോരവും ഉൾനാടൻ മത്സ്യമേഖലകളും എന്റെ സജീവപ്രവർത്തന ഇടങ്ങളായിരുന്നതുകൊണ്ട്, ചിന്തയിലും പെരുമാറ്റത്തിലും അവയുടെ

സ്വാധീനമുൾക്കൊണ്ടുകൊണ്ടുള്ള കുറിപ്പായി ഇതിനെ പരിമിതപ്പെടുത്തുകയാണ്.

കേരളത്തിൽ ഏതാണ്ടു 20 ലക്ഷം ലത്തീൻ കത്തോലിക്കരാണുള്ളത്. അതിൽ 12 ലക്ഷവും കടലോര-ഉൾനാടൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ടു ഉപജീവനം കഴിക്കുന്നവരാണ്. പിന്നെ 5.5 ലക്ഷം പേർ നിർമാണമേഖലയിലും. ബാക്കിവരുന്ന വെറും 2.5 ലക്ഷം പേരാണ് മറ്റു വിവിധ മേഖലകളിൽ - കശുവണ്ടി മേഖലയുൾപ്പെടെ - പ്രവർത്തിക്കുന്നത്. ഇതിൽ കുറച്ചു ഉദ്യോഗസ്ഥരും കച്ചവടക്കാരും മറ്റും കാണും. നൂറു ശതമാനവും സാക്ഷരതയുള്ള കേരളത്തിൽ നല്ലൊരു ശതമാനം നിരക്ഷരരുള്ള മേഖല മത്സ്യത്തൊഴിലാളിമേഖലയാണ്. തൊഴിൽ വൈവിധ്യ സാധ്യതകളും കുറവാണ്. വളരെ പിന്നോക്കം നിൽക്കുന്ന ഒരു ജനവിഭാഗമാണ് ലത്തീൻകത്തോലിക്കരുടേത് എന്നതു ചരിത്രയാഥാർഥ്യം.

ഈ സമുദായത്തിൽ വളരെ കുറച്ചുപേർ ഉന്നത ഉദ്യോഗസ്ഥരായിട്ടുണ്ട്; അവർക്ക് പഠിക്കാൻ സർക്കാർ ആനുകൂല്യവും സംവരണവുമാണു നിമിത്തമായി മാറിയത്. കൊല്ലം രൂപതയിലെ ഒരു ഇടവകയിലെ അംഗമായ, വൈസ്ചാൻസലർ പദവി വരെയെത്തിയ ഒരു സുഹൃത്ത് ഒരിക്കൽ വികാരതീവ്രതയോടെ ഒരുകാര്യം പങ്കുവച്ചു; ഇന്നു രംഗം അടക്കിവാഴുന്ന സ്വാശ്രയവിദ്യാഭ്യാസ അന്തരീക്ഷത്തിൽ തന്റെ മകനെപ്പോലും ഉന്നതവിദ്യാഭ്യാസത്തിനു വിടാൻ ബുദ്ധിമുട്ടുന്നു. അന്നു ഫീസാനുകൂല്യവും സ്റ്റൈപ്പെന്റും മറ്റുമുണ്ടായതുകൊണ്ടു മാത്രം അദ്ദേഹം പഠിച്ചു. അഞ്ചക്കശമ്പളം കിട്ടുന്ന തനിക്കു പോലും മക്കളെ ഇന്നു മാന്യമായി ഫീസുകൊടുത്തു പഠിപ്പിക്കാൻ പറ്റാത്ത സാഹചര്യത്തിൽ, സാധാരണ ഒരു ഉദ്യോഗസ്ഥന് ഇതെങ്ങനെ സാധിക്കും? പാവപ്പെട്ട മനുഷ്യർക്കു ഉന്നതവിദ്യാഭ്യാസം സ്വപ്നംകാണാൻപോലും പറ്റില്ല. എന്നെ വല്ലാതെ ഉലച്ച ഒരു നിരീക്ഷണമായിരുന്നു അത്.

ഉന്നതവിദ്യാഭ്യാസം, പ്രത്യേകിച്ചു പാവപ്പെട്ടവർക്ക്, ഒരു കീറാമുട്ടിയായി മാറിക്കഴിഞ്ഞു. കഴിഞ്ഞ യുഡിഎഫ് സർക്കാർ സ്വകാര്യമാനേജ്മെന്റുമായുള്ള ഒത്തുകളിയുടെ ഭാഗമായി 'രണ്ടു സ്വാശ്രയകോളേജ് = ഒരു സർക്കാർ കോളേജ്' എന്ന ഓമന മുദ്രാവാക്യത്തിനു രൂപം കൊടുത്തു. വിദ്യാലയപ്രവേശനകാര്യത്തിൽ 50:50 എന്ന അനുപാതം ശ്രീ. എ കെ ആന്റണി സർക്കാർ അംഗീകരിച്ച്, ആവശ്യപ്പെട്ടവർക്കൊക്കെ തലവരി വാങ്ങുന്നതിനു യാതൊരു തടസവുമില്ലാത്ത വ്യവസ്ഥയിൽ കോളേജുകൾ അനുവദിച്ചു. ഈ സാഹചര്യത്തിലാണ് എൽ ഡി എഫ് തങ്ങളുടെ തെരഞ്ഞെടുപ്പു പത്രികയിൽ വിദ്യാഭ്യാസമേഖലയിൽ അടിയന്തരമായി സാമൂഹ്യനീതിയും യോഗ്യതയും ഉറപ്പാക്കിക്കൊണ്ടുള്ള നടപടികൾ സ്വീകരിക്കുമെന്ന വാഗ്ദാനത്തോടെ രംഗത്തുവന്നത്. എൽഡിഎഫ് വിജയിച്ചു. ഇന്നവർ ഭരിക്കുന്നു. തെരഞ്ഞെടുപ്പു പ്രകടനപത്രികയുടെ സാക്ഷാൽക്കാരമെന്നോണം 2006 ജൂൺ 25 ന് കേരള നിയമസഭ ഭരണപക്ഷ-

പ്രതിപക്ഷ വ്യത്യാസമില്ലാതെ ഏകകണ്ഠമായി അംഗീകരിച്ചു പാസാക്കി 2006 ജൂലൈ 2 ന് ഗവർണറുടെ കയ്യൊപ്പോടെ നിയമമായതാണ് 'കേരള പ്രൊഫഷണൽ കോളേജ് ആക്ട് 2006.' മുൻമുഖ്യമന്ത്രി ശ്രീ. എ കെ ആന്റണിയും സ്വകാര്യ മാനേജ്മെന്റും തമ്മിലുണ്ടാക്കിയ ധാരണയെ മാനിച്ചുകൊണ്ടാണ് ഈ ആക്ടിനു രൂപംകൊടുത്തത്. അതല്ലാതെ എൽ ഡി എഫിനു പൂർണസ്വാതന്ത്ര്യമുണ്ടായിരുന്നെങ്കിൽ, സ്വകാര്യമാനേജ്മെന്റിനു 50% സീറ്റു കിട്ടുകയില്ലായിരുന്നു എന്നാണ് എനിക്കു തോന്നുന്നത്. അതുപോകട്ടെ. അവർ പരസ്പരം സമ്മതിച്ച വ്യവസ്ഥയ്ക്ക് എതിരായിട്ടാണ് കോടതിയിൽ പോയത്. പിന്നെയുണ്ടായ കോലാഹലങ്ങൾ പറയേണ്ടതില്ലല്ലോ.

എങ്ങനെ ലത്തീൻകത്തോലിക്കാ സഭാമേലധ്യക്ഷന്മാർ ഈ നിയമത്തിനെതിരായി രംഗത്തുവന്നു? പണ്ടേ കച്ചവടക്കണ്ണുള്ള മുന്നോക്കസമുദായ സിറിയൻ ക്രിസ്ത്യാനി മേലധ്യക്ഷന്മാരുടെ വിദ്യാഭ്യാസ സമീപനം മനസിലാക്കാം. പണ്ടും അവർ വൻ തുക കോഴ വാങ്ങിയിട്ടാണ് നിയമനങ്ങളും മറ്റും നടത്തിയിട്ടുള്ളത്. ഇപ്പോൾ മേച്ചിൽസ്ഥലം കൂടുതൽ വിപുലമായെന്നേയുള്ളൂ. പക്ഷേ ലത്തീൻസമുദായത്തിന്റെ കഥ അതല്ല. ലത്തീൻ കത്തോലിക്കാസഭയുടെ അധീനതയിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിൽ അൽപകാലം മുമ്പു വരെയും പ്രവേശനത്തിനോ നിയമനത്തിനോ ഒരു പൈസ പോലും കോഴയായോ പാരിതോഷികമായോ വാങ്ങിയ ചരിത്രമില്ല. പിന്നെ എങ്ങനെ ഇപ്പോഴത്തെ 'പിതാക്കന്മാ'ർക്ക് തങ്ങളുടെ 'മക്കളി'ൽ നിന്നും പ്രവേശനത്തിനും നിയമനത്തിനും കോഴവാങ്ങാൻ തോന്നി എന്നതു ആശ്ചര്യകരമായിരിക്കുന്നു. ഇവർക്കു സമുദായത്തോടു എന്തെങ്കിലും സ്നേഹമുണ്ടെങ്കിൽ, താൽപര്യമുണ്ടെങ്കിൽ സ്വാശ്രയനിയമത്തെ സർവാത്മനാ സ്വീകരിച്ചു നടപ്പിലാക്കുകയായിരുന്നു വേണ്ടത്. പക്ഷേ അവർ അതല്ല ചെയ്യുന്നത്. ഇതു ചരിത്രത്തിലെ ഒരു ഇരുണ്ട പാടായി എന്നും നിലനിൽക്കും.

ഒന്നുരണ്ടു കണക്കുവച്ചു ഈ മതമേലധ്യക്ഷന്മാർ കാണിച്ചുകൂട്ടിയ അപരാധം വ്യക്തമാക്കാം. പുഷ്പഗിരി മുതൽ ഇങ്ങോട്ടു മുന്നോക്ക ക്രൈസ്തവ മേലധ്യക്ഷന്മാരുടെ അധീനതയിൽ നൂറുകണക്കിനു വിദ്യാഭ്യാസസ്ഥാപനങ്ങളുള്ളപ്പോൾ, ലത്തീൻ സമുദായത്തിനു ഒരു എഞ്ചിനീയറിംഗ് കോളേജും രണ്ടു നേഴ്സിംഗ് കോളേജുകളും മാത്രമേ സ്വന്തമായുള്ളു. സർക്കാർ പാസാക്കിയ വിദ്യാഭ്യാസനിയമമനുസരിച്ചു, പ്രവേശനത്തിനു 2% സംവരണം ലത്തീൻ കത്തോലിക്കർക്കു ഈ സ്വാശ്രയ സ്ഥാപനങ്ങളിൽ ലഭിക്കും. അങ്ങനെ ഒരു വർഷം ആകെയുള്ള 26,400 സീറ്റുകളിൽ 528 സീറ്റുകൾ ജനറൽ മെറിറ്റിൽ കിട്ടുന്നതിനു പുറമേ ലത്തീൻ സമുദായത്തിനു കിട്ടും. എന്നാൽ തിരുവനന്തപുരത്തുള്ള എഞ്ചിനീയറിംഗ് കോളേജിലെ ആകെ സീറ്റ് 240. അതിന്റെ 50% എന്നാൽ 120. ഈ 120 സീറ്റ് സംരക്ഷിക്കുവാനാണ്, ലത്തീൻ സമുദായത്തിനു സർക്കാർ ഫീസിൽ അവകാശമായി ലഭിക്കുന്ന 528 സീറ്റുകൾ നഷ്ടപ്പെടുത്താൻ

രംഗത്തു വന്നത്. ഏറ്റവും വിചിത്രം ഇക്കാര്യത്തിൽ മുൻപന്തിയിൽ നിന്നതു കൊല്ലം ബിഷപ് സ്റ്റാൻലി റോമനാണ്! ഏതാണ്ട് ഇതുപോലൊരു കണക്കാണ് നേഴ്സിംഗ് കോളേജ് വിഭാഗത്തിലും ഉള്ളത്. കൊല്ലം ബൻസിഗർ ഹോസ്പിറ്റലിലെ ജനറൽ നേഴ്സിംഗിന് 40 സീറ്റും ബി എസ് സി നേഴ്സിംഗിനു 50 സീറ്റുമാണുള്ളത്. ഇതിന്റെ 50% എന്നാൽ 45 സീറ്റ്. ഇന്നു കേരളത്തിൽ ആകെ അനുവദിച്ചിട്ടുള്ള 21 ബി ഫാം സ്വാശ്രയകോളേജുകൾക്കു 50 സീറ്റുകൾ വച്ചു 1050 സീറ്റും 52 ബി എസ് സി നേഴ്സിംഗ് കോളേജുകൾക്കു 50 സീറ്റു വച്ചു 2600 സീറ്റും കൂടെ ആകെ 3650 സീറ്റുകളുടെ 2% മായ 730 സീറ്റുകളാണു ലത്തീൻ സമുദായത്തിനു സർക്കാർ ഫീസിൽ അവകാശമായി കിട്ടേണ്ടത്. അതു നഷ്ടപ്പെടുത്തിയിട്ട് തന്റെ സ്വന്തം പിടിയിലുള്ള 45 സീറ്റിനെ സംരക്ഷിക്കാനാണ് ബിഷപ്പിനു വ്യഗ്രത. അതായതു സമുദായതാൽപര്യമല്ല, അധികാരശക്തിയും പണസമ്പാദനവും ഉറപ്പുവരുത്തുകയാണ് ലക്ഷ്യം. എങ്ങനെ ഈ ബിഷപ്പുമാർക്കു ഇങ്ങനെ സമുദായവിരുദ്ധമായ നിലപാടെടുക്കാൻ പറ്റുന്നു?

ന്യൂനപക്ഷാവകാശത്തിന്റെ ആനുകൂല്യവും ലത്തീൻസമുദായത്തിനു ലഭിക്കും എന്നത് ഉറപ്പാണ്. ഒരു ജനാധിപത്യസംവിധാനത്തിൽ ന്യൂനപക്ഷാവകാശം എന്നാൽ ഭൂരിപക്ഷത്തിനുള്ള അവകാശങ്ങളൊക്കെ ന്യൂനപക്ഷത്തിനും ഉറപ്പുവരുത്തുക എന്നതാണ്. അതുപോലെ അവശതയുള്ള സമൂഹത്തിനു പ്രത്യേക പരിഗണനയും ഉറപ്പുവരുത്തുന്നുണ്ടു സംവരണത്തിലൂടെ. ഈ രണ്ടു രീതിയിലും പരിഗണനയ്ക്കു അർഹതയുള്ള സമുദായമാണ് ലത്തീൻ കത്തോലിക്കാ സമൂഹം. ഈയൊരു വ്യക്തത ഇതിന്റെ നേതൃനിരയിലിരിക്കുന്നവർക്കു തോന്നുന്നില്ല എന്നതു ഖേദകരമാണ്.

കേരള പ്രൊഫഷണൽ കോളേജ് വിദ്യാഭ്യാസ നിയമം 2006 നോടു കാണിച്ച അവഗണനയും അതിനെതിരെ ലത്തീൻ അധികാരികളുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധവും നിയമയുദ്ധവും ഈ സമുദായത്തോടു കാണിക്കാവുന്ന ചരിത്രപരമായ ഒരുപരാധമാണ്. ഈ സമുദായത്തിന്റെ പൊതു താൽപര്യത്തെ തൃണവൽഗണിച്ചുകൊണ്ടുള്ള നീക്കമാണത്. ഇപ്പോൾ ഇതിനേക്കാൾ മോശമായ ഒരു രീതിയിലേക്കു ലത്തീൻകത്തോലിക്കാ നേതൃത്വം നീങ്ങുകയാണ്, ചങ്ങനാശ്ശേരി പെരുന്നയിൽ നടന്ന നായർ-നസ്രാണി ബാന്ധവത്തിലൂടെ.

കാലഹരണപ്പെട്ടുതുടങ്ങിയ കേരള വിദ്യാഭ്യാസ ചട്ടം (കെ ഇ ആർ) കാലോചിതമായും അർഥവത്തായും പരിഷ്കരിക്കാൻ കെ ഇ ആർ പരിഷ്കരണകമ്മിറ്റിയെ നിയോഗിച്ചിരിക്കുന്നു. ചർച്ചയ്ക്കായി അവർ കരടുരൂപം തയ്യാറാക്കുന്നതേയുള്ളു. അതിനായി മുന്നോട്ടു വയ്ക്കപ്പെട്ട പല നിർദ്ദേശങ്ങളിലൊന്നു തങ്ങളുടെ കോഴ വാങ്ങലിനു തടസമായേക്കുമെന്നു കണ്ടറിഞ്ഞു പരിഷ്കരണത്തിനെതിരെ എൻഎസ്എസ്സും

ക്രൈസ്തവസഭകളും ഒന്നിച്ചു രംഗത്തുവന്നിരിക്കുന്നു, യു ഡി എഫിന്റെ പ്രബലഘടകകക്ഷിയായ കേരളകോൺഗ്രസ്(എം)ന്റെ ഒത്താശയോടെ. അവിടെയുമുണ്ട് കൊല്ലം ലത്തീൻ രൂപതയുടെ ബിഷപ്പ്.

കെ ഇ ആർ പരിഷ്കരണത്തിനെതിരെ പോരാടാൻ സമാനചിന്താഗതിയുള്ള സമുദായങ്ങളോടു ചേർന്നു പ്രവർത്തിക്കാൻ തയ്യാറാണെന്നു ഇന്റർചർച്ച് കൗൺസിൽ ഫോർ എഡ്യുക്കേഷൻ (എന്നുവച്ചാൽ ചങ്ങനാശ്ശേരി സിറിയൻ കത്തോലിക്കാ അതിരൂപതാ മുൻ മെത്രാപ്പോലീത്ത മാർ ജോസഫ് പൗവത്തിൽ എന്നർഥം) വ്യക്തമാക്കിയതിന്റെ വെളിച്ചത്തിലാണ് എൻഎസ്എസ്സ്-ക്രൈസ്തവ കൂട്ടായ്മ. കെ ഇ ആർ പരിഷ്കരണ കരടുരേഖയ്ക്കു വേണ്ടി വയ്ക്കപ്പെട്ട നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ട രണ്ടു കാര്യങ്ങളോടാണു ഇവരുടെ വിയോജിപ്പ്. (1) എയിഡഡ് സ്കൂൾ അധ്യാപക നിയമനം പി എസ് സി ക്കു വിടൽ, (2) വിദ്യാഭ്യാസ വികേന്ദ്രീകരണം. ലത്തീൻകത്തോലിക്കാ സമുദായത്തിന്റെ പേരിൽ കെ ഇ ആർ പരിഷ്കരണത്തിനെതിരെ വാളെടുക്കുന്നതു സമുദായവഞ്ചനയാണെന്നു മനസിലാക്കാൻ വലിയ ഗവേഷണം ഒന്നും ചെയ്യണമെന്നില്ല.

സത്യത്തിൽ എയിഡഡ് വിദ്യാഭ്യാസമേഖലയിലെ അധ്യാപകനിയമനം പി എസ് സി ക്കു വിടുന്നതിൽ ലത്തീൻകത്തോലിക്കാ സഭാനേതൃത്വം മുൻകയ്യെടുക്കുകയാണ് വേണ്ടത്. മാനേജ്മെന്റ് നിയമനത്തിൽ സ്വജനപക്ഷപാതം, മതിയായ യോഗ്യതയില്ലാത്ത അനർഹരുടെ നിയമനം, സുതാര്യതയില്ലായ്മ, സീനിയോറിറ്റി ലംഘിക്കൽ, നിയമങ്ങളെ മറികടക്കാനുള്ള വിചിത്ര തന്ത്രങ്ങൾ, ഇവയിലൊക്കെ ഉപരിയായി നിയമനത്തിനു ഭീമമായ കോഴവാങ്ങൽ - ഇങ്ങനെ എത്രയെത്ര അഴിമതിയുടെ കറകൾ! ഇതും സ്ഥാപനത്തിനുവേണ്ടി ആരംഭത്തിൽ ഇറക്കിയ പണവും വാങ്ങിയ സ്വത്തും തമ്മിൽ യാതൊരു ബന്ധവുമില്ല. അധികാരം പ്രയോഗിക്കാനും പണം കുന്നുകൂട്ടാനും സാധാരണമനുഷ്യരെ ചൊൽപ്പടിക്കു നിർത്താനുമുള്ള ഫലപ്രദമായ നടപടി എന്നല്ലാതെ മറ്റൊന്നുമല്ല സ്വകാര്യ അധ്യാപക നിയമനം. മാത്രമല്ല, ഇവർക്കു ഭരണഘടന വിഭാവനം ചെയ്ത സംവരണനിയമത്തിൽ നിന്നു ഇളവും ലഭിക്കും. അതായത് സമൂഹത്തിലെ തഴയപ്പെട്ട ദരിദ്രജനവിഭാഗങ്ങൾക്കു നിയമനം കിട്ടില്ല എന്നർഥം. കോഴ നൽകാൻ ശേഷിയുള്ളവർക്കും മനുഷ്യത്വം വിറ്റു പാദസേവയ്ക്കു താൽപര്യമുള്ളവർക്കും മാത്രം നിയമനം. സാമൂഹ്യനീതിയും യോഗ്യതയും ഇവിടെ പരിഗണിക്കപ്പെടുന്നില്ല.

ഇവിടെ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു വേണ്ടിവന്ന മുടക്കുമുതലിനെപ്പറ്റി കൂടി പരാമർശിക്കേണ്ടതുണ്ടെന്നു തോന്നുന്നു. ബിഷപ്പുമാരുടെ നിയമനം ഒരു വിദേശരാഷ്ട്രമാണ് നടത്തുന്നത്. റോമിലെ റിക്രൂട്ടുകളാണിവരെന്നു പറയാം. അവരുടെ പരമമായ കൂറ് ആ വിദേശശക്തിയോടാണെന്ന് അനുഭവപാഠം. ഇത്തരം സ്ഥാപനങ്ങൾക്കായി അവിടെ നിന്നു പൊതുവേ ധനം കൊണ്ടുവരപ്പെടുന്നില്ല. ഇവിടത്തെ അൽമായ

രുടേതാണു ആ സമ്പത്തു മുഴുവനും. വളരെ ചെറിയൊരംശം അപൂർവം ചില രാഷ്ട്രങ്ങളുടെ വിദേശസഹായഫണ്ടിൽ നിന്നു നൽകിയിട്ടുണ്ടാകാം. പഴയകാല ജന്മിമാരെയും മാടമ്പിമാരെയും ഫ്യൂഡൽരാജാക്കന്മാരെയും പോലെ ഇതെല്ലാം തങ്ങൾക്കു സർവസ്വതന്ത്രമായി കൈകാര്യം ചെയ്യാൻ ദൈവം മുന്നിൽവച്ചുകൊടുത്തതാണെന്ന മട്ടിലുള്ള ഹുങ്കുകാട്ടലാണിവിടെ നടക്കുന്നത്. സത്യത്തിൽ അവ ലത്തീൻ സമുദായത്തിന്റേതാണ്; സഭാമേലധ്യക്ഷന്മാരുടേതല്ല.

നിയമനം പി എസ് സി വഴിയാണെങ്കിൽ, ചിലപ്പോഴൊക്കെ രാഷ്ട്രീയ സ്വാധീനവും അഴിമതിയുമുണ്ടെങ്കിലും, സുതാര്യതയുണ്ട്. അർഹതയും യോഗ്യതയും സീനിയോറിറ്റിയും പാലിച്ചിരിക്കും, സാമൂഹ്യനീതി നടപ്പിലാകും, ഭരണഘടന ഉറപ്പുനൽകുന്ന സംവരണം നിർബന്ധപൂർവം പാലിച്ചിരിക്കും. അതായതു 8.5% പട്ടികജാതിക്കാർക്ക് 4% ലത്തീൻകത്തോലിക്കർക്ക് അങ്ങനെ മറ്റു പിന്നോക്ക വിഭാഗങ്ങൾക്കൊക്കെ ആനുപാതികമായി നിയമനത്തിനു അവകാശമുണ്ടാകുന്നു. യോഗ്യതയിൽ നിയമനം കിട്ടുന്നതിനു പുറമേ, ലത്തീൻ കത്തോലിക്കർക്കും ആംഗ്ലോഇന്ത്യൻ വിഭാഗത്തിനും ഒന്നരലക്ഷത്തിലധികം വരുന്ന എയ്ഡഡ് സ്കൂൾ അധ്യാപകരുള്ളതിൽ, 6000 ൽപ്പരം പേർക്ക് പി എസ് സി വഴിയാണെങ്കിൽ നിയമനം ലഭിക്കും. ക്രിസ്ത്യാനികൾക്കു പി എസ് സി വഴിയാണെങ്കിൽ നിയമനം ലഭിക്കും. ഇവിടെ എങ്ങനെ കൊല്ലം ബിഷപ്പിനു മുന്നോക്ക സുറിയാനിക്രിസ്ത്യാനികളോടും എൻ എസ് എസിനോടും സഖ്യമുണ്ടാക്കാൻ പറ്റും? മാത്രമല്ല, ന്യൂനപക്ഷത്തിനു വേണ്ടി മുറവിളി കൂട്ടി, വേണ്ടാത്ത ബഹളങ്ങളൊക്കെ ഉണ്ടാക്കുന്ന ക്രൈസ്തവസഭാധികാരികൾ, രണ്ടു വർഷം മുമ്പ് കേരളത്തിൽ ന്യൂനപക്ഷം (ധനി ക്രൈസ്തവർ എന്നു വ്യക്തം) അധികസമ്പത്തും അമിതാധികാരവും കയ്യാളുന്നു എന്നു പറഞ്ഞു വിശാലഹിന്ദുഐക്യം ഉണ്ടാക്കിയവരിൽ പ്രമുഖരാണ് എൻ എസ് എസ് അവരുമായാണ് ലത്തീൻസമുദായത്തിനു ഗുണകരമായി ഭവിക്കാവുന്ന നീക്കത്തിനെതിരെ ഒത്തുചേർന്നു സമരപ്രഖ്യാപനം നടത്തിയിരിക്കുന്നത്. വിചിത്രം തന്നെ. അതേ, ബിഷപ് സ്റ്റാൻലി റോമൻ ചരിത്രം മറക്കുന്നു. ഹാ, കഷ്ടം!

# 19

## പൊതുവിദ്യാഭ്യാസത്തിനെതിരെയുള്ള വാൾ, ഒപ്പം യേശുദർശനത്തിനെതിരെയും

ഏഴാം ക്ലാസിലെ പാഠപുസ്തകത്തിലെ ഒരു അധ്യായത്തെ ഊന്നിക്കൊണ്ടു പാഠപുസ്തകത്തിനെതിരെ നടന്നുവരുന്ന കോലാഹലം കാണുമ്പോൾ കൊല്ലം രൂപതയിലെ ഒരു വൈദികനായ എനിക്കു രണ്ടു സംഭവങ്ങൾ ഓർമവരുന്നു. 1970 കളുടെ അവസാനത്തിലും 1980 കളുടെ ആരംഭത്തിലുമാണ് ഞങ്ങൾ കുറച്ചു വൈദികർ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംഘടിപ്പിക്കാനും അവരുടെ അവകാശപ്പോരാട്ടങ്ങളിൽ പങ്കുചേരാനും മുൻകയ്യെടുത്തത്. ഈ ഇടപെടലിന്റെ അടിസ്ഥാനം ഒരു ബോധവൽക്കരണ പ്രക്രിയയായിരുന്നു. തത്ഫലമായി ഈ പതിതജനം രാഷ്ട്രീയമായി ഏറെ പ്രബുദ്ധരായി. അവരുടെ രാഷ്ട്രീയ തീർപ്പുകൾക്ക് അവർ തന്നെ ഉത്തരവാദിത്തം ഏറ്റെടുത്തു. അതിന്റെ ഒരു പാർശ്വഫലമെന്നോണം അവർ കോൺഗ്രസല്ലാത്ത പാർട്ടികൾക്കും വോട്ടുചെയ്യാൻ തുടങ്ങി. അതേത്തുടർന്ന് വൈദികർ രാഷ്ട്രീയത്തിൽ ഇടപെടാൻ പാടില്ല എന്നു കാണിച്ചുകൊണ്ടുള്ള കൊല്ലം ബിഷപ്പിന്റെ തീട്ടൂരം ഇറങ്ങി. ഇവിടെ ഒരു കാര്യം ശ്രദ്ധേയമാണ്. തിരഞ്ഞെടുപ്പ് അടുക്കുമ്പോഴെല്ലാം ആർക്കു വോട്ടു ചെയ്യണമെന്നുള്ള കൊല്ലം ബിഷപ്പിന്റെ നിർദ്ദേശങ്ങൾ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ള ഇടയലേഖനങ്ങൾ പള്ളികളിൽ വായിക്കുക പതിവായിരുന്നു. അവയിൽ വോട്ടു സംശയലേശമെന്യേ കോൺഗ്രസിന് എന്നു പ്രത്യക്ഷമായും പരോക്ഷമായും വ്യക്തമാക്കുമായിരുന്നു. അതു രാഷ്ട്രീയ ഇടപെടൽ ആയിരുന്നില്ലേ? ചില വൈദികർ ഇടതുപക്ഷത്തോടു ചായ്‌വ് കാണിച്ചപ്പോൾ അതു രാഷ്ട്രീയ ഇടപെടലായി ചിത്രീകരിച്ച്, രാഷ്ട്രീയത്തിൽ ഇടപെടാൻ പറ്റുകയില്ലെന്ന നിലപാട് സ്വീകരിച്ചു. വളരെ ലളിതമായി പറഞ്ഞാൽ, കോൺഗ്രസ്സും ദൈവവും തമ്മിൽ നല്ല ബന്ധമാണ്; കോൺഗ്രസിനു വേണ്ടി വോട്ടു ചെയ്യിപ്പിക്കു

ന്നതു രാഷ്ട്രീയമല്ല, പുണ്യപ്രവൃത്തിയാണ്; കോൺഗ്രസേതര പാർട്ടികൾക്കു വേണ്ടിയാകുമ്പോൾ അതു രാഷ്ട്രീയമായി, വർജ്ജിക്കപ്പെടേണ്ട പാപമാകുന്നു. ഒരു മതേതര രാഷ്ട്രത്തിൽ ഏതു രാഷ്ട്രീയത്തിലും അംഗമാകാനും പ്രവർത്തിക്കാനുമുള്ള മതവിശ്വാസിയുടെ അടിസ്ഥാന മനുഷ്യസ്വാതന്ത്ര്യത്തെയാണ് ഇവിടെ ചോദ്യം ചെയ്യപ്പെടുന്നത്.

ഇതുപോലൊരവസ്ഥയാണ് ഇന്നു കാണുന്നത്. കുട്ടികളുടെ വ്യക്തിത്വവികാസത്തിനു അനുഗുണമല്ലാത്ത, സ്ത്രീവിരുദ്ധമായ, കുട്ടികളുടെ സർഗശക്തിയെ നശിപ്പിക്കുന്ന, തീർത്തും അശാസ്ത്രീയമായ വിദ്യാഭ്യാസ പാഠ്യപദ്ധതികൾ വർഷങ്ങളായി പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ പ്രതിഷേധിച്ചുകൊണ്ട് ഒരു വാക്ക് ഈ സഭാനേതാക്കൾ പറഞ്ഞിട്ടില്ല. അവർക്കു അതിന്റെ ഫലമായി നിശബ്ദരാക്കപ്പെട്ട, അനുസരണയുള്ള കുറച്ചു കുഞ്ഞാടുകളെ കിട്ടുമായിരുന്നല്ലോ. ഇന്ന് പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ ചോദ്യം ചെയ്യുന്ന, ചോദ്യംചെയ്യാൻ പഠിപ്പിക്കുന്ന ഒരു പാഠ്യപദ്ധതിക്കാണു രൂപംകൊടുത്തിരിക്കുന്നത്. ഈ ചോദ്യംചെയ്യൽ എല്ലാ മേഖലയിലും നടക്കണം. അങ്ങനെ മതമേഖലയിലും ചോദ്യം ചെയ്തു വളരേണ്ടതു ഓരോ കുട്ടിയുടെയും ജന്മാവകാശമാണ്. ഈ വളർച്ചയ്ക്കു അനുഗുണമായ ഒന്നാണ് ഏഴാംക്ലാസ്സിലെ സമൂഹ്യപാഠപുസ്തകത്തിലെ 'മതമില്ലാത്ത ജീവൻ' എന്ന അധ്യായം.

ഈ പാഠപുസ്തകഭാഗം വായിച്ചിട്ടാണോ ഇന്നു നടക്കുന്ന സമര കോലാഹലങ്ങൾ എന്നു ശരിക്കും സംശയിച്ചുപോകുന്നു. ഞാനുമായി ബന്ധപ്പെട്ട മറ്റൊരു ഉദാഹരണം പറയട്ടെ. കഴിഞ്ഞ 26 വർഷമായി 'മനുഷ്യമോചന ശബ്ദമായി' എല്ലാ മാസവും രണ്ടാംതീയതി ആലപ്പുഴ ജനജാഗൃതിയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന 'ഓറ' മാസികയുടെ മാനേജിംഗ് എഡിറ്ററാണ് ഞാൻ. പുനലൂർ രൂപതയുടെ മെത്രാൻ ബിഷപ്പ് മത്യാസ് കാപ്പിൽ കുറച്ചു വർഷങ്ങൾക്കു മുമ്പ് ഓറ മാസിക സഭാപഠനങ്ങൾക്കു എതിരായ ഒരു പ്രസിദ്ധീകരണമാണെന്നും അതുമായി സഹകരിക്കരുതെന്നും ഒരു സർക്കുലർ ഇറക്കി. ഈ സർക്കുലറുമായി ബിഷപ്പിനെ നേരിട്ടു കണ്ടു ചോദിച്ചു, 'ഓറ ഒരു മതേതര പ്രസിദ്ധീകരണമാണ്. എവിടെയാണ്, ഏതു ലക്കത്തിലാണ് സഭയ്ക്കെതിരെ എഴുതിയത്' എന്ന്. അതിനു ബിഷപ്പു നൽകിയ മറുപടി ഇതായിരുന്നു: 'ഓറ വായിച്ചു സമയം കളയണമെന്നില്ല. നിങ്ങളുടെ നിലപാടു സഭയ്ക്കെതിരാണ്. അതു സ്വീകാര്യമല്ല. അപ്പോൾ നിങ്ങളുടെ മാസികയും സ്വീകാര്യമല്ല.' വിചിത്രമായ സമീപനം! ഏതാണ്ടു ഇതേ സമീപനമാണ് സഭാനേതൃത്വം ഇന്നു എൽ ഡി എഫ് സർക്കാറിനോട് എടുക്കുന്നത്.

പാഠപുസ്തകത്തിൽ മതവിരുദ്ധമായോ ഈശ്വരവിശ്വാസവിരുദ്ധമായോ നിരീശ്വരവാദപരമായോ വിവാദപരമായോ ഉള്ളകാര്യങ്ങൾ ഉണ്ടെങ്കിൽ നിരുപാധികമായി ചർച്ച ചെയ്യാനും യുക്തമെന്നു കണ്ടാൽ തിരുത്താനും തയ്യാറാണെന്നു വിദ്യാഭ്യാസമന്ത്രി പലകുറി പ്രസ്താവിച്ചുകഴിഞ്ഞു. ഈ സാഹചര്യത്തിൽ അതിനു തയ്യാറാകുകയാണു പ്രതിഷേധക്കാരിൽ സാമാന്യബോധമുള്ളവർ ചെയ്യേണ്ടത്.

പാഠപുസ്തകം പിൻവലിച്ചേ ചർച്ചയുള്ളൂ എന്ന ശ്രീമാന്മാർ രമേശ് ചെന്നിത്തലയും ഉമ്മൻചാണ്ടിയും പറയുന്നതിലെ രാഷ്ട്രീയലക്ഷ്യം ആർക്കും മനസിലാകും. പക്ഷേ മതേതരമൂല്യങ്ങൾക്കും ശാസ്ത്രീയ സമീപനത്തിനും വ്യക്തിസ്വാതന്ത്ര്യത്തിനും ഉറപ്പുനൽകുന്ന തരത്തിലുള്ള പാഠം സത്യത്തിൽ ഇന്നു ആളിക്കത്തിച്ചുകൊണ്ടിരിക്കുന്ന വർഗ്ഗീയതയ്ക്കു ഒരു ചുട്ടമറുപടിയാണ്. ഇളംമനസിൽ മതനിരപേക്ഷ മാനുഷികമൂല്യങ്ങൾ ഉൾക്കൊള്ളുന്നതിന്റെ ഫലമായി എല്ലാ മതങ്ങളെയും എല്ലാ മതവിശ്വാസികളെയും സ്നേഹിക്കാൻ ആ കുട്ടിയെ പ്രാപ്തമാക്കുകയാണ് ഈ പാഠത്തിലൂടെ. ഇവിടെ 'ഈശ്വരവിശ്വാസവും ധാർമികചിന്തയും ആത്മീയമൂല്യങ്ങളും തകർക്കാൻ ഒരു ശ്രമവും നടക്കുന്നില്ല. രക്തം ചിന്തിയും വിശ്വാസം സാക്ഷ്യപ്പെടുത്തിയവരുടെ പിന്മുറക്കാരെന്നു' സ്വയം വിശേഷിപ്പിക്കുന്ന സഭാനേതൃത്വം ഇന്നു ഇറങ്ങിത്തിരിച്ചിരിക്കുന്നതു വിശ്വാസത്തെ സംരക്ഷിക്കാനല്ല, വർഗീയതയെ വളർത്തുവാനാണ്. വിശ്വാസ സംരക്ഷണ സമിതി എന്ന പേരിൽ ഇടവകകളിൽ രൂപീകൃതമായിരിക്കുന്ന സംഘങ്ങൾ ആത്മശോധനയ്ക്കു സ്വയം വിധേയരാകണം എന്നാണ് എനിക്കു അഭ്യർഥിക്കാനുള്ളത്. നിങ്ങൾ സംരക്ഷിക്കുന്നതു യേശുവിലുള്ള വിശ്വാസമാണോ, അതോ ചരിത്രത്തിന്റെ പരിണാമദശയിൽ രൂപംകൊണ്ട കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ അധികാരസഭയെയാണോ എന്നു സത്യസന്ധമായി ചിന്തിക്കേണ്ടതുണ്ട്. യൂദാസിനെപ്പോലും ഉൾക്കൊണ്ട് സ്വയം പങ്കുവച്ചതിന്റെ ഓർമയാണ് കുർബാന. ഇന്നു ഈ കുർബാനമധ്യത്തിലാണ് സമരാഹ്വാനം ചെയ്യുന്നതും ലഘുലേഖകളും വെല്ലുവിളികളും ഉയരുന്നതും എന്നു കാണുമ്പോൾ ഇത് യേശുവിന്റെ സഭയാണോ എന്നുപോലും ചോദിക്കേണ്ടിവരില്ലേ?

കഴിഞ്ഞ കുറച്ചു നാളുകളായി കാണുന്ന ഒരു പ്രതിഭാസം സഭയുടെ ആക്റ്റിവിസമാണ്. കേരളസമൂഹത്തിൽ ക്രൈസ്തവസഭയ്ക്കു ചരിത്രത്തിൽ വലിയൊരു സ്ഥാനം ഉണ്ടായിരുന്നു. പല മേഖലകളിലും നിർണായകമായ സംഭാവന നൽകിയിട്ടുമുണ്ട്. പക്ഷേ ഇന്നു ക്രൈസ്തവസഭകൾ, യേശുവിന്റെ സാക്ഷ്യം വെടിഞ്ഞു, പ്രതിലോമശക്തികളുമായി കൂട്ടുചേരുന്നതിന്റെ കാരണമെന്ത് എന്നു ചിന്തിക്കുമ്പോൾ മനസിലാകുന്നത് ഇന്നത്തെ സഭയ്ക്കു യേശുദർശനത്തിന്റെ ഉൾക്കാമ്പ് നഷ്ടപ്പെട്ടിരിക്കുന്നുവെന്നാണ്. ഇന്നു സാമാന്യജനത്തിന്റെ പ്രശ്നങ്ങൾ സഭയ്ക്കു പ്രശ്നങ്ങളല്ല. അവ ഏറ്റുപിടിക്കാൻ സഭ തയാറുമല്ല. പിന്നെ നിലനിൽപിന്റെ പ്രത്യയശാസ്ത്രത്തിന്റെ ഭാഗമായി വലിയവന്റെ പക്ഷം ചേർന്നു 'കോൺസ്റ്റന്റയിൻ സഭ'യെ നിലനിർത്തേണ്ടത് അനിവാര്യമായി മാറിയിരിക്കുന്നു. ഇതിനുള്ള തന്ത്രപരമായ നീക്കങ്ങളാണു കുറച്ചുനാളായി കേരളസഭയിൽ കണ്ടുവരുന്നത്. സ്വാശ്രയവിദ്യാഭ്യാസം, ന്യൂനപക്ഷാവകാശം, നിരീശ്വരവാദം, കമ്യൂണിസം, ഭൗതികവാദം ... എന്നിങ്ങ

നെയുള്ള പദങ്ങൾ ഉപയോഗിച്ചുകൊണ്ട് ക്രൈസ്തവസഭകൾ ഇന്നു നല്ല കച്ചവടം നടത്തുകയാണ്. പാവപ്പെട്ടവരുടെ ആശ്രയമായ പൊതു വിദ്യാഭ്യാസ സമ്പ്രദായത്തിനെതിരെ വാളെടുക്കുകയാണ്. അതിന്റെ ഒരു ഭാഗം മാത്രമാണ് പാഠപുസ്തക വിവാദം.

സ്ത്രീയെന്നോ പുരുഷനെന്നോ യഹൂദനെന്നോ പുറജാതിയെന്നോ സ്വതന്ത്രനെന്നോ അടിമയെന്നോ വ്യത്യാസമില്ലാതെ എല്ലാവരും ദൈവ മക്കൾ എന്ന യേശുദർശനത്തെ ദൃഢമായി വിശ്വസിക്കുന്ന ക്രൈസ്ത വരും മതനിരപേക്ഷ സംസ്കാരത്തിനായി നിലപാടെടുത്തിട്ടുള്ള ഇന്ത്യൻ ഭരണഘടനയും ഒത്തുനിന്നു മതേതരമൂല്യങ്ങൾക്കു വേണ്ടി പ്രവർത്തിക്കേണ്ടതുണ്ട് എന്ന തിരിച്ചറിവാണിന്നാവശ്യം. ഈ തിരിച്ചറി വായിരിക്കും പാഠപുസ്തകസംവാദത്തിനുള്ള കാര്യക്ഷമമായ പരിഹാ രമാർഗം. ഇതാണു യേശുവിശ്വാസികളിൽ നിന്നും ചരിത്രം പ്രതീക്ഷി ക്കുന്നത്.

# 20

## കെ ഇ ആർ പരിഷ്കരണം: ജാതി-മതശക്തികളുടെ അങ്കപ്പുറപ്പാട് ആർക്കുവേണ്ടി?

കാലഹരണപ്പെട്ട കേരള വിദ്യാഭ്യാസ ചട്ടം-കെ ഇ ആർ-കാലോചിതമായും അർഥവത്തായും പരിഷ്കരിക്കണമെന്ന മുറവിളി വർഷങ്ങളായി നടന്നുവരുന്നു. അതിനായി ഒരു കെ ഇ ആർ പരിഷ്കരണ കമ്മിറ്റിയെ നിയോഗിക്കുകയും അതിന്റെ കരടുരേഖ വിദഗ്ധരുമായി ചർച്ചയ്ക്കു വേണ്ടി തയ്യാറാക്കുകയും മാത്രമേ ചെയ്തിട്ടുള്ളു. കരടുരേഖയുടെ വിശദീകരണം വരുന്നതിനു മുമ്പു തന്നെ കെ ഇ ആർ പരിഷ്കരണത്തിനെതിരെ എൻ എസ് എസ്സും ക്രൈസ്തവസഭയും ഒന്നിച്ച് രംഗത്തിറങ്ങിയിരുന്നല്ലോ.

എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളെ ഇല്ലാതാക്കാനുള്ള സർക്കാർ നീക്കമാണ് കെ ഇ ആർ പരിഷ്കരണത്തിൽ പ്രതിഫലിക്കുന്നതെന്നും അതിനെ എന്തുവിലകൊടുത്തും തടയുമെന്നും വിദ്യാഭ്യാസ പരിഷ്കരണത്തിനെതിരെ പോരാടാൻ സമാനചിന്താഗതിയുള്ള സമുദായങ്ങളോടു ചേർന്നു പ്രവർത്തിക്കാൻ തയ്യാറാണെന്നും ഇന്റർ ചർച്ച് കൗൺസിൽ ഫോർ എജ്യുക്കേഷൻ വ്യക്തമാക്കിയിരുന്നു. (മലയാള മനോരമ 23/11/2007, പേജ് 15). ഇതിന്റെ വെളിച്ചത്തിലായിരുന്നു സംയുക്ത സമ്മേളനം. എസ് എൻ ഡി പി ക്കു മറ്റു ഗൂഢലക്ഷ്യങ്ങൾ ഉള്ളതുകൊണ്ടു സഹകരിക്കുകയില്ലെന്നും എന്നാൽ എം ഇ എസ് നെ പ്രതീക്ഷാപൂർവ്വം കാത്തിരിക്കുന്നുവെന്നും ഇവർ പറഞ്ഞു.

വിദ്യാഭ്യാസ പരിഷ്കരണ കമ്മിറ്റിയുടെ റിപ്പോർട്ടു ശരിയാക്കി സർക്കാരിനു സമർപ്പിച്ചിട്ടില്ലെങ്കിലും ഈ സമുദായിക-വർഗീയശക്തികളുടെ കൂട്ടായ്മയ്ക്കു കളമൊരുക്കിയതിനു പ്രധാനമായും രണ്ടു കാര്യങ്ങളാണ് അവർ തന്നെ എടുത്തുകാട്ടുന്നത്. 1) വിദ്യാഭ്യാസ വികേന്ദ്രീകരണം, 2) എയിഡഡ് സ്കൂൾ അധ്യാപക നിയമനം പി എസ് സി ക്കു വിടൽ.

## 1) വിദ്യാഭ്യാസ വികേന്ദ്രീകരണം

ഇതിനെപ്പറ്റി ചിന്തിക്കുമ്പോൾ ആദ്യം എന്റെ മനസിലൂടെ കടന്നുപോകുന്നതു ക്രൈസ്തവസഭാധികാരികളുടെ ജനത്തോടുള്ള പൊതു സമീപനമാണ്. ഞാൻ വൈദികനായി ഇടവകയിൽ ശുശ്രൂഷയ്ക്കെത്തിയപ്പോൾ മൂന്നുനാലു തലമുറയുടെ ക്രൈസ്തവപാരമ്പര്യമുള്ള ദലിത് ക്രൈസ്തവ ഇടവകകളിൽ പള്ളിക്കമ്മിറ്റികളില്ല. അവർ ഇടവകയുടെ കാര്യങ്ങൾ നോക്കാൻ വളർന്നിട്ടില്ല എന്നാണ് സഭാഭാഷ്യം. വികാരിയച്ചനാണ് എല്ലാ പള്ളിക്കാര്യങ്ങളിലും അവർക്കായി തീരുമാനങ്ങൾ എടുക്കുന്നത്. ഞാൻ ശുശ്രൂഷചെയ്തിരുന്ന സ്ഥലങ്ങളിൽ മുഖ്യധാരാ സഭാനീക്കത്തിനെതിരായി ഇടവകകമ്മിറ്റിയെ തെരഞ്ഞെടുത്തു. അവർ സ്തുത്യർഹമാംവിധം ഉത്തരവാദിത്വത്തോടെ ജോലി നോക്കി.

400 വർഷത്തിലേറെ ക്രൈസ്തവപാരമ്പര്യമുള്ള ലത്തീൻകത്തോലിക്കാ ഇടവകകളിൽ കമ്മിറ്റിയുണ്ടെങ്കിലും പൈസയുടെ കാര്യസ്ഥൻ വികാരിയച്ചൻ തന്നെയായിരുന്നു. അൽമായരുടെ വിശ്വസ്തത സംശയാസ്പദം എന്നാണ് സഭാഭാഷ്യം. ഞാൻ ചുമതല നിർവഹിച്ചയിടത്തു പൈസയുടെ കാര്യസ്ഥത കമ്മിറ്റിയെ ഏൽപിച്ചു; അവരതു കൃത്യമായും ഉത്തരവാദിത്വത്തോടെയും ഉപയോഗിച്ചു. ക്രൈസ്തവസഭാധികാരികൾക്കു ജനങ്ങളിൽ വിശ്വാസമില്ല; തങ്ങളിൽ മാത്രമുള്ള അമിതവിശ്വാസമാണ് അവരെ നയിക്കുന്നത്. സ്വയം നീതീകരിച്ചുകൊണ്ട് ഇവർ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. അവർ നടത്തിക്കൊണ്ടിരിക്കുന്ന കൊള്ളരുതായ്മകൾക്കോ കണക്കും കൈയുമില്ലെന്നു ചരിത്രം സാക്ഷിക്കുന്നു.

ഞാനിതു പറഞ്ഞത് ക്രൈസ്തവ മേലധ്യക്ഷന്മാർക്കു വികേന്ദ്രീകരണം - അതു വിദ്യാഭ്യാസത്തിലായാലും അധികാരത്തിലായാലും ഭരണത്തിലായാലും - മനസിലാക്കാനും അംഗീകരിക്കാനും ബുദ്ധിമുട്ടുണ്ട് എന്നു പറയാനാണ്. പക്ഷേ ഒരു ജനാധിപത്യരാഷ്ട്രത്തിന്റെ അടിസ്ഥാനം വികേന്ദ്രീകരണ പ്രക്രിയയാണ്. ജനത്തെ ശക്തിപ്പെടുത്തുകയാണ് ലക്ഷ്യം.

ജനം ശക്തിപ്പെടുന്നത്, അവർ ഭരണത്തിൽ പങ്കാളിയാകുമ്പോഴാണ്. അധികാരം പങ്കുവയ്ക്കലിന്റെ ഏറ്റവും അവസാനത്തെ പടിയാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ. ഇതിനെ അർഹിക്കുന്ന ബഹുമാനത്തോടും പ്രാധാന്യത്തോടും അംഗീകരിക്കേണ്ടത് ഇന്ത്യൻഭരണഘടനയെ ആദരിക്കുന്ന ഏതൊരു വ്യക്തിയുടെയും ധർമ്മമാണ്. ജനങ്ങൾ തെരഞ്ഞെടുക്കുന്ന ജനപ്രതിനിധികൾ കഴിവില്ലാത്തവരും ഉത്തരവാദിത്വമില്ലാത്തവരും രാഷ്ട്രീയക്കളിയുടെ ഇരകളായ ഒരു കൂട്ടമാളുകളാണെന്നും മറ്റു പറയുക ജനാധിപത്യവ്യവസ്ഥയോടുള്ള കടുത്ത അവഹേളനമാണ്.

ഇനി വിദ്യാഭ്യാസ വികേന്ദ്രീകരണത്തെപ്പറ്റി പരിഷ്കരണകമ്മിറ്റിക്കു

കൊടുത്തിരിക്കുന്ന മാർഗനിർദ്ദേശങ്ങൾ (terms of reference)ദേശീയതലത്തിലുള്ള തീരുമാനത്തിന്റെ വെളിച്ചത്തിലായിരിക്കണം എന്നാണ്. കർണാടക മുഖ്യമന്ത്രിയായിരുന്ന വീരപ്പമൊയ്‌ലി ചെയർമാനായ ഒരു കമ്മിറ്റിയെ കേന്ദ്രസർക്കാർ നിയോഗിച്ചിരുന്നു. സംസ്ഥാനതലത്തിൽ വികേന്ദ്രീകരണം നടപ്പാക്കുന്നതിനുള്ള സാധ്യതകൾ പഠിച്ചവതരിപ്പിക്കുകയായിരുന്നു കമ്മിറ്റിയുടെ ലക്ഷ്യം. കമ്മിറ്റി ശുപാർശ ചെയ്തത് തദ്ദേശസ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസമേഖലയിൽ ഇടപെടുന്നതിനു അവസരമുണ്ടാക്കണമെന്നാണ്. മാത്രമല്ല, വികേന്ദ്രീകൃത വികസനത്തിന്റെ ഭാഗമായി തദ്ദേശസ്ഥാപനങ്ങൾക്ക് അധികാരം നൽകി ഭരണഘടനാ ഭേദഗതി നിലവിൽ വന്നിട്ടു വർഷങ്ങളായി. ഈ സാഹചര്യത്തിലാണ് കേരളത്തിലും മാറ്റം വരുന്നത്.

എന്തുകൊണ്ടു ക്രൈസ്തവസഭയും എൻ എസ് എസ്സും സംയുക്തമായി ഇതിനെ എതിർത്തു? കാരണം അധികാരത്തിന്റെ മത്തുപിടിച്ച് അവർ അന്ധരായിപ്പോയിരിക്കുന്നു. അല്ലെങ്കിൽ ജനത്തിന്റെ അധികാര പങ്കാളിത്തത്തെ ഭയപ്പെടേണ്ടതില്ലല്ലോ! ഇവർ ഒറ്റയ്ക്കു മുകളിലിരുന്നു 'സംശുദ്ധ'മായി ഭരിക്കുന്നതിനേക്കാൾ എത്രയോ ഗുണമേന്മയുള്ളതാണ് ജനകീയപ്രതിനിധികളുടെ കാര്യനിർവഹണം. അതിന് എത്ര പരിമിതികളുണ്ടെങ്കിലും ജനാധിപത്യത്തിന്റേതായ മൂല്യങ്ങളുണ്ട്. അങ്ങ് റോമിൽ മാർപ്പാപ്പ ഒന്നുച്ചരിച്ചാൽ, ഏറ്റു മൂളുന്ന പാരമ്പര്യം മാത്രം കൈമുതലുള്ള ക്രൈസ്തവസഭയ്ക്കു ജനത്തിന്റെ അധികാരം, അതിന്റെ പങ്കുവയ്ക്കൽ മനസിലാകില്ല.

## 2) എയിഡഡ് അധ്യാപക നിയമനം പി എസ് സി വഴി

ഒരു രാജ്യത്തിന്റെ സർവതോമുഖ വളർച്ചയും വികാസവുമാണ് രാഷ്ട്രത്തിന്റെ ലക്ഷ്യം. അങ്ങനെ രാഷ്ട്രത്തിന്റെ/ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസപുരോഗതിയും രാഷ്ട്രത്തിന്റെ മുഖ്യ ഉത്തരവാദിത്തങ്ങളിൽ ഒന്നാണ്. സമുദായ-മത-സാമൂഹ്യസ്ഥാപനങ്ങൾ സർക്കാരിനെ സഹായിക്കേണ്ടത് അവരുടെ ധാർമിക ചുമതലയാണ്. അങ്ങനെ വിദ്യാഭ്യാസ-ആതുരമേഖലകളിൽ മത-സമുദായ സംഘടനകൾ നിസ്തുലമായ സേവനം ചെയ്തിട്ടുണ്ടെന്നതു വസ്തുതയാണ്. പക്ഷേ ഇത് അനർഹമായ അവകാശങ്ങൾക്കു വഴിതെളിക്കാൻ പാടില്ല. ഭൂമി വാങ്ങി കെട്ടിടങ്ങളും മറ്റു സൗകര്യങ്ങളുമൊരുക്കി വിദ്യാലയങ്ങൾ ആരംഭിച്ചതിനെപ്പറ്റിയും സ്മരിക്കുന്നു. പക്ഷേ ഇതിനർഥം സർക്കാരിനു ഇവരുടെ മേൽ ഒരു തരത്തിലുമുള്ള സാമൂഹ്യ നിയന്ത്രണം വേണ്ടെന്നല്ല.

നിയമനം മാനേജ്മെന്റിനായതിന്റെ തിക്തഫലം അനുഭവിച്ച/അനുഭവിക്കുന്ന എത്രയെത്ര വ്യക്തികളുടെ കണ്ണീരിന്റെ കഥ എനിക്കു വ്യക്തിഗതമായി അറിയാം. അങ്ങനെ കേരളത്തിലങ്ങോളമിങ്ങോളം എത്രായിരം പേർ യാതന അനുഭവിക്കുന്നു. അവിടെ സ്വജനപക്ഷപാതം, മതിയായ യോഗ്യതാമാനദണ്ഡങ്ങളും മറ്റും നോക്കാതെയുള്ള

അനർഹരുടെ നിയമനം, സുതാര്യതയില്ലായ്മ, സീനിയോറിറ്റി ലംഘിക്കൽ, നിയമങ്ങളെ മറികടക്കാനുള്ള വിചിത്ര തന്ത്രങ്ങൾ, ഇതിലൊക്കെ ഉപരിയായി നിയമനത്തിനു ഭീമമായ കോഴ വാങ്ങൽ - എന്നിങ്ങനെ എത്ര അഴിമതികളുടെ കറകൾ. ഇതും ആരംഭത്തിൽ സ്ഥാപനത്തിനു വേണ്ടി സ്വത്തും വിഭവങ്ങളും ഇറക്കിയതും തമ്മിൽ യാതൊരു ബന്ധവുമില്ല. അധികാരം കയ്യാളാനും പണം കുന്നുകൂട്ടാനും സാമാന്യജനത്തിനെ കൂച്ചുവിലങ്ങിട്ടു നിർത്താനുമുള്ള ഫലപ്രദമായ നടപടിയാണ് സ്വകാര്യ അധ്യാപക നിയമനത്തിനാധാരം. മാത്രമല്ല, ഇവിടെ ഇവർക്കു ഭരണഘടന വിഭാവനം ചെയ്ത സംവരണനിയമത്തിൽ നിന്നും ഇളവു കൊടുത്തിരിക്കുന്നു. എന്നുവച്ചാൽ, സമൂഹത്തിൽ തഴയപ്പെട്ട ജനവിഭാഗത്തിനു നിയമനം കിട്ടുകയില്ലെന്നർഥം. ഒരുലക്ഷത്തിലധികം എയ്ഡഡ് സ്കൂൾ അധ്യാപകർക്കു സർക്കാർ പൊതുഖജനാവിൽ നിന്നും 2000 കോടി രൂപയിൽ കൂടുതൽ തുക കൊടുക്കുന്നു. ഈ നിയമനങ്ങൾ അതാതു സമുദായത്തിലെ പിന്നോക്കം നിൽക്കുന്നവർക്കല്ല. കോഴ കൊടുക്കാൻ ശേഷിയുള്ളവർക്കും പാദസേവയ്ക്കു താൽപര്യമുള്ളവർക്കും. ഇവിടെ സാമൂഹികനീതിയോ യോഗ്യതയോ പരഗണിക്കുന്നതേയില്ല.

ചെറിയൊരു കണക്കുകൊണ്ടു ഈ അനീതിയുടെ ഭീകരത വ്യക്തമാക്കാം. ജനങ്ങളുടെ നികുതിപ്പണത്തിൽ 2000 കോടി രൂപയിലധികം എയ്ഡഡ് സ്കൂളുകൾക്കായി ഉപയോഗിക്കുന്നു എന്നു പറയുമ്പോൾ, എയ്ഡഡ് മേഖലയിലെ ഹയർ സെക്കണ്ടറി - വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും കോളേജുകൾക്കും ചെലവിടുന്ന അനേകം കോടികൾക്കു പുറമേയാണ് എന്നോർക്കണം.

എയ്ഡഡ് മേഖലയിൽ പ്രൈമറി വിഭാഗത്തിൽ 71,104 അധ്യാപകരും ഹൈസ്കൂൾ വിഭാഗത്തിൽ 35,943 അധ്യാപകരുമുൾപ്പെടെ ആകെ 1,07,047 പേർ ജോലി ചെയ്യുമ്പോൾ, സർക്കാർ സ്കൂളുകളിൽ 56,059 (വെറും 52%) പേർക്കാണു ജോലിയുള്ളത്. ഇവരിൽ 8.5% (അതായത് 4765 പേർ) പട്ടികജാതിക്കാരാണ്. ഒരു ശതമാനത്തോളം (560 പേർ) പട്ടികവർഗക്കാരാണ്. അതേസമയം എയ്ഡഡ് മേഖലയിലെ 1,07,047 അധ്യാപകരിൽ 9099 പേർക്കു (8.5%) പകരം വെറും 298 പേർ (അതായത് 0.278%) മാത്രമാണ് പട്ടികജാതിക്കാരായുള്ളത്. അതുപോലെ 1070 പട്ടികവർഗ്ഗക്കാർക്കു പകരം വെറും 58 പേർ (അതായത് 0.184%) മാത്രമാണ് പട്ടികവർഗക്കാർ. ഈ അനീതിയുടെ മുമ്പിൽ കണ്ണടയ്ക്കുക അക്ഷന്തവ്യമായ അപരാധമാണ്. ചുരുക്കത്തിൽ ഇവിടെ യാതൊരുവിധമായ സേവനസാധ്യതയില്ല എന്നതാണ് ചരിത്രവസ്തുത. അതുകൊണ്ടുതന്നെ അധ്യാപകനിയമനത്തിൽ നിഷ്കർഷമായ മാറ്റൊരു മാനദണ്ഡം ആവശ്യമായിരിക്കുന്നു.

പി എസ് സി വഴി എന്നതാണ് ഇപ്പോഴത്തെ അവസ്ഥയിൽ ഏറ്റവും കരണീയം. പി എസ് സി യിൽ രാഷ്ട്രീയസ്വാധീനമുണ്ടെന്നും ചിലപ്പോഴൊക്കെ അഴിമതിയുണ്ടെന്നും പറയാറുണ്ട്. അതു ശരിയായിരിക്കാം.

പക്ഷേ ഒരു കാര്യം വ്യക്തം. അവിടെ സുതാര്യതയുണ്ട്; അർഹതയുള്ളവർക്കേ ജോലി ലഭിക്കൂ; സീനിയോറിറ്റിയും ഭരണഘടന ഉറപ്പു നൽകുന്ന സംവരണനിയമവും പാലിച്ചിരിക്കും. മാനേജ്മെന്റിന്റെ മുമ്പിലോ സർക്കാരിന്റെ മുമ്പിലോ ഓച്ഛാനിച്ചു നിൽക്കാതെ അവരവരുടെ കഴിവും മികവും തെളിയിച്ചു ജോലി കിട്ടുന്ന സമ്പ്രദായമാണത്. അങ്ങനെ നോക്കുമ്പോൾ, മത-സമുദായനേതാക്കൾ ആവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ സേവനമാണ് അവർ ലക്ഷ്യംവയ്ക്കുന്നതെങ്കിൽ, ഇന്നത്തെ രാഷ്ട്രീയ-സാമൂഹ്യ പശ്ചാത്തലത്തിൽ പി എസ് സി വഴിയുള്ള നിയമനം ആയിരിക്കും എല്ലാംകൊണ്ടും ആദർശാത്മകം.

ചുരുക്കത്തിൽ, വിദ്യാഭ്യാസ വികേന്ദ്രീകരണവും എയ്ഡഡ് സ്കൂളിലേയ്ക്കുള്ള അധ്യാപകനിയമനം പി എസ് സി വഴി ആകുന്നതും എല്ലാം കൊണ്ടും ജനാധിപത്യപരമാണ് - മതേതരസ്വഭാവത്തിൽ നീങ്ങുന്നതിനു കൂടുതൽ ഉചിതമായ സമീപനമാണ്. ജനങ്ങളുടെ ശാക്തീകരണത്തിലാണ് ക്രൈസ്തവസഭയും സമുദായങ്ങളും ഊന്നൽ നൽകുന്നതെങ്കിൽ, മികവുറ്റ അധ്യാപകരെയാണ് ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനു ആവശ്യമെന്നു ബോധ്യമുണ്ടെങ്കിൽ സർക്കാർ മുന്നോട്ടുവയ്ക്കുന്ന ഈ രണ്ടു നിർദ്ദേശങ്ങളോടും സർവാത്മനാ സഹകരിക്കുകയാണു വേണ്ടത്. പക്ഷേ അവർ സംഘടിതമായി പ്രത്യക്ഷ പ്രക്ഷോഭത്തിനാണ് ഒരുങ്ങിയതും കരുക്കൾ നീക്കുന്നതും.

അത് അവരുടെ യഥാർഥ മുഖം വെളിച്ചത്തുകൊണ്ടുവരുന്നു. അവർക്കു മറ്റു നിക്ഷിപ്തതാൽപര്യങ്ങൾ ഉണ്ടെന്നു വ്യക്തമാക്കുന്നു. എന്താണവ? വിദ്യാഭ്യാസത്തിലെ വികേന്ദ്രീകരണം വഴി അവരുടെ സ്വേച്ഛാധിപത്യത്തോടെയുള്ള അധികാരദുരുപയോഗത്തിനു കടിഞ്ഞാൺ വീഴും. അതുപോലെ ഒരാൾക്കു ഒരു നിയമനം നൽകിയതിന്റെ പേരിൽ ജീവിതകാലം മുഴുവൻ അവനും അവന്റെ കുടുംബവും അവരുടെ മുമ്പിൽ ഓച്ഛാനിച്ചു നിൽക്കുന്നതിനും അറുതിവരും. ഇതു രണ്ടും അവരുടെ അധികാരസീമയെ സ്പർശിക്കുന്നതാണ്.

മാത്രമല്ല, അവരുടെ ഈ സാമുദായിക-മത-വർഗീയ കൂട്ടുകെട്ടിനു യാതൊരുവിധമായ യേശുദർശന അടിത്തറയുമില്ല. ജാതി-മതഭേദമെന്യേ യേശുദർശനത്തെപ്പറ്റി എല്ലാവരും എടുത്തുപറയുന്ന ഒന്ന് അതിന്റെ ജനകീയതയാണ്. സമൂഹത്തിൽ അവശതയും ദാരിദ്ര്യവും വേദനയും വിവേചനവും അനുഭവിക്കുന്നവർക്കൊപ്പം ജീവിച്ച് അവർക്കു 'ജീവന്റെ സമൃദ്ധി' (യോഹ. 10.10) നൽകുന്നതായിരുന്നു യേശുവിന്റെ ദൗത്യം. പക്ഷേ ഇന്നത്തെ ക്രൈസ്തവമേലധ്യക്ഷന്മാരുടെയും മറ്റു സമുദായ നേതാക്കളുടെയും ഇവിധമായ ഇടപെടൽ സാമാന്യജനത്തിനു ജീവൻ നൽകാനുള്ളതല്ല. മറിച്ച് അവരെ കൂച്ചുവിലങ്ങിടാനുള്ളതാണ്.

# 21

# മതവർഗീയതയും വലതുപക്ഷ ബാന്ധവവും

വിശാലമായ ഇന്നത്തെ രാഷ്ട്രീയ പരിസരത്തെ ആകമാനം സ്പർശിക്കുന്ന വളരെ ഗഹനമായൊരു വിഷയം. ഇതിനെ സമഗ്രതയിൽ കാണുന്നതിനു യാഥാർത്ഥ്യങ്ങളെ അവയുടെ ചരിത്രപരതയിലും സാമൂഹ്യ-മതപര-രാഷ്ട്രീയ പശ്ചാത്തലത്തിലും അപഗ്രഥനം നടത്തേണ്ടതുണ്ട്. എന്റെ ജീവിതപശ്ചാത്തലം മതപരമായതുകൊണ്ടും വഴിമാറിനടക്കുന്ന ഒരു വൈദികനായതുകൊണ്ടും, ഈ വിഷയത്തെ അതിന്റെ മതപരമായ വശത്തിൽ മാത്രം ഊന്നിനിറുത്താം - അതും കഴിഞ്ഞ ഒന്നര വർഷത്തെ ചില ഇടപെടലുകളെ അപഗ്രഥനം ചെയ്തുകൊണ്ട് എന്നു കരുതുന്നു.

'കേരള സ്വാശ്രയ വിദ്യാഭ്യാസബിൽ - 2006' ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ശ്രീ. എം. എ. ബേബി അസംബ്ലിയിൽ അവതരിപ്പിച്ചു ചർച്ച നടത്തി വേണ്ട മാറ്റങ്ങൾ വരുത്തി ഭരണപക്ഷ-പ്രതിപക്ഷ ഭേദമില്ലാതെ ഏകസ്വരത്തിൽ പാസാക്കിയ ബില്ലാണ്. ഈ ബില്ലിന്റെ അടിസ്ഥാന വ്യവസ്ഥകളൊക്കെത്തന്നെ മുൻ യുഡിഎഫ് സർക്കാർ ശ്രീ. എ കെ ആന്റണിയുടെ നേതൃത്വത്തിലെടുത്ത തീരുമാനത്തിന്റെ പിന്തുടർച്ചയാണ്. 50:50, അഥവാ രണ്ടു സ്വാശ്രയ കോളേജ് = ഒരു സർക്കാർ കോളേജ്. ഈ നയം ഇടതുപക്ഷ ആശയമല്ലെങ്കിലും അങ്ങനെയായി നീക്കങ്ങളൊക്കെത്തന്നെ. അന്നത്തെ സർക്കാരുമായി സ്വകാര്യമാനേജ്മെന്റുകൾ ധാരണയായെന്നു ശ്രീ. എ കെ ആന്റണി ആണയിട്ടു പറയുന്നുണ്ടു താനും. പക്ഷേ സഭാനേതൃത്വം ഇങ്ങനെ പാസാക്കിയ നിയമത്തെ 'കരിനിയമ'മെന്നു വിശേഷിപ്പിച്ച് എതിർക്കാൻ തുടങ്ങിയപ്പോൾ, ബില്ലിനെ അസംബ്ലിയിൽ വോട്ടുരേഖപ്പെടുത്തി പാസാക്കിയ യുഡിഎഫ് നേതാക്കൾ ബില്ലിനെതിരെ രംഗത്തുവരുകയും മതനേതാക്കളോടൊപ്പം നിന്നു

സംസാരിക്കുകയും അവർ സംഘടിപ്പിച്ച സമരങ്ങൾക്ക് പിന്തുണ നൽകുകയും ചെയ്തുവെന്ന വസ്തുത നമ്മുടെ മനസിൽ സജീവമാണല്ലോ.

വർഗീയ വലതുപക്ഷ ഗൂഢാലോചനയുടെ ശൈലി മനസിലാക്കാൻ സഭാധികാരികളുടെയും യുഡിഎഫിന്റെയും തുടർന്നുനടന്ന ഇടപെടൽ രീതികൾ ഒന്നു വിശകലനം ചെയ്താൽ ബോധ്യമാകും. സ്വാശ്രയകോളേജിന്റെ നടത്തിപ്പിലും പ്രവേശനത്തിലും ഫീസുഘടനയിലും മറ്റും സർക്കാരിന്റെ നിയന്ത്രണം പാടില്ല. സ്വാശ്രയമാനേജ്മെന്റിന്റെ ഇഷ്ടാനുസരണം തലവരിയും ഡൊണേഷനും ഫീസും മറ്റും - അങ്ങനെ പല രീതിയിൽ പണം സമ്പാദിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടാകണം എന്നതാണ് അവരുടെ പ്രക്ഷോഭത്തിന്റെ അടിത്തട്ടിലെ ഹൃദയവികാരം. 'യേശുവിലാണെൻ വിശ്വാസം, കീശയിലാണെൻ ആശ്വാസം' എന്നു കുഞ്ഞുണ്ണിമാഷ് പറഞ്ഞതു നൂറു ശതമാനവും അവരെ സംബന്ധിച്ചു ശരിയാണ്. പക്ഷേ ഈ അടിസ്ഥാന യാഥാർഥ്യത്തെ മറച്ചുപിടിച്ചിട്ട്, ഏതെല്ലാം രീതിയിലാണ് സഭാധികാരികൾ രംഗത്തു വന്നതെന്നു കാണുക. "പള്ളിമുറ്റത്തുള്ള നമ്മുടെ വിദ്യാലയങ്ങൾ നമ്മുടേതല്ലാതായിത്തീരുന്നു," "സ്വാശ്രയ വിദ്യാഭ്യാസനിയമം - 2006 ലൂടെ ന്യൂനപക്ഷങ്ങളുടെ വസ്തുവകകളെ സർക്കാരിനു സ്വന്തമാക്കാൻ ശ്രമിക്കുന്നതിനെതിരെ ക്രൈസ്തവസമൂഹം മുന്നിട്ടിറങ്ങേണ്ടിയിരിക്കുന്നു," "ഈ നിയമം ഭരണഘടനാവിരുദ്ധമാണ്, അതുകൊണ്ടു എല്ലായിടങ്ങളിലും ഈ നിയമത്തിനെതിരായ പ്രതിഷേധം രേഖപ്പെടുത്തുകയും മാധ്യമങ്ങളിലൂടെ അറിയിക്കുകയും വേണം." വൈകാരികമായി വർഗീയത ഇളക്കിവിടുംപോലെ 'ഇന്നത്തെ ഭീഷണി നമുക്കു പുത്തരിയല്ല' എന്നു പറഞ്ഞുകൊണ്ട് അങ്കമാലിയിൽ അന്ത്യവിശ്രമം കൊള്ളുന്ന 1959 ലെ രക്തസാക്ഷികളുടെ കല്ലറയിൽ നിന്നു വരെ സമരപ്രഖ്യാപനം നടത്തി. ഇതിന്റെയെല്ലാം പിന്നിൽ സജീവമായി വലതുപക്ഷരാഷ്ട്രീയനേതൃത്വമുണ്ടെന്നുള്ളത് ആ ദിവസങ്ങളിലെ പത്ര-ദൃശ്യമാധ്യമങ്ങളിലൂടെ നമുക്കു മനസിലായിട്ടുള്ളതാണ്. വർഗീയതയ്ക്കും വിഭജനത്തിനും സഹായകരമായ, യേശുവിരുദ്ധമായ, ഇടയലേഖനം ഇറക്കുന്നതു സാമാന്യജനത്തോടുള്ള വെല്ലുവിളിയാണെന്നു പറഞ്ഞപ്പോൾ, ഇടയലേഖനങ്ങൾ ഇറക്കാനുള്ള ബിഷപ്പിന്റെ അവകാശത്തെ ചോദ്യം ചെയ്യുന്നതായി വ്യാഖ്യാനിച്ചുകൊണ്ടു യുഡിഎഫ് നേതൃത്വം വർഗീയശക്തികളോടു ഒട്ടിനിന്ന കഥകളും നമ്മൾ മറന്നിട്ടില്ല. തങ്ങൾ പിന്തുണച്ച് ഏകകണ്ഠമായി പാസാക്കിയ ഒരു ബില്ലിന്റെ താൽപര്യത്തേക്കാൾ അവർക്കു പ്രധാനം അതിനു വിരുദ്ധമായ ആശയങ്ങൾ അടിക്കടി പ്രകടിപ്പിക്കുകയും ദൈവത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽ സ്വാർഥപൂരണത്തിനു തന്ത്രപരമായി ശ്രമിക്കുകയും ചെയ്യുന്ന ശ്രേഷ്ഠപുരോഹിതന്മാരുടെ അപ്രമാദിത്വമാണ്. മതേതരരാഷ്ട്രതാൽപര്യത്തേക്കാൾ അവർക്കു വിധേയത്വം മതത്തിന്റെ പേരിൽ രാഷ്ട്രത്തെയും സമൂഹത്തെയും ചൂഷണം ചെയ്യുന്നവരോടാണ്. ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്: പിതാക്കന്മാരെ വിശ്വസിച്ചുപോയതിലും ചതിയേറ്റുവാങ്ങിയതിലും മനസുകൊണ്ടു ദുഃഖിക്കേണ്ടിവന്ന അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ കെ ആന്റണിയുടെ അർഥഗർഭമായ മൗനം.

സ്വാശ്രയ വിദ്യാഭ്യാസനിയമം 2006 നിലവിൽ വന്നതിന്റെ ഫലമായിട്ട് അവസരങ്ങൾ ലഭിച്ചതു സമൂഹത്തിലെ ന്യൂനപക്ഷങ്ങൾക്കും പിന്നോക്കസമുദായത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും വികലാംഗർക്കും കായികപ്രതിഭകൾക്കുമാണ് – അതായത് സമൂഹത്തിലെ അവശവിഭാഗങ്ങൾക്ക്. ഇതിനെ എന്തിനാണ് ബിഷപ്പുമാർ എതിർക്കുന്നത്? ഈ എതിർപ്പിന്റെ പിന്നിലെ താൽപര്യങ്ങൾ എന്ത്? ഏവ? തീർച്ചയായും ഈ സമീപനം സാമൂഹ്യനീതി ഉറപ്പുവരുത്തുന്ന ദരിദ്രപക്ഷമല്ല. ഈ നിയമം നടപ്പിലാക്കിയാൽ MBBS, B.Fam, Nursing, BDS, Ayurveda, Engineering വിഭാഗങ്ങളിലെ എസ് സി എസ് ടി യ്ക്കു പ്രവേശനത്തിനു 1179 സീറ്റുകളും പിന്നോക്ക ക്രിസ്ത്യനു 122 സീറ്റുകളും ലത്തീൻ കത്തോലിക്കർക്കു 237 സീറ്റുകളും പിന്നോക്ക ഹിന്ദുക്കൾക്കു 305 സീറ്റുകളും മുസ്ലീങ്ങൾക്കു 943 സീറ്റുകളും ഈഴവർക്കു 1046 സീറ്റുകളും, അങ്ങനെ ആകെ 3,832 സീറ്റുകൾ സർക്കാർ ഫീസിൽ പഠിക്കാവുന്നവയായി ലഭിക്കും. അതു അവകാശമായിട്ടു തന്നെ; അല്ലാതെ മാനേജ്മെന്റിന്റെ ദയാദാക്ഷിണ്യം കൊണ്ടല്ല. ഈ സാധ്യതയെയാണു ബിഷപ്പുമാർ യുഡിഎഫിന്റെ പിൻബലത്തോടെ തട്ടിത്തെറിപ്പിക്കാൻ ശ്രമിക്കുന്നത്. ഈ വസ്തുത നാം തിരിച്ചറിയേണ്ടതുണ്ട്.

കഴിഞ്ഞ ഒന്നരവർഷക്കാലമായി എന്താണ് ചങ്ങനാശ്ശേരി ആർച്ച്ബിഷപ്പായിരുന്നു വിരമിച്ച്, ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യുക്കേഷൻ എന്ന ആർച്ച് ബിഷപ്പിന്റെതന്നെ സ്വന്തം കുട്ടിയായ കൗൺസിലിന്റെ ചെയർമാനായി വിരാജിക്കുന്ന ആർച്ച് ബിഷപ്പ് ജോസഫ് പൗവത്തിൽ കാട്ടിക്കൂട്ടിയിട്ടുള്ളത് എന്തൊക്കെ വിഡ്ഢിത്തങ്ങളാണ് എന്നത് യേശുവിൽ വിശ്വസിക്കുന്ന നമ്മുടെ മനസിൽ നീറുന്ന അനുഭവങ്ങളായി ഇന്നും നിലകൊള്ളുന്നു. അദ്ദേഹത്തിനു കൂട്ടുനിന്നുകൊണ്ടു ഇപ്പോഴത്തെ ചങ്ങനാശേരി ആർച്ച് ബിഷപ്പും പാല, ഇരിങ്ങാലക്കുട, തൃശൂർ, താമരശേരി, എറണാകുളം തുടങ്ങിയ സുറിയാനി അഥവാ സീറോമലബാർ കത്തോലിക്ക രൂപതകളുടെ മേലധ്യക്ഷന്മാരും, തിരുവനന്തപുരം, കൊല്ലം, വിജയപുരം, ആലപ്പുഴ, വരാപ്പുഴ തുടങ്ങിയ ലത്തീൻ കത്തോലിക്കാ രൂപതകളുടെ മേലദ്ധ്യക്ഷന്മാരും, തിരുവനന്തപുരം, തിരുവല്ല, സുൽത്താൻബത്തേരി തുടങ്ങിയ സീറോമലങ്കര കത്തോലിക്കാ രൂപതകളുടെ മേലധ്യക്ഷന്മാരും ഇടയലേഖനങ്ങൾ വെവ്വേറെ പുറപ്പെടുവിച്ചു. ഈ ബിഷപ്പുമാർ എല്ലാവരെയും കൂട്ടിച്ചേർത്തുള്ള കേരള കത്തോലിക്കാ ബിഷപ്സ് കോൺഫറൻസി(കെ സി ബി സി)ന്റെ സംയുക്ത പ്രസ്താവനയും ഇറങ്ങി. കേരളത്തിലെ എല്ലാ പ്രമുഖ ക്രൈസ്തവസഭകളുടെ മേലധ്യക്ഷന്മാർ ഒരുമിച്ചുള്ള പ്രസ്താവനയും വന്നു. ഇവയ്ക്കൊക്കെ ഒത്താശ ചെയ്യുന്ന പ്രസ്താവം കത്തോലിക്കാ ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യയും പുറപ്പെടുവിച്ചു. എല്ലാത്തിലും ഉൾക്കൊള്ളുന്ന ആശയത്തിന്റെ രത്നച്ചുരുക്കം ഇത്രമാത്രം: ഞങ്ങൾ മാമോൻ സേവയിലാണ്, ദരിദ്രന്റെയും ചൂഷിതന്റെയും നിന്ദിതന്റെയും യേശുവിന്റെയും പേരു പറഞ്ഞു ആരും ശല്യപ്പെടുത്താൻ വരരുത്, വന്നാൽ വർഗീയത ഇളക്കിവിട്ടു നേരിടുകതന്നെ ചെയ്യും. അതേ, വിശ്വാസികളെല്ലാം പഴയകാലത്തിലെന്നപോലെ വിഡ്ഢികളാണെന്നു തിരുമേനിമാർ വിശ്വസിക്കുന്നുണ്ടാവാം.

ചരിത്രത്തിൽ ഇടയലേഖനങ്ങൾ യേശുവിനെയും യേശുവിന്റെ പഠനത്തെയും അതിന്റെ തനിമയിൽ സാമാന്യജനതയെ ബോധ്യപ്പെടുത്താൻ ഉപയോഗിച്ചിരുന്ന മാർഗമാണ്. അത് ഒരിക്കലും സ്വാർഥ താൽപര്യങ്ങൾക്കോ അധികാര ഉറപ്പിക്കലിനോ രാഷ്ട്രീയ പകപോക്കലിനോ ഉപയോഗിച്ചിരുന്നില്ല. പക്ഷേ, ഞാനിവിടെ സൂചിപ്പിച്ച ഇടയലേഖനങ്ങൾ ഒക്കെത്തന്നെ സംഘടിത-ദുഷ്ടതാൽപര്യം സംരക്ഷിക്കാനാണെന്നു സുബുദ്ധിയുള്ള ഏതൊരു വ്യക്തിക്കും മനസിലാകും. ഈ ഇടയലേഖനങ്ങളിൽ യേശുവിരുദ്ധത തെളിഞ്ഞുനിൽക്കുന്നു. വർഗീയതയുടെ കാഹളധ്വനിയാണ്. അവയുടെ തലക്കെട്ടു മാത്രമല്ല, ഉള്ളടക്കം വരെ മതമൗലികവാദ പ്രേരകമായിരുന്നു. ഒന്നുരണ്ടു ഉദാഹരണങ്ങൾ: '2006 ലെ വിദ്യാഭ്യാസ ആക്ട് മൂലം ഉടലെടുത്ത പ്രശ്നങ്ങൾ ഇനിയും കെട്ടടങ്ങിയിട്ടില്ല. വിദ്യാഭ്യാസരംഗത്തുള്ള സർക്കാരിന്റെ പുതിയ നീക്കങ്ങൾ സഭയുടെ പ്രവർത്തനങ്ങൾക്കു തുരങ്കം വയ്ക്കുന്നവയാണ്. ഒരു ഭീഷണിക്കും അടിയറവ് പറയാതെ ധീരതയോടെ ഇടവകസമൂഹം മുഴുവനും ഒറ്റക്കെട്ടായി അണിനിരക്കണമെന്നഭ്യർഥിക്കുന്നു' - കൊല്ലം ബിഷപ്പിന്റെ വാക്കുകൾ. പാല ബിഷപ്പിന്റെ ലേഖനത്തിന്റെ തലക്കെട്ടു തന്നെ 'സ്വാശ്രയവിദ്യാഭ്യാസ രംഗത്തെ പ്രതിസന്ധി' എന്നാണ്. വിദ്യാഭ്യാസസ്ഥാപനങ്ങളെ സംരക്ഷിക്കാൻ എന്തു വിലകൊടുത്തും മുന്നോട്ടുവരണമെന്നും അവയെ സംരക്ഷിക്കാൻ ഓരോ വിദ്യാഭ്യാസസ്ഥാപനത്തോടും ചേർന്നു ജാഗ്രതാസമിതി രൂപീകരിക്കുമെന്നും സംരക്ഷണസേനയെ വിന്യസിക്കുമെന്നും രണ്ടാം വിമോചനസമരത്തിനു നേരമായി എന്നും മറ്റുമുള്ള പ്രഖ്യാപനങ്ങൾ. രണ്ടാം ലോക മഹായുദ്ധത്തിൽ പട്ടാളക്കാരുടെ വീര്യം തളരാതിരിക്കാൻ ചർച്ചിൽ ആവേശകരമായ പ്രഭാഷണങ്ങൾ നിരന്തരം ചെയ്തിരുന്ന കഥ നാം വായിച്ചിട്ടുണ്ട്. അതുപൊലെ യുദ്ധക്കളത്തിൽ നിൽക്കുന്നു എന്ന രീതിയിൽ പറയുന്നതു ശ്രദ്ധിക്കുക: "നിങ്ങളാണ് ഈ ധർമസമരത്തിൽ എനിക്കു ശക്തിയും കരുത്തും പകരേണ്ടത്" (പാല ബിഷപ്പ് ജോസഫ് കല്ലറങ്ങാട്). ഇത്ര വികാരതീവ്രതയോടെ, വർഗീയത ജനിപ്പിക്കുന്ന വാക്കുകളിലൂടെ ജനവികാരം ഉണർത്താൻ ശ്രമിച്ചിട്ടും കേരള ക്രൈസ്തവജനത അവ പരിഗണാർഹമല്ല എന്ന രീതിയിൽ പ്രതികരിച്ചത് അവരുടെ പ്രബുദ്ധതയും മതനിരപേക്ഷതയുമാണ് കാട്ടുന്നത് എന്നു എടുത്തുപറയേണ്ടതുണ്ട്. ഏറ്റവും ക്രൂരമായ കള്ളക്കളി യുഡിഎഫിന്റെ ഭാഗത്തു നിന്നാണ് ഈ സന്ദർഭങ്ങളിൽ ഉണ്ടായത്. ഇത്രയും അഭിവന്ദ്യപിതാക്കന്മാർ നിരന്തരം 'വർഗീയ' ഇടയലേഖനങ്ങളുടെ പരമ്പര വിവിധ പ്രസിദ്ധീകരണങ്ങളിലൂടെയും ചാനലുകളിലൂടെയും ജനമധ്യത്തിലെത്തിച്ചപ്പോൾ, ഇവയ്ക്കു എതിരെ ഒരു വാക്കു ഉച്ചരിച്ചില്ലെന്നു മാത്രമല്ല, ബിഷപ്പുമാരുടെ നീക്കങ്ങൾക്കു ഒത്താശപറയുകയും ചെയ്തു. തിരുമേനിമാരുടെ കള്ളക്കളി രാഷ്ട്രീയ എതിരാളികളെ തളർത്താൻ പ്രയോജനപ്പെടുത്താമെന്നു അവർ ധരിച്ചുവശായിരിക്കുന്നു.

ഇന്റർ ചർച്ച് കൗൺസിൽ ചെയർമാൻ ആർച്ച്ബിഷപ്പ് പൗവ്വത്തിൽ, ക്രൈസ്തവകുടുംബത്തിലെ കുട്ടികളെ ക്രൈസ്തവ വിദ്യാലയങ്ങളിൽ വിട്ടു പഠിപ്പിക്കണം എന്ന തനി വർഗീയ പ്രലപനം മതേതരഇന്ത്യയെ

ഹൈന്ദവ ഇന്ത്യയാക്കാൻ തുനിയുന്ന ആർഎസ്എസിന്റെ മറ്റൊരു മുഖമാണ്. അതു ശരിയായില്ല എന്നു കേരളത്തിലെ സാമൂഹ്യ-സാംസ്കാരിക-ഇടതുപക്ഷ രാഷ്ട്രീയക്കാർ ഓർമിപ്പിച്ചപ്പോൾ, അതു വീണ്ടും തറപ്പിച്ചും ഉറപ്പിച്ചും അദ്ദേഹം പറയുകയാണുണ്ടായത്. ക്രിസ്തുമത വിശ്വാസികളെ ഒന്നാകെ ആക്ഷേപിക്കുന്ന പ്രസ്താവമാണത്. ക്രൈസ്തവവിദ്യാലയങ്ങൾ ക്രൈസ്തവമൂല്യങ്ങൾ പകരും എന്നാണല്ലോ പറയുന്നത്. എന്താണ് ഈ 'ക്രൈസ്തവ' മൂല്യങ്ങൾ? മാനുഷിക മൂല്യങ്ങൾ, ധാർമ്മികമൂല്യങ്ങൾ എന്നു നാം കേട്ടിട്ടുണ്ട്. 'ക്രൈസ്ത'മൂല്യങ്ങൾ എന്നൊന്നുണ്ടെങ്കിൽ 'ഹിന്ദു' മൂല്യം, 'സിക്ക്' മൂല്യം, 'ബുദ്ധ' മൂല്യം, 'മുസ്ലീം' മൂല്യം എന്ന രീതിയിൽ ഓരോ മതത്തിന്റെയും മൂല്യങ്ങൾ എന്നു വേർതിരിച്ചു കാണണമല്ലോ - അത്യന്തം ഹീന മനോഭാവത്തിന്റെ പ്രകടനമായിരുന്നു. അതുപോലെ ഈ രീതിയിൽ പോയാൽ ക്രിസ്ത്യൻ ബാർബർഷോപ്പ്, മുസ്ലീം ബീഡിക്കട, ഹൈന്ദവ പലചരക്കുകട എന്നിങ്ങനെ വേണ്ടിവരും. ഇത്ര അപകടകാരിയായ പ്രസ്താവത്തെ യുഡിഎഫിലെ ഒരു നേതാവും ഇതുവരെ കേട്ടതായിപോലും ഭാവിച്ചിട്ടില്ല എന്നോർക്കുമ്പോൾ വർഗ്ഗീയ വലതുപക്ഷ ഗൂഢാലോചന ഏതറ്റംവരെ പോയിരിക്കുന്നു എന്നു നാം തിരിച്ചറിയേണ്ടതുണ്ട്.

എയിഡഡ് സ്കൂളുകളിലെ നിയമനം പി എസ് സി വഴിയാകണമെന്നുള്ള വാദം നീതിയുക്തമെന്നു സാമാന്യബുദ്ധിയുള്ള ആർക്കും മനസിലാക്കാവുന്നതാണ്. അവിടെ സുതാര്യത, യോഗ്യത, സംവരണം തുടങ്ങിയവയുണ്ടായിരിക്കും. മാത്രമല്ല, സർക്കാർ പണം എവിടെ വിനിയോഗിക്കപ്പെട്ടാലും അവിടെ എല്ലാ കാര്യത്തിലും സാമൂഹ്യനിയന്ത്രണം ഉണ്ടായേ മതിയാകൂ. വളരെ ലളിതമായ ഈ സത്യത്തോടു കേരളത്തിലെ മേജർ ആർച്ച് ബിഷപ്പ്/കാർഡിനൽ മാർ വർക്കി വിതയത്തിലിന്റെ പ്രതികരണം ഏറ്റവും ഹീനമായ ഒന്നായിപ്പോയി. പി എസ് സി വഴി നിയമിക്കുന്നവർ നിരീശ്വരവാദികളായിരിക്കും. അവർ കുട്ടികളിൽ നിരീശ്വരത്വം കുത്തിവയ്ക്കും, അവർക്കു ധാർമ്മികബോധ്യമുണ്ടാകില്ല എന്നും മറ്റുമുള്ള നിരീക്ഷണം. മതനിരപേക്ഷ ഇന്ത്യയുടെ ഏറ്റവും വിശിഷ്ടമായ നിയമ വ്യവസ്ഥയെയാണ് ഇതു ചോദ്യംചെയ്തിരിക്കുന്നത്. മാത്രമല്ല, രാജ്യത്തിന്റെ വളർച്ചയ്ക്കു വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബഹുഭൂരിപക്ഷംവരുന്ന ഉദ്യോഗസ്ഥവൃന്ദത്തിന്റെ സുതാര്യതയേയും കാര്യക്ഷമതയേയും ആത്മാർഥതയേയുമാണ് ചോദ്യം ചെയ്യുന്നത്. ഇത് അജ്ഞതയുടെയും ധിക്കാരത്തിന്റെയും വിളംബരമായി കാണണം. ഗസറ്റഡും നോൺഗസറ്റഡുമായ അധ്യാപകരും ഉദ്യോഗസ്ഥരും ഇക്കാര്യം തങ്ങളുടെ സംഘങ്ങളിൽ ചർച്ച ചെയ്തെങ്കിലും, ഒരു പരസ്യപ്രസ്താവന നടത്തി ശ്രേഷ്ഠപുരോഹിതന്റെ നിലവാരത്തിലേയ്ക്കു താഴേണ്ടാ എന്ന തീരുമാനമാണ് എടുത്തത്. ഇന്ത്യൻ ഭരണഘടന ഉറപ്പുചെയ്തിട്ടുള്ള മതനിരപേക്ഷ സ്വഭാവത്തിനു കാർഡിനലിന്റെ പ്രസ്താവം തുരങ്കംവയ്ക്കുകയും ചെയ്യുന്നു. ഇതിനും യുഡിഎഫിൽ നിന്നും ഒരു 'ചിന്ന' പ്രതികരണം പോലും ഉണ്ടായില്ല. മതനിരപേക്ഷതയ്ക്ക് എതിരെ മെത്രാൻ സ്വരമുയർത്തിയപ്പോൾ യുഡിഎഫ് അതിനെ

അപലപിച്ചില്ല എന്നു മാത്രമല്ല, ഇതു ശരിയല്ല എന്നു പറഞ്ഞവരെ ആക്ഷേപിക്കാൻ വരെ തയ്യാറാകുകയും ചെയ്തു. ഇതു ഇവർ തമ്മിലുള്ള ചങ്ങാത്തം വ്യക്തമാക്കുന്നതാണ് എന്നു നാം തിരിച്ചറിയണം. ഇവിടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും എനിക്കു പറയാനുള്ളതിതാണ്. ബിഷപ്പുമാരുടെയും ചില സമുദായസംഘടനകളുടെയും എതിർപ്പുകണ്ടു എയിഡഡ് സ്കൂൾ നിയമനം പി എസ് സി ക്കു വിടുന്നതിൽ നിന്നു സമവായം പറഞ്ഞു ഒഴിഞ്ഞുമാറരുത്. ഈ എതിർപ്പ് ഓലപ്പാമ്പാണ്. സധൈര്യം ഇതു പി എസ് സി ക്കു വിട്ടാൽ, കേരളത്തിലെ കുറഞ്ഞതു 85% ജനവും എൽ ഡി എഫിന്റെ കൂടെ നിൽക്കും. ഇതു ദരിദ്രജനതയ്ക്കു വേണ്ടിയുള്ള, സാമൂഹ്യനീതിക്കു വേണ്ടിയുള്ള ഒരു രാഷ്ട്രീയ തീരുമാനമാണ്. അമാന്തിച്ചു നിന്നാൽ, ചരിത്രധർമം നിറവേറ്റിയില്ല എന്നു ചരിത്രം കുറ്റപ്പെടുത്തും.

ചങ്ങനാശേരി പെരുന്നയിലെ എൻഎസ്എസ് കേന്ദ്രത്തിൽ വച്ചു കൂടിയ എൻഎസ്എസ്-ക്രൈസ്തവ മേലധ്യക്ഷന്മാരുടെ ബാന്ധവം നടത്തിക്കൊടുത്തത് കേരള കോൺഗ്രസ് മാണിഗ്രൂപ്പാണ് എന്നത് ഈ ഗൂഢാലോചനയെ വെളിപ്പെടുത്തുന്നതാണ്. ഈ ബാന്ധവത്തിൽ പിന്നോക്കസമുദായമായ ലത്തീൻകത്തോലിക്കാ രൂപതാ മേലധ്യക്ഷൻ വരെ പങ്കെടുത്തു എന്നത് വിചിത്രം തന്നെ. പാവപ്പെട്ട തന്റെ ജനസമൂഹത്തിന്റെ താൽപര്യങ്ങളെ ബലികൊടുത്തുകൊണ്ടാണ് അദ്ദേഹം ആ യോഗത്തിൽ പങ്കെടുത്തത്. അതും വർഗീയ വലതുപക്ഷ കൂട്ടുകെട്ടിന്റെ ശക്തമായ പ്രകടനമാണെന്നു നാം തിരിച്ചറിയേണ്ടതുണ്ട്.

28. 1. 2008, കേരളത്തിലെ സീറോമലബാർ. സീറോ മലങ്കര, ലത്തീൻ സഭകളിലെ 29 രൂപതകളിൽ ഫെബ്രുവരി ആദ്യം വായിച്ചു ജനത്തെ പ്രബുദ്ധരാക്കാൻ വേണ്ടി സംയുക്ത ഇടയലേഖനം കേരള കത്തോലിക്കാ ബിഷപ്പുമാരുടെ സമിതി (കെ സി ബി സി) ഇറക്കിയിരിക്കുന്നു. സമിതിക്കു വേണ്ടി മൂന്നു റീത്തിലെയും പ്രമുഖരായ ആർച്ച് ബിഷപ്പുമാരും സമിതിയുടെ പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, സെക്രട്ടറി എന്നിവരുമാണ് ഒപ്പിട്ടിരിക്കുന്നത്. (കേരള കത്തോലിക്ക ബിഷപ്സ് കൗൺസിലിനു വേണ്ടി പ്രസിഡന്റ് ആർച്ച് ബിഷപ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ, വൈസിപ്രസിഡന്റ് ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സെക്രട്ടറി മാർ ആൻഡ്രൂസ് താഴത്ത്, സീറോ മലബാർ സഭയുടെ തലവൻ കർദിനാൾ മാർ വർക്കി വിതയത്തിൽ, മലങ്കര സഭയുടെ മേജർ ആർച്ച് ബിഷപ് ബസാലിയോസ് മാർ ക്ലീമ്മീസ്).

കത്തോലിക്കരെ സംബന്ധിച്ചു വലിയ നോമ്പു കാലം പ്രധാനപ്പെട്ടതാണ്. ആ കാലയളവിൽ തന്നെ അവരുടെ ശ്രദ്ധയെ, ബിഷപ്പുമാരുടെ സ്വാർഥതാൽപര്യത്തിനനുസരിച്ചു വഴിതിരിച്ചുവിടാൻ എളുപ്പമാണെന്നു ബിഷപ്പുമാർക്കറിയാം. രാഷ്ട്രീയ പ്രത്യയശാസ്ത്രം നിരീശ്വരത്വത്തെ വളർത്താൻ ശ്രമിക്കുന്നതിന്റെ അപകടം തിരിച്ചറിയാനാണു ആഹ്വാനം. കമ്യൂണിസ്റ്റ് രാജ്യങ്ങളെപ്പറ്റിയുള്ള പരാമർശം ഭാഗികമാണ്. അവിടത്തെ ക്രൂരതയെപ്പറ്റി വാചാലമാകുമ്പോൾ, ഇന്നു ബുഷും കൂട്ടരും നിരന്തരം കാട്ടിക്കൂട്ടുന്ന കൂട്ടക്കൊലകളും, രാജ്യങ്ങളുടെയും സംസ്കാരങ്ങളുടെയും

മേലുള്ള അധിനിവേശവും ഇവരുടെ ഇടയലേഖനത്തിന്റെ വിഷയം ആകാത്തതെന്ത്? പ്രത്യയശാസ്ത്ര നിരീശ്വരത്വത്തേക്കാൾ ഭീകരമാണു പ്രായോഗിക നിരീശ്വരവാദം. അതായത്, ധനത്തെ/മൂലധനത്തെ പൂജിക്കൽ. യേശു പറഞ്ഞു: 'നിങ്ങൾക്കു ദൈവത്തെയും മൂലധനത്തെയും (മാമോൻ) ഒന്നിച്ചു സേവിക്കുക അസാധ്യം.' ഇന്നു മുതലാളിത്ത രാജ്യങ്ങളുടെയും സ്ഥാപിതസഭയുടെ ദൈവം മൂലധനമാണ് - സമ്പത്താണ്. ഇതിനെ എന്തേ ഇടയലേഖനം അപലപിക്കാത്തത്? അതുപോലെ ഭാരതത്തിന്റെ ജനാധിപത്യത്തെയും പരമാധികാരത്തെയും നശിപ്പിക്കുന്ന ആണവകരാർ നിരീശ്വരവാദികളെ മാത്രം ബാധിക്കുന്നതാണോ? ഇവിടെ എന്താ ബിഷപ്പുമാർ കുറ്റകരമായ നിശബ്ദത പാലിക്കുന്നത്? അമേരിക്കയ്ക്കു ദുസ്സഹമായ ഒരു നയം ഇന്ത്യ നടപ്പാക്കിയാൽ, ഇന്ത്യയെ ആക്രമിച്ചു കീഴടക്കി ഇന്ത്യൻ പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗിനെ തുറുങ്കിലടച്ചു തൂക്കിലേറ്റിയാൽ ഈ ബിഷപ്പുമാർ നിശബ്ദത പാലിക്കുമല്ലോ.

മാത്രമല്ല, ജനാധിപത്യത്തിലൂടെ അധികാരത്തിൽ വന്നവർ ജനാധിപത്യത്തോടും നീതിന്യായവ്യവസ്ഥ അടക്കമുള്ള ഭരണഘടനാ സ്ഥാപനങ്ങളോടും കാണിക്കുന്ന അസഹിഷ്ണുത അപകടകരമാണെന്നാണ് ഇടയലേഖനം പറയുന്നത്. സത്യത്തിൽ ഇവിടെ അസഹിഷ്ണുത കാട്ടുന്നതു എൽഡിഎഫ് സർക്കാരോ കേരള മെത്രാൻ സമിതിയോ എന്നു വിലയിരുത്തണം. കേരളത്തിൽ ഗുജറാത്തോ ഒറീസയോ മുംബൈയോ ആവർത്തിക്കാതിരിക്കാത്തതിനുള്ള ഏറ്റവും ശക്തമായ കാരണം കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ സാന്നിധ്യമാണെന്നു ആർക്കാണു മനസ്സിലാകാത്തത്. എവിടെയൊക്കെ വർഗീയതയുടെ നാമ്പുയർന്നുവോ അവിടെ മാനവീകതയുടെ ദീപവുമായി ഇടതുപക്ഷം എത്തുന്നു എന്നത് ചരിത്രസത്യം. ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കാനുണ്ട്. കേരള കത്തോലിക്ക മെത്രാൻ സമിതി ഇത്ര ഗൗരവമായൊരു സംയുക്ത ഇടയലേഖനം ഇറക്കിയിട്ട്, അത് എല്ലാ പള്ളികളിലും വായിച്ചിട്ടു വിവിധ ഇടവക സമിതികളിൽ ചർച്ച ചെയ്യണമെന്നാണ് തീട്ടൂരം. ഇതിൽ ഒരിടത്തു പോലും ഇന്ത്യൻ ഭരണഘടന കണ്ണിലെ കൃഷ്ണമണി പോലെ കാത്തുസൂക്ഷിക്കുന്ന മതനിരപേക്ഷതയെപ്പറ്റി പരാമർശിക്കുന്നില്ല എന്നതാണ്. അത് ഇവരുടെ ഇരട്ടത്താപ്പു നയം വ്യക്തമാക്കുന്നു. ഇവിടെയും ഇവരുടെ വർഗീയ വലതുപക്ഷ കൂട്ടുകെട്ടു വ്യക്തമാണ്.

ചുരുക്കത്തിൽ, ഈ വിഷയത്തിന്റെ വിവിധ മേഖലകളിലേയ്ക്കു കടക്കാതെ തന്നെ കേരളത്തിന്റെ പശ്ചാത്തലത്തിൽ മതാധികാരികളും വലതുപക്ഷ നേതാക്കളും തമ്മിൽ ഒരവിശുദ്ധ കൂട്ടുകെട്ടുണ്ടെന്നു വ്യക്തമാകുകയാണ്. ഈ വർഗീയ വലതുപക്ഷ ഗൂഢാലോചന നാം തിരിച്ചറിയണം. ഏതു സമൂഹത്തിന്റെയും ചാലകശക്തി യുവാക്കളാണ്. ഇവിടെയും ഈ ഗൂഢാലോചനയുടെ അപകടം തിരിച്ചറിഞ്ഞു ശക്തിയുക്തം പ്രതികരിക്കേണ്ടതും സമരം ചെയ്യേണ്ടതും യുവാക്കളാണ്, മനസിൽ യുവത്വം കാത്തുസൂക്ഷിക്കുന്നവരാണ്.

# 22

## മൗനം ഒറ്റിക്കൊടുക്കൽ തന്നെ

പുതിയ പാഠപുസ്തകങ്ങളുടെ പേരിൽ, പ്രത്യേകിച്ചു ഏഴാം ക്ലാസിലെ സാമൂഹ്യപാഠത്തിലെ 'മതമില്ലാത്ത ജീവൻ' എന്ന അധ്യായത്തെച്ചൊല്ലി കേരളത്തിലുണ്ടായ പ്രക്ഷുബ്ധത ഇനിയും കെട്ടടങ്ങിയിട്ടില്ല. കേരള ലത്തീൻ കത്തോലിക്കാ രൂപതകളുടെ സ്വരമായ 'ജീവനാദം' (പുസ്തകം 4, ലക്കം 25, 2008 ജൂൺ 22 ഞായർ) എന്ന പ്രസിദ്ധീകരണത്തിൽ ആലപ്പുഴ രൂപതയുടെ വിദ്യാഭ്യാസ കോർപ്പറേറ്റ് മാനേജർ ഫാ. സേവ്യർ കുടിയാശ്ശേരി പാഠപുസ്തകത്തെപ്പറ്റി "മാർഗം ശരി, ലക്ഷ്യത്തിൽ ആശങ്ക" എന്ന ലേഖനത്തിന്റെ ഭാഗമായി ഏറ്റവും കൂടുതൽ വിമർശനത്തിനു വിധേയമായ 'മതമില്ലാത്ത ജീവൻ' എന്ന ഭാഗം അപ്പാടെ കൊടുത്തിട്ടുണ്ട്. തുടർന്ന് അദ്ദേഹം വിശകലനം ചെയ്യുന്നത് ഇങ്ങനെ: "ഇവിടെ മതം വേണ്ട എന്ന ആശയമല്ല, ജാതിവിവേചനത്തിനെതിരെയുള്ള ഒരു പ്രതികരണമെന്ന നിലയിലാണ് കൊടുത്തിരിക്കുന്നത്" (ibid പേജ് 8). മിശ്രവിവാഹിതരായ ഒരു കുടുംബത്തിലെ കുട്ടിയെ 'സ്കൂളിൽ ചേർക്കുമ്പോൾ, മതവും ജാതിയും വേണ്ടാ, വളർന്നു വലുതാകുമ്പോൾ അവനു ഇഷ്ടമുള്ള മതം തെരഞ്ഞെടുക്കട്ടെ' എന്നതിൽ എവിടെയാണ് മതനിഷേധം, നിരീശ്വരവാദം? ഇവിടെ സത്യത്തിൽ ആശങ്കയ്ക്കു കാര്യങ്ങൾ ഒന്നുമില്ല. ഫാ. സേവ്യറിന്റെ ലേഖനത്തിലും പുതിയ പാഠ്യപദ്ധതിയുടെ പ്രസക്തി വ്യക്തമാക്കുന്നുണ്ട്.

എന്നാൽ പഴയരീതി ഇതായിരുന്നില്ല. അധ്യാപകൻ എല്ലാ അറിവിന്റെയും ഉടമ. കുട്ടിയിൽ തന്റെ അറിവ് വിളമ്പിക്കൊടുക്കുകയാണ് അധ്യാപകന്റെ ജോലി. ഈ അറിവുകൾ ഏറ്റുവാങ്ങി മനസിൽ നിറയ്ക്കുന്നവനാണ് ഈ രീതിയിലെ ഏറ്റവും നല്ല കുട്ടി. വിദ്യാഭ്യാസ വിദഗ്ധർ പൊതുവേ 'ബാങ്കിംഗ് വിദ്യാഭ്യാസ സമ്പ്രദായ'മെന്നു വിളിക്കുന്ന

ഇത്തരമൊരു സമ്പ്രദായമാണ് വർഷങ്ങളായി നാം പിന്തുടർന്ന് വന്നിരുന്നത്.

ഇവിടെ കുട്ടികൾ എന്നും ഓബ്ജക്ടുകൾ (Objects) ആണ്. അധ്യാപകർ കൊടുക്കുന്നതു ഏറ്റുവാങ്ങുന്ന വെറും സാധനങ്ങൾ. ഇങ്ങനെയുള്ള വിദ്യാഭ്യാസം കുറച്ചു അറിവുകൾ പകരുന്നതാണെങ്കിലും, ആ അറിവ് സാമൂഹ്യമാറ്റത്തിനു അനുഗുണമല്ല; മറിച്ച്, ഇന്നത്തെ അവസ്ഥയെ അരക്കിട്ടുറപ്പിക്കാൻ ഈ വിദ്യാഭ്യാസം അവസരം ഒരുക്കുന്നതേയുള്ളു.

വിദ്യാഭ്യാസത്തെ ഗൗരവമായി കണ്ട എല്ലാവരും തന്നെ ഇങ്ങനെയുള്ള വിദ്യാഭ്യാസസമ്പ്രദായത്തിനു ഒരു പൊളിച്ചെഴുത്തു അനിവാര്യമാണെന്നു കണ്ടവരാണ്. വിജ്ഞാനസാഗരത്തിൽ നിന്നും അധ്യാപകനും വിദ്യാർഥിയും ഒരുമിച്ചു പഠിക്കുന്ന അവസ്ഥയുണ്ടാകണം. വിദ്യാർഥി അവന്റെ/അവളുടെ സാമൂഹ്യ പരിസരങ്ങളെ നോക്കിക്കണ്ടു വിലയിരുത്തി പഠിക്കുന്നു; അധ്യാപകനും ഇതുതന്നെ ചെയ്യുകയാണ്. രണ്ടു കൂട്ടരും ഒത്തുപഠിക്കുമ്പോൾ, വിദ്യാഭ്യാസം കൂടുതൽ സമ്പന്നവും സാമൂഹ്യമാറ്റത്തിന്റെ രാസത്വരകവുമാകും. ഇവിടെ കുട്ടികൾ അധ്യാപകരോടൊപ്പം കർത്താക്കൾ (Subjects) ആകുന്നു. അവർ കാര്യങ്ങളെ വിമർശനാത്മകമായും ക്രിയാത്മകമായും വിശകലനം ചെയ്യുന്നു. ഈ വിമർശനാത്മക വിദ്യാഭ്യാസം കുട്ടിയെ സ്വാതന്ത്ര്യത്തിലും ഉത്തരവാദിത്വത്തിലും വളർത്തുന്നു. ഇതൊരു പ്രതേകതരം ബോധനരീതിയാണ്; രാഷ്ട്രീയ പ്രക്രിയയാണ്. രാജ്യത്തെത്തന്നെ ആകമാനം മാറ്റിമറിക്കാൻ കെൽപ്പുള്ള ബോധനപ്രത്യയശാസ്ത്രമാണ് ഈ നീക്കത്തിന്റെ പിന്നിലെ ചാലകശക്തി. ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ, പ്രത്യേകിച്ചു ബ്രസീലിൽ, ഈ വിദ്യാഭ്യാസ-രാഷ്ട്രീയ പ്രക്രിയ സജീവമായി നടന്നു. ഈ പ്രക്രിയയെ അവർ വിളിച്ചതു 'മർദ്ദിതരുടെ ബോധനശാസ്ത്രം' (Pedagogy of the Oppressed) എന്നാണ്. ഇതിന്റെ താത്വിക അടിത്തറ പാകിയത് പാവ്‌ലോ ഫ്രെയ്റാണ്.

ഈ ബോധനരീതിയിൽ നിന്നും ഊർജ്ജം സ്വീകരിച്ചുകൊണ്ടാണ്, ഭാരതത്തിലെ വിദ്യാഭ്യാസസമ്പ്രദായത്തിൽ സമൂല അഴിച്ചുപണി നടത്താൻ ശ്രമിച്ചത്. അതിനായി വിവിധ ദേശീയ-സംസ്ഥാന സമിതികൾക്കു രൂപംനൽകി. കഴിഞ്ഞപത്തിലേറെ വർഷങ്ങളായി വിപുലവും ഗൗരവുമായ പഠനങ്ങളും പൊതു ചർച്ചകളും സംവാദങ്ങളും വിലയിരുത്തലുകളും നടത്തി അവർ രൂപപ്പെടുത്തിയതാണു പുതിയ പാഠ്യപദ്ധതി. പുസ്തകഭാരം കുറയ്ക്കുക, പരീക്ഷാഭീതി ഇല്ലാതാക്കുക, മൂല്യനിർണയരീതി മാറ്റുക, ഒന്നാംക്ലാസ്സു മുതൽ തന്നെ ഇംഗ്ലീഷ് പഠിക്കാനുള്ള സൗകര്യം ഒരുക്കുക, മാതൃഭാഷയെ അമ്മിഞ്ഞപ്പാലു പോലെ സ്നേഹിക്കുക, സാമൂഹ്യ ചുറ്റുപാടുകളിൽ നിന്നു അറിവും ജീവിതവും പഠിക്കുക, മനുഷ്യനെ മനുഷ്യനായി കാണാനുള്ള പ്രാപ്തി ഉളവാക്കുക, വ്യക്തിസ്വാതന്ത്ര്യവും സാമൂഹ്യ ഉത്തരവാദിത്വവും സമംഗളം സമ

ന്വയിപ്പിക്കുക, പഠനം ഭാരമാക്കാതെ രസകരവും ആനന്ദപ്രദവുമാക്കുക, വിദ്യാഭ്യാസം തൊഴിൽബന്ധിയാക്കുക, .... തുടങ്ങിയ ലക്ഷ്യത്തോടെ സമഗ്രമായ മാറ്റം കണ്ടുകൊണ്ടാണു പുതിയ പാഠപുസ്തകങ്ങൾക്കു രൂപം കൊടുത്തത്. അങ്ങനെയാണ് ഈ വർഷം 1,3,5,7 ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങൾ പുതിയ പാഠ്യപദ്ധതിയനുസരിച്ചു രൂപപ്പെടുത്തി പ്രസിദ്ധീകരിച്ചിരിക്കുന്നത്. പുതിയൊരു സംരംഭമായതുകൊണ്ട് അവയിൽ കുറവുകൾ, അവ്യക്തതകൾ ഒക്കെ കണ്ടേക്കാം. അവയെ ചൂണ്ടിക്കാട്ടുക ഉത്തരവാദിത്വമുള്ള ഓരോ പൗരന്റെയും കടമയാണ്. അങ്ങനെ ചൂണ്ടിക്കാട്ടുന്നവയെ സഗൗരവം കണക്കിലെടുത്തു ന്യായയുക്തമായ മാറ്റങ്ങൾ വരുത്താൻ തയ്യാറാണെന്നു കേരള വിദ്യാഭ്യാസ മന്ത്രി ശ്രീ. എം എ ബേബി പലകുറി പ്രഖ്യാപിച്ചിട്ടുണ്ട്. സാധാരണനിലയിൽ പ്രശ്നം അവിടെ അവസാനിക്കേണ്ടതാണ്.

പക്ഷേ സമുദായനേതാക്കളിലും മതനേതാക്കളിലും വലതുപക്ഷ രാഷ്ട്രീയനേതാക്കളിലും സഹിഷ്ണുതയുടേയോ സംവാദത്തിന്റേയോ മനോഭാവം കാണുന്നില്ല. ഒരു ചർച്ചയ്ക്കും അവർ തയാറല്ല. വർഷങ്ങളുടെ പ്രയത്നഫലമായ, ഒത്തിരിയേറെ സവിശേഷതകളും ഗുണമേന്മകളുമുണ്ടെന്നു അവരുടെ വക്താക്കൾ തന്നെ അംഗീകരിക്കുന്ന, പാഠപുസ്തകങ്ങൾ പിൻവലിക്കണമെന്ന ഒറ്റവാശിയാണവർക്കുള്ളത്. പലതിനും വാശി നല്ലതാണ്. പക്ഷേ ഈ വാശി ആരുടെ ചെലവിലാണ് എന്നു മനസ്സിലാക്കുമ്പോഴാണ് ഇതിന്റെ കൊടുംക്രൂരത വ്യക്തമാവുക. ഇവർ വരുംതലമുറയുടെ ഭാവിയെയാണ് പന്താടുന്നത്. വളരാൻ കൊതിക്കുന്ന പിഞ്ചുകുഞ്ഞുങ്ങളുടെ വ്യക്തിത്വ വികാസത്തിനാണിവർ തടസ്സം നിൽക്കുന്നത്.

എന്തൊക്കെ കോപ്രായങ്ങളാണ് ഇവർ കാട്ടിക്കൂട്ടുന്നത്? എന്തൊക്കെ വിഡ്ഢിത്തരങ്ങളാണ് വിളിച്ചുകൂവുന്നത്? ത്രൃശൂർ രൂപതയിലെ വിദ്യാഭ്യാസകൗൺസിൽ ഏഴാംക്ലാസ്സിലെ സാമൂഹ്യപാഠപുസ്തകത്തിനു പകരം പുതിയ പാഠങ്ങൾ ഉണ്ടാക്കുന്നു! നൂറ്റാണ്ടുകളായി മുന്നോക്ക-പിന്നോക്കമെന്ന നിലപാടിൽ ഉറച്ചുനിന്ന എൻ എസ് എസ്സും കേരളത്തിലെ ക്രൈസ്തവനേതൃത്വങ്ങളും പാഠപുസ്തകത്തിനെതിരെ കൈകോർക്കുന്നു. പല കാരണങ്ങൾകൊണ്ടു വിഘടിച്ചു നിന്നിരുന്നവർ പോലും അടങ്ങുന്ന 12 മുസ്ലീം സംഘടനകൾ ഏകോപിച്ചിരിക്കുന്നു പുതിയ പാഠപുസ്തകങ്ങൾക്കെതിരെ. യു ഡി എഫ്, പ്രത്യേകിച്ചു കോൺഗ്രസും അതിന്റെ യുവജനഘടകമായ യൂത്ത്കോൺഗ്രസും വിദ്യാർഥിസംഘടനയായ കെ എസ് യു വും കേരളത്തെ കുട്ടിച്ചോറാക്കിയേ അടങ്ങൂ എന്ന വാശിയിലാണ്.

എല്ലാംകൂടി നോക്കുമ്പോൾ, സാമാന്യബുദ്ധിക്കു മനസ്സിലാകുന്ന ഒരു കാര്യമുണ്ട്. ഇവിടെ പ്രശ്നം പുതിയ പാഠപുസ്തകമല്ല, അതിലെ സന്ദേശവുമല്ല. സാമാന്യജനം ചോരയും നീരും കൊടുത്തു അധികാരത്തിലേറ്റിയ എൽ ഡി എഫിനെതിരെയുള്ള ഗൂഢവും സംഘടിതവുമായി

നീക്കമാണിത്. ഇവിടെ യു ഡി എഫിന്റെ താൽപര്യം മനസ്സിലാക്കാം; എൻ എസ് എസിന്റെയും. പക്ഷേ, ന്യൂനപക്ഷമെന്നും പിന്നോക്കമെന്നും കൊട്ടിഘോഷിക്കുന്ന ക്രൈസ്തവ-മുസ്ലീം നേതൃത്വം ഇങ്ങനെ അഴി ഞ്ഞാടുന്നതിന്റെ പൊരുൾ മനസിലാവുന്നില്ല. ഈ സർക്കാർ ഭരണത്തിൽ വന്നിട്ടു ഈ സമുദായങ്ങളുടെ താൽപര്യസംരക്ഷണാർഥം നടപ്പാക്കിയ നിരവധിയായ പദ്ധതികളിലേയ്ക്കു ഒന്നു കണ്ണോടിച്ചാൽ എൽ ഡി എഫിനു ഇവരോടുള്ള താൽപര്യം വ്യക്തമാകും. എങ്കിലും സാമുദാ യിക സങ്കുചിതചിന്തകൾ അവരെ എതിർകക്ഷിയുടെ പാളയത്തിൽ എത്തിച്ചിരിക്കുന്നു.

ഒരു കാര്യം തുറന്നുപറയാൻ ആഗ്രഹിക്കുന്നു. ഏഴാംക്ലാസിലെ സാമൂഹ്യപാഠപുസ്തകത്തിലെ 'മതമില്ലാത്ത ജീവൻ' എന്ന അധ്യായം എന്തുവിലകൊടുത്തും നിലനിർത്തേണ്ടതു എൽ ഡി എഫിന്റെ ധർമ്മ മാണ്. എൽ ഡി എഫ് പ്രതിനിധാനം ചെയ്യുന്നതും ഇന്ത്യൻ ഭരണഘ ടന ഉറപ്പുനൽകുന്നതുമായ മതനിരപേക്ഷ സംസ്കാരത്തിനു ഊന്നൽ നൽകുന്നതുകൊണ്ടു മാത്രമാണ്, മത-ജാതി-സമുദായ ദുഷ്ടശക്തികൾ ഇതിനെതിരെ വാളെടുക്കുന്നത്. ഇവിടെ തല കുനിക്കുന്നത് മതനിരപേ ക്ഷതയെ ഒറ്റിക്കൊടുക്കുകയാവും. അത് എൽ ഡി എഫ് പ്രത്യയശാ സ്ത്രത്തിനു ഭൂഷണമല്ലല്ലോ.

# 23

# യേശുവിന്റെ സഭയോ കോൺസ്റ്റന്റയിന്റെ സാമ്രാജ്യമോ?*

*ഏഴാംക്ലാസിലെ സാമൂഹിക പാഠപുസ്തകം പിൻവലിക്കണമെന്ന സഭയുടെ ആവശ്യം ശരിയാണോ?*

**ഒ**രിക്കലുമല്ല. ആ പാഠപുസ്തകം മുഴുവനും ഞാൻ വായിച്ചു. അതിൽ സഭയ്ക്കോ മതത്തിനോ എതിരായി ഒന്നുമില്ല. 'മതിമില്ലാത്ത ജീവൻ' എന്ന പാഠമാണല്ലോ വലിയ കുഴപ്പമാണെന്നു പറയുന്നത്. അത് എന്റെ അഭിപ്രായത്തിൽ മനോഹരമായ പാഠമാണ്. മുസൽമാനായ അച്ഛന്റെയും ഹിന്ദുവായ അമ്മയുടെയും മകനായ ജീവനെ സ്കൂളിൽ ചേർക്കുന്ന സന്ദർഭമാണ് വിവരിച്ചിരിക്കുന്നത്. അച്ഛന്റെ മുസ്ലീം പേരും അമ്മയുടെ ഹിന്ദുപേരും കേട്ട പ്രധാനാദ്ധ്യാപകൻ കുട്ടിയുടെ മതം ഏതാണെഴുതേണ്ടതെന്നു ചോദിക്കുന്നു. ഇവനു മതം വേണ്ട; ഇപ്പോൾ അവനെല്ലാ മതങ്ങളെയും കുറിച്ച് പഠിച്ച് മനുഷ്യനായി വളരട്ടെ. മുതിരുമ്പോൾ അവനാവശ്യമെന്നു തോന്നിയാൽ ഇഷ്ടമുള്ള മതം സ്വീകരിക്കട്ടെ എന്ന അർഥത്തിൽ ജീവന്റെ അച്ഛൻ സംസാരിക്കുന്നു. ഇതാണ് ആ പാഠം. മിശ്രവിവാഹിതരായ ദമ്പതികൾ കുട്ടിയെ സ്കൂളിൽ ചേർക്കുമ്പോൾ മതമൊന്നും എഴുതേണ്ട. വളരുമ്പോൾ അവനിഷ്ടമുള്ളത് തെരഞ്ഞെടുക്കട്ടെ എന്നു പറയുന്നതിൽ ഈ ജനാധിപത്യ, മതേതര രാഷ്ട്രത്തിൽ എവിടെയാണ് മതനിഷേധം, ഈശ്വരനിഷേധം? മതത്തിന്റെയും വർഗ്ഗീയതയുടെയും പേരിൽ വലിയ കുഴപ്പങ്ങൾ നടക്കുന്ന ഇക്കാലത്ത് വളരെ പ്രസക്തമായ പാഠമാണിത്. ചെറുപ്പത്തിലേ മനസ്സിൽ ജാതി-മതങ്ങളുടെ വിഷം കയറാതെ, കുട്ടികൾ മതനിരപേക്ഷ വീക്ഷണത്തോടെ വളർന്നുവരുന്നത്

---

* *ഗ്രന്ഥകർത്താവുമായി ബിന്ദു കെ പ്രസാദ് (മലയാളം വാരിക 2008 ജൂലായ് 11) നടത്തിയ അഭിമുഖം*

വളരെ നല്ലതാണ്. ലോകചരിത്രമെടുത്തുനോക്കിയാൽ രാഷ്ട്രീയമല്ല, മതമാണ് ഏറ്റവുമധികം മനുഷ്യരെ കൊന്നൊടുക്കിയിട്ടുള്ളതെന്നു കാണാം.

*ഈ പുസ്തകം ഇത്ര നിരുപദ്രവകരമാണെങ്കിൽ സഭയ്ക്ക് മറിച്ചു തോന്നുന്നതെന്തുകൊണ്ട്?*

സഭയ്ക്ക് മറിച്ചു തോന്നുന്നതൊന്നുമല്ല. അതു മനസിലാക്കാനുള്ള ബുദ്ധിയൊക്കെ സഭാധികാരികൾക്ക് നല്ലവണ്ണമുണ്ട്. ഇതിന്റെയൊക്കെ പിന്നിൽ രാഷ്ട്രീയമായ നിക്ഷിപ്ത താൽപര്യങ്ങളുണ്ട്. മിശ്രവിവാഹം ഇന്നോ ഇന്നലെയോ തുടങ്ങിയ കാര്യമല്ല. സാമൂഹ്യനവോത്ഥാനത്തിന്റെ ആണിക്കല്ലു തന്നെ മിശ്രവിവാഹമാണ്. സർക്കാർ സഹായം കൂടി മിശ്രവിവാഹിതർക്കുണ്ട്. ഇത് സഭയ്ക്കെതിരാണെങ്കിൽ സഭ പണ്ടേ എതിർക്കണമായിരുന്നു. യു ഡി എഫ് ഇങ്ങനെയൊക്കെ പറയുന്നത് മനസിലാക്കാം. അവർ പ്രതിപക്ഷ കക്ഷിയാണ്. ഇല്ലാത്ത പ്രശ്നങ്ങൾ പറഞ്ഞുണ്ടാക്കലാണ് അവരുടെ ജോലി. പക്ഷേ, സഭ ഇതിൽ യു ഡി എഫിന്റെ പക്ഷം പിടിക്കുന്നതാണ് പ്രശ്നം. ഈ കോലാഹലമൊന്നും അറിയാതെ പാഠപുസ്തകം വായിക്കുന്ന ഒരാൾക്കും ഇതിൽ ഒരു തകരാറും തോന്നില്ല. പ്രത്യേകിച്ചു മതനിന്ദയോ മതവിരോധമോ മതനിരാസമോ ഒന്നും. വിവാദം ഇത്രയും കൊഴുക്കുന്നതിനു മുമ്പ് ജൂൺ 22 ഞായറാഴ്ച കേരള ലത്തീൻ കത്തോലിക്ക രൂപതകളുടെ സ്വരമമായ 'ജീവനാദ'ത്തിൽ, ആലപ്പുഴ രൂപതയുടെ വിദ്യാഭ്യാസ കോർപ്പറേറ്റ് മാനേജർ ഫാ. സേവ്യർ കുടിയാശ്ശേരി പാഠപുസ്തകം വിശകലനം ചെയ്തിട്ടുണ്ട്. 'മാർഗം ശരി, ലക്ഷ്യത്തിൽ ആശങ്ക' എന്ന ആ ലേഖനത്തിൽ "ഇവിടെ മതം വേണ്ട എന്ന ആശയമല്ല, ജാതിവിവേചനത്തിനെതിരെയുള്ള ഒരു പ്രതികരണമെന്ന നിലയിലാണ് കൊടുത്തിരിക്കുന്നത്" എന്ന് എഴുതിയിരിക്കുന്നു. പാഠപുസ്തകത്തിന്റെ മാർഗത്തെക്കുറിച്ച് അനുകൂലമായാണ് അദ്ദേഹം എഴുതിയത്. എ കെ ഗോപാലനും ഗൗരിയമ്മയുമൊക്കെ പ്രത്യക്ഷപ്പെടുന്നതുകൊണ്ടാവണം, ഈ പാഠപുസ്തകത്തിന്റെ 'ലക്ഷ്യം' കുട്ടികളെ കമ്യൂണിസത്തോട് അടുപ്പിക്കലാണോ എന്നു മാത്രമേ അന്നു ഫാദറിനു ആശങ്കയുണ്ടായിരുന്നുള്ളു. ഇന്ന് ജൂൺ 22 കഴിഞ്ഞ് ഏതാനും ദിവസങ്ങൾ കഴിഞ്ഞതേയുള്ളു. പാഠപുസ്തകത്തിൽ മാറ്റമില്ല. സഭാധികാരികളുടെ നിലപാടു മാറിപ്പോയി. അപ്പോൾ കാരണം പാഠപുസ്തകമല്ലെന്നു വ്യക്തം. ഏതായാലും മതമുണ്ടാക്കുന്ന പൊല്ലാപ്പുകളെക്കുറിച്ച് ഇപ്പോഴാണ് ഇങ്ങനെയൊക്കെ ആളുകൾ ചിന്തിച്ചു തുടങ്ങിയത്. ഫലത്തിൽ ആ പുസ്തകത്തിനും അതിലെ ആശയത്തിനും കൂടുതൽ പ്രചാരവും വിശ്വാസ്യതയും ലഭിച്ചു. ഈയിടെ ഞാനൊരു സ്ഥലത്തു പോയിരുന്നു. ലക്ഷംവീട് കോളനി പോലെ തീരെ പാവപ്പെട്ട, വിദ്യാഭ്യാസമില്ലാത്ത മനുഷ്യർ താമസിക്കുന്ന സ്ഥലം. ടി വി യിൽ ഈ പ്രശ്നത്തെക്കുറിച്ച് കണ്ടതിനു ശേഷം അവർ സംസാരിക്കുകയാണ്.

"ബേബിസാർ പറയുന്നതു കേട്ടില്ലേ? മതചിന്ത കൂടുന്നത് മനുഷ്യരെ തമ്മിൽ അകറ്റുമെന്ന്. പുസ്തകം പിൻവലിക്കുകയില്ലെന്നാണ് മന്ത്രി പറയുന്നത്. പള്ളിക്കാരുടെ വിരട്ടൊന്നും നടക്കാൻ പോകുന്നില്ല ..." ഈ രീതിയിലായിരുന്നു സംസാരം പുരോഗമിച്ചത്. ഇപ്പോൾ പണ്ടത്തെപ്പോലൊന്നുമല്ല ആളുകൾ. ബിഷപ്പു പറഞ്ഞാലും വൈദികൻ പറഞ്ഞാലുമൊക്കെ പോയി പണിനോക്കാൻ പറയാൻ അവർക്കു മടിയില്ല. ഈ ആശയത്തിനു ഇത്ര പ്രചാരം കൊടുക്കുക എന്നത് സഭ ചെയ്ത സൽകൃത്യമാണ്.

*കുട്ടികൾ വലുതായിട്ട് ഇഷ്ടമുള്ള മതം സ്വീകരിക്കട്ടെ എന്നു പറയുന്നതിൽ അർഥമില്ലെന്നും എങ്കിൽ കുട്ടികൾ വലുതായിട്ട് സ്കൂളിൽ ചേരട്ടെ എന്നും പറയാം എന്നാണല്ലോ സഭാനിലപാട്?*

സഭ ഇത്ര തരംതാണ് സംസാരിക്കരുതെന്നേ എനിക്കു പറയാനുള്ളു. അച്ഛനും അമ്മയും ആരെന്നു നിശ്ചയിക്കാൻ കുട്ടിക്ക് അവകാശമില്ലല്ലോ. അപ്പോൾ കുട്ടിക്ക് പിന്നീടുള്ള കാര്യങ്ങളിലും അവകാശം വേണ്ട എന്ന് ആരോ ഈയിടെ പറഞ്ഞതുപോലെയാണിത്. കുട്ടികൾക്ക് ചെറുപ്പത്തിൽ ഭക്ഷണം കൊടുക്കുകയോ അവരെ സ്കൂളിൽ ചേർക്കുകയോ ചെയ്യുന്നതും അവരെക്കൊണ്ട് ഒരു പ്രത്യേക മതത്തിൽ വിശ്വസിപ്പിക്കുന്നതുമായി വലിയ വ്യത്യാസമുണ്ട്. പാഠപുസ്തകത്തിലെ കഥയിൽ ജീവന്റെ അച്ഛനുമമ്മയും വ്യത്യസ്ത മതവിഭാഗക്കാരാണ്. അവർ ആ വിശ്വാസത്തെ മറികടന്ന് ഒരുമിച്ച് ജീവിക്കാൻ തീരുമാനിച്ചവരാണ്. ഈ സാഹചര്യത്തിൽ അവർ മകനെ ആരുടെ മതത്തിൽ ചേർക്കും? ഒരു മതത്തിൽ ചേർത്താൽ മറ്റേ മതക്കാർ അവരുടെ വിശ്വാസം വ്രണപ്പെടുമെന്നു പറയുകയില്ലേ? എന്റെ അഭിപ്രായത്തിൽ മാതാപിതാക്കൾ ഒരേ മതക്കാർ തന്നെയാണെങ്കിലും കുട്ടിയെ ഒരു മതത്തിലും ചേർക്കാതിരിക്കുകയാണ് വേണ്ടത്. ചെറുപ്പത്തിലേ മതത്തിന്റെ രീതിയിൽ വളർത്തുന്നതു വഴി നാം കുട്ടികളെ ഒരു പ്രത്യേകവിധത്തിൽ പരുവപ്പെടുത്തിയെടുക്കുകയാണ്. ഞാൻ എന്തുകൊണ്ടാണ് ക്രിസ്ത്യാനിയായത്? എന്റെ അപ്പനും അമ്മയും ക്രിസ്ത്യാനികൾ ആയതുകൊണ്ട്, എന്നെ ആ രീതിയിൽ വളർത്തിയതുകൊണ്ട്. അല്ലാതെ മറ്റൊരു കാരണവുമില്ല. കുട്ടിയുടെ ബുദ്ധിയും ചിന്താശക്തിയുമൊക്കെ സ്വതന്ത്രമായി വളരാൻ ഈ പരുവപ്പെടുത്തൽ തടസമാണ്. ഒരു പ്രത്യേക ചടങ്ങിലൂടെ ഒന്നുമറിയാത്ത കുട്ടിയെ മതത്തിന്റെ ചട്ടക്കൂട്ടിലാക്കൽ കുട്ടിയോടു കാണിക്കുന്ന വലിയ അപരാധമാണ്.

*ഈ പരുവപ്പെടുത്തൽ കൊണ്ട് എന്തെങ്കിലും ഫലമുണ്ടോ? യൂറോപ്പിൽ കത്തോലിക്കാസഭ വിദ്യാഭ്യാസകാര്യങ്ങളിൽ പൂർണ സ്വാധീനം ചെലുത്തിയിരുന്ന കാലം ഉണ്ടായിട്ടുണ്ട്. സോവിയറ്റ് യൂണിയനിൽ കുഞ്ഞുങ്ങളിൽ പിഞ്ചിലേ കമ്യൂണിസം നിറച്ചിട്ടും കമ്യൂണിസം നിലനിന്നില്ലല്ലോ?*

പരുവപ്പെടുത്തൽ ശക്തമായ ഒരു സ്വാധീനമാണെന്നേ ഞാൻ പറഞ്ഞുള്ളു. മനുഷ്യൻ ആത്യന്തികമായി സ്വതന്ത്രനാണ്. അതവന്റെ ജന്മസിദ്ധമായ വാസനയാണ്. അതുപോലെ സാമൂഹിക ഉത്തരവാദിത്വബോധവും മനുഷ്യനിൽ അന്തർലീനമാണ്. അതുകൊണ്ടുതന്നെ സ്വയം സ്വതന്ത്രനാകാനുള്ള ഉൾത്വര അവനെപ്പോഴുമുണ്ടാകും. റഷ്യയിൽ വ്യക്തിസ്വാതന്ത്ര്യം കുറവായിരുന്നു എന്നു കേട്ടിട്ടുണ്ട്. അതുതന്നെയാകാം അവിടെ കമ്യൂണിസ്റ്റ് ഭരണപരീക്ഷണം തകരാനുള്ള കാരണം. മറ്റൊന്ന് ഇത്തരം കാര്യങ്ങളൊന്നും സാധാരണക്കാർ തീരുമാനിക്കുന്നതല്ല. നേതാക്കന്മാരും അവരുടെ ബന്ധങ്ങളും താൽപര്യങ്ങളും അനുസരിച്ചാണത്. റഷ്യയിലും സംഭവിച്ചത് അതാണ്. അവരുടെ താൽപര്യമനുസരിച്ച് അണികളെ നിർത്താനും അവർക്കറിയാം. നാളെ ഇന്ത്യ ആണവരാഷ്ട്രമാകണമെന്ന് അധികാരികൾ തീരുമാനിച്ചാൽ നമുക്ക് എന്തുചെയ്യാൻ പറ്റും. ഇതെല്ലാം പ്രത്യേക ചരിത്രഘട്ടങ്ങളിൽ സംഭവിക്കുന്നതാണ്. എപ്പോഴും സംഭവിക്കുന്നതല്ല. മുമ്പേ ഗമിച്ചീടിന ഗോവു തന്റെ പിമ്പേ ഗമിക്കും ബഹുഗോക്കളെല്ലാം എന്ന മട്ടിൽ പോകുന്നതാണ് സാധാരണജനം. ധാരാളം അച്ചന്മാരും കന്യാസ്ത്രീകളുമുള്ള ഒരു പരമ്പരാഗത ക്രിസ്ത്യൻ കുടുംബാംഗമാണ് ഞാൻ. പുരോഹിതനുമായി. എന്നിട്ടും പിന്നീട് ആ പരുവപ്പെടുത്തലിനെ മറികടക്കാൻ എനിക്കായി. പക്ഷേ ഇതു ഭൂരിപക്ഷത്തിനും സാധിക്കണമെന്നില്ല. മനസിൽ ഇടയ്ക്ക് ചില എതിർപ്പുകളൊക്കെ തോന്നിയാലും ആവശ്യമില്ലാത്ത പൊല്ലാപ്പിനൊന്നും പോകാതെ ഒഴുക്കിനൊത്തു നീന്തുകയാണ് സുരക്ഷിതം. അതിനാൽ പൊതുവേ എല്ലാവരും ആ രീതിയിൽ തന്നെ പോകും, ശക്തരായ നേതാക്കൾ വന്ന് ഒരു രാഷ്ട്രീയമാറ്റമുണ്ടാക്കുന്നതു വരെ. ക്രിസ്തുമതത്തിന്റെ ചരിത്രം തന്നെ നോക്കൂ. ദരിദ്രരുടെ കൂട്ടായ്മയായിരുന്നു അത്. റോമിലെ കോൺസ്റ്റന്റൈൻ ചക്രവർത്തിയും മറ്റും ക്രിസ്തുമതാനുയായികളെ ഒരുപാട് പീഡിപ്പിച്ചതുമാണ്. എ ഡി 312 ൽ കോൺസ്റ്റന്റൈൻ ക്രിസ്തുമതം സ്വീകരിച്ചപ്പോൾ യൂറോപ്യൻ രാജ്യങ്ങളൊക്കെ ഉൾപ്പെടുന്ന റോമസാമ്രാജ്യത്തിലെ ജനങ്ങളെല്ലാം യാന്ത്രികമായി ക്രിസ്തുമതത്തിന്റെ കീഴിലായി. അതും ജനങ്ങളുടെ തീരുമാനപ്രകാരമായിരുന്നില്ല.

*ഇത്തരത്തിലുള്ള പാഠപുസ്തകങ്ങൾ മതേതര തലമുറയെ വാർത്തെടുക്കുമോ?*

ഒരു പരിധിവരെ അതിനു സഹായിക്കും. മതേതരത്വത്തെ ലക്ഷ്യമാക്കിയുള്ള ഒരു പ്രായോഗിക നടപടിയാണിത്. മറ്റൊന്ന് സൈമൺ ബ്രിട്ടോ എം.എൽ.എ. നിയമസഭയിൽ അവതരിപ്പിച്ച, ഇപ്പോൾ ചർച്ച ചെയ്യുന്ന 'മതനിരപേക്ഷ മൃതദേഹ സംസ്കരണ സ്വാതന്ത്ര്യം ഉറപ്പാക്കൽ ബിൽ – 2007' ആണ്. വർഗീയത വമിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ മതനിരപേക്ഷതയും മാനവികതയും സാക്ഷാൽക്കരിക്കുന്നതിനുള്ള കാര്യക്ഷമമായ രണ്ടു പ്രായോഗിക നീക്കങ്ങളായി ഇവയെ വിശേഷിപ്പിക്കാം.

*മറ്റു മതവിഭാഗങ്ങളും ഈ പുസ്തകത്തിനെതിരാണല്ലോ?*

സാധാരണജനങ്ങൾക്കല്ല, ജാതി-മത-രാഷ്ട്രീയ സംഘടനാനേതാക്കൾക്കാണ് എതിർപ്പ്. ഇപ്പോൾ എൻ എസ് എസും സഭയോടു കൂടി ചേർന്നിട്ടുണ്ട്. ഏതു കാലത്തും സവർണർ എന്ന് ഊറ്റംകൊണ്ടിരുന്ന, പിന്നോക്കക്കാരായ ലത്തീൻ കത്തോലിക്കരിൽ നിന്ന് അകന്നു നിന്നിരുന്ന, എൻ എസ് എസിനു സഭയോടു കൂട്ടുകൂടാൻ കണ്ട വേദി കൊള്ളാം! അതുപോലെ, വിഘടിച്ചു പല തട്ടിൽ നിന്നിരുന്ന 12 മുസ്ലീം സംഘടനകളാണ് ഇതിനെതിരെ സംഘടിച്ചിരിക്കുന്നത്. ഇതിനെല്ലാം നിഗൂഢലക്ഷ്യങ്ങളുണ്ട്. കത്തോലിക്കാസഭയൊഴിച്ചുള്ള ക്രിസ്തുമത സംഘടനകളുടെ ഏകോപനസമിതിയായ കേരള കൗൺസിൽ ഓഫ് ചർച്ചസ് (കെ സി സി) കത്തോലിക്കാസഭയുടെ ഈ നിലപാടിനോട് പൊതുവെ എതിരാണ്.

*കത്തോലിക്കാ വൈദികനായ താങ്കൾ എന്തുകൊണ്ടാണ് സഭയെ എതിർക്കുന്നത്?*

ഇന്നത്തെ ഔദ്യോഗിക കത്തോലിക്കാസഭ യേശുവിന്റെ സഭയല്ല. യേശുവിന്റെ സഭ ദരിദ്രരുടെ, 'അന്നന്നുള്ള അപ്പം മാത്രം തരാൻ അപേക്ഷിക്കുന്ന'വരുടെ കൂട്ടായ്മയാണ്. ആ സഭയ്ക്ക് ലക്ഷക്കണക്കിന് രൂപാ തലവരി വാങ്ങി കോളേജ് നടത്താനാവില്ല. ഇന്നത്തേത് കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ സാമ്രാജ്യമാണ്. ധനികരുടെ സഭ. കോൺസ്റ്റന്റൈൻ റോമാസാമ്രാജ്യത്തിന്റെ അധിപനായിരുന്നു. നേരത്തേ പറഞ്ഞതുപോലെ അയാൾ ക്രിസ്തുമതം സ്വീകരിച്ചപ്പോൾ പ്രജകളെയും അതിലാക്കി. അയാൾ തന്നെ ആ മതത്തിന്റെ സർവോന്നത നേതാവുമായി. ബിഷപ്പുമാരുടെ നക്ഷത്രത്തൊപ്പിയും കൈയിലെ വടിയുമൊക്കെ കാണാറില്ലേ? കോൺസ്റ്റന്റൈന്റെ അധികാരചിഹ്നങ്ങളായിരുന്നു അവ. യേശു ദരിദ്രരുടെ കൂടെയായിരുന്നു എന്നും സഹവസിച്ചത്. ബൈബിൾ അനുസരിച്ച് ചെറിയ കൂട്ടായ്മകളാണ് യേശുവിന്റെ സങ്കൽപ്പം. മേൽകീഴ് അധികാര വ്യവസ്ഥ യേശുവിന്റെ സങ്കൽപ്പത്തിൽപ്പോലുമില്ലായിരുന്നു. കത്തോലിക്കാസഭയിൽ അധികാരം കൂടുന്നതനുസരിച്ച് ജനങ്ങളിൽ നിന്ന് അകന്നുപോവുകയാണ്. സാധാരണ വൈദികന്മാരെയൊക്കെ കുറെയൊക്കെ ജനങ്ങൾക്കു സമീപിക്കാം. ബിഷപ്പുമാരാകുമ്പോൾ ജനങ്ങൾക്ക് കൂടുതൽ അപ്രാപ്യരാകും. മാർപ്പാപ്പയായാലോ? ബിഷപ്പുമാർക്കു പോലും അഞ്ചു വർഷത്തിലൊരിക്കൽ മിനിറ്റുകൾ മാത്രം സന്ദർശനസമയം. യേശുവിന്റെ സഭയ്ക്ക് കൈക്കൂലി വാങ്ങാൻ മനഃസാക്ഷിക്കുത്തുണ്ടാകും. കോൺസ്റ്റന്റൈന്റെ സഭയ്ക്ക് അതുണ്ടാകില്ല. ഇപ്പോഴും റോം എന്ന വിദേശരാഷ്ട്രത്തിലെ പരമാധികാരിയായ പോപ്പിനോടാണല്ലോ ലോകത്തെ എല്ലാ കത്തോലിക്കരും കീഴ്പ്പെട്ടിരിക്കുന്നത്. ഇന്ത്യ ഒരു സ്വതന്ത്ര റിപ്പബ്ലിക്കാണ്. മറ്റൊരു രാജ്യത്തിലെ പരമാധികാരിയോട് ഇന്നാട്ടിലെ പൗരന്മാർ വിധേയരായിരിക്കുക എന്നതു തന്നെ ശരിയല്ല. സ്വന്തം രാജ്യത്തോടുള്ള കൂറിനു അതു തടസ്സമാകുന്ന സന്ദർഭങ്ങൾ വന്നേക്കാം.

*കത്തോലിക്കാസഭ തന്നെ ഭരണഘടനാവിരുദ്ധമാണെന്നു പറഞ്ഞ് ഒരു കേസ് ഫയൽ ചെയ്യാനാവില്ലേ?*

രാഷ്ട്രീയമായ അല്ലെങ്കിൽ ഭൗതികമായ വിധേയത്വത്തെക്കുറിച്ചല്ല ഞാൻ പറഞ്ഞത്. ആത്മീയമായ, മാനസികമായ വിധേയത്വത്തെക്കുറിച്ചാണ്.

*മനസല്ലേ ഭൗതികപ്രവർത്തനത്തിലേക്കു മനുഷ്യനെ നയിക്കുക?*

അതു ശരിയാണ്. സ്വന്തം രാജ്യത്തോടുള്ള കൂറിന് വിഘാതമായേക്കാവുന്നതാണ് സഭയുടെ മാനസികമായ ഈ അടിമത്തം എന്ന നിലയ്ക്ക് കേസ് കൊടുക്കാമോ എന്ന് ആലോചിക്കാവുന്നതാണ്. സഭ എങ്ങനെ രാജ്യത്തെ ജനാധിപത്യത്തെ തടസപ്പെടുത്തുന്നു എന്നതിന് ഉദാഹരണമായി ഈയിടെ ഉണ്ടായ ഒരു സംഭവം പറയാം. ഒരു രൂപതയിൽ പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ് നടക്കുകയാണ്. എല്ലാ ഇടവകയിൽ നിന്നും പ്രതിനിധികളുണ്ടാകും. ഏതാണ്ട് 150 ൽപ്പരം ആളുകളുണ്ടായിരുന്നു. കൗൺസിലിന്റെ പ്രസിഡന്റ് ബിഷപ്പാണ്. ബിഷപ്പിന്റെ അധ്യക്ഷതയിലാണ് സമ്മേളനം. ഏതോ പ്രശ്നത്തിൽ മൊത്തം ആളുകൾ ഒറ്റക്കെട്ടായി നിന്നു. ബിഷപ്പിനു മാത്രം വേറെ അഭിപ്രായം. അതേ നടപ്പാക്കൂ എന്നദ്ദേഹം തീർത്തു പറഞ്ഞു. അപ്പോൾ ഒരാൾ എഴുന്നേറ്റു നിന്നു ചോദിച്ചു: 'പിതാവേ, ഇതെന്താണിങ്ങനെ? ഞങ്ങളിത്രയും പേരുടെ അഭിപ്രായത്തിന് എതിരായി അങ്ങൊരാൾ മാത്രമല്ലേ ഉള്ളൂ? അപ്പോൾ അങ്ങയുടെ താൽപര്യം നടത്തുന്നതു ശരിയാണോ?' ബിഷപ്പ് അതീവ ശാന്തനായി താഴ്ന്ന ശബ്ദത്തിൽ അച്ചന്മാരുടെ സ്വതഃസിദ്ധമായ ഇഴഞ്ഞ ശൈലിയിൽ പറഞ്ഞു: 'സഭയിൽ ജനാധിപത്യമല്ല ... ദൈവാധിപത്യമാണ് ഉള്ളത്' എന്ന്. ദൈവത്തിന്റെ പ്രതിപുരുഷനാണ് ബിഷപ്പ്. അപ്പോൾ ബിഷപ്പിന്റെ തീരുമാനം തന്നെ ദൈവത്തിന്റെ തീരുമാനം എന്ന് ചുരുക്കം. ഇപ്പോൾ പള്ളി ആത്മീയ സ്ഥലമല്ല. സഭയുടെ സ്വകാര്യതാൽപര്യങ്ങൾ പ്രാബല്യത്തിൽ വരുത്താനുള്ള അങ്കണമാണ്. കുർബാനസമയം ഹൃദയശുദ്ധി വരുത്തുവാനുള്ള സമയവുമല്ല. കുഞ്ഞാടുകളുടെ ഉള്ളിൽ വർഗീയവിഷം കുത്തിച്ചെലുത്താനുള്ള സമയമാണ്. ഡോളറിന്മേൽ 'ഇൻ ദ നെയിം ഓഫ് ഗോഡ്' എന്നടിച്ചിട്ടുണ്ട്. ക്രിസ്തീയ രാഷ്ട്രമായ അമേരിക്കയിലെ പല സ്റ്റേറ്റുകളിലും ഇത് മാറ്റണമെന്നു പറഞ്ഞ് പ്രക്ഷോഭങ്ങൾ നടക്കുകയാണ്. അപ്പോഴാണ് ഇവിടെ ഒരു വലിയ ജനവിഭാഗത്തിനെ വിശ്വാസത്തിന്റെ പേരിൽ രക്തംചിന്താനിറങ്ങാൻ വീരപോരാളികളുടെ മട്ടിൽ മെത്രാന്മാർ ഇടയലേഖനങ്ങളിലൂടെയും മറ്റും ആഹ്വാനം ചെയ്യുന്നത്. എന്തിലുള്ള വിശ്വാസം? ദൈവത്തിലുള്ള വിശ്വാസമല്ല. രാജകീയസഭയിലുള്ള വിശ്വാസത്തെക്കുറിച്ചാണ് ഇവർ പറയുന്നത്. ഇന്ത്യ മതേതരരാഷ്ട്രമാണ്. ഭരണഘടനയുടെ പീഠികയ്ക്കു തന്നെ എതിരാണ് മതവികാരം കുത്തിച്ചെലുത്തൽ. ആത്മഹത്യയും ഇന്ത്യൻ നിയമമനുസരിച്ച് നിയമവിരുദ്ധമാണ്. രക്തം ചിന്താൻ ആഹ്വാനം നൽകു

ന്നതും ഭരണഘടനാവിരുദ്ധമാണ്. ദൈവത്തിന്റെ പേരിൽ സാമാന്യജന ത്തിന്റെ സ്വാതന്ത്ര്യം അടിച്ചമർത്താൻ സഭ ഉപയോഗിക്കുന്ന ആയുധ മാണ് മതം. മക്കളുടെ ഭാവി, മക്കളുടെ വിദ്യാഭ്യാസം എന്നു പറഞ്ഞാൽ മാതാപിതാക്കളെ ഇളക്കാനെളുപ്പമാണ്.

*ഈ പുസ്തകത്തിന്റെ നിലവാരത്തെക്കുറിച്ച് എന്തുപറയുന്നു?*

എന്റെ അഭിപ്രായത്തിൽ കേരളത്തിലെ ഏഴാംക്ലാസിലെ പുസ്തക ത്തിന് കുറച്ചുകൂടി ഗൗരവവും സമഗ്രതയും വേണം. ഇത് തീരെ ലളിത മായിപ്പോയി. ഗാന്ധിജിയുടെ പടത്തിനു പകരം തവള വന്നു എന്നൊക്കെ പറയുന്നത്, ഒരു ജില്ലയിൽ മാത്രമാണെങ്കിലും, അക്ഷന്തവ്യമായ തെറ്റു തന്നെ. അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനാസ്ഥയാണ്. അവരെ നിയന്ത്രിക്കാത്തത് സർക്കാരിന്റെ അപചയവും. ഈ പുസ്തകത്തിൽ ദളിത്പരിപ്രേക്ഷ്യം പോരായെന്ന് എനിക്കു തോന്നി. വൈക്കം സത്യാഗ്രഹം പോലുള്ള പല സമരങ്ങളെക്കുറിച്ചും ഇതിലുണ്ട്. എന്നാൽ വില്ലുവണ്ടി സമരത്തെക്കുറിച്ചോ അയ്യങ്കാളിയെക്കുറിച്ചോ ഇല്ല. കേരള നവോത്ഥാനചരിത്രത്തിൽ ഒഴിവാക്കാനാകാത്ത സംഭാവന ചെയ്തയാ ളാണ് അയ്യങ്കാളി. അതുപോലെ, പുസ്തകത്തിൽ മണ്ണിൽ പണിയെടു ക്കുന്ന പണിയാളരുടെ കഷ്ടപ്പാടുകളെക്കുറിച്ച് ഒരു കൊച്ചു ഖണ്ഡിക യുണ്ട്. 'അവൻ' എന്നാണ് അതിൽ കർഷകത്തൊഴിലാളിയെക്കുറിച്ച് പറ യുമ്പോൾ ഉപയോഗിച്ചിരിക്കുന്ന സർവനാമം. പ്രായമായ, ഭാര്യയും മക്ക ളുമുള്ള, നമുക്ക് ഭക്ഷിക്കാനുള്ള വക മണ്ണിൽ നിന്ന് വിളയിച്ചെടുക്കുന്ന, വ്യക്തിയെക്കുറിച്ച് ഏഴാംക്ലാസിലെ കുട്ടി വായിച്ചു പഠിക്കുന്നത് 'അവൻ' എന്നാണ് എന്നർഥം. നാലോ അഞ്ചോ പ്രാവശ്യം ഇത് ആവർത്തിക്കു ന്നു. മനുഷ്യവർഗത്തെക്കുറിച്ച് മൊത്തമായും ഈശ്വരനെക്കുറിച്ചും ഒക്കെ പറയുമ്പോൾ ചിലപ്പോൾ അവൻ എന്ന് ഉപയോഗിക്കാറുണ്ട്. പക്ഷേ ഇവിടെ ഉപയോഗിച്ചിരിക്കുന്നത് ആ രീതിയിലല്ല. ഇരയുടെ പക്ഷത്തു നിന്ന് കാര്യങ്ങൾ കാണാത്തതിന്റെ കുഴപ്പമാണ്. എ കെ ജി യുടെ ആത്മ കഥയിലെ ഭാഗമുണ്ട്. വർഷങ്ങൾക്കു മുമ്പ് എ കെ ജി പണിയാളരെപ്പറ്റി ആദരവോടെ 'അവർ' എന്നാണ് എഴുതിയിരിക്കുന്നത്.

*ഈ വ്യത്യാസത്തിനെന്താകാം കാരണം?*

പുസ്തകം തയ്യാറാക്കിയവരുടെ കാഴ്ചപ്പാടിലെ വൈകല്യമാണിത് കാണിക്കുന്നത്. ആ സംഘത്തിൽ മേൽക്കൈ, ഉള്ളിൽ 'സവർണ ബോധ'മുള്ള സവർണർക്കായിരിക്കും. അല്ലാതെ മറ്റെന്തു കാരണമുണ്ടാ കാനാണ്? നാരായണഗുരുവിനെക്കുറിച്ചും പ്രത്യക്ഷ പരാമർശം കണ്ടി ല്ല. ഈ സാംസ്കാരിക നായകന്മാരെക്കുറിച്ചൊക്കെ ടീച്ചർക്കു നൽകിയ ഹാൻഡ് ബുക്കിൽ ഉണ്ടെന്നാണ് പറയുന്നത്. എങ്കിലും അത് ഈ പുസ്ത കത്തിൽ തന്നെ വേണ്ടതായിരുന്നു. ചുരുക്കത്തിൽ പുസ്തകത്തിന് കുറ വുകളുണ്ട്. പുതിയ രീതികൾ അവതരിപ്പിക്കുമ്പോൾ മുൻ മാതൃകക

ളില്ല എന്ന പരിമിതി ഇരിക്കെത്തന്നെ, ചർച്ച ചെയ്ത് കുറവുകൾ തിരുത്താനുള്ള നടപടിയെടുക്കാമെന്ന് വിദ്യാഭ്യാസമന്ത്രി പറയുകയും ചെയ്തിട്ടുണ്ട്. പുസ്തകത്തിന്റെ നിലവാരക്കുറവല്ലല്ലോ ഇപ്പോൾ സഭയും കൂട്ടരും ഉയർത്തുന്ന പ്രശ്നം. പുസ്തകം മോശമായാലൊന്നും കുഴപ്പമില്ല. 'വിശ്വാസം' തകരാതിരുന്നാൽ മതി അവർക്ക്. എന്തു പ്രശ്നമുണ്ടെങ്കിലും അതിനുള്ള പോംവഴി, കാര്യമറിയാത്ത പിഞ്ചുകുഞ്ഞുങ്ങളെ നിരത്തിലിറക്കി വെയിലത്തും മഴയത്തും ജാഥനടത്തലോ പുസ്തകം കത്തിക്കലോ അല്ല. കഴിഞ്ഞദിവസം ആലപ്പുഴ കൈനകരിയിലെ സെന്റ് മേരീസ് എന്നും ഹോളി ഫാമിലി എന്നും രണ്ടു ക്രിസ്ത്യൻ മാനേജ്മെന്റ് സ്കൂളുകൾ കുട്ടികളെ ഉപയോഗിച്ച് ജാഥ നടത്തി. ഒരു സ്കൂളിൽ ഹിന്ദു കുട്ടികളെ വീട്ടിലയച്ചിട്ട് ക്രിസ്ത്യൻ കുട്ടികളെയാണ് നിരത്തിലിറക്കിയത്. മറ്റേതിൽ ഹിന്ദു കുട്ടികളെ സ്കൂളിൽ തന്നെ ഇരുത്തി അവരെക്കൊണ്ട് വെള്ളക്കടലാസിൽ ഒപ്പിടുവിച്ചു - വല്ല ഭീമഹർജിയും തയ്യാറാക്കാനായിരിക്കും. ക്രിസ്ത്യൻ കുട്ടികളെ ജാഥയ്ക്കിറക്കി. പ്രായപൂർത്തിയാകാത്ത കുട്ടികളെ, നിർബന്ധിച്ച്, മാതാപിതാക്കളുടെ അനുവാദമില്ലാതെ വെള്ളക്കടലാസിൽ ഒപ്പിടുവിക്കുന്നതും മറ്റും ശരിയാണോ? സ്കൂളിൽ ഹിന്ദു-ക്രിസ്ത്യൻ വിവേചനം കാണിക്കുന്നതു ശരിയാണോ? ഞാൻ അവിടെ അടുത്തൊരു മീറ്റിങ്ങിന് പോയിരുന്നു. ആ സ്കൂളിലെ പല കുട്ടികളുടേയും മാതാപിതാക്കൾ അവിടെ ബഹളം വയ്ക്കുന്നതു കേട്ടു, അവരുടെ അനുവാദമില്ലാതെ കുഞ്ഞുങ്ങളെ നിരത്തിലിറക്കിയതിനും വെള്ളക്കടലാസിൽ ഒപ്പിടുവിച്ചതിനും.

*സഭ പിന്നെ എങ്ങനെയാണ് പ്രതിഷേധം രേഖപ്പെടുത്തുക?*

സഭയ്ക്ക് തങ്ങളുടെ പ്രശ്നം കാണിച്ച് കോടതിയിൽ കേസ് കൊടുക്കാൻ പാടില്ലേ? കോടതി നിശ്ചയിക്കട്ടെ. അല്ലെങ്കിൽ ഇന്നാട്ടിലെ കോടതിയിൽ സഭയ്ക്ക് വിശ്വാസമില്ലെന്ന് പറയട്ടെ.

*താങ്കൾ കമ്യൂണിസ്റ്റുകാരനാണോ?*

രാഷ്ട്രീയപ്പാർട്ടിയുടെ കാര്യമാണെങ്കിൽ അല്ല. ഞാൻ ദൈവശാസ്ത്രം പഠിച്ചതുപോലെ അല്പം കമ്യൂണിസവും പഠിച്ചിട്ടുണ്ട്. ആശയസംഹിത എന്ന നിലയിൽ എനിക്ക് കമ്യൂണിസത്തോട് അടുപ്പമുണ്ട്. എന്നാൽ രാഷ്ട്രീയപ്പാർട്ടി എന്ന നിലയിൽ ഒരു പാർട്ടിയോടും പ്രത്യേകിച്ച് താൽപര്യമില്ല. എങ്കിലും തമ്മിൽ ഭേദം തൊമ്മൻ എന്ന നിലയിൽ ഒരു പാർട്ടി തിരഞ്ഞെടുക്കേണ്ടിവന്നാൽ ഞാൻ എടുക്കുക കമ്യൂണിസ്റ്റ്പാർട്ടിയായിരിക്കും. നയപരമായിട്ട് പാവപ്പെട്ടവർക്ക് അനുകൂലവും അനുഗുണവുമായ നിലപാടെടുക്കുന്നവർ അവരാണ്. അതുപോലെ തീരെ സ്വത്തു സമ്പാദിക്കാതെ അതിലളിതമായി ജീവിക്കുന്നവർ ഇന്നും പാർട്ടിയിലുണ്ട്. അവരിൽ അധികവും ഗ്രാമപ്രദേശങ്ങളിലെ സാധാരണക്കാരാണ്. അവരുടെ ബലമായിരിക്കും ഈ നയങ്ങൾക്കു കാരണം. ഇപ്പോൾ പുറമ്പോക്കു

കൾ കയ്യടക്കിയവരെ ഒഴിപ്പിച്ച സംഭവം നോക്കൂ. പത്രക്കാർ കൊട്ടിഘോഷിച്ച മൂന്നാറിലും എറണാകുളത്തുമൊക്കെ സർക്കാർ പിൻവാങ്ങി. എങ്കിലും അങ്ങനെ ഒരു നിയമവും നയവും വന്നതുകൊണ്ട് കേരളമൊട്ടാകെ ഇപ്പോഴും ധാരാളം പുറമ്പോക്കു കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നുണ്ട്.

ഈയിടെ ഞാൻ കൊല്ലം കുണ്ടറയ്ക്കടുത്തുള്ള കുമ്പളത്തു പോയി. അവിടത്തെ പേരയം ഗ്രാമപഞ്ചായത്തിലെ ഒരു മെമ്പറിന്റെ സ്കൂട്ടറിന്റെ പുറകിൽ കയറിയായിരുന്നു അവിടെ സഞ്ചാരം. ചില സ്ഥലങ്ങളിൽ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി കമ്പിവേലി കെട്ടി പറമ്പ് തിരിച്ചിരിട്ടിരിക്കുന്നതു കണ്ടു. അന്വേഷിച്ചപ്പോഴാണറിഞ്ഞത് അത് അവിടത്തുകാർ ചിലരൊക്കെ കയ്യേറി കെട്ടിടം വച്ചതാണെന്ന്. ഈ നിയമം ഉള്ളതുകൊണ്ടാണ് സത്യസന്ധരും കർമബോധമുള്ളവരുമായ ചില ഉദ്യോഗസ്ഥർക്ക് ഇത് ചെയ്യാൻ പറ്റിയത്. കമ്യൂണിസ്റ്റുകാർ ചെയ്യുന്നത് ശരിയല്ലെന്നു തോന്നിയാൽ അതു പറയാൻ എനിക്കു മടിയില്ല.

കുറെനാൾ മുമ്പുണ്ടായ ഒരു കാര്യം പറയാം. ഞാൻ മത്സ്യത്തൊഴിലാളികളുടെ സംഘാടനത്തിലും മറ്റും ഇടപെട്ടു പ്രവർത്തിക്കുന്ന സമയം. തീരദേശനിയന്ത്രണ നിയമം - കോസ്റ്റൽ റെഗുലേഷൻ സോൺ ആക്റ്റ് - കേരളത്തിൽ നടപ്പാക്കുന്ന പ്രശ്നത്തിൽ ഇടതുപക്ഷവും വലതുപക്ഷവും ബി ജെ പി യുമൊക്കെ എതിരായിരുന്നു. അന്ന് കേരള ശാസ്ത്രസാഹിത്യപരിഷത്തുകാരും ഞാനുൾപ്പെടെയുള്ള 'ഓറ' പ്രവർത്തകരും മാത്രമേ അതിനു അനുകൂലമായിരുന്നുള്ളൂ. അന്നത്തെ ഇടതുപക്ഷ എം പി യായിരുന്ന ശ്രീ. ആഞ്ജലോസ് എന്നോട് "അച്ചൻ എന്തൊക്കെയാണ് പറയുന്നത്? വികസനത്തിന് എതിരായി സംസാരിക്കാമോ?" എന്നൊക്കെയുള്ള മട്ടിൽ ചോദിച്ചു. അപ്പോൾ ഞാൻ പറഞ്ഞു. "താങ്കൾ പാർട്ടിക്കാരൻ. പാർട്ടിക്ക് സ്ഥാപിതതാൽപര്യങ്ങളുണ്ട്. അതനുസരിച്ചേ താങ്കൾക്ക് സംസാരിക്കാനാകൂ. എനിക്ക് അതിന്റെ ആവശ്യമില്ല. ബോധ്യങ്ങൾ ഞാൻ എവിടെയും പറയും. തീരദേശ നിയന്ത്രണ നിയമത്തെപ്പറ്റി നമുക്കു ഒരു തുറന്ന ചർച്ച വയ്ക്കാം. ആഞ്ജലോസ് പങ്കെടുക്കുമോ?"

# 24

## 'ഏകജാലകം' അട്ടിമറിക്കപ്പെടേണ്ടതോ?

എസ് എസ് എൽ സി ക്കു ജയിച്ച വിദ്യാർഥികളുടെ പ്ലസ് വൺ പഠനത്തിനുള്ള പ്രവേശനത്തിനു സർക്കാർ ഏർപ്പെടുത്തിയ സമ്പ്രദായത്തിനാണു ഏകജാലകം എന്നു വിളിക്കുക. ഇതിന്റെ സ്വഭാവം കേന്ദ്രീകൃത അലോട്ട്മെന്റാണ്. ദേശീയ ഇൻഫർമേഷൻ സെന്റർ രൂപംകൊടുത്ത ഒരു സോഫ്റ്റ്വെയറാണ് സിംഗിൾ വിന്റോ പ്രവർത്തനശൈലി. ഇന്നിതു ഏറെ വിമർശനവിധേയമായിരിക്കുന്നു. ഇന്റർചർച്ച് കൗൺസിലും മതമേലധ്യക്ഷന്മാരും മറ്റു സമുദായനേതാക്കളും ഇതിനെതിരെ വാളോങ്ങി. കോടതിയിൽ പോയി. പക്ഷേ കോടതി സർക്കാരിനനുകൂലമായി വിധിയെഴുതി. എങ്കിലും ആ സമ്പ്രദായത്തോടുള്ള എതിർപ്പ് മാറിയിട്ടില്ല. ആ സാഹചര്യത്തിൽ ഏകജാലകത്തെപ്പറ്റി ചെറിയൊരു കുറിപ്പു ഗുണകരമാകും.

ഏകജാലകസമ്പ്രദായത്തെ ഏതാണ്ടിങ്ങനെ നിർവചിക്കാം. സർക്കാർ മേഖലയിലെ മുഴുവൻ സീറ്റുകളിലേക്കും എയിഡഡ് മേഖലയിലെ മാനേജ്മെന്റ്-കമ്യൂണിറ്റി സീറ്റുകൾ കഴിച്ചുള്ള മുഴുവൻ സീറ്റുകളിലേക്കും ഒരു റവന്യൂ ജില്ലാ അടിസ്ഥാനത്തിൽ കേന്ദ്രീകരിച്ചു നടത്തുന്ന പ്രവേശനക്രമത്തെ ഏകജാലകം എന്നും വിശേഷിപ്പിക്കാം.

ഇങ്ങനെ ഒരു സമ്പ്രദായം കൊണ്ടുവരാൻ സർക്കാരെ പ്രേരിപ്പിച്ച ഘടകമിതാണ്. പത്താംക്ലാസ് കഴിഞ്ഞാൽ, അഭിരുചിയും മെറിറ്റുമനുസരിച്ച് വിഷയഗ്രൂപ്പ് തെരഞ്ഞെടുക്കുവാനുള്ള അവകാശം കുട്ടികൾക്കുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കുക അവരുടെ അവകാശമാണ്. വിദ്യാഭ്യാസരംഗത്തു സാമൂഹ്യനീതിയും അവസരസമത്വവും ഉറപ്പുവരുത്തുക എന്നതായിരിക്കണം ഒരു ജനപക്ഷ സർക്കാരിന്റെ പ്രഖ്യാപിത നയവും. ഇതിനു എന്താണു സാധ്യതകൾ എന്ന കേരളത്തിലെ ഇടതു

പക്ഷസർക്കാർ നടത്തിയ അന്വേഷണത്തിൽ ഉദിച്ചുവന്ന ആശയമാണ് ഏകജാലകം.

മുകളിൽ സൂചിപ്പിച്ച മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടല്ല ഇന്നത്തെ വർത്തമാന പ്രവേശനശൈലി പ്രവർത്തിക്കുന്നത്. ഇന്നു ഏതാണ്ടു ഭാഗ്യ പരീക്ഷണം പോലെ സ്കൂളും വിഷയ ഗ്രൂപ്പും കിട്ടുന്നു. മെറിറ്റു മറിക ടന്നു പ്രവേശനം നടക്കുന്നു. പണവും സ്വാധീനവും ഒരു പ്രധാന മാനദ ണ്ഡമാകുന്നു. ഒന്നിനും ഒരു സുതാര്യതയില്ല. സംവരണം കൃത്യമായി പാലിക്കുന്നില്ലെന്നു മാത്രമല്ല, അതിനെ മറികടക്കാനുള്ള കൃത്രിമ രീതി കളും അവലംബിക്കുന്നു. അപേക്ഷാഫോറത്തിന്റെ വിതരണത്തിൽ വരെ വിവേചനം നടക്കുന്നു.

ഈ പ്രശ്നങ്ങൾക്കു ഒരു പരിഹാരമെന്ന നിലയിൽ ഏകജാലകസ മ്പ്രദായം ഒരു പരീക്ഷണമെന്നോണം 2007 ൽ തിരുവനന്തപുരം ജില്ല യിൽ നടത്തി. അതിന്റെ വിലയിരുത്തൽഫലം എല്ലാ രീതിയിലും ഇതു കാര്യക്ഷമവും ഗുണപ്രദവുമെന്നായിരുന്നു. മാനേജ്മെന്റുകൾ, അധ്യാ പകസംഘടനകൾ, വിദഗ്ധർ എല്ലാവരുമായി ചർച്ച നടന്നു. അവർക്കെല്ലാം പുതിയ സംവിധാനം ഗുണകരമായി അനുഭവപ്പെട്ടു. അപേക്ഷ പൂരിപ്പിച്ചതിൽ ചില അപാകതകൾ സംഭവിച്ചു. അവ പരിഹ രിക്കാനുള്ള മാർഗങ്ങൾ സ്വീകരിക്കണമെന്ന നിർദ്ദേശമേ അവർ വച്ചു ള്ളു. പ്രിൻസിപ്പൽമാർ അനുഭവിക്കേണ്ടിവന്നിരുന്ന പല തരത്തിലുള്ള സമ്മർദ്ദങ്ങൾ ഒഴിഞ്ഞുകിട്ടിയതു വലിയ അനുഗ്രഹമായി അവർ വിവരി ച്ചു. അതുപോലെ മാതാപിതാക്കൾക്കു വലിയ ആശ്വാസവും സമയലാ ഭവും പണലാഭവും കിട്ടിയത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. അലോട്ട്മെന്റ് കിട്ടാൻ സമയതാമസം വന്നതു മൂലം ചിലർക്കു ബുദ്ധി മുട്ട് അനുഭവപ്പെട്ടു. അതിനു കാരണം സാമൂഹ്യനീതി നടപ്പിലാക്കാൻ, പട്ടികജാതി-പട്ടികവർഗ സംവരണ സീറ്റുകളിലേക്കു വീണ്ടും അപേക്ഷ ക്ഷണിക്കുകയും ഹയർ ഓപ്ഷനു വേണ്ടി സൗകര്യം നൽകുകയും ചെയ്തതിനാലാണ്. അതിന്റെ മെച്ചമോ 'സേ' പരീക്ഷാ ഫലം കഴിഞ്ഞു വന്നവർക്കും പ്രവേശനം ലഭിച്ചു എന്നതാണ്. ചുരുക്കത്തിൽ തിരുവന ന്തപുരം ജില്ലയിൽ നടത്തിയ പരീക്ഷണം വിജയപ്രദമെന്നു തെളിഞ്ഞ തിന്റെ വെളിച്ചത്തിലാണു ഈ വർഷം കേരളത്തിലാകെ ഏകജാലക സമ്പ്രദായം നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചത്.

ഏകജാലകത്തിന്റെ സവിശേഷതകൾക്കു വ്യക്തത കിട്ടാൻ, നില വിലുള്ള സ്ഥിതി അൽപം കൂടി വ്യക്തമാക്കേണ്ടതുണ്ട് എന്നു തോന്നു ന്നു. ഇന്നത്തെ പ്രവേശനം പൂർണമായും നടപ്പിലാക്കുന്നതു ഹൈസ്കൂ ളുകളിലാണ്. എവിടെ വേണോ ആ സ്കൂളിൽ തന്നെ പ്രത്യേക അപേ ക്ഷാഫോറം വാങ്ങി പൂരിപ്പിച്ചുകൊടുക്കണം. ഏതെങ്കിലും കാരണത്താൽ അപേക്ഷിച്ച സ്കൂളിൽ കിട്ടിയില്ലെങ്കിൽ ഒരു വർഷം നഷ്ടപ്പെടും. ഈ രീതി നടപ്പിലാക്കുന്നിടത്ത്, ചില സ്ഥലത്തു പരിധിക്കും മുകളിലും ചില യിടത്തു ധാരാളം ഒഴിവുകളും അനിവാര്യമായി ഉണ്ടാകും. ഓരോ ഫോറ

ത്തിനും 10/- രൂപാ വീതം കൊടുക്കണം. പ്രവേശന കാർഡ് കിട്ടുന്നത് വെയിറ്റിംഗ് ലിസ്റ്റിൽ എന്നാണ്. ഇതിന്റെ പിന്നിലെ മാനസിക പീഡയും പിരിമുറുക്കവും ഓർത്തു നോക്കുക. അപേക്ഷ കൊടുത്ത സ്കൂളുകളിലെല്ലാം അന്വേഷിക്കണം. പ്രവേശനം ഉറപ്പുവരുത്താൻ, ആദ്യം കിട്ടുന്ന സ്ഥലത്തു ചേരുന്ന രീതിയാണു പൊതുവേ കാണുക - അകലെയാണെങ്കിലും അസൗകര്യങ്ങൾ ഉണ്ടെങ്കിലും, ആഗ്രഹിച്ച ഗ്രൂപ്പു കിട്ടിയില്ലെങ്കിലും. സ്കൂളും ഗ്രൂപ്പും മാറാൻ പൈസ കൊടുക്കേണ്ടിവരുന്ന സാഹചര്യങ്ങളും വിരളമല്ല. അങ്ങനെ ചെയ്യുമ്പോൾ ആദ്യം നൽകിയ ഫീസ്, അതിനു വേണ്ടിവരുന്ന അധ്വാനം - ഇവ നഷ്ടമാകുന്നു. സംവരണം പാലിക്കുന്നതു പൊതുവേ ആദ്യലിസ്റ്റിൽ മാത്രം; പിന്നീടു പലപ്പോഴും സംവരണം പാലിക്കാറില്ല. ഇങ്ങനെയുള്ള പ്രശ്നങ്ങൾക്കും അനീതിക്കും ഒളിച്ചുകളിക്കും ഒരു പരിഹാരം എന്നോണമാണ് ഏകജാലക സമ്പ്രദായം വന്നത്.

ഏകജാലകത്തിന്റെ അടിസ്ഥാനഘടകം ഒരു റവന്യൂജില്ല മുഴുവനാണ്. 60 സ്കൂളുകളുള്ള റവന്യൂജില്ലയിൽ ഏതെങ്കിലും ഒരു സ്കൂളിൽ അപേക്ഷിച്ചാൽ മതി. ഫീസ് 10/-രൂപ മാത്രം. മുമ്പ് ഒരുപക്ഷേ 60 സ്കൂളിൽ അപേക്ഷിക്കണമെങ്കിൽ 600/- രൂപ വേണം. ഏകജാലകരീതിയിലാണെങ്കിൽ കുട്ടിയുടെ താമസം ജില്ലയുടെ അതിർത്തിയിലായാൽ, രണ്ടു ജില്ലകളിലും അയാൾക്കു അപേക്ഷിക്കാം. അപ്പോൾ 120 സ്കൂളുകളിലായിരിക്കും സാധ്യത ലഭിക്കുക. ആവശ്യമുണ്ടെങ്കിൽ കേരളത്തിലെ മുഴുവൻ സാധ്യതകളെയും ഉപയോഗിച്ച് 14 ജില്ലകളിലും അപേക്ഷിക്കാം. എങ്കിലും 140 രൂപയേ ഫീസാകുകയുള്ളു!

ബാച്ചുകളുടെ മുൻഗണനാക്രമം അപേക്ഷയിൽ ഉള്ളതുകൊണ്ടു ഒഴിഞ്ഞുകിടക്കുന്ന അവസ്ഥ ഉണ്ടാകില്ല. വർഷം നഷ്ടപ്പെടുകയുമില്ല. ഏതു കുട്ടിക്കും ഒറ്റ അപേക്ഷ കൊണ്ടു 60 സ്കൂളുകൾ വരെ തെരഞ്ഞെടുക്കാനുള്ള അവസരം ലഭിക്കുന്നു. ഇവിടെ ഭാഗ്യപരീക്ഷണമില്ല. മെറിറ്റനുസരിച്ച്, കുട്ടി ആവശ്യപ്പെട്ട ക്രമത്തിൽ കിട്ടിയിരിക്കും. ഒരുവിധമായ ശുപാർശയോ സമ്മർദ്ദമോ സ്വാധീനമോ ഇല്ല. എയിഡഡ് സ്കൂളിൽ നിന്നു സർക്കാർ സ്കൂളിലേക്കോ തിരിച്ചോ മാറിയാൽ, ഫീസ് നഷ്ടപ്പെടുന്നില്ല. എല്ലാ ഓപ്ഷൻസും കഴിഞ്ഞു അന്തിമമായി പ്രവേശനം ലഭിക്കുമ്പോൾ മാത്രം ഫീസ് നൽകിയാൽ മതി. സംവരണം ഉറപ്പായും പാലിച്ചിരിക്കും.

മാനേജ്മെന്റ് റാങ്ക്ലിസ്റ്റ് മാത്രം നൽകിയാൽ മതിയാകും. മാനേജ്മെന്റ്-കമ്യൂണിറ്റി സീറ്റുകൾ അവർക്കു സ്വതന്ത്രമായി പ്രവേശിപ്പിക്കാം. ഇവിടെ 100% വും സുതാര്യമാകയാൽ പണം പിരിക്കാനോ തലവരി വാങ്ങാനോ തിരിമറി നടത്താനോ പറ്റുകയില്ല. കൂടുതൽ ഉപകാരപ്രദം എന്നു ചുരുക്കം. ചുരുക്കത്തിൽ ട്രെയിനിലെ ആർ എ സി പോലെയോ വെയിറ്റിംഗ് ലിസ്റ്റ് പോലെയോ ആണിത്. ഒഴിവു വരുന്ന മുറയ്ക്കു പ്രവേശനം ഉറപ്പ്. പഠിക്കാൻ ആഗ്രഹിക്കുന്ന കുട്ടിക്കു അർഹതയുണ്ടെങ്കിൽ

പ്രവേശനം ലഭിച്ചിരിക്കും. ഓപ്ഷൻ കുട്ടിയുടേതാണ്, മാനേജ്മെന്റിന്റേതല്ല. ഇതിന്റെ സുഗമമായ നടത്തിപ്പിനു ഓരോ സ്കൂളിലും ഹെൽപ്പ് ഡസ്ക്കുണ്ട്; ഓരോ പത്തു സ്കൂളുകൾക്കും ഓരോ നോഡൽ സെന്ററുമുണ്ട്. പരാതിയുണ്ടെങ്കിൽ പ്രിൻസിപ്പലിനു കൊടുത്തിട്ട് രസീതു വാങ്ങണം. എത്രയും വേഗം അതു പരിഹരിച്ചിരിക്കും. ഇങ്ങനെ വിശാലമായൊരു കാൻവാസിലാണ് ഏകജാലക സമ്പ്രദായം പ്രവർത്തിക്കുക.

മത-ജാതി-സമുദായങ്ങൾ ഇത്ര സുതാര്യമായ ഒരു സംവിധാനത്തെയാണു എതിർക്കുന്നത്. ഇവിടെ പ്രവേശനമാനദണ്ഡം കൂടി പറയട്ടെ. സർക്കാർ സ്കൂളിൽ 100% വും മെറിറ്റിന്റെ അടിസ്ഥാനത്തിലാണ്. എയിഡഡ് ന്യൂനപക്ഷ പിന്നോക്ക മാനേജ്മെന്റ് സ്കൂളിൽ 40% ഓപ്ഷൻ പ്രവേശനം, 20% മാനേജ്മെന്റ്, 20% കമ്യൂണിറ്റി, 12% പട്ടികജാതി, 8% പട്ടികവർഗങ്ങൾ. വെറും എയിഡഡ് സ്കൂളുകളിൽ 50% ഓപ്ഷൻ പ്രവേശനം, 30% മാനേജ്മെന്റ്, 12% പട്ടികജാതി, 8% പട്ടികവർഗം. സർക്കാർ സ്കൂളിൽ 100% വും മെറിറ്റിന്റെ അടിസ്ഥാനത്തിൽ. എന്നു പറയുമ്പോൾ 59% ഓപ്ഷൻ പ്രവേശനം, 8% ഈഴവ, 7% മുസ്ലീം, 2% ലാറ്റിൻ ക്രിസ്ത്യൻ, 1% പിന്നോക്ക ക്രിസ്ത്യൻ, 3% പിന്നോക്ക ഹിന്ദു, 12% പട്ടികജാതി, 8% പട്ടികവർഗം എന്ന ക്രമത്തിലാണ് പ്രവേശനം നടക്കുക.

ഈ സംവിധാനത്തെ എതിർക്കണമെങ്കിൽ, അതിന്റെ പിന്നിൽ സ്ഥാപിതതാൽപര്യങ്ങളും രഹസ്യഅജണ്ടയും ഉണ്ടെന്നതിൽ ഇനി ആർക്കാണു സംശയം. ഇവിടെ ഇതിനെതിരായി സാമാന്യജനത്തിൽ നിന്നുണ്ടായ ഒരു വിമർശനം, ചിലപ്പോൾ തങ്ങളുടെ കുട്ടിക്കു വീടിനടുത്തുള്ള സ്കൂളിൽ കിട്ടുകയില്ല; ജില്ലയിലെ ദൂരെയുള്ള ഏതെങ്കിലും സ്കൂളിലായിരിക്കാം പ്രവേശനം കിട്ടുക എന്നതാണ്. അൽപം പൈസയോ സ്വാധീനമോ ഉപയോഗിച്ചു ആണെങ്കിൽ പോലും വീടിനു അടുത്തുള്ള സ്കൂളിൽ കിട്ടുന്നതു നന്നായിരുന്നേനെ എന്ന ആക്ഷേപമാണിവർ ഉയർത്തുന്നത്. ദുരസ്ഥലത്തു വിടാനോ അതിനു വേണ്ടുന്ന സാമ്പത്തികമോ ഇല്ലാതെ വിഷമിക്കാൻ സാധ്യതയുണ്ട്. ഈ ന്യായം ശരിയാണ്. പക്ഷേ ഒരു കാര്യം ഓർക്കണം. കുറച്ചു വർഷങ്ങൾക്കു മുമ്പ് പി ഡി സി കോളേജിൽ ആയിരുന്നപ്പോൾ, എസ് എസ് എൽ സി കഴിഞ്ഞു എത്ര ബുദ്ധിമുട്ടി വണ്ടി കയറി, ഹോസ്റ്റലിൽ താമസിച്ചാണു നമ്മുടെ കുട്ടികൾ പി ഡി സി പഠിച്ചത് എന്നോർക്കണം. അന്നത്തേക്കാൾ ഇന്നത്തെ കുട്ടികൾക്കു ലോകജ്ഞാനമുണ്ട്, യാത്ര ചെയ്യാനുള്ള തന്റേടമുണ്ട്. ഹോസ്റ്റലിലും മറ്റും ഒറ്റയ്ക്കും സംഘമായും താമസിക്കാനുള്ള ശേഷിയുണ്ട്. ഇവയെല്ലാം ഭൂരിപക്ഷം പേർക്കും ഇന്നു പ്രശ്നമാണെന്നു തോന്നുന്നില്ല. ചിലപ്പോൾ ചിലർക്കു സാമ്പത്തികം ഒരു പ്രശ്നമായേക്കാമെങ്കിലും ഇവിടെ ഓർക്കേണ്ട ഒരു കാര്യമുണ്ട്. ബഹുഭൂരിപക്ഷം വരുന്നവർക്കും സാമൂഹ്യനീതി നടപ്പാക്കപ്പെടുന്ന പ്രക്രിയയിൽ, ചിലപ്പോൾ ഒറ്റപ്പെട്ട വ്യക്തികൾക്കു ചില ബുദ്ധിമുട്ട് സഹിക്കേണ്ടിവന്നാൽ, പുതിയ ഒരു സംവിധാനത്തിന്റെ ഗുണകരവും ഫലപ്രദവും കാര്യക്ഷമ

വുമായ നടത്തിപ്പിനു ആ ത്യാഗം അനിവാര്യമാണെന്നു മനസ്സിലാക്കി സഹകരിക്കുകയാണ് വേണ്ടത്.

ഇന്നിപ്പോൾ 2008 ഏകജാലക സമ്പ്രദായത്തിലൂടെ പ്ലസ് വണ്ണിനു പ്രവേശനം നടത്തിക്കഴിഞ്ഞു. ഇതിന്റെ വിജയപരാജയങ്ങളെപ്പറ്റി വസ്തുനിഷ്ഠമായി വിലയിരുത്തേണ്ട സമയമാണിപ്പോൾ. അതു സർക്കാരും ബന്ധപ്പെട്ട അധ്യാപക-വിദ്യാർഥിസംഘടനകളും മാതാപിതാക്കളും സാമാന്യജനവിഭാഗങ്ങളും അതർഹിക്കുന്ന ഗൗരവത്തോടെ നടത്തുമെന്നാണ് എന്റെ പ്രതീക്ഷ.

കഴിഞ്ഞ രണ്ടുവർഷത്തെ എൽ ഡി എഫ് സർക്കാരിന്റെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തിയാൽ, ഏകജാലകസമ്പ്രദായം പ്രവേശനത്തിൽ കൊണ്ടുവന്നത് വൻ വിജയമാണ് - നിശബ്ദമായ വൻ വിപ്ലവം. ഇതു എല്ലാ മേഖലകളിലും സാവകാശം നടപ്പിലാക്കണം, മാനേജ്മെന്റ്-കമ്യൂണിറ്റി സീറ്റുകളിലുൾപ്പെടെ. അതു ചരിത്രത്തിന്റെ അനിവാര്യതയായി നിലകൊള്ളുന്നു.

8623

PC Library & Research Center



ഫാ. അലോഷ്യസ് ഡി ഫെർണാന്റസ്

# ഞങ്ങൾക്ക് ബറാബസിനെ മതി!



കേരളത്തിന്റെ മതനിരപേക്ഷ വിദ്യാഭ്യാസമൂല്യങ്ങളുടെ ചിറകുകൾ അരിഞ്ഞു വീഴ്ത്താൻ ഒരുമ്പെട്ട ക്രിസ്തീയ പൗരോഹിത്യത്തിന്റെ വാൾ യേശുവിനെതിരായ വാളാണെന്ന് ഈ ഗ്രന്ഥം ഉൽഘോഷിക്കുന്നു

മതനിരപേക്ഷ വിദ്യാഭ്യാസത്തെ കുരിശിലേറ്റാൻ ശ്രമിക്കുന്നവരുടെ സഭാഗോപുരത്തേക്കാൾ ഉയരത്തിലാണ് ക്രിസ്തുവിന്റെ ദർശന ചക്രവാളമെന്ന് സരള മധുരമായി പ്രതിപാദിക്കുന്ന ഈ ഗ്രന്ഥത്തിന്റെ തുടിക്കുന്ന താളുകൾ തുറന്നിടുന്നത് മാനവസാഹോദര്യത്തിന്റെ നക്ഷത്രജാലകമാണ്.

ISBN 81-262-0106-1
9788126201068 02

ചിന്ത പബ്ലിഷേഴ്സ്
തിരുവനന്തപുരം

വില: 65 രൂപ

# ഞങ്ങൾക്ക് ബറാബസിനെ മതി!



രക്തം ചിന്തിയും വിശ്വാസം
സാക്ഷ്യപ്പെടുത്തിയവരുടെ
പിന്മുറക്കാരെന്നു സ്വയം
വിശേഷിപ്പിക്കുന്ന സഭാനേതൃത്വം ഇന്നു
ഇറങ്ങിത്തിരിച്ചിരിക്കുന്നതു
…ിശ്വാസത്തെ സംരക്ഷിക്കാനല്ല,
…നീയതയെ
വളർത്തുവാനാണ്.

242

ഫാ. അലോഷ്യസ് ഡി ഫെർണാന്റസ്